VII. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000				
		25.3.1999-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
II	സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ	26,48,54,000	---	52,97,08,000	---	52,97,08,000

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക (52,97,08,000 രൂപ) സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ II--സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ.സി. ജോസഫ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To disapprove the alleged policy of the Government is not taking strict and severe action against those persons who chop the hands and legs of the active

LIBRARY ARCHIVES Kerala Legislative Assembly

workers of other political parties with a view to put an end to their political work and to terrorise the common man.)

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To demand the alternative policy to appoint a Commission of Enquiry consisting of a High Court Judge and economist and administrative expert to enquire into the Developmental activities undertaken till now during the term of this Government and the application of funds in the name of People's Planning.)

ശ്രീ. കെ.സി. വേണുഗോപാൽ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To disapprove the alleged policy of Government in sending Ministers to foreign countries without any returns to the State.)

ശ്രീ. വി.ജെ. പൗലോസ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രി മാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To disapprove the alleged policy of Government is not having followed the statements made by Ministers during or after their foreign tours regarding the new industries to be established in the State.)

ശ്രീ. കെ. അച്യുതൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To disapprove the alleged policy of Government in not having appoint a Commission of Enquiry to enquire into the deaths caused by the Killer Brew at Alleppey and Kottayam District.)

ശ്രീമതി റോസമ്മ ചാക്കോ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി മുഖ്യമന്ത്രിയുടെ സമാശ്വാസ നിധി യിൽ നിന്ന് തുക നൽകുന്നതായി പറയപ്പെടുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(മന്ത്രിമാർ, വിദേശ പര്യടനം നടത്തുമ്പോൾ കേരളത്തിൽ വിദേശിയർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നിരവധി വ്യവസായങ്ങളെപ്പറ്റി നടത്തുന്ന പ്രഖ്യാപന പ്രകാരം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി നടത്തുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീമതി ശോഭനാ ജോർജ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശമ്പള പരിഷ്കരണത്തിലും പെൻഷൻ പരിഷ്ക്കകരണത്തിലും കേന്ദ്രപാരിറ്റി നടപ്പാക്കാതിരുന്നതായി പറയപ്പെടുന്ന നയം തിരുത്തിക്കുറിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അനിതര സാധാരണമായ രീതിയിൽ മെയ് മാസം മുതൽ അതിഘോരമായ മഴയും വെള്ളപ്പൊക്കവും ആൾനാശവും കൃഷിനാശവും വസ്തുവകകളുടെ നഷ്ടവുംമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസവും ആവേശവും പകരത്തക്കവിധത്തിൽ നഷ്ടപരിഹാരം നൽകാത്തതും സൗജന്യ റേഷൻ കൊടുക്കാത്തതുമായി പറയപ്പെടുന്ന നയം തിരുത്തിക്കുറിക്കണമെന്നാവശ്യപ്പെടുന്നതിന്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുപ്രവർത്തകരുടെ മേൽ മതിയായ കാരണം കൂടാതെ വിജിലൻസ് എൻക്വയറി ഉത്തരവിട്ട് അവരുടെ പ്രശസ്തിക്ക് ന്യൂനം വരുത്തുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിൽ 2013-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനു കീഴെ 2013-00-101-99 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 18,00,000 ക. 10,00,000 ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തിയപ്പോൾ കേന്ദ്ര പാരിറ്റി അനുവദിക്കാത്തതിനാൽ മന്ത്രിമാരുടെ ശമ്പളത്തിലും ആനുപാതികമായി കുറവു വരുത്തണമെന്ന ആവശ്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിൽ 2013-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനു കീഴെ 2013-00-108-99 എന്ന ഇന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് വകകൊള്ളിച്ചിട്ടുള്ള 70,00,000 ക. 25,00,000 ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നെടുമ്പാശ്ശേരി വിമാനത്താവളം ഉൾപ്പെടെ മുൻ ഗവൺമെന്റിന്റെ കാലത്ത് പണിയാരംഭിച്ച ഭൂരിഭാഗം പണിയും പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾ ഈ ഗവൺമെന്റിന്റെ നേട്ടമായി പ്രകീർത്തിക്കുകയും ഉദ്ഘാടനാവസരത്തിൽ ക്ഷണിക്കപ്പെടാൻ അർഹതയുള്ളവരെ ക്ഷണിക്കാതിരിക്കുകയും ചെയ്യുന്ന സംഭവം ചൂണ്ടിക്കാട്ടുന്നതിന്).

ശ്രീ. എ.കെ. മണി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജി. കാർത്തികേയൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

പ്രൊഫ. സാവിത്രിലക്ഷ്മണൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. മുഹമ്മദാലി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പികകുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. തങ്കച്ചൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, സംസ്ഥാന ഭരണത്തല വൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാ ഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഇ.എം. അഗസ്തി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറു പ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറു പ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി.എ. മജീദ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രി മാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറു പ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രി മാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

ശ്രീ. കെ.എം. മാണി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറു പ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. മൊയിൻകുട്ടി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രി മാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,97,08,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ. എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : ഇന്ന് പൊതുഭരണത്തിന്റെ ധനാഭ്യർത്ഥന യിന്മേലുള്ള ചർച്ചാ ദിവസമാണ്. ഓരോ മെമ്പർമാർക്കും അനുവദിച്ചിട്ടുള്ള സമയത്തിന്റെ ഒരു ലിസ്റ്റ് ഇവിടെ കണ്ടു. രണ്ട് മാർഗ്ഗമേയുള്ളൂ. ഒന്നുകിൽ എല്ലാപേരും ആ സമയത്തിനുള്ളിൽ തീർക്കണം. മന്ത്രിമാരുടെ മറുപടിക്ക് 27 മിനിട്ടാണ് നീക്കിവച്ചിട്ടുള്ളത്. സാധാരണ കീഴ്വഴക്കം പൊതുഭരണത്തിന്റെ ചർച്ചാദിവസം അല്പം സമയം കൂടുതൽ എടുക്കാറുണ്ട്, അനുവദിക്കാറുണ്ട്. അതാണ് പതിവ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഇന്നു തന്നെ കൃത്യത പാലിക്കുവാൻ ശ്രമിച്ചാൽ എല്ലാ ദിവസവും അതൊരു ശീലമാക്കു വാൻ കഴിയും. മന്ത്രിമാരും നിശ്ചിത സമയത്തിനുള്ളിൽ തീർക്കുവാൻ ശ്രമി ക്കും. അതുകൊണ്ട് നീട്ടിക്കൊണ്ടുപോകേണ്ട യാതൊരു ആവശ്യവുമില്ല. ഒരു മാസം രാജ്യകാര്യങ്ങൾ മുഴുവൻ സംസാരിച്ചിട്ട് ശ്രീ. കെ.എം. മാണിക്ക് എന്താണ് പറയുവാനുള്ളത്?

മി.സ്പീക്കർ : അത് രാജ്യത്തോടാണ് സംസാരിച്ചത്. നിയമസഭയിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഗൗരവമായിട്ട് ഇന്നുതന്നെ പുതിയ പരീക്ഷണം വേണമെന്ന് പറയുന്നതിനോടാണ് ഞാൻ എതിർപ്പു പ്രകടിപ്പിക്കുന്നത്. കഴിഞ്ഞ 5 വർഷക്കാലം യാതൊരു നിയന്ത്രണവുമില്ലാതെ സമയം നീട്ടിക്കൊണ്ടുപോയി കിട്ടിയ സന്ദർഭം മുഴുവൻ പ്രയോജനപ്പെടുത്തുവാൻ നേതൃത്വം നൽകിയ അങ്ങ് ഇന്ന് ഇപ്പോൾ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ പുതിയ പരീക്ഷണം നടത്തുന്നത് ശരിയല്ല. പൊതുഭരണം, ആഭ്യന്തരം ഇതുപോലുള്ള പ്രധാനപ്പെട്ട ധനാഭ്യർത്ഥനകളിൽമേലുള്ള ചർച്ചകൾ ലിബറലായിട്ടുവേണം. പരിപൂർണ്ണമായിട്ട്, സ്ട്രിക്ടായിട്ട് സമയം പാലിക്കുവാൻ കഴിയുകയില്ല. കക്ഷി നേതാക്കൻമാർ എല്ലാപേരും സംസാരിക്കുവാനുണ്ട്. ഇവിടെയും പാർലമെന്റിലുമൊക്കെയുള്ള ചില കീഴ്വഴക്കങ്ങളുണ്ട്. മന്ത്രിസ്ഥാനത്തിരിക്കുമ്പോൾ അസൗകര്യമായ കാര്യങ്ങൾ കഴിയുന്നത്ര കുറയ്ക്കുക എന്നുപറയുന്നത് റവന്യൂ വകുപ്പുമന്ത്രിക്ക് ഭൂഷണമല്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, പ്രതിപക്ഷത്തിരുന്നപ്പോൾ ഞാൻ ചെയ്ത ചില നടപടികളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിൽ നല്ല കീഴ്വഴക്കങ്ങൾ സ്വീകരിച്ചാൽ മതി. അതിൽ തെറ്റായ കീഴ്വഴക്കങ്ങൾ സ്വീകരിക്കേണ്ടതില്ല. എനിക്ക് അനുഭവത്തിലൂടെ ആ നടപടി ശരിയല്ലെന്ന് ബോധ്യമായിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സഭയിലെ കീഴ്വഴക്കം, സാധാരണഗതിയിൽ ജനറൽ അഡ്മിനിസ്ട്രേഷന് കക്ഷി നേതാക്കന്മാർക്ക് മറ്റു മെമ്പർമാർക്ക് നൽകുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കും. അതുപോലെ റവന്യൂ വകുപ്പുമന്ത്രി അടക്കമുള്ള മന്ത്രിമാരെക്കാൾ കൂടുതൽ സമയം മുഖ്യമന്ത്രിക്ക് കൊടുക്കും. അത് തടയുവാനാണ് റവന്യൂ വകുപ്പു മന്ത്രി ശ്രമിക്കുന്നത്. അത് ശരിയല്ല. റവന്യൂ വകുപ്പിന്റെ ചർച്ച വരുമ്പോൾ റവന്യൂവകുപ്പുമന്ത്രി 27 മിനിട്ടിൽ നിറുത്തി, മുഖ്യമന്ത്രി അഞ്ചോ ആറോ മിനിട്ട് എടുക്കുന്നതിനെ അദ്ദേഹം എതിർത്താൽ ഞങ്ങൾക്ക് അത് സ്വീകാര്യമല്ല.

മി. സ്പീക്കർ : ചെറിയ വിട്ടുവീഴ്ചകളൊക്കെ സാധാരണയുണ്ടാകാറുണ്ടല്ലോ. പക്ഷെ അധികം നീട്ടിക്കൊണ്ടുപോകേണ്ട കാര്യമില്ല. കഴിഞ്ഞ പ്രാവശ്യവും അതിനുമുമ്പത്തെ പ്രാവശ്യവുമൊക്കെ അങ്ങനെതന്നെയാണ് കൺട്രോൾ ചെയ്ത് വന്നത്. പണ്ടത്തെപ്പോലെയല്ല ഇപ്പോൾ. ഇപ്പോൾ അനിശ്ചിതമായി നീണ്ടുപോകാറില്ല. അപൂർവ്വം ദിവസങ്ങളിൽ മാത്രമേ അങ്ങനെ സംഭവിക്കാറുള്ളൂ. ചർച്ച ആരംഭിക്കാം. ശ്രീ. പാലോട് രവി .....

ശ്രീ. പാലോട് രവി : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലമായി സംസ്ഥാനത്ത് എല്ലാ രംഗങ്ങളിലും അപചയം മാത്രമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പൊതുഭരണരംഗം തകർന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ സഭ സമ്മേളിച്ചിരിക്കുന്നത്. അതു പറയുമ്പോൾ സഭയെ അതു ബോദ്ധ്യപ്പെടുത്താൻ ഞാൻ ബാദ്ധ്യസ്ഥനാണ്. സർ, ഇവിടെ എത്ര മുഖ്യമന്ത്രിമാരുണ്ട്? വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ഇവിടെ ഫയൽ നോക്കുന്ന മുഖ്യമന്ത്രി ആരാണ്, ഫയൽ വായിക്കുന്ന മുഖ്യമന്ത്രി ആരാണ്; തീരുമാനമെടുക്കുന്ന മുഖ്യമന്ത്രി ആരാണ്? ഫയൽ നോക്കുന്ന മുഖ്യമന്ത്രി, ഫയൽ വായിക്കുന്ന മുഖ്യമന്ത്രി, തീരുമാനമെടുക്കുന്ന മുഖ്യമന്ത്രി, എന്നിങ്ങനെ ശ്രീ. ഇ.കെ. നായനാരുടെ ഓഫീസിൽ മൂന്നു തരത്തിലുള്ള മുഖ്യമന്ത്രിമാരെ നമുക്കു കാണാം. ഭരണഘടനാ ബാഹ്യകേന്ദ്രങ്ങളെക്കുറിച്ച് ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കൂടുതൽ സംസാരിച്ചിട്ടുള്ള ആളുകളാണ് അപ്പുറത്തിരിക്കുന്നവർ. ഇത്രയേറെ ഭരണഘടനാ ബാഹ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ഒരു കാലഘട്ടം നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ പ്രായത്തെ ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. അദ്ദേഹത്തിന്റെ പാരമ്പര്യത്തെയും ഞാൻ ബഹുമാനിക്കുന്നു. പക്ഷെ ശ്രീ. ഇ.കെ. നായനാർ കേരളത്തിൽ ഇന്നൊരു ഒപ്പിടൽ യന്ത്രം മാത്രമാണ്; ഒരു റബ്ബർ സ്റ്റാമ്പ് മാത്ര മാണ്. എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ അദ്ദേഹത്തോട് പറയുന്നു, അങ്ങ് ഇന്ന് കേരളത്തിൽ ഒരു റബ്ബർ സ്റ്റാമ്പ് മാത്രമാണ്. നമ്മുടെ മുഖ്യമന്ത്രി ക്കൊരു പ്രത്യേകതയുണ്ട്. അതു പറയാതെ പോകുന്നതു ശരിയല്ല. എന്താണ് ആ പ്രത്യേകത? Longest serving Chief Minister of Kerala. ശ്രീ. കെ. കരുണാക രനേയും കടത്തിവെട്ടിയല്ലോ. Longest serving Chief Minister of Kerala. മൂന്നു കൊല്ലത്തെ ഇടതുമുന്നണി ഭരണം സാധാരണക്കാരന്റെ ജീവിതത്തെ തകർത്ത് തരിപ്പണമാക്കിയെന്നുള്ളതിന്റെ ചില പട്ടിക ഞാൻ അവതരിപ്പിക്കു കയാണ്. ഞങ്ങൾ ഇന്നലെ സഭ ബഹിഷ്കരിച്ചിരുന്നു. നികുതിഭാരം കൊണ്ടും വിലക്കയറ്റംകൊണ്ടും പൊറുതിമുട്ടുന്ന സാധാരണക്കാരന്റെ കഷ്ട പ്പാടിനും ദുരിതത്തിനും പരിഹാരമുണ്ടാക്കാനുള്ള, അങ്ങു നേതൃത്വം നൽകുന്ന പൊതുഭരണവകുപ്പ് ഇന്നൊരു പൊതു മാരണ വകുപ്പായി കേരള ത്തിൽ മാറിയിരിക്കുകയാണ്. ഇത് പൊതുഭരണ വകുപ്പല്ല. പൊതു മാരണ വകുപ്പാണ്. ഭരണത്തകർച്ചയുടെ പര്യായമായി ഈ വകുപ്പ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

മാറിക്കൊണ്ടിരിക്കുന്നു. അങ്ങ് അതറിയുന്നില്ല. അങ്ങ് ഏതോ ലോക ത്താണ്. അങ്ങു മുമ്പ് പാർട്ടി സെക്രട്ടറി ആയിരുന്നപ്പോൾ അങ്ങനെയായിരു ന്നില്ല. ഇപ്പോൾ അങ്ങ് വേറെ ഏതോ ലോകത്താണ്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അത്യന്തം ഗുരുതരമാണ്. നമ്മുടെ സംസ്ഥാനം ഓരോ ദിവസം ചെല്ലുംതോറും കടക്കെണിയിൽ വീഴുന്ന സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. അങ്ങ് അധികാരത്തിൽ വരുമ്പോൾ 1996 ജൂൺ 30 വരെ കട ബാധ്യത പത്തു കോടിയിലധികം രൂപയാണ്. ഞങ്ങൾക്കു തന്നിരിക്കുന്ന കണക്കനുസരിച്ച് ഇപ്പോൾ പതിനാറായിരം കോടി രൂപയാണ് കടബാധ്യത. മൂന്നുവർഷം കൊണ്ട് ആറായിരം കോടി രൂപയുടെ കടക്കെണി നമ്മുടെ സ്റ്റേറ്റിനുണ്ടായി. അതൊരു ഭാഗമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം റവന്യൂ കമ്മി വർഷംതോറും ബെല്ലും ബ്രേക്കുമില്ലാതെ കൂടുന്നു എന്നു മാത്രമല്ല, 1999-2000-ൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവത രിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന കണക്കുകൂടി കൂട്ടി യാൽ അത് 1831 കോടി രൂപയാണ്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കു ന്നവരും അതു നാലായിരം കോടി രൂപയുടെ കമ്മിയിലെത്തുമെന്നു സമ്മതി ക്കും. നമ്മുടെ സാമ്പത്തിക വളർച്ചാനിരക്ക് കുറഞ്ഞിരിക്കുന്നു എന്നു അങ്ങു തന്നെ ഇവിടെ വിതരണം ചെയ്തിരിക്കുന്ന ഇക്കണോമിക് റിവ്യൂവിൽ പറ ഞ്ഞിട്ടുണ്ട്. 1996-97 ൽ 5.68 ശതമാനമായിരുന്നത് 1997-98-ൽ 5.12 ശതമാന മായി കുറഞ്ഞു. ഇനി സ്റ്റേറ്റ് ഓവർ ഡ്രാഫ്റ്റ്. 1996-97-ൽ ഒരു തവണയാണ് ഓവർഡ്രാഫ്റ്റ് ഉള്ളത്. 'ഉമ്മൻചാണ്ടീ, ട്രഷറി പൂട്ടിയവനേ, എ.കെ. ആന്റണീ, ട്രഷറി അടച്ചു പൂട്ടിയവനെ, കരുണാകരാ, ഭരിക്കാൻ കഴിവില്ലാത്തവനേ' എന്ന് അങ്ങ് ഉൾപ്പെടെയുള്ളവർ ട്രഷറി പൂട്ടിയപ്പോഴും ഓരോ തവണ ഓവർ ഡ്രാഫ്റ്റ് എടുത്തപ്പോഴും ഉറക്കെ വിളിച്ചു. 1996-97-ൽ ഒരു തവണ നാലര ക്കോടി രൂപ ഓവർ ഡ്രാഫ്റ്റ് എടുത്തു. എന്നാൽ 1998-99-ൽ ഏഴു തവണ

LIBRARY ARCHIVES Kerala Legislative Assembly

യായി മൊത്തം 190.40 കോടി രൂപ ഓവർഡ്രാഫ്റ്റെടുത്തുവെന്ന് നിയമസഭയിൽ തന്ന ഉത്തരത്തിലുണ്ട്. ഇത്രയും സാമ്പത്തികത്തകർച്ച നേരിടുന്ന കേരളത്തിൽ എല്ലാ മേഖലയിലും ധൂർത്തല്ലേ നടക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഏതു ലോകത്താണ് ജീവിക്കുന്നത്? അങ്ങും അങ്ങയുടെ മന്ത്രിമാരും അങ്ങയുടെ ഗവണ്മെന്റ് സെക്രട്ടറിമാരും അങ്ങയുടെ ഉദ്യോഗസ്ഥന്മാരും അങ്ങയുടെ ചില പാർട്ടി നേതാക്കൻമാരും എന്തുമാത്രം ധൂർത്താണ് ഈ സംസ്ഥാനത്ത് നടത്തുന്നത്? സാമ്പത്തിക അച്ചടക്കമില്ലാതെ 'കാട്ടിലെ തടി തേവരുടെ ആന' എന്ന സമീപനം സ്വീകരിച്ചിരിക്കുന്ന മുഖ്യമന്ത്രിയും മന്ത്രിമാരുമാണ് ഇന്ന് നാടു വാഴുന്നത്. ചക്രവർത്തിമാരാണല്ലോ നാടു വാഴുന്നത്. ഇതു ജനകീയഭരണമല്ല. എല്ലാവരും വിദേശക്കാറുകളുടെ ഇഷ്ടതോഴൻമാരാണ്. മുഖ്യമന്ത്രിക്കും എൽ.ഡി.എഫ്. മന്ത്രിമാർക്കും വിദേശ യാത്ര ഒരു രോഗമായി, ഒരു ഒഴിയാബാധയായി മാറിയിരിക്കുകയാണ്. നിങ്ങളെന്താണ് പുറത്തു പറയുന്നത്? 'ഞങ്ങൾ ലളിതജീവിതത്തിന്റെ അവതാരമൂർത്തികളാണ്'. ഈ അവതാരമൂർത്തികളുടെ കാര്യം, ഇവിടെ തന്ന ഒരു കണക്ക് അങ്ങയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത്, നമ്മുടെ സംസ്ഥാനത്ത് ഒരു കോടി അൻപതുലക്ഷം രൂപ മന്ത്രിമാർക്ക് പുതിയ കാറുകൾ വാങ്ങാൻ ഈ സാമ്പത്തികവർഷം ചെലവാക്കി എന്നാണ്. നിയമസഭയിൽ തന്ന ഉത്തരമാണ്. ബെൻസ് കാറിനുമാത്രം നിങ്ങൾ 27 ലക്ഷം രൂപ ചെലവാക്കി. 31,99,882 രൂപയാണ് മന്ത്രിമാർ സൽക്കാരത്തിന് ചെലവാക്കിയിരിക്കുന്നത്. സൽക്കാരപ്രിയരെന്ന് യു.ഡി.എഫ്. മന്ത്രിമാരെ ആക്ഷേപിച്ചവർ അതിലെത്രയോ ഇരട്ടിയാണ് നിങ്ങൾ ഇവിടെ തന്നിരിക്കുന്ന കണക്കനുസരിച്ച് സൽക്കാരത്തിന് ചെലവാക്കിയിരിക്കുന്നത്. എല്ലാ മന്ത്രിമാരുടേയും വീടുകൾ എയർകണ്ടീഷൻ ചെയ്തിരിക്കുകയാണ്. അതു നല്ലതല്ലേ? ചൂടുകൊണ്ട് രാജ്യം ഭരിക്കാൻ പറ്റുമോ? ചൂടിനെ അതിജീവിച്ച് ജീവിതപ്രയാസങ്ങളൊന്നുമില്ലാതെ തണുത്ത അന്തരീക്ഷത്തിൽ ജീവിക്കുന്ന ആളുകളെ ഭരിക്കണമെങ്കിൽ, നാടു വാഴണമെങ്കിൽ ചൂടിനെ അതിജീവിക്കണം. ഇവിടെയും ആ മാതൃക സ്വീകരിക്കണ്ടേ? നിങ്ങളുടെ ലളിതജീവിതത്തിന്റെ മാതൃക ഞാൻ ചൂണ്ടിക്കാണിച്ചതാണ്. കേരളത്തിലെ പൊതുഭരണരംഗത്തെ പരാജയത്തിന്റെ മറ്റൊരു മുഖമാണ് നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനുള്ള കേന്ദ്രവിഹിതം വാങ്ങിയെടുക്കുന്നതിൽ വന്ന ഗുരുതരമായ പാളിച്ച. നിങ്ങളിപ്പോൾ മൂന്നാം വാർഷികം ആഘോഷിച്ചു. എൽ.ഡി.എഫ്. ഭരണത്തിലെ മൂന്നാം വർഷം കേന്ദ്രവിഹിതം എത്ര കൂടി? സി.പി.എം. പിന്തുണ നൽകിയിരുന്ന കേന്ദ്രഭരണമുണ്ടായിരുന്നു. അതാണ് ശ്രീ. ഗുജ്റാൾ, ശ്രീ. ദേവഗൗഡ എന്നിവർ. ബംഗാളും ആന്ധ്രാപ്രദേശും നേടിയതിന്റെ നൂറിലൊന്നു നേട്ടം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞോ? ശ്രീ. ഗുജ്റാൾ പഞ്ചാബിന്റെ എണ്ണായിരം കോടി രൂപ എഴുതിത്തള്ളി. നിങ്ങൾ പിന്തുണച്ച പ്രധാനമന്ത്രി ശ്രീ. ദേവഗൗഡ വഴിവിട്ട് കർണ്ണാടകത്തിന് ആനുകൂല്യങ്ങൾ നേടിക്കൊടുത്തു. ശ്രീ. സുർജിത്തും ശ്രീ. ജ്യോതിബസുവും ബംഗാളിന് കണക്കുപറഞ്ഞ് ആനുകൂല്യങ്ങൾ വാങ്ങി. ഡി.എം.കെ. യും ടി.എം.സി. യും തമിഴ്നാടിനുണ്ടാക്കിയ നേട്ടം ഞാൻ ഇവിടെ എടുത്തു പറയേണ്ട കാര്യമില്ല. നമുക്ക് അതിനു കഴിഞ്ഞില്ല. ദയനീയമായ പരാജയമല്ലേ നമ്മുടെ നാടിനുണ്ടായത്? അങ്ങു ലോകം ചുറ്റി. അങ്ങു ധാരാളം തമാശകൾ പറയുന്നു. അങ്ങയുടെ തമാശ കൊണ്ടും അങ്ങയുടെ ലോകം ചുറ്റൽകൊണ്ടും നമ്മുടെ സംസ്ഥാനത്തിന്റെ കേന്ദ്രവിഹിതം കൂടില്ല. അങ്ങു പോളിറ്റ്ബ്യൂറോ മെമ്പറാണ്. അങ്ങയുടെ പാർട്ടി പിൻതുണയ്ക്കുന്ന പ്രധാനമന്ത്രിമാരുണ്ടായിരുന്നിട്ടുപോലും ഈ സംസ്ഥാനത്ത് അങ്ങയുടെ ഭരണകാലത്ത് ഒരു മാറ്റമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞില്ല. നിങ്ങൾ അധികാരത്തിൽ വരാൻ പ്രയോഗിച്ച ഏറ്റവും വലിയ തന്ത്രം ഈ നാടിന്റെ അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. അഴിമതിയിലും സ്വജനപക്ഷപാതത്തിലും അടിമുടി മുങ്ങിക്കുളിക്കുന്ന ഒരു സർക്കാരാണ് ഇതെന്നു ഞാൻ ആരോപിക്കുന്നു. അതിനു ചില തെളിവുകളും ഞാൻ പറയാം. അഴിമതിയും സ്വജനപക്ഷപാതവുമാണ് ഈ ഗവണ്മെന്റിന്റെ മുഖമുദ്ര. ഏതെങ്കിലും താഴേയ്ക്കിടയിലുള്ള ചോട്ടാ നേതാക്കൻമാരല്ല, ഉന്നതൻമാർ, നേതാക്കൻമാർ, സ്വജനപക്ഷപാതം, ഭാര്യ, മക്കൾ, മരുമക്കൾ, ബന്ധുക്കൾ, അവരുടെ ബന്ധുക്കൾ അങ്ങനെയായിരുന്നല്ലോ ശ്രീ. കെ. കരുണാകരനെ ചൂണ്ടിക്കാണിച്ചുകൊണ്ട് അപ്പുറത്തിരുന്ന് ഉറഞ്ഞുതുള്ളിയവർ പറഞ്ഞത്. ശ്രീ. കെ. കരുണാകരനെ പ്രതിയാക്കിക്കൊണ്ട് മകനേയും മരുമകളേയും മക്കളേയും ആക്ഷേപിച്ചവർ, ഉറഞ്ഞുതുള്ളിയവർ, നിങ്ങളുടെ മക്കളുടേയും മരുമക്കളുടേയും ഉപജാപകസംഘത്തിന്റെയും ഭരണമാണ് ഇപ്പോൾ നടക്കുന്നത്. ഞാൻ അതിന് ചില തെളിവുകൾ പറയാം. മുഖ്യമന്ത്രിയടക്കം 8 മന്ത്രിമാരെക്കുറിച്ച് ആരോപണം ഉയർന്നുവന്നു. ഭരണകക്ഷികൾ തന്നെയാണ് അഴിമതിയാരോപണം കൊണ്ടുവന്നത്. അതേക്കുറിച്ച് എന്തെങ്കിലുമൊരു അന്വേഷണത്തിന് അങ്ങ് തയ്യാറായോ? തയ്യാറായില്ല. തയ്യാറായില്ലെന്നുപറയുമ്പോൾ ഞാൻ ആ കാര്യത്തിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ക്ഷമിക്കണം. ഇന്നലെ രാത്രിയിലാണ് എനിക്ക് അങ്ങയുടെ ഈ പുസ്തകം കിട്ടിയത്. അതിവിടെ കൊണ്ടുവരാൻപെട്ട പാട്, എന്തൊരു ഭാരമാണിതിന്? ഇത് കൈയിൽ നിൽക്കുന്നില്ല. ഞാൻ ഇ.എം.എസ്. നെ ബഹുമാനിക്കുന്ന ഒരാളാണ്. ഞാൻ ഇപ്പോഴും എപ്പോഴും ഇ.എം.എസ്. നെ ബഹുമാനിക്കുന്നു. ഞാൻ ശ്രീ. അച്യുതാനന്ദനെ ബഹുമാനിക്കുന്നു. ഈ രാജ്യത്തെ മുഴുവൻ ശ്രദ്ധ പിടിച്ചു പറ്റുന്ന, നിങ്ങളുടെ മുഴുവൻ ആരാധനാമൂർത്തിയായിരിക്കുന്ന ശ്രീ. ജ്യോതിബസുവിനെ ബഹുമാനിക്കുന്നു. അങ്ങയുടെ ജീവചരിത്രമെഴുതാൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോയെന്ന് ശ്രീ. ജ്യോതിബസുവിനോട് ഒരു പ്രസാധക ചെന്നു ചോദിച്ചു. സമയമായില്ല അതിന് നിങ്ങൾ പുറപ്പെടണ്ടായെന്ന് ശ്രീ. ജ്യോതിബസു പറഞ്ഞു. വെള്ളപ്പൊക്കത്തിലും വരൾച്ചയിലും നട്ടംതിരിയുമ്പോൾ, 45 ലക്ഷം ചെറുപ്പക്കാർ ഉണ്ണാനും ഉടുക്കാനുമില്ലാതെ തൊഴിലില്ലാതെ നട്ടം തിരിയുമ്പോൾ ഈ പൊതുഖജനാവിൽ നിന്നും 17-20 ലക്ഷം രൂപ മുടക്കി 'കാലത്തിന്റെ കണ്ണാടി' എന്ന അങ്ങയുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഇത് അഴിമതിയാണ്. ഒരിക്കലും ഇ.എം.എസ്. ഇതു ചെയ്തില്ല. ശ്രീ. അച്യുതാനന്ദൻ ചെയ്തില്ല, ശ്രീ. ജ്യോതിബസു ചെയ്തില്ല, ശ്രീ. കെ. കരുണാകരൻ ചെയ്തില്ല, ശ്രീ. എ.കെ. ആന്റണി ചെയ്തില്ല. ഈ സംസ്ഥാനത്തിന്റെ ഒരു മുഖ്യമന്ത്രിയും ചെയ്യാത്ത ഒരു കാര്യം അങ്ങുചെയ്തു. നമ്മുടെ ഈ ലോബിയിൽ ഒരു കഥപറയുന്നു. ഞാൻ അങ്ങയെ ആക്ഷേപിക്കാൻ പറയുന്നതല്ല. അങ്ങ് എവിടെ നിൽക്കുന്നു. ഞാൻ എവിടെ നിൽക്കുന്നു. പക്ഷേ ആക്ഷേപം എന്താണെന്ന് അറിയാമോ? ഇതൊന്നും അങ്ങ് എഴുതിയതല്ലെന്നാണ് പറയുന്നത്. അതിന് ലോബിയിൽ പറഞ്ഞ തമാശ എന്താണെന്ന് അറിയാമോ? അങ്ങയുടെ ആത്മകഥ ഇംഗ്ലീഷിലും മലയാളത്തിലും എഴുതി. ഇംഗ്ലീഷിലെ കോപ്പി പ്രസ്സിൽ ചെന്ന് അച്ചടി ആരംഭിച്ചപ്പോൾ പ്രൂഫ് റീഡർ അന്തം വിട്ടുപോയി. I was born in Kattakada. ഇതെങ്ങനെ? The Chief Minister born in കാട്ടാക്കട. ശ്രീ. ജി. കാർത്തികേയന്റെ ഗ്രാമമാണ്. അവരാകെ അന്തം വിട്ടുപോയി. മുഖ്യമന്ത്രി കാട്ടാക്കടയിൽ ജനിച്ചു എന്ന് എഴുതിക്കൊടുത്തിരിക്കുകയാണ്. ഞാൻ ഇതിൽ ഒരുകാര്യം മാത്രം വായിക്കാം. ഈ വലിയ പുസ്തകത്തിൽ ശ്രീ. നര

LIBRARY ARCHIVES Kerala Legislative Assembly

സിംഹറാവുവിന്റെ നോവലിനെക്കുറിച്ച് ആക്ഷേപിച്ചുകൊണ്ട് അങ്ങ് ഒരുഭാഗം എഴുതിയിട്ടുണ്ട്. അത് അങ്ങേയ്ക്ക് യോജിക്കും. അതുകൊണ്ട് ഞാൻ വായിക്കുകയാണ്. "അരനൂറ്റാണ്ടോളം അധികാരത്തിൽ അകത്തളത്തിലായിരിക്കുകയും അധികാരത്തിന്റെ സ്വാദ് വഴിവിട്ട് നുണയുകയും നാടിന് നാശം വിതയ്ക്കുകയും ചെയ്ത ആളെ അതേ അധികാരം തന്നെ അപരനായി പുറംതള്ളുകയും ചെയ്തു. അങ്ങനെ പുറംതള്ളിയ നാളിൽ ആനന്ദ് എന്ന കഥാപാത്രത്തിലൂടെ പകരമായി പ്രവേശനം നടത്തി ആനന്ദിനെ അഥവാ റാവുവിനെ വെള്ളപ്പൂശി കോൺഗ്രസ് (ഐ) യിൽ ഇന്നത്തെ നേതൃത്തോട് മല്ലയുദ്ധം നടത്താനുള്ള വീറിലാണ് റാവു ഈ നോവൽ ആരംഭിച്ചത്. അധികാരത്തിൽ നിന്ന് ഇന്ന് നിഷ്കാസിതരായ വിഭാഗങ്ങളുടെ കഥ അശേഷമില്ലാത്തതാണ് ഈ നോവൽ. ആനന്ദിലൂടെ റാവുവിന് മുഖശ്രീ പകരാൻ നോക്കുകയാണ് നരസിംഹറാവു ഇന്ന്. അത്തരം വിചാരം കുംഭകോണ കേസ് ദൃഷ്യമായിത്തന്നെ ഭവിക്കും. പ്രതിവിധിയില്ലെന്നു പറഞ്ഞുകൊണ്ട്, എന്ന് അങ്ങ് എഴുതിയിട്ടുണ്ട്. 50 വർഷക്കാലം ഈ രാജ്യത്തിന്റെ ഇല്ലായ്മയും ദുരിതവും മനസ്സിലാക്കിയ അങ്ങ് ഏതാണ്ട് 10-20 ലക്ഷം രൂപ ഇത്രയും വലിയ ഒരു ധൂർത്തിനു വേണ്ടി ചെലവാക്കി. നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയുടെ ചീഫ് സെക്രട്ടറിയെക്കുറിച്ച് കേരളത്തിലെ ജനങ്ങളും കേരളത്തിനു പുറത്തുള്ളവരും വിദേശമലയാളികളും എന്താണ് കേൾക്കുന്നത്? നമ്മുടെ ചീഫ് സെക്രട്ടറി സുപ്രീം കോടതിയിലും ഹൈക്കോടതിയിലും മാപ്പുപറഞ്ഞു നിൽക്കുന്നു. ഒരു പുതിയ പോലീസ് സെക്രട്ടറി വന്നു. പട്ടികജാതിക്കാരനായ ആഭ്യന്തരവകുപ്പു സെക്രട്ടറിയെ അങ്ങുമാറ്റി. കാരണം കാണുമായിരിക്കാം. പക്ഷേ ഒരു പുതിയ ആൾ വന്നു. വീട്ടിൽ കുറുവടിയുമായി ഉറക്കമിളച്ച് നിൽക്കുകയാണ് പുതിയ ആഭ്യന്തരവകുപ്പു സെക്രട്ടറി. അങ്ങ് വായിച്ചുകാണും എന്ന് എനിക്കറിയാം. ടാഗോറിന്റെ പ്രസിദ്ധമായ ഒരു കവിതയുണ്ട്.

When death comes to the door, what will you offer for him?

I shall offer all the earning of life in a plate.

ജീവിതത്തിന്റെ സമസ്ത സമ്പാദ്യങ്ങളും പ്ലേറ്റിലൊതുക്കി കുറുവടിയുമായി കാത്തുനിൽക്കുന്ന ജനങ്ങളാണ് അങ്ങയുടെ ആഭ്യന്തരവകുപ്പ് സെക്രട്ടറി ഉൾപ്പെടെ കേരളത്തിലുള്ളവർ. ഇതാണ് ക്രമസമാധാനം. അങ്ങയുടെ ആഭ്യന്തരവകുപ്പു സെക്രട്ടറിയുടെ വീട്ടിൽ കള്ളൻ കയറി. എല്ലാ രാത്രികളിലും മരണത്തെ കാത്തിരിക്കുന്നതുപോലെ ഇപ്പോൾ എല്ലാ രാത്രിയിലും കള്ളനെ കാത്തിരിക്കുകയാണ് നമ്മുടെ ആഭ്യന്തരവകുപ്പ് സെക്രട്ടറി. ഞാൻ അഴിമതിയെക്കുറിച്ച് രണ്ടു കാര്യങ്ങൾ പറഞ്ഞുകൊണ്ട് ചുരുക്കുന്നു. അങ്ങ് അഡ്വക്കേറ്റ് ജനറലിന് ക്ളീൻ ചിറ്റ് നൽകി. അങ്ങ് നൽകിയ ക്ളീൻ ചിറ്റ് എന്താണ്? ഞങ്ങളുടെ ഭരണക്കാലത്ത് ബോർഡ് എടുത്ത തീരുമാനത്തെ നിങ്ങൾ റദ്ദു ചെയ്തു, 8 കോടി രൂപ നഷ്ടമാണെന്നു വാദിക്കാൻ. ഹൈക്കോടതി വിധിക്കെതിരെ ബോർഡ് പോയി അപ്പീൽ ചെയ്തു. അപ്പീൽ നിങ്ങൾക്ക് അനുകൂലമായി അനുവദിച്ചു. ബോർഡ് അറിയാതെ ബോർഡിന്റെ വക്കീൽ അറിയാതെ തീരുമാനമെടുത്ത നിങ്ങൾ, ഈ ഗവണ്മെന്റ് വേറൊരു അപ്പീലുമായി പോയി രണ്ടര കോടി രൂപ കൊടുപ്പിച്ചു. ഇത് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിനെക്കുറിച്ച് ആക്ഷേപമുണ്ടായി. ഇന്ന് അങ്ങ് ക്യാബിനറ്റ് മീറ്റിംഗ് കൂടിയിട്ട് വളരെ ക്ളീൻ സ്ലിപ്പുനൽകി. അദ്ദേഹം വളരെ ക്ളീനാണെന്നു പറഞ്ഞു. ക്ളീൻ ആണെന്നു പറയുക മാത്രമല്ല, അതേക്കുറിച്ച് അന്വേഷിക്കുകപോലും ചെയ്യാതെ പൂർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസമുണ്ടെന്ന് അങ്ങു പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഈ അഡ്വക്കേറ്റ് ജനറലിന് അങ്ങയുടെ എൽ.ഡി.എഫ്. കൺവീനറെക്കൊണ്ട് ക്ലീൻ സ്ലിപ്പ് കൊടുപ്പിക്കാമോ? കേസ് കൊടുത്താൽ അങ്ങയുടെ ആൾക്കാരെക്കൊണ്ട് ഇത് ചെയ്യിപ്പിക്കാൻ പറ്റുമോ? ഞാൻ സ്വജനപക്ഷപാതവും അഴിമതിയും എന്നുപറഞ്ഞുകൊണ്ടാണ് തുടങ്ങിയത്. എൽ.ഡി.എഫ്. കൺവീനർ ശ്രീ. അച്യുതാനന്ദന്റെ മകനെക്കുറിച്ച് എന്താണ് കേൾക്കുന്നത്? ഞാൻ ഓർക്കുന്നു, ശ്രീ. അച്യുതാനന്ദൻ പ്രതിപക്ഷനേതാവായി ആ കസേരയിലിരുന്നുകൊണ്ട് ശ്രീ. കെ. കരുണാകരനോട് ചോദിച്ചു, ഗോശ്രീയുടെ മാനേജിംഗ് കമ്മിറ്റിയിൽ കരുണാകരാ നിങ്ങളുടെ മരുമകനെ കയറ്റിയത് അഴിമതിയല്ലേ എന്ന്. അന്ന് ഞാൻ ഈ സഭയിൽ ഒരംഗമാണ്. ഉറഞ്ഞുതുള്ളിക്കൊണ്ട് ശ്രീ. കെ. കരുണാകരനോട് ശ്രീ. അച്യുതാനന്ദൻ അന്ന് ചോദിച്ചു. ശ്രീ. അച്യുതാനന്ദന്റെ മകൻ ശ്രീ. അരുൺകുമാറിനെ ഒരു പരസ്യം കൊടുത്തല്ല ഐ എച്ച്.ആർ.ഡി ഇ.യിൽ നിയമിച്ചത്. അങ്ങ് അറിയണം, പരസ്യം കൊടുത്തല്ല നിയമിച്ചത് എന്നുമാത്രമല്ല, നാളുകൾക്കുശേഷം അസിസ്റ്റന്റ് ഡയറക്ടർ പോസ്റ്റിലേയ്ക്ക് ഒരു പരസ്യം പത്രത്തിൽ കൊടുത്തു. ആ അസിസ്റ്റന്റ് ഡയറക്ടർ പോസ്റ്റിനും അവിടെ അന്ന് വേക്കൻസിയില്ല, തസ്തിക ഇല്ല. എട്ടൊൻപതുപേർ അപേക്ഷ അയച്ചു. അവിടെ ജോലി ചെയ്യുന്ന രണ്ടുപേരും എ.ഇ.ആർ. ലെ ഒരു കുട്ടിയുമുൾപ്പെടെ 5 പേർ അപ്ലൈ ചെയ്തു. റിട്ടൺ ടെസ്റ്റ് ഇല്ലായിരുന്നു. അപ്ലൈ ചെയ്തതിൽ ശ്രീ. അച്യുതാനന്ദന്റെ മകന് ഒന്നാം റാങ്ക് കൊടുത്തു. ശ്രീ. പി.ജെ. ജോസഫ് ചെയർമാനായി അനുവാദം കൊടുക്കേണ്ട കമ്മിറ്റി കൂടിയപ്പോൾ തസ്തികയില്ലാത്ത പോസ്റ്റിനാണ് അനുവാദം കൊടുക്കേണ്ടിവന്നത്. തസ്തികയില്ല, അനുവാദം കൊടുത്തു. മിടുക്കൻമാരേയും പ്രവൃത്തിപരിചയമുള്ളവരേയും മുഴുവൻ മാറ്റിക്കൊണ്ട് പ്രൈമറി യോഗ്യതയില്ലാത്ത, പ്രാഥമിക യോഗ്യതയിൽ ഒരുതവണ തോറ്റ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ മാനേജരുടെ കാലുപിടിച്ച് അഡ്മിഷൻ വാങ്ങിയ ശ്രീ. അരുൺ കുമാറിനെ, എൽ.ഡി.എഫ്. ന്റെ കൺവീനർ ശ്രീ. അച്യുതാനന്ദന്റെ മകനെ അവിടെ നിയമിച്ചത് സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടേയും തെളിവാണ്. എന്നുമാത്രമല്ല, ശ്രീ. ആനത്തലവട്ടം ആനന്ദനെ ഒഴിവാക്കി ശ്രീ. അരുൺ കുമാറിനെ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറാക്കി. മാനേജിംഗ് ഡയറക്ടറല്ല, അത് ഡാമേജിംഗ് ഡയറക്ടറാണ്. യോഗ്യതയില്ല, അങ്ങ് ഇത് അറിഞ്ഞോ? ഇത് സ്വജനപക്ഷപാതമല്ലേ? ശ്രീ. ടി.കെ. രാമകൃഷ്ണന്റെ മരുമകന് അവിഹിതമായി സ്ഥാനക്കയറ്റം കൊടുത്താൽ അത് ക്യാബിനറ്റിൽ ചർച്ച ചെയ്താൽ മതി. ഈ നാട് മുഴുവൻ മക്കളുടേതും മരുമക്കളുടേതുമാണ്. ഈ പൊതുസ്വത്തുക്കൾ നാട് നശിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങ് ചിലപ്പോൾ ചില കാര്യങ്ങൾ പറയും. ഞങ്ങൾക്ക് ഇഷ്ടപ്പെടുന്ന കാര്യങ്ങളാണ്. ഞാൻ അങ്ങയെ ആക്ഷേപിക്കുന്നില്ല. ശ്രീ. വി.എസ്. അച്യുതാനന്ദൻ കേരളത്തിന്റെ സൂപ്പർ മുഖ്യമന്ത്രിയാണെങ്കിൽ, അങ്ങയ്ക്ക് ധൈര്യമുണ്ടെങ്കിൽ, ആത്മാർത്ഥതയോടെ സത്യപ്രതിജ്ഞ ചെയ്ത പ്രിയ മുഖ്യമന്ത്രിക്ക് അന്തസ്സും അഭിമാനവുമുണ്ടെങ്കിൽ ശ്രീ. അരുൺകുമാറിന്റെ നിയമനം അങ്ങയ്ക്ക് നിഷേധിക്കാമോ? ഞങ്ങൾ തെളിവുകൾ തരാൻ തയ്യാറാണ്. കേരളത്തിൽ എല്ലായിടത്തും അഴിമതിയാണ്, സ്വജനപക്ഷപാതമാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u> : അങ്ങ് അഞ്ച് മിനിറ്റ് കൂടുതൽ എടുത്തു, ഇനി സമയം അനുവദിക്കാൻ പറ്റുകയില്ല ..... (ബഹളം) .... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സർ, ഇത് മുഖ്യമന്ത്രിക്ക് അയച്ച കത്താണ്. ..... (ബഹളം) .....

മി. ചെയർമാൻ : ഇല്ല. ഇനി സമയം അനുവദിക്കാൻ പറ്റുകയില്ല.

ശ്രീ. പാലോട് രവി : സർ, ഞാൻ അങ്ങയെ ബഹുമാനിക്കുന്നു, അങ്ങ് നല്ലവനാണ്. എനിക്ക് ഒരു മിനിറ്റുകൂടി വേണം. മുഖ്യമന്ത്രിക്ക് അങ്ങയുടെ പാർട്ടി സഖാവ് ശ്രീ. ഭാസ്കരൻ അയച്ച കത്താണ് ഇത്. ഇത് ഞാൻ വായിക്കുന്നില്ല. ആ കത്തിൽ പറഞ്ഞിരിക്കുന്നത് ശ്രീ. അച്യുതാനന്ദന്റെ മകൻ അരുൺകുമാറിന്റെ നിയമനത്തെക്കുറിച്ച് മാത്രമല്ല ..... (ബഹളം) .....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പോയിന്റ് ഓഫ് ഓർഡർ .... (ബഹളം) .....

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ ആണോയെന്ന് നോക്കട്ടെ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവാണ് ശ്രീ. അച്യുതാനന്ദൻ. അദ്ദേഹം ഇപ്പോൾ ഈ സഭയിൽ ഇല്ല. സഭയിൽ ഇല്ലാത്ത, കേരളത്തിലെ ജനലക്ഷങ്ങളുടെ നേതാവായ ശ്രീ. വി.എസ്. അച്യുതാനന്ദനെ വ്യക്തിപരമായി ആക്ഷേപിക്കുന്ന തരത്തിൽ ശ്രീ. പാലോട് രവി ഇങ്ങനെയൊരു ആക്ഷേപം ഉന്നയിച്ചത് ഓർഡറിലാണോ? ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കൺവീനറും, സി.പി.എം. ന്റെ പോളിറ്റ് ബ്യൂറോ അംഗവുമായിട്ടുള്ള, കേരളത്തിലെ ജനലക്ഷങ്ങളുടെ നേതാവായിട്ടുള്ള ശ്രീ. വി.എസ്. അച്യുതാനന്ദനെ ആക്ഷേപിക്കാൻ ഇടയാക്കുന്ന തരത്തിൽ ശ്രീ. പാലോട് രവി ഇങ്ങനെയൊരു ആക്ഷേപം ഉന്നയിച്ചത് ഓർഡറിലാണോ? ഇത് സഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ : ഇനി സമയം അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. പാലോട് രവി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതിനെ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. ശ്രീ. അരുൺകുമാർ ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകനല്ലെങ്കിൽ എനിക്ക് പരാതി ഇല്ല..... (ബഹളം)..... ഞാൻ വി.എസ്. അച്യുതാനന്ദനെക്കുറിച്ച് മാത്രമല്ല മുഖ്യമന്ത്രിയെക്കുറിച്ചും ആക്ഷേപം പറഞ്ഞില്ലേ? അപ്പോൾ കടകംപള്ളി സുരേന്ദ്രൻ മിണ്ടാത്തതെന്താണ്?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഞാൻ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഇവിടെ ശ്രീ. പാലോട് രവി സംസാരിച്ച് തുടങ്ങിയത് നമ്മുടെ രാജ്യം വിഷമസന്ധി നേരിടുന്നുവെന്ന് പറഞ്ഞുകൊണ്ടാണ്. ഇൻഡ്യാ രാജ്യം നേരിടുന്ന പ്രശ്നത്തെക്കുറിച്ച് അദ്ദേഹം ഒരക്ഷരം പറഞ്ഞില്ല. ഇൻഡ്യാ രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നത്തെക്കുറിച്ച് പറയാൻ അവർക്ക് വിഷമമുണ്ട്. പ്രതിപക്ഷനേതാവുൾപ്പെടെ അപ്പുറത്തിരിക്കുന്ന എല്ലാവർക്കും അത് പറയുവാൻ വിഷമം കാണും. ഞാൻ ഇത് പറയാനുദ്ദേശിച്ച് ഇരുന്നതാണ്. അപ്പോഴാണ് ശ്രീ. പാലോട് രവി ചില പടക്കങ്ങൾ പൊട്ടിച്ചത്. ഇവിടെ ശ്രീ. പാലോട് രവി ആദ്യം ഒരു പുസ്തകം പൊക്കിക്കാണിച്ചു. അതിന് മുൻപു തന്നെ അദ്ദേഹം പറഞ്ഞു നമ്മുടെ മുഖ്യമന്ത്രി ലോങ്ങസ്റ്റ് സർവീസുള്ള മുഖ്യമന്ത്രിയാണെന്ന്. അത് അദ്ദേഹം സമ്മതിച്ചു. ആ ലോങ്ങസ്റ്റ് സർവീസ് എങ്ങനെയാണ് കിട്ടിയത്, കൊള്ളരുതായ്മ കാണിച്ചതുകൊണ്ടാണോ? വീണ്ടും അദ്ദേഹം എങ്ങനെയാണ് മുഖ്യമന്ത്രിയായത്, അദ്ദേഹത്തിന് ലോങ്ങസ്റ്റ് സർവീസ് കിട്ടിയത്? ഈ രാജ്യത്തെ ജനങ്ങൾ വോട്ട് ചെയ്ത് എൽ.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

-നെ അധികാരത്തിൽ കയറ്റി. നിങ്ങളെ താഴെയിറക്കി ഞങ്ങളെ അധികാരത്തിൽ കയറ്റാൻ ജനങ്ങളെ പ്രേരിപ്പിച്ചത് ഗവണ്മെന്റ് സ്വീകരിക്കുന്ന ഭരണപരമായ നടപടികൾമൂലമാണ്. ഇവിടെ പറഞ്ഞ അഴിമതിയുടെ കാര്യം, കാറു വാങ്ങി എന്നൊക്കെയാണ്. ഇതൊന്നും വാങ്ങാതെ നിങ്ങൾ സൈക്കിളിൽ യാത്രചെയ്യുന്നവരാണോ? നിങ്ങളെല്ലാം താമസിക്കുന്നത് ചെറ്റക്കുടിലുകളിലാണോ? ഇതെല്ലാമാണോ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി? ഇവിടെ എന്നെ മാറ്റിയിട്ട് കയർഫെഡ് മാനേജിംഗ് ഡയറക്ടറായി ശ്രീ. അരുൺകുമാറിനെ കൊണ്ടുവന്നു എന്ന് പറഞ്ഞത് പ്രാഥമിക വിവരം പോലുമില്ലാതെയാണ്. ഞാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിയുടെ ചെയർമാനായിരുന്നു. ശ്രീ. അരുൺകുമാർ ഒരു സ്ഥാപനത്തിന്റെ എം.ഡി. യായിട്ടാണ് പ്രവർത്തിക്കുന്നത്. ശ്രീ. അരുൺകുമാർ ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകനാണ്. മാർക്സിസ്റ്റ് പാർട്ടിയിലെ ആളുകളുടെ മക്കൾക്കാർക്കും ജോലി ചെയ്തുകൂടാ എന്നാണോ? നിങ്ങളുടെ മക്കൾക്ക് ജോലി ചെയ്യേണ്ടിവരുകയില്ല. നിങ്ങളുടെ മക്കൾക്കും അവരുടെ സന്തതികൾക്കും തൊഴിലെടുത്ത് ജീവിക്കേണ്ടി വരുകയില്ല, കാരണം നിങ്ങളുടെ ഭരണകാലത്ത് അഴിമതി കാണിച്ച്, കൊള്ളരുതായ്മ കാണിച്ച് നിങ്ങൾ നേടിയ സമ്പാദ്യം കാണും. ശ്രീ. ഇ.കെ. നായനാരുടെ ഭരണത്തിൻകീഴിൽ ഞങ്ങളാരെങ്കിലും നാലു പൈസ കൈക്കൂലി വാങ്ങി, അഴിമതി നടത്തിയെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? മക്കൾക്കും ഭാര്യക്കും വീട്ടിലിരുന്ന് ഉണ്ണാൻ ഞങ്ങൾ കാശു ഉണ്ടാക്കി വച്ചിട്ടില്ല. മക്കളും ഭാര്യയും വേല ചെയ്തെങ്കിലേ ജീവിക്കാൻ പറ്റുകയുള്ളൂ. മക്കളും ഭാര്യയും വേല ചെയ്ത് ജീവിക്കുന്നു. നിങ്ങളുടെ മക്കൾക്കും ഭാര്യക്കും വേല ചെയ്യേണ്ട കാര്യമില്ല. നിങ്ങൾ ഉണ്ടാക്കിയ കാശുകൊണ്ട് അവർ ധൂർത്തടിച്ച്, കള്ളുകുടിച്ച്, കഞ്ചാവുമടിച്ച് അങ്ങനെ നടക്കുകയാണ്. അതുപോലെ ഇപ്പുറത്തിരിക്കുന്നവരുടെ മക്കൾക്ക് നടക്കാൻ പറ്റുകയില്ല. അവർ എവിടെയെങ്കിലും പോയി പണിയെടുത്ത് ജീവിക്കും. നിങ്ങളുടെ അഴിമതികളെ സംബന്ധിച്ച് എത്രമാത്രം കഥകളാണുള്ളത്. അതിനെ സംബന്ധിച്ച് ഞാൻ അധികമൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അഴിമതിയെ സംബന്ധിച്ച് ശ്രീ. പാലോട് രവിയുടെ പ്രസംഗം കേട്ടാൽ ചെകുത്താൻ വേദമോതുന്നതുപോലെ തോന്നും. കഴിഞ്ഞ അഞ്ചുവർഷക്കാലം, 1991 മുതൽ 1996 വരെ ഇൻഡ്യാ രാജ്യം ഭരിച്ച നിങ്ങളുടെ പാർട്ടിയുടെ നേതാവ് ശ്രീ. പി.വി. നരസിംഹറാവുവിന് ഇന്ന് കോടതി തിണ്ണയിൽനിന്ന് മാറി നിൽക്കാൻ സമയമുണ്ടോ? നിങ്ങളുടെ മന്ത്രിയായിരുന്ന ശ്രീ. സുഖ്റാം കക്കൂസിലാണ് മൂന്നുകോടി രൂപയുടെ നോട്ട് ചാക്കിൽക്കെട്ടി ഇട്ടിരുന്നത്. അങ്ങനെയുള്ള ഒരു പാർട്ടിയുടെ പ്രതിനിധികളാണ് ഇവിടെ വന്ന് നായനാരുടെ പ്രസംഗങ്ങൾ സമാഹരിച്ചിറക്കിയതിനെ ചോദ്യം ചെയ്യുന്നത്. ശ്രീ. ഇ.കെ. നായനാരുടെ കഴിഞ്ഞ കാലത്തെ ജീവിതത്തെയും രാഷ്ട്രീയ ചരിത്രത്തെയും കുറിച്ച് പഠിക്കാൻ അവസരം ഒരുക്കിയതിൽ എന്താണ് തെറ്റ്? നിങ്ങൾക്ക് സൗജന്യമായി കിട്ടണമെങ്കിൽ സർക്കാരിന്റെ കാശല്ലാതെ ശ്രീ. ഇ.കെ. നായനാരുടെ വീട്ടിൽനിന്ന് കാശ് കൊണ്ടുവരണോ? നിങ്ങളാരെങ്കിലും കാശ് കൊടുത്തോ? ബഹളം ..... ബഹളം ..... സർക്കാരിന്റെ കാശല്ലാതെ നിങ്ങൾ വില കൊടുത്ത് പുസ്തകം വാങ്ങിക്കുകയില്ല. പിന്നെ സൗജന്യമായി വായിക്കാൻവേണ്ടി ഗവണ്മെന്റ് തന്നതാണ്. അത് മോശമായ കാര്യമാണോ? കഴിഞ്ഞ മൂന്നു വർഷക്കാലമായി കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ ജനോപകാരപ്രദങ്ങളായ നടപടികളുടെ ഫലമാണ് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഉപതെരഞ്ഞെടുപ്പുകളിലും ജനങ്ങൾ ഞങ്ങളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നത്. നിങ്ങൾക്കുള്ള മറുപടിയാണ് കേരളത്തിൽ ആറു മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ ഫലം. നിങ്ങൾ ഭരിക്കുന്ന സമയത്ത് നടന്നിട്ടുള്ള ഉപതെരഞ്ഞെടുപ്പുകളിൽ ഒറ്റ സീറ്റിലെങ്കിലും നിങ്ങളുടെ പാർട്ടി ജയിച്ചിട്ടുണ്ടോ? അപ്പോഴും ഞങ്ങളാണ് ജയിക്കുന്നത്. നിങ്ങളുടെ കൊള്ളരുതായ്മകൾകൊണ്ട് ജനങ്ങൾ നിങ്ങൾക്കെതിരെ വോട്ട് ചെയ്യുന്നു. ശ്രീ. പാലോട് രവിയുടെ പ്രസംഗത്തിന്റെ ചീട്ടു കീറുന്ന തരത്തിലാണ് ജനങ്ങളുടെ പ്രതികരണമെന്ന് മനസ്സിലാക്കണം. ശ്രീ. പാലോട് രവി ഒളിച്ചുവച്ചതും പറയാൻ മടിച്ചതുമായ ചില പ്രശ്നങ്ങളെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായം അറിയണം. നിങ്ങൾ ഇപ്പോൾ എവിടെയാണ് നിൽക്കുന്നത്; ആരുടെകൂടെ ചേരാനാണ് തീരുമാനിച്ചിരിക്കുന്നത്; നിങ്ങൾ ബി.ജെ.പി. യുടെ കൂടെ പോകാനല്ലേ തീരുമാനിച്ചിരിക്കുന്നത്? 1989-ൽ വി.പി. സിംഗിന്റെ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ 10 വർഷക്കാലം ശ്രീമതി ഇന്ദിരാഗാന്ധിയടക്കം അലമാരിയിൽ പൂഴ്ത്തിവച്ചിരുന്ന മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പൊടിതട്ടിയെടുത്ത് നടപ്പിലാക്കുകയുണ്ടായി. അത് പൊടിതട്ടിയെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ സവർണ്ണ വിഭാഗങ്ങളിൽപ്പെടുന്ന ജനവിഭാഗങ്ങളെ സംഘടിപ്പിച്ച് ആത്മാഹുതി നടത്തുന്നതിന് സഹായിയായിനിന്ന പാർട്ടിയല്ലേ നിങ്ങളുടെ പാർട്ടി? ശ്രീ. വി.പി. സിംഗ് ഗവണ്മെന്റിനെ കാലുവാരി താഴെയിട്ടത് നിങ്ങളുടെ പാർട്ടിയല്ലേ? അതിനുശേഷമല്ലേ ബി.ജെ.പി. ക്ക് കരുത്തുണ്ടായത്? വി.പി. സിംഗിന്റെ ഗവണ്മെന്റിനെ നിങ്ങൾ താഴെയിറക്കി. വി.പി. സിംഗിന്റെ ഗവണ്മെന്റ് കോൺഗ്രസ് ഗവണ്മെന്റിനെപ്പോലെ കൈക്കൂലി വാങ്ങുന്ന, അഴിമതി കാണിക്കുന്ന, കൊള്ളരുതായ്മകൾ കാണിച്ച ഒരു ഗവണ്മെന്റ് ആയിരുന്നോ? കേരളത്തിന് കഴിയുന്നതരത്തിൽ എല്ലാ ഒത്താശകളും ചെയ്ത, ഇൻഡ്യാ രാജ്യത്തിന് ഗുണകരമായ ഒരു ഗവണ്മെന്റ്. ബാബറി മസ്ജിദ് പൊളിക്കാനായി ശ്രീ. എൽ.കെ. അദ്വാനി രഥഘോഷയാത്രയുമായി രഥം ഉരുട്ടിപ്പോയപ്പോൾ പിടിച്ചു ജയിലിലിട്ട പ്രധാനമന്ത്രി ശ്രീ. വി.പി. സിംഗിനെ മാറ്റിയിട്ട് ശ്രീ. പി.വി. നരസിംഹറാവുവിനെ നിങ്ങൾ പ്രധാനമന്ത്രിയാക്കി. കോൺഗ്രസ് പ്രധാനമന്ത്രി ശ്രീ. പി.വി. നരസിംഹറാവു പള്ളി പൊളിക്കാൻ വന്നവർക്ക് കാവൽ നിൽക്കുകയായിരുന്നു. അതിനുശേഷം ദേവഗൗഡ ഗവണ്മെന്റും ഗുജ്റാൾ ഗവണ്മെന്റും 20 മാസക്കാലം ഭരിച്ചു. 10 മാസം കഴിഞ്ഞപ്പോൾ ദേവഗൗഡ ഗവണ്മെന്റിനെ കാലുവാരി. നാലര പതിറ്റാണ്ടുകാലം നിങ്ങൾ കാണിച്ച കൊള്ളരുതായ്മകൾക്ക് അറുതിവരുത്തുന്ന നടപടികൾ സ്വീകരിച്ച ഗവണ്മെന്റായിരുന്നു അത്. ഇന്ന് ഇൻഡ്യാ-പാകിസ്ഥാൻ നിയന്ത്രണരേഖയെ സംബന്ധിച്ച് കാർഗിൽ മേഖലയിൽ യുദ്ധം നടക്കുകയാണ്. ഇൻഡോ-പാക് പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പിരിമുറുക്കത്തിന് അയവു വരുത്താൻവേണ്ടി പാകിസ്ഥാൻ വിദേശകാര്യ സെക്രട്ടറിയും ഇൻഡ്യൻ വിദേശകാര്യ സെക്രട്ടറിയും കൂടി കൂടിയാലോചിച്ച് ചർച്ചയ്ക്ക് ഷെഡ്യൂൾ തീരുമാനിച്ച അവസരത്തിലാണ് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഡൽഹിയിൽവന്ന് നിങ്ങളുടെ നേതാവായ സീതാറാം കേസരിയുമായി ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ മുറിയിൽ മണിക്കൂറുകളോളം അടച്ചിരുന്ന് ഗൂഢാലോചന നടത്തിയത്. ആ ചർച്ച പൊളിക്കുകയും അതിന് കരുക്കൾ നീക്കിയ ഗവണ്മെന്റിനെ കാലുവാരുകയും ചെയ്തത്. എന്താണ് സീതാറാം കേസരിയും അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയും തമ്മിലുള്ള സംഭാഷണം? പാകിസ്ഥാനും ഇൻഡ്യയും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കാൻ, പിരിമുറുക്കം അവസാനിപ്പിക്കാൻ ഗൗഡ ഗവണ്മെന്റ് നടത്തിയ പരിശ്രമത്തെ പൊളിക്കുകയായിരുന്നില്ലേ ഉദ്ദേശം? എന്നിട്ട് സകല

LIBRARY ARCHIVES Kerala Legislative Assembly

അയൽരാജ്യങ്ങളുമായുള്ള ബന്ധം നിങ്ങൾ വിച്ഛേദിച്ചിരുന്നു. അയൽ രാജ്യങ്ങളുമായി ബന്ധം സ്ഥാപിച്ച ഗവണ്മെന്റായിരുന്നു ദേവഗൗഡ ഗവണ്മെന്റ്. അത് കുറ്റമാണോ? ഇൻഡ്യയും ചൈനയും തമ്മിൽ ദീർഘകാലമായി ഉണ്ടായിരുന്ന പിണക്കം തീർത്തത് ഗൗഡ ഗവണ്മെന്റല്ലേ? ബംഗ്ളാദേശുമായി 30 വർഷക്കാലമായി നടന്നുവന്നിരുന്ന ഗംഗാ നദീജല തർക്ക പ്രശ്നം പരിഹരിച്ചത് ദേവഗൗഡ ഗവണ്മെന്റാണ്. ശ്രീലങ്കയുമായുള്ള അകൽച്ച മാറ്റിക്കൊണ്ടുവന്നു. അയൽരാജ്യങ്ങളെയൊക്കെ മിത്രങ്ങളായി കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ച, 20 മാസക്കാലം ഇൻഡ്യാരാജ്യം ഭരിച്ച ഐക്യമുന്നണി ഗവണ്മെന്റിനെ കാലുവാരിയ കുറ്റവാളികളാണ് നിങ്ങൾ. രാജ്യദ്രോഹ കുറ്റം നടത്തിയവരാണ് നിങ്ങൾ. അതുമാത്രമല്ല കേരളം ഉൾപ്പെടെ ഇൻഡ്യയിലെ 100 കോടിയോളം വരുന്ന ജനങ്ങൾക്ക് മാസത്തിൽ 10 കിലോ അരിവീതം പകുതി വിലയ്ക്ക് കൊടുക്കാൻ തീരുമാനിച്ച ഗവണ്മെന്റിനെയാണ് നിങ്ങൾ കശാപ്പു ചെയ്തത്. അത് കേരളത്തിലെ ജനങ്ങളോട് കാണിച്ച ക്രൂരതയല്ലേ? കോൺഗ്രസ് ഗവണ്മെന്റ് ഭരിക്കുന്ന കാലഘട്ടത്തിൽ നാഴിയരി പകുതി വിലയ്ക്ക് കൊടുക്കാൻ സാധിച്ചോ? ഐക്യമുന്നണി ഗവണ്മെന്റ് ഭരിച്ചപ്പോൾ 10 കിലോ അരി പകുതി വിലയ്ക്ക് ഇൻഡ്യയിലെ ജനങ്ങൾക്ക് കൊടുക്കാൻ തീരുമാനിച്ച ഗവണ്മെന്റിനെയാണ് നിങ്ങൾ കശാപ്പു ചെയ്തത്. നിങ്ങളെ ജനങ്ങൾ വിടുകയില്ല. ഇൻഡ്യാ രാജ്യത്ത് ആ 20 മാസക്കാലഘട്ടത്തിൽ, നിങ്ങളുടെ ഭരണക്കാലത്ത് നടന്നതുപോലുള്ള വർഗ്ഗീയ കലാപം, പള്ളിപൊളിക്കൽ, ന്യൂനപക്ഷ വിഭാഗമായ ക്രിസ്ത്യൻ ജനവിഭാഗങ്ങളെ കശാപ്പു ചെയ്യൽ, കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തൽ, ബൈബിൾ ചുട്ടുകരിക്കൽ, പള്ളികൾ അടിച്ചു തകർക്കൽ, പാതിരിയേയും മക്കളേയും ബസ്സിലിട്ട് ചുട്ടുകരിക്കൽ തുടങ്ങിയ ഏതെങ്കിലും ഒരു സംഭവം ഉണ്ടായോ? നിങ്ങൾ ഗുജ്റാൾ ഗവണ്മെന്റിനേയും കാലുവാരി. ബി.ജെ.പി. ഗവണ്മെന്റ് കഴിഞ്ഞ 13 മാസക്കാലം എന്തെല്ലാം ചെയ്തോ അതിനൊക്കെ ഉത്തരവാദികൾ നിങ്ങളാണ്. ബി.ജെ.പി. ഗവണ്മെന്റ് അധികാരത്തിൽവന്ന് മൂന്നുമാസം കഴിഞ്ഞപ്പോൾ പൊഖറാനിൽ പടക്കം പൊട്ടിച്ചു. അതിനുള്ള ശിക്ഷ രാജ്യം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. 30,000 കോടി ഉറുപ്പികയുടെ അധിക നികുതികൾ അടിച്ചേൽപ്പിച്ചു. ഉപ്പുതൊട്ട് കർപ്പൂരം വരെയുള്ള സാധനങ്ങൾക്ക് വില കൂട്ടി. അങ്ങനെ വില കൂട്ടിയതിന്റെ ഫലമായി മൂന്ന് സംസ്ഥാനങ്ങളിൽ ഉപതെരഞ്ഞെടുപ്പുകൾ നടന്നപ്പോൾ അവിടെ കോൺഗ്രസ് നിന്നയിടത്തെല്ലാം ജയിച്ചു. വിലക്കയറ്റത്തിനെതിരായി ജനങ്ങൾ വോട്ട് ചെയ്തു. തങ്ങളെ വീണ്ടും അധികാരത്തിൽ കൊണ്ടുവരാൻ ജനങ്ങൾ കൊതിച്ചിരിക്കുകയാണ് എന്ന് കോൺഗ്രസ്സുകാർ തെറ്റിദ്ധരിച്ചു.

[12 Noon] ഈ രാജ്യത്തു നടക്കുന്ന കൊള്ളരുതായ്മകൾ എണ്ണിയെണ്ണി പറഞ്ഞാൽ നിങ്ങളല്ലേ അതിനു ഉത്തരവാദികൾ? നിങ്ങൾ ഒപ്പുവച്ച കരാർ, അത് ഭംഗിയായി നടപ്പാക്കുന്നു. നിങ്ങൾ അതിന് പിന്തുണ കൊടുക്കുന്നു. ഞങ്ങൾ അധികാരത്തിൽ നിന്ന് പുറത്തു പോയതിന്റെ ഒരു കാരണം നിങ്ങൾ സ്വീകരിച്ച സാമ്പത്തിക നയമാണെന്ന് ഇനിയും നിങ്ങൾ മനസ്സിലാക്കിയിട്ടില്ല. ആ സാമ്പത്തികനയം ഇപ്പോൾ നടപ്പാക്കുന്നതിനെ നിങ്ങൾ പിന്തുണയ്ക്കുന്നു. ഇൻഷ്വറൻസ് രംഗം സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി റഗുലേറ്ററി ബില്ലു കൊണ്ടുവന്നപ്പോൾ അതിന് പിന്തുണ കൊടുത്ത പാർട്ടിയാണ് നിങ്ങളുടെ പാർട്ടി. നിങ്ങളുടെ സാമ്പത്തിക നയത്തിന് മാറ്റം വന്നിട്ടില്ല. നമ്മുടെ ചക്കരകൊല്ലിയടക്കമുള്ള ആയുർവേദ ഔഷധങ്ങളുടെ പേറ്റന്റ് 1995 മുതൽ ജർമ്മനി എടുത്തിരിക്കുന്നു. പേറ്റന്റ് ബിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ അതിന് കലവറയില്ലാതെ പിന്തുണ നൽകിയ പാർട്ടിയാണ് നിങ്ങളുടെ പാർട്ടി. നിങ്ങൾക്ക് നടപ്പാക്കാൻ കഴിയാത്ത, നിങ്ങൾ ഉണ്ടാക്കിയ കരാർ ബി.ജെ.പി. നടപ്പാക്കിയതുകൊണ്ട് അതിനെല്ലാം നിങ്ങൾ പിന്തുണ കൊടുക്കുകയാണ്. 13 മാസക്കാലംകൊണ്ട് ഈ രാജ്യത്തെ കുത്തുപ്പാളയെടുപ്പിച്ച ബി.ജെ.പി. യുടെ ഭരണം, ഇനിയും വരണമോ? ന്യൂനപക്ഷ ജനവിഭാഗങ്ങളെ കശാപ്പു ചെയ്യുന്ന ആ ഭരണം ഇനിയും തുടരണമോ? ബാബറി മസ്ജിത് നിന്നിടത്ത് പുതിയ ക്ഷേത്രം പണിയാനുള്ള സാധനങ്ങൾ മുഴുവൻ 75 വർക്ക്ഷോപ്പുകളിലായി നിർമ്മിച്ച് പൂർത്തിയാക്കി വച്ചിരിക്കുകയാണ്. ഇങ്ങനെയൊരു ഭരണം നടത്തുന്നത് ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഇൻഡ്യാ രാജ്യത്തെ രണ്ട് നൂറ്റാണ്ട് പുറകിലേക്ക് കൊണ്ടുവരുന്ന ഒരു സംസ്കാരം, അതിനുള്ള നടപടികളാണ് ബി.ജെ.പി. ഗവണ്മെന്റ് എടുക്കുന്നത്. രാജ്യത്തെ 25 കഷണങ്ങളായി വെട്ടിമുറിക്കാനുള്ള നടപടിയാണ് ഇന്ന് രാജ്യം നേരിടുന്ന ഏറ്റവും ഗൗരവമായ സ്ഥിതിവിശേഷം. അതിന് അറുതി വരുത്തണമെന്നാണ് കമ്മ്യൂണിസ്റ്റു പാർട്ടിയും ഇടതുപക്ഷ പ്രസ്ഥാനങ്ങളും മതേതര ശക്തികളും ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് അതിന് ആഗ്രഹമില്ല. ആ ബി.ജെ.പി. ഭരണം പോകാതിരിക്കാൻ അതിനെ താങ്ങി നിർത്തിയതിന്റെ ഉത്തരവാദി ഒരാളാണ്, ബഹുമാന്യനായ പ്രതിപക്ഷ നേതാവ്. ഇപ്പോൾ കാവൽ മന്ത്രി സഭ ഉണ്ടാകുമായിരുന്നോ? ഉണ്ടാകുമായിരുന്നില്ല. കോൺഗ്രസ്സിനു ഭരിക്കാൻ ഭൂരിപക്ഷമില്ല. പ്രസിഡന്റിനെ കണ്ടു പറഞ്ഞു, ഞങ്ങൾ മന്ത്രിസഭ ഉണ്ടാക്കുന്നില്ല. എന്നാൽ ഈ ബി.ജെ.പി. പോയിട്ട് വേറെ ആരെങ്കിലും മന്ത്രിസഭ ഉണ്ടാക്കുന്നതിന് പിന്തുണ നൽകാനും ഒരുക്കമല്ല. ഞങ്ങൾ ഇല്ലെങ്കിൽ പ്രളയം. നിങ്ങൾ ഇനിയും കൂടുതൽ ഇല്ലാതാകുന്നിടത്തേക്കാണ് പോകുന്നത്. പ്രാദേശിക പാർട്ടികളുടെ അതേ മനോഭാവത്തിലേക്ക് ദേശീയ കക്ഷിയെന്നു പറയുന്ന കോൺഗ്രസ് പാർട്ടി തരംതാണുപോയി. ബി.ജെ.പി. ക്കെതിരായി ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പിന്തുണ നല്കിയാൽ കോൺഗ്രസ്സിനു ക്ഷീണം, കേരളത്തിനു ക്ഷീണം, എന്ന് നമ്മുടെ പ്രതിപക്ഷ നേതാവ് കണ്ടു. പക്ഷേ കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി അങ്ങനെയല്ല കണ്ടത്. കേരളത്തേക്കാൾ വലുതാണ് ഇൻഡ്യാരാജ്യം. ഇൻഡ്യാ രാജ്യം കത്തിയെരിയുമ്പോൾ ഇൻഡ്യാ രാജ്യത്തിലെ വർഗ്ഗീയ ഫാസിസ്റ്റുശക്തികൾ അഴിഞ്ഞാടുമ്പോൾ, ഇൻഡ്യയെ ഛിന്നഭിന്നമാക്കാൻ ശ്രമിക്കുമ്പോൾ ഇൻഡ്യയെ രക്ഷിക്കലാണ് കടമ എന്നാണ് ഒരു തൊഴിലാളി വർഗ്ഗ രാഷ്ട്രീയ പാർട്ടിയെന്ന നിലയ്ക്ക് കമ്മ്യൂണിസ്റ്റുപാർട്ടിയും ഇടതുപക്ഷ പാർട്ടിയും ചിന്തിച്ചത്. അതല്ലാതെ കോൺഗ്രസ്സ് പാർട്ടിയുടെ നന്മ കൊണ്ടല്ല നിങ്ങൾ മന്ത്രിസഭയുണ്ടാക്കിയാൽ നിങ്ങൾക്ക് പിന്തുണ നൽകുമെന്ന് പറഞ്ഞത്; ഈ വർഗ്ഗീയ ഫാസിസ്റ്റുശക്തികളെ അധികാരത്തിൽ നിന്നും ഇല്ലായ്മ ചെയ്യാൻവേണ്ടിയാണ്. നിങ്ങൾ വിഷമുള്ള ഒരു കക്ഷിതന്നെ. ഒരു വർഗ്ഗീയ ഫാസിസ്റ്റു ശക്തിയാണെന്ന് ഞങ്ങൾ കോൺഗ്രസിനെ വിലയിരുത്തിയിട്ടില്ല. നിങ്ങളുടെ സാമ്പത്തിക നയത്തോടോ നിങ്ങളുടെ ഭരണ നടപടികളോടോ നിങ്ങൾ പിന്തുടർന്ന നയങ്ങളോടോ ലവലേശം യോജിപ്പുള്ള ഒരു പാർട്ടിയല്ല കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി. എന്നിട്ടുപോലും ഞങ്ങൾ നിങ്ങൾക്ക് പിന്തുണ നൽകാമെന്നു പറഞ്ഞു. പക്ഷേ നിങ്ങൾക്ക് ഇടതുപക്ഷ മതേതരശക്തികൾ അധികാരത്തിൽ വരുന്നതിനോട് താൽപ്പര്യമില്ലായിരുന്നു. നിങ്ങൾ ഇപ്പോൾ വ്യാമോഹിക്കുന്നത് ഒറ്റയ്ക്കു ഇൻഡ്യാരാജ്യം ഭരിക്കാമെന്നാണ്. ഞങ്ങൾ ഒറ്റയ്ക്ക് ഇൻഡ്യാ രാജ്യം ഭരിക്കുമെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഞങ്ങൾ പറയാത്ത കാര്യങ്ങൾ നിങ്ങൾ പറയുന്നു. പക്ഷേ നിങ്ങളുടെ സ്ഥിതി എന്താണ്? നിങ്ങൾ അഹങ്കാരം കളഞ്ഞില്ല

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ ഇനിയും രാജ്യം ആപത്തിലേയ്ക്ക് പോകും. ഇപ്പോൾ നിങ്ങൾ വീണ്ടും വീണ്ടും പുറകോട്ടു പോയിരിക്കുന്നു. നിങ്ങളെ വിശ്വസിച്ച് എങ്ങനെ ജനങ്ങൾ വോട്ട് ചെയ്യും? ഞാൻ ആവർത്തിച്ചു ചോദിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. അധികാരത്തിൽ വരുന്നതിന് സഹായിച്ചത്, നിങ്ങളുടെ കോൺഗ്രസ് നേതാക്കളായ ആളുകൾ ഒട്ടനവധി നേതാക്കന്മാർ, മന്ത്രിയാകണമെങ്കിൽ കോൺഗ്രസിൽ നിന്നാൽ സാധിക്കില്ല എന്നുള്ളതുകൊണ്ട് ബി.ജെ.പി. യിലേക്ക് ചേക്കേറി. ശ്രീ. കെ.സി. പന്ത് പോയില്ലേ? ശ്രീ. കെ.സി. വേണുഗോപാലിന്റെ നേതാവ് ശ്രീ. സുരേഷ് കൽമാടി പോയില്ലേ? മോഹൻ കുമാരമംഗലം പോയില്ലേ? യു.പി. യിൽ 28 കോൺഗ്രസ് എം.എൽ.എ. മാർ പള്ളിപൊളിച്ച കല്യാൺ സിംഗിന്റെ കൂടെ പോയില്ലേ? മന്ത്രിമാരായില്ലേ? 92 പേരുള്ള മന്ത്രിസഭയിൽ അംഗമായില്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് വളരെ ശക്തമായ കോൺഗ്രസ് വിരുദ്ധ പ്രസംഗമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റിന്റെ) ദേശീയ ലൈനിന് വളരെ വിരുദ്ധമായിട്ടുള്ള ഒരു നിലപാടായിട്ടാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മാർക്സിസ്റ്റു പാർട്ടിയുടെ ദേശീയ നിലപാടിന് വിരുദ്ധമായിട്ട് അങ്ങ് ഇവിടെ ഈ നിലപാട് എടുക്കുന്നതിന് പ്രത്യേക കാരണം എന്താണ്?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : കമ്മ്യൂണിസ്റ്റു പാർട്ടിയുടേയും ഇടതുപക്ഷ പാർട്ടിയുടേയും ദേശീയ നയം, ഇവിടെ കോൺഗ്രസ്സിനെ പിന്തുണക്കാമെന്ന് തീരുമാനിച്ചിരിക്കുകയാണെന്ന ധാരണ, അതാണ് സ്വപ്നമെങ്കിൽ അത് ദുഃസ്വപ്നമാണ്. നിങ്ങളെ അവിടെ പിന്തുണയ്ക്കുന്ന പ്രശ്നമേയില്ല. നിങ്ങൾ ഈ രാജ്യത്തോട് താൽപ്പര്യമുള്ളവരല്ല. അതുകൊണ്ടു തന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയും ഇടതുപക്ഷ പാർട്ടിയും തീരുമാനം എടുത്തിട്ടുള്ളത് ബി.ജെ.പി. ഈ ഭരണത്തിന്റെ നാലു അയലത്ത് വരാതിരിക്കാനാണ്. ബി.ജെ.പി. യെ എവിടെയെല്ലാം തകർക്കാൻ കഴിയുമോ അവിടെയെല്ലാം തകർക്കും. ബി.ജെ.പി. യും കോൺഗ്രസും തമ്മിലുള്ള മത്സരത്തിനിടയിൽ ബി.ജെ.പി. യെ സഹായിക്കുന്ന സമീപനം സി.പി.എമ്മിനോ ഇടതുപക്ഷ പാർട്ടിക്കോ ഇല്ല. ഇതിനുമുൻപും ഇൻഡ്യാ രാജ്യത്ത് ഞങ്ങൾക്ക് സ്വാധീനം ഇല്ലാത്ത സംസ്ഥാനത്തിൽ, തെരഞ്ഞെടുപ്പു നടന്ന അവസരത്തിൽ, ഇടതുപക്ഷ ചിന്താഗതിയുള്ള ജനങ്ങൾ ബി.ജെ.പി. ക്ക് വോട്ട് ചെയ്തിട്ടില്ല. ഏതെങ്കിലും ചെകുത്താൻ വേറെ നിന്നാൽ ആ ചെകുത്താന് വോട്ട് കൊടുത്തിട്ടുണ്ട്. അല്ലാതെ കോൺഗ്രസിന് വോട്ട് ചെയ്യില്ല. കോൺഗ്രസിന് എങ്ങനെ വോട്ടു ചെയ്യും? നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ ജനോപകാരപ്രദമായ, രാജ്യതാൽപ്പര്യപരമായ നിലപാട് സ്വീകരിക്കുന്ന ഒരു സമീപനം സ്വീകരിച്ചിട്ടുണ്ടോ? ഇല്ല.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : കഴിഞ്ഞ ഗവണ്മെന്റിനെ താഴെയിറക്കാൻ അവരെ വളരെയേറെ നിർബന്ധിച്ച കൂട്ടത്തിലല്ലേ നിങ്ങൾ? പക്ഷേ ഇറങ്ങിക്കഴിഞ്ഞപ്പോൾ, വാലാട്ടി നിൽക്കുന്ന ആർ.എസ്.പി.യേയും ഫോർവേഡ് ബ്ലോക്കിനെയും പറഞ്ഞയച്ച് ഭൂരിപക്ഷം ഇല്ലാതാക്കിയ ആ സൂത്രം എന്താണെന്ന് അറിയാമോ?

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഞങ്ങളുടെ കൂടെ നിൽക്കുന്ന പാർട്ടികളൊന്നും വാലാട്ടികളാണെന്ന് ഞങ്ങൾ പറയുന്നില്ല. അവരെല്ലാം സ്വതന്ത്രമായ അഭിപ്രായമുള്ളവരാണ്. കുറുപ്പ് ചേട്ടന്റെ പാർട്ടി കോൺഗ്രസിന്റെ കൂടെ നിൽക്കുന്നത് അങ്ങനെയാണെന്ന് ഞാൻ ധരിച്ചിട്ടില്ല. അവർക്ക് സ്വതന്ത്രമായ അഭിപ്രായമുണ്ട്. ആ അഭിപ്രായം അവർ പറഞ്ഞിട്ടുമുണ്ട്. അവർ അക്കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പുനഃപരിശോധിക്കുന്ന ഒരു സാഹചര്യം വന്നപ്പോഴാണ് കോൺഗ്രസ് പോയി പറഞ്ഞത് - വേണ്ട, ബി.ജെ.പി. തന്നെ ഭരിച്ചോട്ടെയെന്ന്. കോൺഗ്രസിന്റെ ധാരണ അവർക്ക് ഒറ്റയ്ക്ക് ഭരിക്കാൻ കഴിയുമെന്നാണ്. ഇൻഡ്യയിൽ എങ്ങനെ ഭരിക്കാൻ കഴിയും? ഉത്തർപ്രദേശിൽ 85 സീറ്റുണ്ട്. കോൺഗ്രസിന് എത്രയാണുള്ളത്? ഇൻഡ്യ ഭരിക്കണമെങ്കിൽ യു.പി. കൈയിൽ വേണം. മരുന്നിന് ഒരു സീറ്റുണ്ട്. കുറുപ്പുചേട്ടനെപ്പോലെയുള്ള ആളുകൾ, അവരുടെകൂടെ നിൽക്കുന്ന പല ആളുകൾക്കും ഈ നിലപാട് കണ്ട് മാറ്റം വരില്ലായെന്ന് ഞാൻ പ്രതീക്ഷിക്കുന്നതേയില്ല. ഇവരുടെ കൂടെ നിൽക്കുന്ന പല ആളുകളും പിശക് മനസ്സിലാക്കി അവരുടെ നിലപാടിൽ മാറ്റം വരുത്തും എന്നു തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഒറ്റയ്ക്ക് ഭരിക്കാമെന്ന വ്യാമോഹം, അതിന്റെയടിസ്ഥാനത്തിൽ ഈ രാജ്യത്തെ ഇനിയും വർഗ്ഗീയ ഫാസിസ്റ്റു ശക്തികൾക്ക് അടിയറ വയ്ക്കുന്ന ഒരു സമീപനത്തിലേയ്ക്കാണ് കോൺഗ്രസ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ നയം നിങ്ങളും തിരുത്തുന്നില്ല. കേരളത്തിൽ ബി.ജെ.പി. ഒരു പ്രശ്നമല്ല.

കോൺഗ്രസിന് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ, അവർ ഇന്ന് സ്വീകരിച്ചുവരുന്ന ഈ നയത്തിന് എതിരായി കോൺഗ്രസിന് എതിരായി ഇടതുപക്ഷ ജനാധിപത്യ മതേതര ശക്തികളെ വിജയിപ്പിക്കാനുള്ള എല്ലാ നടപടികളും ഞങ്ങൾ സ്വീകരിക്കും. എന്നാൽ എവിടെയെങ്കിലും ബി.ജെ.പി.യ്ക്കാണ് മുൻതൂക്കമെങ്കിൽ അവർ വിജയിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ ആ ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാൻ ഞങ്ങൾ ശ്രമിക്കും. അതാണ് കുമാരി ജയലളിതയുമായി ധാരണയുണ്ടാക്കാൻ ശ്രമിച്ചത്; ബീഹാറിൽ ശ്രീ. ലാലു പ്രസാദുമായി ധാരണയുണ്ടാക്കാൻ ശ്രമിച്ചത്. നിങ്ങളുടെ കൈയിലിരുന്നതാണ് ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ. ഉത്തർപ്രദേശും, മദ്ധ്യപ്രദേശും, ഒറീസയും നിങ്ങൾ ഭരിച്ചിരുന്ന സംസ്ഥാനങ്ങളാണ്. തെരഞ്ഞെടുപ്പു വന്നാൽ ഇനി മദ്ധ്യപ്രദേശ് നിങ്ങൾക്ക് ഉണ്ടാവില്ല, ഒറീസയും നിങ്ങൾക്ക് ഉണ്ടാവില്ല. മദ്ധ്യപ്രദേശിലും, ഒറീസയിലുമാണ് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കെതിരെ ഏറ്റവും വലിയ ആക്രമണം നടന്നിരിക്കുന്നത്. ആ ജനവിഭാഗം കോൺഗ്രസിന് വോട്ട് ചെയ്യില്ല എന്ന പാഠം പഠിക്കാൻ ശ്രീ. പാലോട് രവിയും, ശ്രീ. കാർത്തികേയനും അതുപോലെ കോൺഗ്രസിന്റെ നേതാക്കന്മാരും ശ്രദ്ധിക്കുന്നത് നിങ്ങൾക്കും രാജ്യത്തിനും നന്നായിരിക്കും എന്നു മാത്രം പറഞ്ഞുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഇന്നത്തെ ഡിമാന്റിനെ ഞാൻ എതിർക്കുകയാണ്. ആദ്യമായി രാജ്യം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച്, ഈ ധനാഭ്യർത്ഥനയുടെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുമുൻപ് സ്വല്പം സംസാരിക്കാം എന്ന് വിചാരിക്കുകയാണ്. നമ്മുടെ രാജ്യം ഇന്ന് ഏറ്റവും ഗുരുതരമായ ഒരു പ്രതിസന്ധി തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നലെ നമ്മൾ ഇവിടെ അതുസംബന്ധിച്ച റഫറൻസ് നടത്തി. ബഹുമാന്യനായ സ്പീക്കറും, മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവുമൊക്കെ പറഞ്ഞതുപോലെ ഭാരതമണ്ണിലേയ്ക്ക് നുഴഞ്ഞുകയറിയ ഈ കയ്യേറ്റക്കാരെ തുരത്താനായി ധീരമായി പോരാടിക്കൊണ്ടിരിക്കുന്ന ജവാൻമാരോട് ഐക്യദാർഢ്യം ഈ അവസരത്തിൽ പ്രകടിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇതുസംബന്ധിച്ച് വലിയ ഒരു പാരമ്പര്യമുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന സമയത്ത് അന്ന് ഞങ്ങളുടെ ലീഡറായി പാർലമെന്റിൽ ഉണ്ടായിരുന്ന ഖായിഭേമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഖായിഭേമില്ലത്ത് എന്ന് അദ്ദേഹത്തെ ബഹുമാനപുരസ്സരം തമിഴ്നാട്ടിലെ എല്ലാ ജനങ്ങളും ജാതിമത ഭേദമന്യേ വിളിച്ചിരുന്നതാണ്. അദ്ദേഹം സ്വന്തം മകനെ അതിർത്തിയിലേക്ക് അയയ്ക്കുവാൻ വേണ്ടി, പട്ടാളത്തിലേക്ക് ചേർക്കുവാൻ വേണ്ടിയുള്ള സന്നദ്ധ ഫ്ളോറിൽ ഓപ്പണായി പ്രകടിപ്പിക്കുകയുണ്ടായി. ഈ പാരമ്പര്യം ഉയർത്തിപ്പി ടിച്ചുകൊണ്ട്, ഇന്ത്യ ഏതു പ്രതിസന്ധിയെ തരണം ചെയ്യുമ്പോഴും ധീരജ വാൻമാർക്കൊപ്പം നിൽക്കുകയും അവർ നടത്തുന്ന ധീരോദാത്തമായ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയും കൊടുക്കുന്നതിനുവേണ്ടി പ്രചരണം നടത്തുകയും, യുദ്ധഫണ്ടിലേക്ക് പണം സമാഹരിക്കുകയുമൊക്കെ ചെയ്ത ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. അതുകൊണ്ടുതന്നെ ഇന്നലെ ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഈ പ്രതിസന്ധിയുടെ ഘട്ട ത്തിൽ, അതിൽ പങ്കുവഹിക്കുവാനുള്ള എന്തു തീരുമാനമെടുത്താലും അതിൽ എളിയ പങ്കുവഹിക്കാൻ എനിക്കും എന്റെ പാർട്ടിക്കും സന്തോഷമേ യുള്ളൂ. മതേതര ഇന്ത്യയ്ക്കു മാത്രമേ ഇന്ത്യയെ ഇന്നത്തെ രൂപത്തിൽ നില നിർത്താൻ കഴിയുകയുള്ളൂ. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യയ്ക്കുള്ള സ്ഥാനം എത്രയോ വലുതാണ്. പാകിസ്ഥാനേക്കാൾ കൂടുതൽ മുസ്ലിം ജന സംഖ്യയുള്ളത് ഇൻഡ്യയിലാണ്. ലോകത്ത് ആ സ്ഥാനത്തിനുപോലും അവ രെക്കാൾ കൂടുതൽ അർഹത ഭാരതത്തിനാണ്. നാനാജാതി മതസ്ഥർ ഇന്ത്യ യുടെ ഭരണനേതൃത്വത്തിൽ മാറി മാറി വരുന്നു. ഹിന്ദുവോ, ക്രിസ്ത്യാനിയോ, മുസ്ലീമോ എന്നു നോക്കിയല്ല, ഭാരതത്തിന്റെ കോടിക്കണക്കിന് വരുന്ന ജന ങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന മതേതര വീക്ഷണമുള്ളവർക്ക് മാത്രമേ ഇന്ത്യയെ ഒന്നിച്ചുനിർത്താൻ കഴിയുകയുള്ളൂ. അതിന് ഇന്ന് വലിയ ഭീഷണി കളുണ്ട്. അതിർത്തിയിലെ പ്രശ്നംപോലും നാളെ നമ്മുടെ രാജ്യത്ത് വിഭാഗീ യമായി ഉപയോഗിക്കപ്പെടാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കാൻ അല്ലാതെ ഈ അവസരത്തിൽ കൂടുതലൊന്നും കഴിയില്ല. എന്തായിരുന്നാലും ധീര ജവാൻമാ രുടെ വീരമൃത്യുവിനിടയിൽ വിവാദങ്ങൾ വലിച്ചിഴയ്ക്കുവാൻ ഞാനും ആഗ്ര ഹിക്കാത്തതുകൊണ്ട് അതേക്കുറിച്ച് പറയുന്നില്ല. നമ്മുടെ രാജ്യത്ത് ഒരുപാട് ആൾനഷ്ടം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. കോഴിക്കോട് വീരമൃത്യു വരിച്ച ശ്രീ. വിക്രമിന്റെ വീട്ടിൽച്ചെന്ന സന്ദർഭത്തിൽ വളരെ ഹൃദയഭേദകമായ വേദനയ്ക്കിടയിലും ആ വീട്ടുകാരുടെ അഭിമാനം സ്ഫുരിക്കുന്ന മുഖം കാണാൻ ഇടയായി. ഓരോ ഭാരതീയനും അഭിമാനം ഉണ്ടാകുന്ന ഏറ്റവും വലിയ ത്യാഗം ചെയ്യുവാൻ ആ ധീര ജവാന്റെ രക്ഷിതാക്കൾക്ക് കഴിഞ്ഞ ആ സന്ദർഭം അവരുടെ അഭിമാനം, ആ രാജ്യസ്നേഹപരമായ നിലപാട് അവ രുടെ മുഖത്ത് സ്ഫുരിക്കുന്നത് കാണുവാനിടയായി. ഈ അവസരത്തിൽ ഒരി ക്കൽ കൂടി ഈ വീര ജവാന്മാരോട് എല്ലാവിധ ഐക്യദാർഢ്യവും പ്രകടിപ്പി ക്കുകയാണ്. ഈ ബഡ്ജറ്റിനെ കുറിച്ച് പറയുമ്പോൾ, ഇന്നത്തെ ധനാഭ്യർത്ഥ നയെക്കുറിച്ച് പറയുമ്പോൾ നമ്മുടെ ഈ സംസ്ഥാനം അകപ്പെട്ടിരിക്കുന്ന ഭീകരമായ സാമ്പത്തിക ചുഴിയെ കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി യുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നു അദ്ദേഹത്തിന്റെ ബഡ്ജറ്റ്, മറ്റെല്ലാ ബഡ്ജറ്റുകളെയുംപോലെ ഒരു ബഡ്ജറ്റ് ബഡ്ജറ്റിന്റെ കൺസപ്റ്റു തന്നെ മാറണം. ഒരു രാജ്യം അല്ലെങ്കിൽ ഒരു സംസ്ഥാനം അകപ്പെട്ടിരിക്കുന്ന ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ആ സംസ്ഥാനത്തെ പുറത്തു കൊണ്ടുവരുവാൻ വേണ്ടിയിട്ടുള്ള ഒരു പ്രേരണ, ഒരു ഗൈഡ്ലൈൻ അല്ലെങ്കിൽ ഡോക്യുമെന്റ്, അതിനുവേണ്ടിയുള്ള ഒരു മാർഗ്ഗരേഖ അതാകണം

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ്. അല്ലാതെ ഒരു ബഡ്ജറ്റിൽ കുറേ പ്രഖ്യാപനങ്ങൾ നടത്തിയതു കൊണ്ട്, കുറേ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ആ ഒരു വർഷം കുറേ അത്ഭുതങ്ങൾ സൃഷ്ടിക്കുവാനൊന്നും സാധിക്കുകയില്ല. അങ്ങനെയെങ്കിൽ ഇന്ന് നമ്മുടെ സംസ്ഥാനം അകപ്പെട്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം, കാർഷിക വ്യാവസായികമേഖലകളിലും മറ്റ് ഉല്പാദനമേഖലകളിലും നമുക്ക് പരമ്പരാഗതമായി ഉണ്ടായിക്കൊണ്ടിരുന്ന മെച്ചങ്ങളിലൊക്കെയുള്ള മുരടിപ്പാണ്. ആ മുരടിപ്പ് മാറ്റിയെടുക്കാൻ ബഹുമാന്യനായ ശ്രീ. ശിവദാസമേനോന്റെ ബഡ്ജറ്റ് ഒരു വിധത്തിലും സഹായിക്കുന്നില്ല എന്നുള്ളതാണ് ബഡ്ജറ്റ് അവതരണത്തിനുശേഷമുള്ള സമയവും, അതിനെക്കുറിച്ചു പിന്നീടു വന്ന വിലയിരുത്തലുകളും, അതിന്റെ റിസൾട്ടായി പിന്നീട് വന്ന കാര്യങ്ങളുമൊക്കെ സൂചിപ്പിക്കുന്നത്. കാർഷിക മേഖലയിലെ തകർച്ച ഭയാനകമാണ്. വ്യാവസായിക മേഖലയിലെ തകർച്ചയും ഭയാനകമാണ്. ഗൾഫ് പണത്തിന്റെ കുറവ് വളരെ വലുതാണ്. കയറ്റുമതിയിൽ നിന്നുള്ള വരുമാനത്തിന്റെ കുറവുമൂലം സംസ്ഥാനത്തിന്റെ കടം ഭീമമായി വർദ്ധിക്കുകയാണ്. ഇതിൽ നിന്നൊക്കെ സംസ്ഥാനത്തിന്റെ എക്കണോമിയെ നേരായ മാർഗ്ഗത്തിലേയ്ക്ക് കരകയറ്റുവാനുള്ള ഒരു മാർഗ്ഗരേഖ ആകേണ്ടതാണ് ബഡ്ജറ്റ്. അതായില്ല എന്നുള്ളതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. ഈ പ്രശ്നത്തിൽ ഒന്നും കോൺട്രിബ്യൂട്ടു ചെയ്യാത്ത ഒരു ബജ്ഡറ്റാണ്, ഒരു മാർഗ്ഗരേഖയാണ് സംസ്ഥാനത്തിന്റെ മുൻപിൽ ഇന്നിരിക്കുന്നത് എന്നുള്ളതാണ് എന്റെ വിമർശനം. നമ്മുടെ വരുമാനത്തിന്റെ 41.3 ശതമാനമാണ് കടം. ഏകദേശം അത് പകുതിയോളമായി. സാമ്പത്തിക രംഗത്ത് ഒട്ടുംതന്നെ അച്ചടക്കം ഇല്ല. വളരെ ഗൗരവതരമായി സാമ്പത്തിക രംഗത്ത് അച്ചടക്കം കൊണ്ടുവരേണ്ട ഒരു സന്ദർഭമാണിത്. എല്ലാ മേഖലകളിലും ചെലവു ചുരുക്കൽ നടപ്പിലാക്കേണ്ട സന്ദർഭമാണിത്. അതിനുള്ള ഒരു നടപടിയും കാര്യമായി ഇല്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകാൻ ആഗ്രഹിക്കുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ നമ്മുടെ സംസ്ഥാനത്തെ പ്രതിശീർഷവരുമാനം 5.68 ശതമാനത്തിൽ നിന്ന് 1997-98 ൽ 5.12 ശതമാനമായി കുറഞ്ഞു. ഗൾഫ് മേഖലയിൽ നിന്നുള്ള വരവ് കണക്കിലെടുക്കാത്തതുകൊണ്ടാണ് പ്രതിശീർഷവരുമാനം കുറഞ്ഞത്. എങ്ങനെയാണെങ്കിലും ശരി ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഈ കുറഞ്ഞ പ്രതിശീർഷവരുമാനം ഇതുവരെ വല്ലാതെ പ്രതിഫലിക്കാതിരുന്നത്, ഗൾഫ് പണം കൊണ്ടാണ്. എന്നാൽ ഇനി പ്രതിഫലിച്ചു തുടങ്ങും; യാതൊരു സംശയവും വേണ്ട. കുറച്ചുകഴിയുംപോൾ ഗൾഫ് മേഖലയിൽനിന്നുള്ള വരവ് കണക്കാക്കാൻ ഇല്ലാത്തവിധം മൈനസിലേയ്ക്ക് പോകും. അതുകൊണ്ടുതന്നെ ഈ സംസ്ഥാനം ഇൻഡ്യാരാജ്യത്തെ ഏറ്റവും ദരിദ്ര സംസ്ഥാനങ്ങളിലൊന്നായി, സാമ്പത്തികമായി ഏറ്റവും വലിയ അധോഗതിയിലേക്ക് പോകും. മറ്റെല്ലാ രംഗത്തും നമുക്ക് മെച്ചമുണ്ട്. സാക്ഷരതയിലും മറ്റ് രംഗങ്ങളിലും നമുക്ക് മെച്ചമുണ്ടെങ്കിലും ദരിദ്ര സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. 1996-97, 1997-98 എന്നീ വർഷങ്ങളിലുള്ളതിനേക്കാൾ വരുമാനം കുറയും, അതിന്റെ എല്ലാകണക്ക് കൂട്ടലും തെറ്റും, 'കമ്മി' ഇപ്പോൾ പറഞ്ഞതിന് യാതൊരു അർത്ഥമില്ലാതെയാകും. കാരണമെന്താണ്? സെയിൽസ്ടാക്സിൽ നിന്നുള്ള വരുമാനമുണ്ടാകില്ല. സെയിൽസ് ടാക്സിൽനിന്ന് വരുമാനം ഉണ്ടാകാൻ കച്ചവടം നടക്കണ്ടേ? ബാക്കി കാര്യങ്ങൾ നടക്കണ്ടേ? സാമ്പത്തികമായി ഏറ്റവും വലിയ നീർച്ചുഴിയിൽപ്പെട്ടിട്ടും അത് ഗൗരവമായി ഗവൺമെന്റ് കണക്കിലെടുത്തിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ കുറവായി ഞാൻ കാണുന്നത്. ആഭ്യന്തരകമ്പോളം വികസിപ്പിക്കാനുള്ള യാതൊരു പ്രേരണയും

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ ഫലമായി വ്യവസായരംഗത്തില്ല. മുരടിച്ച സാമ്പത്തിക രംഗത്തെ ഈ അവസ്ഥ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കമ്മി വല്ലാതെ വർദ്ധിപ്പിക്കും, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയും നമ്മൾ വാങ്ങുന്നസാധനങ്ങളുടെ വൻപിച്ചവില അത് ഞാൻ വിസ്തരിച്ചു പറയുന്നില്ല. കുട്ടികൾക്ക് പോലും ഇന്നറിയാം. നമ്മൾ വിൽക്കുന്ന ഒന്നിനും വിലയില്ല. നമ്മൾ ഉണ്ടാക്കുന്ന ഒന്നിനും വിലയില്ല. നമ്മൾ വാങ്ങുന്ന എല്ലാത്തിനും തീ പിടിച്ച വില, അത് എല്ലാപേർക്കും അറിയാം. ഇത് പ്രതികൂലമായ പ്രതിഭാസമാണ്. ഇത് നമ്മൾ ഗൗരവമായി എടുക്കണം. ഈ സ്ഥിതിയിൽ ആളുകളുടെ ശീലത്തിൽ മാറ്റം വരുത്തണമോ. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാധനങ്ങൾ വാങ്ങിക്കുന്ന ശീലങ്ങളിൽ മാറ്റം വരുത്തണമോ. ഇതൊന്നും ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തിട്ടില്ല. സാധാരണപോലെ ഒരു ഡോക്യുമെന്റ് പ്രസന്റുചെയ്ത്, ഇത്രയും വലിയ സാമ്പത്തിക തകർച്ചയുടെ ഒരു സന്ദർഭത്തിലും ഇത് ഗൗരവമായി എടുത്തിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ വിമർശനം. ഉൽപ്പാദനമേഖല മുരടിച്ചു നിൽക്കുന്നു എന്നു ഞാൻ പറഞ്ഞു, ജനകീയാസൂത്രണം നടക്കുന്നുണ്ട്, ജനകീയാസൂത്രണത്തിൽപ്പോലും ഉൽപ്പാദനമേഖലയ്ക്കു നീക്കിവയ്ക്കുന്ന പണം കൊണ്ട് അവിടെ ഒന്നും ചെയ്യുന്നില്ല. അവർ വേസ്റ്റാക്കി കളയുന്നു. എന്തുൽപ്പാദനമാണ് നടക്കുന്നത്? അവർ വെറുതെ വേസ്റ്റാക്കി കളയുകയാണ്. അതിന് ഒരു ഗൈഡ്‌ലൈൻ കൊടുക്കാൻ ആരും ഒന്നും ചെയ്യുന്നില്ല. അവർക്കു പ്രോജക്ടുകൾ കൊടുക്കണം. നമ്മുടെ സംസ്ഥാനത്ത് എന്തു പ്രോജക്ട് ആണെന്നു പറയാൻ എത്ര ഏജൻസികൾ ഉണ്ട്. ഏതെല്ലാം വകുപ്പുകൾ ഉണ്ട്. സർ, അവരൊന്നും ജോലി ചെയ്യുന്നില്ല. ഇങ്ങനെയിരുന്നു കഴിഞ്ഞാൽ ജനകീയാസൂത്രണത്തിൽ ഉൽപ്പാദനമേഖലയ്ക്കു കൊടുക്കുന്ന പണം വെറുതെ വേസ്റ്റായി പോകും. എന്തെല്ലാമോ ചെയ്യുകയാണ് എങ്ങനെ ചെയ്യണമെന്നില്ല എന്നതാണ് ജനകീയസമിതികളുടെ നിലപാട്. ഈ സ്ഥിതിയെ വളരെ ഗൗരവമായി എടുത്തുനോക്കണ്ടേ? ഈ സ്ഥിതിയെ ഒട്ടുംതന്നെ ഗൗരവമായി എടുക്കാതെയുള്ള ഈ ഗവൺമെന്റിന്റെ പോക്ക് ശരിയല്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതിനുള്ള ദിശാബോധം ഉണ്ടാക്കുവാനുള്ള നേതൃത്വപരമായ പങ്ക് ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ലായെങ്കിൽ ഏറ്റവും വലിയ ചരിത്രപരമായ തെറ്റായിരിക്കും. പിന്നെ കരകയറാൻ ആകാത്തവിധം ആകും. ഇപ്പോൾ കോടിക്കണക്കിന് ഉറുപ്പികയുടെ കടം, അത്രയും തന്നെ ഗ്യാരന്റിയും ഈ ധനകാര്യസ്ഥാപനങ്ങൾക്ക് ഒക്കെ ഗ്യാരന്റി ഇൻവോക്ക് ചെയ്യാൻ തുടങ്ങി കഴിഞ്ഞാൽ ഇവിടെ ഇരിക്കാൻ ഒക്കുകയില്ല, ഓടേണ്ടിവരും. എനിക്ക് ഫിഗർ ഓർമ്മയില്ല. പതിമൂന്നായിരം കോടി രൂപയുടെയോ മറ്റോ ആണ് കടം ഇക്കണോമിക് റിവ്യൂയിൽ നോക്കിയാൽ കാണാം. ഇത് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻവോക്ക് ചെയ്യാത്തത് എന്താണെന്ന് അറിഞ്ഞുകൂടാ. ഞങ്ങളുടെ കാലത്ത് ഇൻവോക്ക് ചെയ്യുമെന്ന് പറഞ്ഞുകേട്ടിരുന്നു. ഇൻവോക്ക് ചെയ്യാൻ തുടങ്ങിക്കഴിഞ്ഞാൽ ഇവിടെ ഇരിക്കാൻ കഴിയുകയില്ല. അത്രയും വലിയ സാമ്പത്തികത്തകർച്ച നമ്മൾ നേരിടുന്നുണ്ട്. അത് വളരെ ഗൗരവമായിട്ട് എടുക്കണം. എടുത്തിട്ടില്ല എന്നുള്ളതാണ് എന്റെ വിമർശനം. വളരെ വൈകി ഒരു വ്യവസായനയം ബഹുമാന്യയായ വ്യവസായ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചു. ഞങ്ങളുടെ ആദ്യകാലത്ത് ഒരു വ്യവസായനയം ഞങ്ങൾ അവതരിപ്പിച്ചിരുന്നു. ആ വ്യവസായ നയത്തോട് പല നിലയിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്ക് അഭിപ്രായ വ്യത്യസമുണ്ടായിരുന്നു. പലതും താത്വികമായ അഭിപ്രായ വ്യത്യാസങ്ങളായിരുന്നു. അതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുതന്നെ ഞങ്ങൾക്ക് അത് നടപ്പിലാക്കുന്ന കാര്യത്തിൽ വളരെ പ്രയാസങ്ങൾ ഉണ്ടായിരുന്നു. അന്ന് എല്ലാപേരുടേയും സഹകരണം ലഭിക്കാത്തതുകൊണ്ട് അതുവേണ്ട മാതിരി നടപ്പിലാക്കാൻ അന്നത്തെ ഗവൺമെന്റിന് സാധിച്ചില്ല. കാരണം പലതും ഡ്രാസ്റ്റിക് ആയിട്ടുള്ള സ്റ്റെപ്സ് ആണ്. ആ വ്യവസായനയത്തിൽ ഞങ്ങൾ പറഞ്ഞത്, കാലം കൊണ്ടേ അതൊക്കെ നേരാണെന്നുള്ളത് വന്നുചേരുകയുള്ളൂ. നമുക്ക് അതൊക്കെ ബോധ്യമാകുകയുള്ളൂ എന്നാണ്. അതുകൊണ്ട് ഞങ്ങൾക്ക് വളരെ പ്രയാസങ്ങൾ ഉണ്ടായി. പക്ഷെ ആ ഗവൺമെന്റ് മാറി ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോൾ അതിനനുസരിച്ചുള്ള ഒരു വ്യവസായനയം ആദ്യംതന്നെ കൊണ്ടുവരേണ്ടതായിരുന്നു. അങ്ങനെയൊരു വ്യവസായനയം കൊണ്ടുവന്നില്ലായെന്ന് മാത്രമല്ല ഒരു അപ്രോച്ച് എടുക്കാൻ തന്നെ രണ്ടര വർഷമെടുത്തു. അതിനിടയ്ക്ക് ഇവിടെ മുതൽമുടക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് ഒരു കോൺഫിഡൻസ് കൊടുക്കാൻപോലും കഴിയാത്തതുകൊണ്ട് വ്യവസായമേഖലയിൽ വലിയ പുറകോട്ട്പോക്കുണ്ടായി അഞ്ചു വർഷമായി കൊണ്ടുവന്നിരുന്ന സ്കീമുകൾ പലതും അതിന്റെ കണ്ടിന്യൂറ്റി നഷ്ടപ്പെട്ടതുകൊണ്ട് വലിയ ഒരു തകർച്ചയിലേയ്ക്ക് വീണു. കഞ്ചിക്കോട് വ്യവസായമേഖല ഒരു വലിയ വ്യവസായമേഖലയാക്കി വളർത്താനുള്ള പദ്ധതി, ശ്രീ. ശിവദാസമേനോന് അതറിയാം. അതിനെ സംബന്ധിച്ചുള്ള താമസം, അതുപോലെതന്നെ നമ്മുടെ ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചുണ്ടായിരുന്ന ഗ്രീൻ ചാനൽ തുടങ്ങിയ പദ്ധതികളെല്ലാം താമസിച്ചുപോയി. എല്ലാം താമസിച്ച് അവസാനം രണ്ടര വർഷം കഴിഞ്ഞ് വ്യവസായനയം കൊണ്ടുവന്നപ്പോൾ, ആ വ്യവസായനയം കേരളത്തിൽ വലുതായി ചർച്ചചെയ്യുകപോലും ചെയ്യാതെ പോയ ഒരു ഡോക്യുമെന്റായി മാറി. അതിനകത്ത് ഇപ്പോഴും ഉൽപ്പാദകർക്ക് ഒരു കോൺഫിഡൻസ് കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് പുതിയ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മരീചികയായി തുടരുകയാണ്. 3250 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാകുമെന്ന് നമ്മൾ പ്രസ്താവനയിറക്കിയതുകൊണ്ട് കാര്യമില്ല. അതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ടെക്നോപാർക്ക് നമ്മൾ വലിയ പ്രിസ്റ്റീജിയസ് ആയി കൊണ്ടുവന്ന ഒരു പ്രോജക്ടാണ്. അവിടെ 43 ശതമാനം സ്പെയ്സ് ഇപ്പോഴും വേക്കന്റാണ്. ഇങ്ങനെയായാൽ എന്തുചെയ്യും? അതിനെക്കുറിച്ച് ഉണ്ടായിരുന്ന കോൺസെപ്റ്റ് തന്നെ പലതും മാറിപ്പോയി. പൂർണ്ണമായ സുരക്ഷിതാവസ്ഥ വ്യവസായികൾക്ക് ഉണ്ടായിരുന്നു. ഇടക്കാലത്ത് അതുംപോയി. പൂർണ്ണമായ സുരക്ഷിതത്വം ഇല്ലാത്തതൊക്കെയാണ് അവർ പോകാനുള്ള കാരണം. അവിടെ 43 ശതമാനം സ്ഥലം വേക്കന്റാണ്. ഇവിടെ മുൻ ഗവൺമെന്റ് കിൻഫ്രാ ആരംഭിച്ചു. ഈ ഗവൺമെന്റ് പ്രതിനിധികൾ വിദേശങ്ങളിൽ പോയ സന്ദർഭങ്ങളിലെല്ലാം കിൻഫ്രാക്ക് വലിയ പ്രാധാന്യം കൊടുത്തു. പക്ഷെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ട കിൻഫ്രായുടെ ആക്ടിവിറ്റീസ് മുന്നോട്ടുപോയിട്ടില്ല. അതൊക്കെ വളരെ വലിയ നിശ്ചലാവസ്ഥയിലായി. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഒരു കാര്യം, ഇവിടെ ഒറ്റ ഉദാഹരണം പറയാം. ടി.സി.സി. പോലുള്ള കെമിക്കൽ ഫാക്ടറിയൊക്കെ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിലായിരുന്നു. ഇപ്പോൾ ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കുന്ന ഫാക്ടറികളുടെ ലിസ്റ്റിൽ വന്നിരിക്കുന്നു. അപ്രോച്ച് ശരിയല്ലെങ്കിൽ ഒന്നും ശരിയാകാൻ പോകുന്നില്ല. പൂട്ടികിടക്കുന്ന സ്റ്റീൽകോംപ്ലക്സ് പോലുള്ള ഫാക്ടറികൾ തുറപ്പിച്ചുഎന്ന് ഇടക്കാലത്ത് ഗവൺമെന്റ് പറഞ്ഞിരുന്നു, ആ തുറപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

എത്രകാലം? ബഹുമാന്യനായ ചീഫ് വിപ്പിന് അറിയാം. അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. എത്ര കാലം, ഞാൻ അതേ പറയുന്നുള്ളൂ. അതൊക്കെ പൂട്ടിപോകും എന്നൊന്നും ഞാൻ പറയുന്നില്ല. ഒരുപൊളിറ്റിക്കൽ പ്രിസ്റ്റീജിയസിനുവേണ്ടി തുറന്നുവെന്ന് നമുക്ക് വരുത്താം. പക്ഷെ ആ തുറപ്പിക്കൽ എത്രകാലം നീണ്ടുനിൽക്കും എന്നുള്ളതാണ്, അതൊന്നും മര്യാദയ്ക്കു പ്രവർത്തിക്കുന്നില്ല. ഏതു നിമിഷവും അതിന്റെയൊക്കെ പ്രവർത്തനം നിൽക്കാം. ആരു വിചാരിച്ചാലും ഇതു കൊണ്ടുപോകാൻ സാധിക്കുകയില്ല. ഇതുതന്നെയാണ് ഞങ്ങൾ പറഞ്ഞത്. അന്ന് വ്യവസായനയത്തിൽ പറഞ്ഞത് ഈ വ്യവസായങ്ങളെ സംബന്ധിച്ചാണ്. കഞ്ചിക്കോട് വ്യവസായമേഖലയെക്കുറിച്ച് ഞാൻ പറഞ്ഞു. അവിടന്ന് വ്യവസായ നിക്ഷേപകർ മറ്റു സംസ്ഥാനങ്ങളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുകയാണ്. കീറ്റെക്സ് പോലുള്ള ഫാക്ടറികൾ അതിൽപ്പെടുന്നു. കോയമ്പത്തൂരിന് അപ്പുറത്തുള്ള തിരിപ്പൂർ ഭാഗങ്ങളിൽ നിന്നെല്ലാം ഗാർമെന്റ്സ് ഹോയിസറി പോലുള്ള ഇൻഡസ്ട്രികളൊക്കെ ഈ മേഖലയിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുമെന്നായിരുന്നു. കണക്കുകൂട്ടൽ ഇപ്പോൾ മൈഗ്രേഷൻ അങ്ങോട്ടായി. ഇപ്പോൾ കിറ്റെക്സ് പോലുള്ള ഫാക്ടറികൾ പോലും തിരിച്ച് അങ്ങോട്ടുപോയി കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവത്തിലെടുക്കുന്ന ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നില്ല. അതുപോലെതന്നെ വിദ്യാഭ്യാസരംഗത്തെക്കുറിച്ചുള്ള ഒരു കാര്യം പറഞ്ഞു ഞാൻ മറ്റു വിഷയത്തിലേക്കു വരികയാണ്. സർ, ഇവിടെ വിദ്യാഭ്യാസ രംഗത്ത് അനുവദിച്ച പ്ലസ്ടു, അതുസംബന്ധിച്ച പ്രാദേശികമായതും അതുപോലെതന്നെ ഓരോ വിഭാഗങ്ങളുടെയും അസന്തുലിതാവസ്ഥയെങ്കിലും പരിഹരിക്കാനുള്ള ഒരു സമീപനം ഉണ്ടാകേണ്ടതായിരുന്നു, അതുപോലും ഉണ്ടായില്ല. ആ കാര്യത്തിൽ വളരെയേറെ ആക്ഷേപം നിലനിൽക്കുകയാണ്, മറ്റു കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വിദ്യാഭ്യാസമേഖലയിലുള്ള ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വലുതായ സെന്റിമെന്റ്സും ആക്ഷേപവും നിലനിൽക്കുകയാണ്. പല കോളേജുകളിലും പ്രീഡിഗ്രി വേർപ്പെടുത്തിയതിനുശേഷം നിങ്ങൾ പഠിച്ചോളൂ എന്നു പറഞ്ഞാൽ മതിയോ, കുട്ടികൾക്ക് പഠിക്കണ്ടേ എവിടെ ചേരും. എവിടെ പഠിക്കും? നമ്മൾ കൺസേൺഡ് അല്ല എന്നുള്ള നിലയ്ക്കുള്ള അപ്രോച്ചാണ് ആ രംഗത്ത് വന്നിരിക്കുന്നത്. അത് ഗുരുതരമായ ഭവിഷ്യത്ത് ഉണ്ടാക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ പുതിയ കോഴ്സുകൾ അനുവദിച്ചപ്പോഴും ഇതുതന്നെയാണ് സമീപനം, അത് നല്ലതല്ല അതുകൊണ്ട് ഈ സമീപനം തിരുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, കേരള രാഷ്ട്രീയത്തിൽ ഇന്നു വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ഞങ്ങളുടെ നിലപാട് അഥവാ ലീഗിന്റെ നിലപാട്. ഈ വിഷയം വാർത്തകളിൽ വലിയ സ്ഥാനംപിടിച്ച് നിൽക്കുകയാണല്ലോ ഇതിനെക്കുറിച്ച് ഓരോ രാഷ്ട്രീയപ്പാർട്ടിയും അവരുടെ സമീപനമാണ് പറഞ്ഞത്. എല്ലാപേരും തേങ്ങ ഉടയ്ക്കുമ്പോൾ ഞങ്ങൾക്ക് ചിരട്ടയെങ്കിലും ഉടയ്ക്കണ്ടേ? മനസ്സിലായില്ലേ? അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ടല്ലോ. അഭിപ്രായം പറഞ്ഞുകഴിഞ്ഞാൽ ഇൻഡ്യാരാജ്യത്ത് വലിയ ചലനമൊന്നും ഉണ്ടാകുകയില്ല. ഹിമാലയമൊന്നും ഇടിഞ്ഞുവീഴാൻ പോകുന്നില്ല. എന്ന് ഞങ്ങൾക്ക് അറിയാം. പക്ഷേ ഞങ്ങൾ വിശ്വസിക്കുന്നത് ഞങ്ങളെപ്പോലുള്ള ഒരു മൈനോറിട്ടിപ്പാർട്ടി ഈ രാജ്യത്ത് വേറെയില്ലെന്ന് തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഫറൂക്ക് അബ്ദുള്ളയുടെ പാർട്ടിയുണ്ടായിരുന്നു. അത് ബി.ജെ.പി. യുടെ കൂടെപ്പോയി. അതിനെപ്പറ്റിയൊക്കെ ഇനി അധികം സംസാരിച്ചിട്ട് കാര്യമില്ല. എന്തായാലും ഞങ്ങളെപ്പോലെ ഒരു മൈനോറിറ്റി പാർട്ടി ഇൻഡ്യാ രാജ്യത്ത് വേറെ ഇല്ല. ഞങ്ങൾ കൈകാര്യം ചെയ്യുന്നത് മൈനോറിറ്റി രാഷ്ട്രീയമാണ്. രാഷ്ട്രീയമെന്ന് പറയുമ്പോൾ ഞങ്ങൾ തികച്ചും മതേതരമാണ്. ഇവിടെ അനാവശ്യമായ പ്രവണതകൾ വളർന്നുവരാതെ മൈനോറിറ്റി കമ്മ്യൂണിറ്റിയെ രാജ്യസ്നേഹികളായും മതേതര വിശ്വാസികളായും നിലനിറുത്താൻ ഞങ്ങൾക്ക് കഴിയുന്നതുപോലെ മറ്റാർക്കും അത്ര എളുപ്പത്തിൽ കഴിയുകയില്ല. ഞങ്ങൾ അകത്തുനിന്ന് ഈ പണി നടത്തുകയാണ്. പലരും അകലെ നിന്നിട്ടാണ് ഈ പണി നടത്തുന്നത്. പലരും ഈ രാഷ്ട്രീയ നിലപാടിനെ വലുതായി ചിത്രീകരിക്കുകയാണ്. ചിലരുടെ അഭിപ്രായത്തിൽ വ്യക്തിതാല്പര്യമാണ്, വേറെ ചിലരുടെ അഭിപ്രായത്തിൽ കൂറ് മാറാനുള്ള താല്പര്യമാണ്; ഞങ്ങൾ ഒരു പലായനത്തിലാണ് എന്ന് ഒക്കെയാണ് ചിത്രീകരിക്കുന്നത്.

<u>ശ്രീ. കെ.എം. മാണി</u> : സർ, മുസ്ലീം ലീഗ് കൂറുമാറും എന്ന് പറഞ്ഞത് ഭരണകക്ഷിയിൽ നിന്ന് ഇങ്ങോട്ടുള്ള ഒരു ഒഴുക്ക് തടയാൻവേണ്ടി ചില ബുദ്ധിമാന്മാർ ഇറക്കിയ ഒരു ന്യൂസ് ആയിരുന്നില്ലേ?

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : പലായനത്തിനുള്ള ഒരുക്കമാണെന്നാണ് പലരുടേയും അഭിപ്രായം. വേറെ ചിലരുടെ, ധാരാളമായി ഇവിടെ വന്ന അഭിപ്രായം എന്റെ പാർട്ടിയിൽ ഭിന്നിപ്പ് ഉണ്ടെന്നാണ്. ഏത് തരം ഭിന്നിപ്പാണെന്ന് എനിക്ക് മനസ്സിലായില്ല. ഒരു ഭിന്നിപ്പുമില്ല. ഒരുപാട് എഴുത്തുകാരുണ്ട്. അതിന് ഉപോൽബലകമായി പറഞ്ഞത് വാറോലകളാണ്. അങ്ങനെയുള്ള പലതും നടക്കുന്നുണ്ട്. ഞങ്ങൾ അതൊക്കെ കണ്ടുംകേട്ടും ചിരിച്ചിരിക്കുകയാണ്. അല്പം ആരെങ്കിലും എഴുതിയതുകൊണ്ടോ അല്പം ആരെങ്കിലും പ്രസംഗിച്ചതുകൊണ്ടോ ഒന്നും ഞങ്ങളുടെ അണികളിൽ വലിയ ചലനമുണ്ടാകില്ല. അതുകൊണ്ട് ഞങ്ങൾക്ക് അത്തരം സ്ഥിതിവിശേഷത്തെക്കുറിച്ചൊന്നും ഒട്ടും ഭയമില്ല. ദിവസം ഓരോ എഴുത്തുണ്ട്. അതിന്റെ ഹെഡ്ഡിംഗ് നോക്കി നടക്കാത്ത ഒരു പാർട്ടിയാണ് ഞങ്ങളുടേത്. അതുകൊണ്ട് ഇതൊന്നും വിലപ്പോകാൻ പോകുന്നില്ല. അതിനൊക്കെവേണ്ടി നടത്തുന്ന ശ്രമങ്ങൾ 'അടുപ്പത്തുവച്ച വെള്ളം വാങ്ങിവയ്ക്കണ'മെന്ന് പറഞ്ഞതുപോലേയുള്ളൂ. അതിനപ്പുറമൊന്നുമില്ല. പക്ഷേ, ഈ പറച്ചിലിന് ഇടയാക്കിയ രാഷ്ട്രീയ നിലപാടുകളും ഇടയ്ക്ക് വന്ന പ്രസ്താവനകളും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഒരു കൂടുമാറ്റത്തിന്, അല്ലെങ്കിൽ യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫ്. ലേയ്ക്ക് ചേക്കേറാൻ തീരുമാനിച്ചതിനുശേഷം പിന്നെ കുറേ വർത്തമാനം പറയുക, അക്കൂട്ടത്തിലല്ല ഞങ്ങൾ. ഞാൻ ഉദാഹരണത്തിന് ഡേറ്റ് സഹിതം പറയാം. ഞങ്ങളുടെ ഗവണ്മെന്റിന്റെ അവസാനകാലം, ഞാൻ അന്ന് മന്ത്രിയാണോ അല്ലയോയെന്ന് എനിക്ക് സംശയമുണ്ട്. ഗവണ്മെന്റ് പോയിട്ട് ഇലക്ഷൻ വന്നപ്പോഴാണോ അതോ ഇലക്ഷൻ നടക്കാൻ പോകുമ്പോഴാണോയെന്നറിയില്ല. 17.5.1996-ൽ ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയത്തിൽ ഞങ്ങൾ പറഞ്ഞു, വർഗ്ഗീയ ഫാസിസ്റ്റുകളുടെ മുന്നേറ്റത്തെ തടയാനുള്ള മതേതര പ്രസ്ഥാനങ്ങളുടെ സുപ്രധാനമായ ദൗത്യം നിർവ്വഹിക്കുന്നതിന് മതേതരകക്ഷികൾ ഒന്നിക്കണമെന്ന്. ഇന്നിപ്പോൾ പലരും പറയുന്ന തരത്തിലുള്ള ഈ താല്പര്യങ്ങളുടെ, കൂറുമാറ്റങ്ങളുടെ, മുന്നണി മാറ്റങ്ങളുടെ പ്രശ്നങ്ങൾ ഒന്നുമില്ലാത്ത ഒരു സന്ദർഭമാണ്, അപ്പോൾ ഞങ്ങളുടെ ശക്തമായ അഭിപ്രായം അതാണ്. മൈനോറിറ്റി പാർട്ടി എന്ന നിലയിൽ ന്യൂനപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഒരു സംഘടനയാണ് ഞങ്ങളുടേത്. ഇത് പുതിയതല്ല. വീണ്ടും 9.11.1996-ലെ പ്രമേയത്തിൽ പറയുന്നത് മതേതര ശക്തികളുടെ തകർച്ച പൊതുവിൽ ഇൻഡ്യയുടെ ഭദ്രതയേയും മതേതരത്വത്തേയും ബാധിക്കുമെന്നുള്ള നിഗമനം ശരിയാണെന്ന് തെളിഞ്ഞു. എപ്പോഴാണ്? അത് ബി.ജെ.പി. 13 ദിവസം ഇൻഡ്യ ഭരിച്ചപ്പോഴാണെന്നാണ് എന്റെ ഓർമ്മ. കണ്ടിന്യൂവസായിട്ടുള്ള, സ്ഥിരമായിട്ടുള്ള, ഒരുപക്ഷേ, 50 വർഷം പിന്നിട്ടുള്ള ഇൻഡ്യ അടുത്ത കാലത്ത് ഫേസ് ചെയ്ത ഈ പ്രതിസന്ധിയിൽ ഞങ്ങൾ ഏറ്റവും കൂടുതൽ ഉയർത്തിപ്പിടിച്ച ഒരു രാഷ്ട്രീയ നിലപാടാണ്. അത് ഏതെങ്കിലും താല്പര്യത്തിന്റെ അടിസ്ഥാനത്തിലല്ലായെന്ന് പറയാനാണ് ഞാൻ ഉദാഹരണ സഹിതം ഇത് പറഞ്ഞത്. ഞങ്ങൾ അതിൽ സിൻസിയറാണ്. 29.12.1997-ലെ പ്രമേയത്തിൽ ഇൻഡ്യയുടെ ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഭരണഘടനയുടെ സത്തയും മതേതരത്വവും ഇൻഡ്യ നിലനിറുത്തിയിരുന്ന plural polity-യും കാത്തു സൂക്ഷിക്കാൻ ദേശീയാടിസ്ഥാനത്തിൽ മതേതര കക്ഷികൾ അഭിപ്രായവ്യത്യാസം മറന്ന് ഒന്നിച്ച് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കണമെന്ന മുൻതീരുമാനത്തെ ആവർത്തിച്ച് ഉറപ്പിച്ച് ഞങ്ങൾ വീണ്ടും പ്രമേയം പാസ്സാക്കി. അതുകൊണ്ടുതന്നെ 4.4.1998-ൽ മതേതര ശക്തികളുടെ ഭിന്നതയും ചേരിതിരിഞ്ഞുള്ള പോരാട്ടവും ഫാസിസത്തിന്റെ അധികാര ആരോപണത്തിൽ കലാശിക്കുമെന്ന ലീഗിന്റെ മുന്നറിയിപ്പ് സത്യമായിഭവിച്ചു എന്ന് പ്രമേയത്തിൽ വിലയിരുത്തി. ഇത് കണ്ടിന്യൂവസായിട്ടുള്ള ഞങ്ങളുടെ നിലപാടാണ്. 27.6.1998-ൽ മതേതര രാഷ്ട്രീയ കക്ഷികൾ അവസരത്തിനൊത്ത് ഉയർന്ന് സങ്കുചിത രാഷ്ട്രീയതാല്പര്യങ്ങൾക്ക് അതീതമായി രാഷ്ട്ര താല്പര്യത്തിനുവേണ്ടി ഉണർന്നു പ്രവർത്തിക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്തു. 30.10.1998-ൽ വീണ്ടും ഒരു പ്രമേയം പാസ്സാക്കി. രാഷ്ട്രീയ ദൗത്യം നിർവ്വഹിക്കുന്നതിൽ മതേതര പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച പരാജയം, ബി.ജെ.പി. യെ അധികാരത്തിലെത്തിച്ചു എന്ന് ഞങ്ങൾ വിലയിരുത്തി. മതേതര ക്യാമ്പിൽനിന്ന് കൂറുമാറ്റം ഉണ്ടാകുമെന്ന് ആ പ്രമേയത്തിൽ ഞങ്ങൾ പറഞ്ഞു. കൂറുമാറ്റം ഉണ്ടായോ ഇല്ലയോ? മതേതര ക്യാമ്പിൽനിന്ന് പലരും ഒഴിഞ്ഞുപോയി. ആരൊക്കെയാണ് പോയത്? കരുണാനിധിപോലും പോയി. ഞാൻപോലും ഈ നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം പ്രസംഗിക്കുമ്പോൾ കരുണാനിധി പോകുമെന്ന് വിചാരിച്ചില്ല. ചന്ദ്രബാബു നായിഡു മുമ്പേ പോയി. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് വളരെ നിർഭാഗ്യകരമായ സംഭവമാണ്. മൂന്നാം മുന്നണിയുണ്ടാക്കി അഖിലേന്ത്യാതലത്തിൽ നിന്നിരുന്ന ഈ പാർട്ടികളൊക്കെ ആദ്യം പോയി. അവസാനം കോൺഗ്രസ്സിലും പ്രതിസന്ധി വന്നു. കോൺഗ്രസിന്റെ രാഷ്ട്രീയമായതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വളരെ നിർഭാഗ്യകരമായ സ്ഥിതിയാണ്. കോൺഗ്രസ്സിലും ഭിന്നിപ്പ് വന്നു. മഹാരാഷ്ട്രപോലുള്ള സംസ്ഥാനത്ത് ഭിന്നിപ്പ് വന്നു. തെരഞ്ഞെടുപ്പിൽ അനാവശ്യമായ റിസൾട്ട് വരാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ഞങ്ങൾ അന്ന് ചൂണ്ടിക്കാണിച്ചതുപോലെ ധാരാളം ഒഴിഞ്ഞുപോക്കുകൾ ഉണ്ടായി. രാഷ്ട്രീയ പ്രമേയത്തിൽ ഞങ്ങൾ ഇപ്പോഴും ഇന്നത്തെ സാഹചര്യത്തിലുള്ള രാഷ്ട്രീയമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പിന് മുമ്പ് കോൺഗ്രസ് തീരുമാനിക്കണം. ഞാൻ നേരത്തേ പറഞ്ഞതുപോലെ കാലാകാലങ്ങളിലുള്ള നിലപാട് വ്യക്തമാക്കുന്ന ഒരു ദേശീയ ന്യൂനപക്ഷ പാർട്ടിയാണ് ഞങ്ങൾ ന്യൂനപക്ഷ വിഷയങ്ങളിൽ വളരെ വ്യത്യസ്തമായ അഭിപ്രായം പാർലമെന്റിൽ പ്രകടിപ്പിച്ചതിന്റെ ഫലമായി ജവഹർലാൽ നെഹ്റുവും രാജീവ് ഗാന്ധിയും ഇന്ദിരാഗാന്ധിയും ഒക്കെ പലപ്പോഴും വിളിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചചെയ്തിട്ടുണ്ട്. അങ്ങനെ ചർച്ച ചെയ്തതിന്റെ ഫലമായി ന്യൂനപക്ഷങ്ങളുടെ ട്രെന്റ് മനസ്സിലാക്കി അവരുടെ തീരുമാനങ്ങളെ സ്വാധീനിക്കാൻ കഴിയുകയും ചെയ്ത ഒരു പാർട്ടിയാണ് ഞങ്ങളുടേത്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ ഇപ്പോഴും വളരെ കണിശമായ അഭിപ്രായം ഞങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ഗൗഡ വന്നപ്പോഴും, ഗൗഡ പോയപ്പോഴുമൊക്കെയുള്ള ഘട്ടങ്ങളിൽ പ്രമേയങ്ങൾ പാസ്സാക്കിയത്. അതുപോലെതന്നെ ഗുജ്റാൾ വന്നപ്പോൾ, വാജ്പേയി ഒരു കൊല്ലം നിന്നപ്പോൾ വൈകിപ്പോയി എന്ന് ഞങ്ങൾ പറഞ്ഞു. ഇറക്കാൻ താമസിച്ചാൽ വൈകിപ്പോകുമെന്ന് ഞങ്ങൾ പറഞ്ഞു. വൈകിപ്പോയി. ഇന്ന് നമ്മൾ പെരുംകുടുക്കിൽ കുടുങ്ങിയിരിക്കുകയാണ്. കാരണം എന്താണെന്നുവച്ചാൽ ഇപ്പോൾ അതിർത്തിയിൽ പ്രശ്നമാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ അത് വിഭാഗീയ താല്പര്യങ്ങൾക്ക് ഉപയോഗിക്കുകയില്ലെന്ന് ധരിക്കേണ്ട. ഉപയോഗിക്കാൻവേണ്ടി ചില കോർണറുകളിലൊക്കെ ശ്രമം നടക്കുന്നതായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയായി. അതുകൊണ്ട് എന്തുവന്നു? ഇപ്പോൾ ഈ ഒഴിഞ്ഞുപോക്കിനുശേഷമുള്ള സ്ഥിതിയിൽ ഇപ്പോൾ സ്വല്പം വീക്കായി നില്ക്കുന്ന അവസ്ഥയാണ് മതേതര ക്യാമ്പിനുള്ളത്. എന്റെ പാർട്ടിയുടെ അഭിപ്രായമെന്ന് പറയുന്നത് ഇവിടത്തെ ഏറ്റവും വലിയ രാഷ്ട്രീയ പാർട്ടിയായ, മതേതര പാർട്ടിയായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് തീരുമാനിക്കപ്പെടുന്ന ഏത് വ്യക്തിയും സോണിയാഗാന്ധി തന്നെ ഇൻഡ്യയുടെ പ്രധാനമന്ത്രി ആകണമെന്നുള്ളതാണ്. പക്ഷേ ആവണമെന്ന് പറഞ്ഞ് സുഖിപ്പിച്ചിട്ട് കാര്യമില്ലല്ലോ. തെരഞ്ഞെടുപ്പിന് ഇനി നാലുമാസക്കാലമുണ്ട്. ആ നാല് മാസക്കാലം ഈ ജോളിയിൽ നമുക്കിരിക്കാം. 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം' അത് പറഞ്ഞിട്ട് കാര്യമില്ല. നാലുമാസക്കാലത്തെ ഈ ജോളി തെരഞ്ഞെടുപ്പ് കഴിയുമ്പോൾ മാറും. കീരിയും പാമ്പുംപോലെ നിൽക്കുന്ന ആളുകളൊക്കെ വാജ്പേയി ഗവണ്മെന്റിനെ താഴെ ഇറക്കാൻവേണ്ടി ഡൽഹിയിൽ ചർച്ച നടത്തിയത് നമ്മൾ കണ്ടല്ലോ. എല്ലാവരും ചർച്ച നടത്തി. അതുപോലെ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഇന്ന് ഒന്നിക്കുകയില്ലെന്നു പറയുന്നവർക്കൊക്കെ ഈ രാജ്യത്ത് ഒന്നിക്കേണ്ടിവരും എന്നാണ് ലീഗിന്റെ അഭിപ്രായം. യാതൊരു സംശയവും ആ കാര്യത്തിലില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം അത് നാലുമാസംമുൻപേ പറയുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഇത് എല്ലാവരും പറയും. തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഇത് എല്ലാവർക്കും പറയേണ്ടിവരും. അതുകൊണ്ട് ഈ കാര്യത്തിൽ പ്രീ-പോൾ അറേഞ്ചുമെന്റ് വേണമെന്നാണ് ഞങ്ങൾ പറയുന്നത്. കഴിയുന്നത്ര സ്ഥലങ്ങളിൽ കൂട്ടുകക്ഷി അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കണം. കൂടുതൽ സീറ്റുകൾ നേടണം. അതാണ് ഞങ്ങളുടെ രാഷ്ട്രീയമായ അഭിപ്രായം. അത് പറയാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ട്, മൈനോറിറ്റി രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന പാർട്ടി എന്ന നിലയിൽ മതേതര കൂട്ടായ്മയിലൂടെ ബി.ജെ.പി. അധികം സീറ്റ് നേടുന്നത് ഓരോ സംസ്ഥാനത്തും ഇല്ലാതാക്കണമെന്നുള്ള അഭിപ്രായം അടിയറവച്ചാൽ ഞങ്ങളുടെ രാഷ്ട്രീയംതന്നെ പൊയ്പ്പോകും. അങ്ങനെയൊന്നും ഒരു ഘട്ടത്തിലും ഞങ്ങൾ അടിയറ വച്ചിട്ടില്ല. ഇവിടെ ഞങ്ങൾ ഭരണത്തിലിരുന്ന സന്ദർഭത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമായി ചേർന്ന് ഭരിക്കാൻ പാടില്ല എന്നുള്ളതായിരുന്നു ഞങ്ങളുടെ തന്നെ പാർട്ടിയിലെ ഒരു വിഭാഗത്തിന്റെ അഭിപ്രായം. ആ അഭിപ്രായത്തെ ഞങ്ങൾ അംഗീകരിച്ചിട്ടില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കൂടാതെ പറ്റുകയില്ലെന്ന് ഞങ്ങൾ അന്നേ പറഞ്ഞു. ആ സ്റ്റാന്റിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ എല്ലാവരും വന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കൂടാതെ ഇൻഡ്യാരാജ്യത്ത് പറ്റുമോ? പറ്റുകയില്ല. ആ രാഷ്ട്രീയ യാഥാർത്ഥ്യത്തിലേയ്ക്ക് എല്ലാവരും വന്നു. ഞങ്ങളുടെ പാർട്ടിയിൽനിന്ന് വിട്ടുപോയ ആളുകൾപോലും ഇപ്പോൾ ഞങ്ങളേക്കാൾ ആവേശത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആവശ്യകത പറഞ്ഞുവരികയാണ്. ഞങ്ങളേക്കാൾ ഉച്ചത്തിലാണ് അവർ ഞങ്ങളുടെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് മുദ്രാവാക്യം വിളിക്കുന്നത്. എന്നിരുന്നാലും ആ സന്ദർഭത്തിലും ഞങ്ങൾ കാര്യങ്ങളിൽ വിട്ടുവീഴ്ച വരുത്തിയിട്ടില്ല. അതുകൊണ്ടാണ് സി.പി.എം. ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ മലപ്പുറത്ത് തീവ്രവാദത്തെക്കുറിച്ച് പറഞ്ഞപ്പോൾ അതിനെക്കുറിച്ച് ഞങ്ങൾ ഒരു വിലയിരുത്തൽ നടത്തിയത്. കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും ഈ വിലയിരുത്തൽ പല ഘട്ടങ്ങളിലും നടത്തിയിട്ടുണ്ട്. ഇന്ന് ആർ.എസ്.എസി. ന്റെ ഒരാളും ഞങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്, ഒരു പത്രത്തിൽ ഞാൻ വായിച്ചു. പക്ഷെ ഞാൻ കമ്മ്യൂട്ട് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. കാരണം എന്താണെന്നുവച്ചാൽ കള്ളനെ താക്കോൽ ഏൽപ്പിച്ചിട്ട് അവർ പറയുന്നത് കേൾക്കുന്നതിൽ വലിയ കാര്യമില്ലല്ലോ. പക്ഷെ, ലീഗിനെപ്പറ്റി തീവ്രവാദത്തെ ചെറുക്കുന്ന പാർട്ടിയെന്ന് എല്ലാവർക്കും പറഞ്ഞുകൂടേ? ഇനി അതിന് സംശയിക്കേണ്ട കാര്യമുണ്ടോ? ഈ നിയമസഭയുടെ ഫ്ളോറിൽ ബാബറി മസ്ജിദ് പ്രശ്നം കത്തിനിൽക്കുന്ന സമയത്ത് പാർട്ടിയെ പ്രതിനിധീകരിച്ച് വിനീതനായ ഞാൻ ചെയ്ത പ്രസംഗത്തിൽ ആർ.എസ്.എസ്.-നുപകരം ഐ.എസ്.എസ്. ഉണ്ടാക്കുക എന്ന ഏർപ്പാട് പറ്റുകയില്ലെന്ന് പ്രസംഗിച്ചിട്ടില്ലേ? പ്രസംഗിക്കുക മാത്രമല്ല, ഞങ്ങൾ അത് കാമ്പെയ്ൻ ആയിട്ട് ഏറ്റെടുക്കുകയും ആ കാമ്പെയ്ൻ കേരളത്തിൽ വിലപ്പോവുകയും ചെയ്തു. ഞാൻ വെല്ലുവിളിക്കുന്നു. ഏത് സംസ്ഥാനത്താണ് ഇന്ന് ഈ സംസ്ഥാനത്തുള്ള സ്ഥിതിയുള്ളത്? തമിഴ്നാട്ടിൽ എങ്ങനെയായിരുന്നു? തമിഴ്നാട് കേരളത്തെപ്പോലെ മതേതര പാർട്ടികൾക്ക് പേരുണ്ടായിരുന്ന ഒരു സംസ്ഥാനമാണ്. അവിടെ കലുഷിതമായി, ബാബറി മസ്ജിദ് പ്രശ്നത്തിനുശേഷമുള്ള സന്ദർഭത്തിൽ ബാഷമാരും പളനി ബാവമാരും പല പ്രശ്നങ്ങളും വന്ന് ആരുംതന്നെ മൈനോറിറ്റിക്ക് ഒരു ലീഡർഷിപ്പ് കൊടുക്കാനില്ലാതെ, അവരുടെ ഇടയിൽ കാമ്പെയ്ൻ ചെയ്യാനില്ലാതെ വന്നു. മതേതര പാർട്ടികളൊക്കെ അവിടെ ഇല്ലേ? എന്ത് സംഭവിച്ചു? ഇന്ന് തീവ്രവാദികളുടെയും വർഗ്ഗീയവാദികളുടെയും കൈയിൽ രാഷ്ട്രീയത്തിന്റെ മേധാവിത്വം അമർന്നു. അവിടെ മൈനോറിറ്റിയെ എല്ലാവരുംകൂടെ പന്ത് തട്ടിക്കൊണ്ടിരിക്കുന്നു. അവർക്ക് തീവ്രവാദികളുടെ മുഖം കൊടുത്തു, ബോംബിന്റെ മുഖം കൊടുത്തു. യാതൊരു രക്ഷയുമില്ല. ഈ കഴിഞ്ഞ ദിവസം കോയമ്പത്തൂരിൽ ഈ കേരളത്തിൽനിന്നുപോയ ഒരാളുടെ സ്ഥാപനത്തിൽ ഒരു മോട്ടോർ ബൈക്ക് കൊണ്ടുവന്ന് നിറുത്തി അതിനുള്ളിൽ ബോംബുപോലത്തെ ഒരു സാധനം വച്ചു. അയാളെയും അയാളുടെ കുടുംബത്തെയും സകല എണ്ണത്തെയും പിടിച്ച് ജയിലിൽ ആക്കി. ജീവിക്കാൻ വയ്യാത്ത സ്ഥിതി അവിടെയുണ്ട്. അപ്പോൾ അങ്ങനെയൊരു സ്ഥിതിവിശേഷത്തിലേയ്ക്ക് കേരളം പോകാതെ വളരെ പണിപ്പെട്ട് ഞങ്ങൾ സൂക്ഷിച്ചു. ഞാൻ നിയമസഭയിൽ ആർ.എസ്.എസി.നുപകരം ഐ.എസ്.എസ്. ഉണ്ടാകട്ടെ, അതിനെ ഞങ്ങൾ എതിർക്കുമെന്ന് വളരെ കലുഷിതമായ അന്തരീക്ഷത്തിൽ പ്രസംഗിച്ച ദിവസം എനിക്ക് കേരളത്തിലൂടെ സഞ്ചരിക്കുന്നതിന് ഭീഷണി വന്നു. പോലീസ് എസ്കോർട്ടോടുകൂടി ഞാൻ പോയി. ആലപ്പുഴയിൽ ചെന്ന സമയത്ത് അതിന്റെ ഫലം ഞാൻ അനുഭവിക്കുകയും ചെയ്തു. ഇന്നും അതിന്റെ ശത്രുത ഒരുപാട് തലങ്ങളിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു വ്യക്തിയാണ് ഞാൻ. അങ്ങനെയുള്ള ഒരു വലിയ കാമ്പെയിൻ ഞങ്ങളുടെ പാർട്ടി ഏറ്റെടുക്കുകയും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി മൈനോറിറ്റിക്ക് ഒരു കോൺഫിഡൻസ് കൊടുക്കുകയും അവരെ മതേതര ശക്തികൾക്കൊപ്പം പിടിച്ചുനിറുത്തുകയും തീവ്രവാദത്തിലേയ്ക്ക് പോകാതിരിക്കുകയും ചെയ്തത്, സിൻസിയറായി പറഞ്ഞാൽ എല്ലാവരും അപ്രീഷിയേറ്റ് ചെയ്യേണ്ട സംഗതിയാണ്. ആരായാലും അത് അപ്രീഷിയേറ്റ് ചെയ്യപ്പെടുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇതുസംബന്ധിച്ചുള്ള വിവാദത്തിന് യാതൊരു അർത്ഥവുമില്ല. അത് ഈ സംസ്ഥാനം കണ്ട ഒരു കാര്യമാണ്. ഞങ്ങൾ ഏറ്റവും വലിയ മതേതര പാർട്ടിയാണ്. ഇപ്പോൾ നമ്മുടെ പ്രശ്നമെന്താണ്? അഖിലേന്ത്യ രാഷ്ട്രീയം ഇങ്ങനെയൊക്കെ നിൽക്കുമ്പോൾ കേരളത്തിൽ നമ്മൾ എന്ത് ചെയ്യും എന്നുള്ളതാണ്. വലിയ കുഴപ്പമൊന്നുമില്ല. നമുക്ക് രണ്ടായിട്ട് മത്സരിക്കാം. അതിന് വലിയ കുഴപ്പമുണ്ടോ? കാരണം ഇവിടെ ബി.ജെ.പി. ഇല്ലെന്നുള്ള ഒരു ഭാഗ്യം നമുക്കുണ്ട്. രാഷ്ട്രീയ തീരുമാനങ്ങളൊക്കെ ഇത്തരത്തിലുള്ള ഇഷ്യൂസിനെ ബേസ് ചെയ്ത് കാണുന്ന ഒരു പാർട്ടിയാണ് ഞങ്ങളുടേത്. അല്ലാതെ നിലപാട് ആദ്യം എടുത്തതിനുശേഷം പിന്നെ ഒന്നും ചെയ്യുകയില്ല; ആദ്യം സമരം ചെയ്യുക, പിന്നെ കാരണം അന്വേഷിക്കാമെന്ന് പറയുന്നതുപോലെ, മാറ്റം ആദ്യം നടത്തുക കാരണം പിന്നെ പറയാം എന്നു പറയുന്നതുപോലുള്ള നിലപാട് എന്റെ പാർട്ടിക്ക് ഇല്ലെന്നുള്ളതിന്റെ ഉദാഹരണസഹിതം ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇത്തരം കാര്യങ്ങളൊക്കെ എടുത്തുപറഞ്ഞത്. ഇവിടെ ഈ വിലപ്പെട്ട സേവനങ്ങൾ ഞങ്ങൾ നടത്തുന്നുവെന്നു പറഞ്ഞാൽ പലരും ഇവിടെ വ്യാഖ്യാനിക്കുന്നതുപോലെ ഞങ്ങൾക്ക് അതിൽ ഒരു ദുരുദ്ദേശവുമില്ല. നല്ല ഉദ്ദേശങ്ങൾ ഒരുപാടുണ്ട്. യാതൊരുവിധ ദുരുദ്ദേശവും ഇതിന്റെ പുറകിലില്ല. ഞങ്ങൾ ഈ രാഷ്ട്രീയം കൈകാര്യം ചെയ്തുകൊണ്ടിരിക്കും. ഞങ്ങൾ ഏത് സാഹചര്യത്തിലും ഇത് പറയും. ഭരണത്തിൽ ഇരിക്കുമ്പോഴും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. എന്റെ രാഷ്ട്രീയപാർട്ടിയുടെ രാഷ്ട്രീയനിലപാട് വിശദീകരിക്കൽ കാലഘട്ടത്തിന്റെ ഒരു ആവശ്യമായതുകൊണ്ട് ഞാൻ പറഞ്ഞുവെന്നു മാത്രമേയുള്ളൂ. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. രാജു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവരുടെ ചെലവുകൾക്കുള്ള ധനാഭ്യർത്ഥനയാണ് നമ്മൾ ഇന്ന് പാസ്സാക്കിക്കൊടുക്കാൻ പോകുന്നത്. ഈ സന്ദർഭത്തിൽ പ്രതിപക്ഷത്തുനിന്ന് ഈ ഗവണ്മെന്റിന് എതിരായും ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് എതിരായും അതിനിശിതമായ വിമർശനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ഞാൻ അതിനെ ഒരു വലിയ കാര്യമായി കാണുന്നില്ല. ഈ നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ വളരെ പ്രധാനപ്പെട്ടതാണ്. ഈ സന്ദർഭത്തിൽ പ്രതിപക്ഷത്തിന് ഈ ഗവണ്മെന്റിന്റെ നല്ല ചെയ്തികളെ മനസ്സുകൊണ്ട് അംഗീകരിക്കാൻ ആഗ്രഹമുണ്ടെങ്കിലും പുറത്ത് അത് പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത് എന്നുള്ളതുകൊണ്ടാണ് അവർ നിയമസഭയ്ക്കകത്ത് ഈ ഗവണ്മെന്റിന്റെ ഓരോ പ്രവർത്തനത്തെയും എതിർക്കാൻ തീരുമാനിച്ചത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തുകയാണ്. അതിന്റെ മൂന്നാം വാർഷികം ആഘോഷിച്ചു. ആ മൂന്നാം വാർഷികാഘോഷം ബഹിഷ്ക്കരിക്കാൻ യു.ഡി.

LIBRARY ARCHIVES Kerala Legislative Assembly

എഫ്. ഒന്നാകെ തീരുമാനിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും കോൺഗ്രസ് ഒഴിച്ച് യു.ഡി.എഫ്. ലെ എല്ലാ കക്ഷികളും, മുസ്ലീംലീഗും കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പും കേരളാ കോൺഗ്രസ് ജേക്കബ് ഗ്രൂപ്പുമെല്ലാം ഈ ഗവണ്മെന്റിന്റെ മൂന്നാം വാർഷികത്തെ അനുകൂലിക്കാനും ആ മൂന്നാം വാർഷികത്തിൽ പങ്കെടുക്കാനും അവരുടെ പ്രതിനിധികളെ അയച്ചത് ഈ ഗവണ്മെന്റിനെ എതിർക്കാനൊന്നുമില്ലാത്തതുകൊണ്ടാണ്. വെറും രാഷ്ട്രീയമായി എതിർക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നതൊഴിച്ചാൽ മറ്റൊന്നും തന്നെ ഇല്ലാത്തതുകൊണ്ടാണ് അവർ ഈ നടപടി ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

സർ, ഇവിടെ ക്രമസമാധാനപാലനത്തെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ കളവ് നടക്കുന്നുവെന്നാണ് ശ്രീ. പാലോട് രവിക്കും കോൺഗ്രസ്സുകാർക്കും ആക്ഷേപം. രണ്ട് മോഷണം നടന്നു. അതുകൊണ്ട് ഹോം സെക്രട്ടറി വടിയുമായി വീട്ടിൽ കുത്തിയിരിക്കുന്നുവെന്നാണ് പറഞ്ഞത്. ഒരു സംസ്ഥാനത്തെ ക്രമസമാധാനപാലനം വിലയിരുത്തേണ്ടത് അങ്ങനെയാണോ? ഇതുപോലെ സമാധാനാന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനം ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലും ചൂണ്ടിക്കാണിക്കാൻ കോൺഗ്രസ്സുകാർക്ക് ആർക്കെങ്കിലും കഴിയുമോ? ശ്രീ. രവിയുടെ പാർട്ടിയുടെ നേതാവാണ് മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി ദ്വിഗ് വിജയ്സിംഗ്. അവിടെ പകൽപോലും കോൺഗ്രസുകാർക്ക് ഇറങ്ങിനടക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നുവെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഇൻഡ്യയിൽ മതന്യൂനപക്ഷങ്ങൾക്കെതിരായി, പ്രത്യേകിച്ച് ഏറ്റവും ചെറിയ ന്യൂനപക്ഷമായ ക്രിസ്ത്യൻ സമൂഹത്തിനെതിരായി ഏറ്റവും വലിയ അക്രമം അഴിച്ചുവിട്ടത് മദ്ധ്യപ്രദേശിലാണ്. ഈ കേരളത്തിൽ ഉണ്ടായോ? ക്രമസമാധാനപാലനം ഇവിടെ ശാന്തമായി നടക്കുന്നു. കളവ് നടക്കുന്നു, വേലി പൊളിക്കുന്നുവെന്നുള്ളത് നാട്ടിൽ സാധാരണ നടക്കുന്ന പ്രശ്നങ്ങളാണ്. അതെടുത്ത് ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാനം വിലയിരുത്താൻ കഴിയുമോ? ഇൻഡ്യാരാജ്യത്ത് 22 ശതമാനം വിലക്കയറ്റം ശരാശരി ഉണ്ടായപ്പോൾ കേരളത്തിൽ അത് കുറച്ചുകൊണ്ടുവരാൻ കേരളത്തിലെ ഗവണ്മെന്റിന് കഴിഞ്ഞത് ഈ രാജ്യത്തുതന്നെ ഒരു പുതിയ അനുഭവമായി കേന്ദ്രഗവണ്മെന്റ് ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഇൻഡ്യയിൽ 22 ശതമാനം വിലക്കയറ്റം ശരാശരിയുണ്ടായപ്പോൾ കേരളത്തിലാണ് ഏറ്റവും വലിയ വിലക്കയറ്റമുണ്ടായതെന്ന് ശ്രീ. എ.കെ. ആന്റണി ചൂണ്ടിക്കാണിച്ചു. കേന്ദ്രഗവണ്മെന്റിന്റെ കണക്ക് പറഞ്ഞപ്പോൾ ഒരു മിണ്ടാട്ടവുമില്ല. ഇൻഡ്യാരാജ്യത്ത് 22 ശതമാനം വിലക്കയറ്റമുണ്ടായപ്പോൾ ആ വിലയെ പിടിച്ചുനിറുത്തി കേരളത്തിൽ അത് 8 ശതമാനമാക്കാൻ കഴിഞ്ഞത് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രത്യേകതകളിൽ പ്രധാനമാണ്.

സർ, വൈദ്യുതി രംഗത്തെക്കുറിച്ച് ഞാൻ പറയേണ്ടതില്ല. വിദ്യുച്ഛക്തി മന്ത്രി ഇന്നിവിടെ വിശദീകരിച്ചതാണ്. സർ, കാർഷികരംഗം. ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കുന്ന നടപടി ഈ കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് കഴിഞ്ഞ മൂന്നുവർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പൊതുമരാമത്ത്. ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ റോഡുകൾ കുണ്ടും കുഴിയുമായിരുന്നു. ബാവക്കുണ്ട് എന്നൊക്കെയാണ് ആളുകൾ വിശദീകരിച്ചിരുന്നത്. പക്ഷെ, ഇന്ന് അങ്ങനെയാണോ? കാലവർഷക്കെടുതിമൂലം കേരളത്തിലെ റോഡുകൾ കുറച്ച് മോശമായിട്ടുണ്ട്. ഒരു മാസക്കാലംമുൻപ് ഇത് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമായിരുന്നോ? കാലവർഷം ശക്തിയായി ചതിച്ചു. റോഡുകൾ കുറച്ച് താറുമാറായിട്ടുണ്ട്. അത് നന്നാക്കാനുള്ള കെൽപ്പ് ഈ ഗവണ്മെന്റിനുണ്ടെന്നുള്ളതുകൊണ്ടാണ് കോൺട്രാക്ടർമാർ പണിമുടക്കാൻ പോയപ്പോൾ അവരെ വിളിച്ചുകൂട്ടി 120 കോടി രൂപ തരാൻ പോകുന്നു, നിങ്ങൾ സമരം ഒഴിവാക്കണം, കാലാവസ്ഥ മാറിയാൽ പണിയാരംഭിക്കണമെന്ന് ധനകാര്യ വകുപ്പു മന്ത്രി പറഞ്ഞത്. നിങ്ങൾക്ക് ഇത് ചെയ്യാൻ കഴിഞ്ഞില്ല. ഇത് ഈ ഗവണ്മെന്റിന്റെ പ്രത്യേകതയാണ്. അതുകൊണ്ട് ഇതൊന്നും നിങ്ങൾക്ക് ഇവിടെ പറയാൻ കഴിയുകയില്ല. നിങ്ങളുടെ ലക്ഷ്യം വരാൻപോകുന്ന തെരഞ്ഞെടുപ്പാണ്. വൈദ്യുതി ചാർജ് വർദ്ധനവിനെപ്പറ്റി നിങ്ങൾ പറഞ്ഞല്ലോ. അഞ്ചു തവണ യാതൊരു മടിയുമില്ലാതെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചവരാണ് ശ്രീ. ആന്റണിയും നിങ്ങളുടെ കൂടെ നിൽക്കുന്നവരും. നിങ്ങൾക്ക് നാണമുണ്ടായിരുന്നെങ്കിൽ അതിനെപ്പറ്റി പറയുകയില്ലായിരുന്നു. ഗവണ്മെന്റ് തീരുമാനത്തിനു വിരുദ്ധമായി ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥന്മാർ തീരുമാനിച്ചത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി പറഞ്ഞു. അതിനു കെൽപ്പുള്ള ഗവണ്മെന്റാണിത്. നിങ്ങളെപ്പോലെയല്ല. അഴിമതിയെപ്പറ്റി നിങ്ങൾക്ക് പറയാൻ അവകാശമുണ്ടോ? ശ്രീ. സി.വി. പത്മരാജനെക്കുറിച്ച് നിങ്ങളുടെ പഴയ പ്രസിഡന്റിനെക്കുറിച്ച് അഴിമതി വന്നില്ലേ; നിങ്ങൾക്ക് നാണമുണ്ടോ ഇപ്പുറത്തുള്ളവരുടെ അഴിമതിയെപ്പറ്റി പറയാൻ? 75 കോടി രൂപയാണ് ശ്രീ. പത്മരാജന്റെ അശ്രദ്ധകൊണ്ട് ഈ ഗവണ്മെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും നഷ്ടപ്പെട്ടത് എന്നാണ് അന്വേഷണ കമ്മിഷന്റെ വിധിയെഴുത്ത്. ആ കോൺഗ്രസ്സുകാർക്ക് അഴിമതിയെപ്പറ്റി പറയാൻ നാണമുണ്ടോ? നിങ്ങളുടെ കാലത്ത് അഴിമതി നിറഞ്ഞു നിൽക്കുകയായിരുന്നു. അഴിമതിയിൽ നിന്നും ആരെങ്കിലും മാറി നിന്നിട്ടുണ്ടോ? അതുകൊണ്ട് അഴിമതിയെപ്പറ്റി പറയണ്ട. കഴിഞ്ഞ മൂന്നു വർഷക്കാലമായിട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു മന്ത്രിക്കെതിരായി ഒരു ചെറിയ ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇൻഡ്യയുടെ ചരിത്രത്തിൽ ഏറ്റവും വലിയ അപമാനം പിടിച്ചുവാങ്ങിയ പാർട്ടിയാണ് കോൺഗ്രസ്. അഞ്ചുവർഷക്കാലം ഇൻഡ്യയിൽ പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിനെക്കുറിച്ച് ഇന്ന് ഇൻഡ്യയിലെ ജനങ്ങൾക്ക് അറിയില്ല. ഇന്ന് കോൺഗ്രസ്സുകാർക്ക് നരസിംഹറാവുവിനെക്കുറിച്ച് പറയാൻ നാണക്കേടാണ്. അവിഹിത ഗർഭമുണ്ടായാൽ നമ്മൾ പറയില്ലേ; അതുപോലെയാണ് കോൺഗ്രസ്സുകാർ നരസിംഹറാവുവിനെപ്പറ്റി പറയുന്നത്. അത്ര നാണക്കേടാണ് നരസിംഹറാവു ഉണ്ടാക്കിയതെന്ന് നിങ്ങൾ സ്വയം സമ്മതിക്കുകയില്ലേ? അഴിമതി എങ്ങനെയാണ് നടക്കുന്നതെന്ന് കാണിച്ചുതന്ന അഴിമതിവീരൻ നരസിംഹറാവുവിന്റെ പ്രതിനിധികളാണ് നിങ്ങൾ. അതുകൊണ്ട് അഴിമതിയെക്കുറിച്ച് പറഞ്ഞ് തടിതപ്പാമെന്ന് നിങ്ങൾ വിചാരിക്കേണ്ട. നമ്മുടെ രാജ്യം ഇന്ന് വളരെ സങ്കീർണ്ണമായ സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്. കഴിഞ്ഞ പതിമൂന്ന് മാസക്കാലമായി ഇൻഡ്യയിൽ ഉണ്ടായിരുന്ന ബി.ജെ.പി. യുടെ ഭരണം പ്രധാനമന്ത്രിയോടുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ട് ഇല്ലാതായി. അവർ രാജി വച്ച് കെയർ ടേക്കർ ആയി ഭരിക്കുകയാണ്. അഞ്ചുമാസക്കാലം ഒരു ഗവണ്മെന്റിന് കെയർ ടേക്കർ ആയി ഭരിക്കാൻ അവസരമുണ്ടായിരിക്കുന്നു. വാജ്പേയി ഗവണ്മെന്റിന് ഇൻഡ്യയിൽ കെയർ ടേക്കർ ഭരണം നടത്താനുള്ള അവസരമുണ്ടായത് കേരളത്തിലെ പ്രതിപക്ഷ നേതാവിന്റെ സങ്കുചിത നടപടികൊണ്ടു മാത്രമാണെന്ന് ഞങ്ങൾ ആരോപിച്ചാൽ അതിൽ തെറ്റുണ്ടെന്ന് കോൺഗ്രസ്സുകാർക്ക് പറയാൻ കഴിയുകയില്ല. വാജ്പേയി ഗവണ്മെന്റ് വിശ്വാസ പ്രമേയത്തിൽ പരാജയപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പുതിയ ഗവണ്മെന്റ് ഉണ്ടാക്കാനുള്ള ചർച്ച നടന്നു. ആ ചർച്ചയിൽ കോൺഗ്രസ്സിൽ തങ്ങൾക്ക് ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയാൽ മാത്രമേ ഭരിക്കൂ എന്നുള്ള നിലപാട് സ്വീകരിച്ചു. അങ്ങനെയൊരു നയം കോൺഗ്രസിൽ ഇല്ലെന്നാണ് പച്ച്മാഡി പ്രമേയത്തിൽ 1998-ൽ അംഗീകരിച്ചത്. ആ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് ഐക്യമുന്നണിയുടെ ഭരണത്തിന് കോൺഗ്രസ് പിന്തുണക്കുന്നുയെന്നാണ്. ആ പ്രമേയവും ഇന്നത്തെ കോൺഗ്രസ്സുമായി ഒരു ബന്ധവുമില്ല. കോൺഗ്രസ്സ് എന്തെല്ലാം പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ഐക്യമുന്നണി ഭരണത്തെക്കുറിച്ച് സാഹചര്യങ്ങൾ അനുവദിക്കില്ലെങ്കിൽ ഐക്യമുന്നണി വേണമെന്നാണ് പച്ച്മാഡി പ്രമേയം അംഗീകരിച്ചത്. ആ പ്രമേയവും തള്ളിക്കളഞ്ഞുകൊണ്ട് കോൺഗ്രസ്സിന് ഒറ്റയ്ക്ക് ഭരിക്കണമെന്നാണ് തീരുമാനം. പക്ഷേ അതിനുള്ള സാഹചര്യമുണ്ടായില്ല. ഐക്യമുന്നണിയും ജനാധിപത്യമുന്നണിയും ത്രിതല കക്ഷികളും ഒന്നിച്ച് ചേർന്ന് ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാനുള്ള ശ്രമത്തിലായിരുന്നു. ആ ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ സോണിയാഗാന്ധിയും കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വത്തിലെ പ്രമുഖരായവരും ചേർന്നുകൊണ്ട് അഞ്ചോ ആറോ മാസം വാജ്പേയി ഗവണ്മെന്റിനെ കെയർ ടേക്കറായി ഇരിക്കാൻ അനുവദിച്ചുകൂടെ എന്ന നിലപാടാണെടുത്തത്. അങ്ങനെ ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാനുള്ള സാദ്ധ്യത ഉയർന്നു വന്നപ്പോഴാണ് കേരളത്തിലെ പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിൽ പറഞ്ഞതായി ഡൽഹിയിലെയും കേരളത്തിലെയും പത്രങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടത്; ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കിക്കൊണ്ട് ഒരു ഗവണ്മെന്റുണ്ടാക്കാൻ കോൺഗ്രസ്സ് ശ്രമിച്ചാൽ ഞാൻ കേരളത്തിൽ പുതിയ പാർട്ടിയുണ്ടാക്കുമെന്ന്. ശ്രീ. എ.കെ. ആന്റണി കോൺഗ്രസിൽ നിന്നും രാജി വച്ച് പുതിയ പാർട്ടിയുണ്ടാക്കുമെന്ന് വർക്കിംഗ് കമ്മിറ്റിയിൽ പറഞ്ഞതായി ചില പത്രങ്ങൾ റിപ്പോർട്ടുചെയ്തു. അതു ആരെ സംരക്ഷിക്കാനാണ്. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കുന്നതിന് കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വം പിൻതുണയ്ക്കുന്ന സാഹചര്യം വന്നപ്പോൾ അതിനെ ശ്രീ. ആന്റണി നഖശിഖാന്തം എതിർത്തു. അല്ലെന്ന് ശ്രീ. കെ.സി. ജോസഫിനോ ശ്രീ. പി.പി. തങ്കച്ചനോ പറയാൻ കഴിയുമോ? അഞ്ചു മാസക്കാലം കൂടി ഈ രാജ്യത്ത് മതേതരത്വവും ജനാധിപത്യവും തകർത്തുകൊണ്ട് ഫാസിസം സ്ഥാപിക്കാൻ ആഗ്രഹിച്ചുകൊണ്ട് ഇൻഡ്യയെ ഒരു മതരാഷ്ട്രമാക്കിത്തീർക്കാൻ ശ്രമിച്ച വാജ്പേയിയെ താഴെയിറക്കാൻ ഏതവസരവും ഉപയോഗപ്പെടുത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ശ്രീ. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാൻ ശ്രമം നടന്നത്. ആ ശ്രമത്തെ പരാജയപ്പെടുത്തിക്കൊണ്ട് ബി.ജെ.പി. ക്ക് അഞ്ചു മാസക്കാലം കൂടി ഫാസിസ്റ്റ് ഭരണം നടത്താൻ അവസരം നൽകിയതിനു ഉത്തരവാദി നമ്മുടെ പ്രതിപക്ഷ നേതാവ് എ.കെ. ആന്റണിയും ആ നിരുത്തരവാദപരമായ സമീപനത്തിനു കൂട്ടുനിന്ന ചില കോൺഗ്രസുകാരുമാണെന്ന് ഞങ്ങൾ ആക്ഷേപിച്ചാൽ അതു നിഷേധിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഇൻഡ്യയിൽ മതേതര കക്ഷികളുടെ ഐക്യം ഉയർന്നുവരണം. ഞങ്ങളുടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര പത്രം "New Age" - അതിന്റെ 24-ാമത്തെ ലക്കം ജൂൺ 13-ാം തീയതി പുറത്തിറക്കിയിട്ടുണ്ട്. അതിൽ ഇപ്രകാരം പറയുന്നു. Defeat BJP and its Allies – The primary objective of the CPI in the September Lok Sabha elections will be to defeat BJP and its allies to protect the secular character of our country. എന്നു മാത്രമല്ല നാലു കാര്യങ്ങൾ അസന്ദിഗ്ദ്ധമായി നിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Having considered various aspects of the emerging complex political situation in the country, the party decided its primary objective in the forthcoming elections and the broad parameters of the party's electoral tactics.

(i) Defeat BJP and its allies to protect the secular character of our country, which is threatened and to fulfill the unfullfilled tasks of social justice.

(ii) Increase the representation of the CPI and other Left Parties.

(iii) Ensure the success of secular and democratic parties and forces.

(iv) Strive for building the Third Front in the country's politics so as to curb the emergence of a two-party system which both BJP and Congress desire.

The focus of these electoral objectives taken together, is both on the tasks to be pursued in the present election, and on the path to be followed for the emergence of stronger Left and secular forces as a Third Front in the National Political scene.

ഒരു മൂന്നാം മുന്നണിയ്ക്കുള്ള സാദ്ധ്യതയെപ്പറ്റി ശ്രീ. ആന്റണി പറഞ്ഞു. മൂന്നാം മുന്നണി ഉണ്ടാകാൻ പോകുന്നില്ല എന്നു പറഞ്ഞു. മൂന്നാം മുന്നണിയ്ക്കുള്ള സാദ്ധ്യതകൾ ഉയർന്നു വരുന്നു എന്നാണ് ഇവിടെ അല്പം മുൻപ് സംസാരിച്ച ശ്രീ. കുഞ്ഞാലിക്കുട്ടി ചൂണ്ടിക്കാണിച്ചത്. നമ്മുടെ രാജ്യത്ത് മതേതര കക്ഷികൾ ഒന്നിക്കണം. കോൺഗ്രസ്സിന് ഇപ്പോഴുമുള്ള ധാരണ ഭൂരിപക്ഷം കിട്ടുമെന്നാണ്. 1971-ൽ ഇൻഡ്യയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ച സ്ഥിതി ഇപ്പോഴും ലഭിക്കുമെന്നാണ് കോൺഗ്രസ് കരുതുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മഹാരാഷ്ട്രയിൽ 48-ൽ 33 സീറ്റു കിട്ടി. ഇപ്പോൾ അവിടെ ശരത് പവാർ കൊണ്ടുപോയി. അങ്ങനെ കുറച്ചുപേർ കോൺഗ്രസ്സിനെ വിട്ടുപോയി. പിന്നെ തെക്കോട്ടു വന്നാൽ നിങ്ങൾക്ക് എത്ര സീറ്റു കിട്ടും? കോൺഗ്രസ്സ് കഴിഞ്ഞ തവണ 149 സീറ്റ് നിലനിറുത്തി. ഇത്തവണ കോൺഗ്രസ്സിന് രക്ഷയില്ല. ബി.ജെ.പി. യേക്കാൾ ശത്രുതയോടുകൂടിയാണ് ഞങ്ങൾ കോൺഗ്രസ്സിനെ കാണുന്നത്. എങ്കിലും കോൺഗ്രസ്സ് തീരെ തകർന്നു പോകാൻ പാടില്ല. കോൺഗ്രസ്സ് ശരിയായതുകൊണ്ടല്ല ഈ രാജ്യത്ത് ഫാസിസം നടപ്പാക്കാൻ ശ്രമിക്കുന്ന ബി.ജെ.പി. യേക്കാൾ ഭേദം എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ കോൺഗ്രസ്സിനെ പിന്തുണയ്ക്കാൻ തീരുമാനിച്ചത്. ഒരു മൂന്നാം മുന്നണി എന്നുള്ളത് നാളത്തെ സങ്കല്പത്തിൽ നടപ്പാക്കാൻ കഴിയുന്നതല്ല. ഇൻഡ്യയിൽ മതേതരത്വത്തിൽ വിശ്വസിക്കുന്ന കക്ഷികൾ ഒന്നിച്ചു നിൽക്കണമെന്ന മുസ്ലീം ലീഗ് നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പ്രസ്താവനയെ സ്വാഗതം ചെയ്യുകയാണ്. മതേതര കക്ഷികൾ ഒന്നിക്കണമെന്ന ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ നിലപാട് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മതന്യൂനപക്ഷങ്ങളിൽ 20 ശതമാനം വരുന്ന ക്രിസ്ത്യാനികളെ ഒന്നാകെ ഈ രാജ്യത്ത് ചവുട്ടി പുറത്താക്കാൻ ശ്രമിക്കുന്ന ഒരു ഗവണ്മെന്റ് നിലനിൽക്കാൻ ഇടയാക്കിയ സാഹചര്യം സൃഷ്ടിച്ച് കോൺഗ്രസ്സിന്റെ കൂടെ നിൽക്കാൻ ഒരുപക്ഷെ ഗതികേട് കൊണ്ട് മാണിസാറിന് കഴിഞ്ഞേക്കാം. പക്ഷേ അദ്ദേഹത്തിന്റെ അനുയായികൾക്ക് അതിന് കഴിഞ്ഞെന്നു വരില്ല. മുസ്ലീംലീഗിന്റെ പ്രസ്താവന സ്വാഗതാർഹമാണ്. ഇൻഡ്യയിൽ മതേതരകക്ഷികളുടെ ഐക്യമുണ്ടാകണം. ഐക്യമുണ്ടാക്കുന്നതിൽ ഒരു പ്രധാനപങ്ക് വഹിക്കാൻ മുസ്ലീംലീഗിന് കഴിയും. ആ മതേതരകക്ഷികളുടെ ഐക്യത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഇന്ന് രാജ്യം നേരിടുന്ന ഈ പ്രതിസന്ധിയെ തരണംചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ കഴിയൂ. അതിന് അൽപ്പം സമയമെടുക്കും. ഇപ്പോൾ നമ്മുടെ രാജ്യത്ത് പ്രചരിപ്പിച്ചിരിക്കുന്നതെന്താണ്? ഒന്നുകിൽ ബി.ജെ.പി. അല്ലെങ്കിൽ കോൺഗ്രസ്. ഈ രണ്ടുകൂട്ടർക്കും ഈ രാജ്യത്തിലെ വിഷമത പരിഹരിക്കാൻ കഴിയുമോ? കഴിയുകയില്ലെന്നുള്ളതാണ് ഇടതുപക്ഷ മതേതര കക്ഷികളുടെ അഭിപ്രായം. കാരണം, പുത്തൻ സാമ്പത്തിക നയം, ഉദാര വൽക്കരണനയം ഇതിനെല്ലാം കോൺഗ്രസ് അംഗീകരിക്കുന്നു. പേറ്റന്റ് ബിൽ പാസ്സാക്കാൻ പാർലമെന്റിൽ ബി.ജെ.പി. യ്ക്ക് ഭൂരിപക്ഷം കിട്ടാൻ സാഹചര്യം വന്നപ്പോൾ കോൺഗ്രസുകാർ പറഞ്ഞു ഞങ്ങൾ പിന്തുണക്കാം. അതുപോലെ ഇൻഷ്വറൻസ് ബിൽ പാസ്സാക്കാൻ, ബി.ജെ.പി. ക്കും സഖ്യകക്ഷികൾക്കും ബിൽ അവതരിപ്പിച്ചാൽ പാസ്സാകുമെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ കോൺഗ്രസ് അതിനെ പിന്താങ്ങി. ഈ രാജ്യത്തിന്റെ അടിസ്ഥാന നയങ്ങൾ തകർക്കാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങളുമായി കൂട്ടുചേരുകയും തെരഞ്ഞെടുപ്പിൽ വോട്ടും സീറ്റും കിട്ടുമെന്ന് ബോദ്ധ്യപ്പെട്ടാൽ മതന്യൂനപക്ഷങ്ങളെ ചവിട്ടി താഴ്ത്താൻ മടി കാണിക്കാത്തതുമായ പാർട്ടിയാണ് കോൺഗ്രസ് എന്ന് ഞങ്ങൾ ആക്ഷേപിച്ചാൽ ഒരിക്കലും തെറ്റ് പറയാൻ കഴിയുകയില്ല.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ബഹുമാനപ്പെട്ട രാജു പറഞ്ഞു, രണ്ട് മുന്നണി മാത്രമേ ഈ നാട്ടിലുള്ളൂ, മൂന്നാം മുന്നണിയ്ക്ക് ഇപ്പോൾ പ്രസക്തിയില്ലെന്ന്. അങ്ങയുടെ കാഴ്ചപ്പാടിൽ രണ്ട് മുന്നണി ഏതാണ്? ഒന്ന് ബി.ജെ.പി. യും മറ്റൊന്ന് കോൺഗ്രസും കോൺഗ്രസിന്റെ സഖ്യ കക്ഷികളുമാണോ? അതാണ് രണ്ട് മുന്നണിയെങ്കിൽ ഈ രണ്ട് മുന്നണിയോടുള്ള അങ്ങയുടെ പാർട്ടിയുടെ സമീപനം എന്താണ്?

<u>ശ്രീ. പി. രാജു</u> : സർ, ഞാൻ അത് വ്യക്തമായി പറഞ്ഞു. കാരണം, ബി.ജെ.പി. യെ ഒരു ദിവസംപോലും അധികാരത്തിൽ തുടരാൻ അനുവദിച്ചുകൂടെന്നുള്ളതാണ് ചെന്നൈയിൽ ചേർന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 17-ാം പാർട്ടി കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയപ്രമേയം. അത് പാർട്ടി കോൺഗ്രസ് ആവർത്തിച്ച് പറഞ്ഞു. ബി.ജെ.പി. യോടുള്ള നിങ്ങളുടെ സമീപനമെന്താണ്? ബി.ജെ.പി. ഗവണ്മെന്റിനെ 5 മാസക്കാലം കെയർ ടേക്കർ ഗവണ്മെന്റായി അധികാരത്തിലിരുത്താൻ സാഹചര്യം വന്നപ്പോൾ എന്ത് നിലപാട് കോൺഗ്രസ് സ്വീകരിച്ചു? കോൺഗ്രസ് സ്വീകരിച്ചത്, ബഹുമാനപ്പെട്ട ആന്റണിയുടെ മനസ്സിൽ 1957 മുതൽ ഉറങ്ങിക്കിടക്കുന്ന അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഉയർത്തെഴുന്നേറ്റുകൊണ്ട് 5 മാസക്കാലം ഫാസിസ്റ്റ് ഭരണത്തെ അധികാരത്തിലിരുത്താൻ സഹായിച്ച സമീപനമാണ്. അതാണ് നിങ്ങൾ ചെയ്തത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കോൺഗ്രസും ബി.ജെ.പി. യും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണെന്ന്. രണ്ടുപേർക്കും ഒരേ നയമാണ്. ഇൻഡ്യാ രാജ്യത്തിലെ സാധാരണക്കാരുടെ, കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നിങ്ങൾക്ക് കഴിയാത്തതുകൊണ്ട് ഇന്ന് മൂന്നാം മുന്നണി എല്ലാ കക്ഷികളും ചേർന്നുകൊണ്ട് മതേതര കക്ഷികളുടെ ഐക്യമുണ്ടാക്കാൻ കഴിഞ്ഞില്ല. അതിന് നാളെ സാദ്ധ്യത ഉയർന്നുവരും. അതുണ്ടാകുമ്പോൾ ലീഗിന്റെ നിലപാട് തീർച്ചയായും സ്വാഗതാർഹമാണ്. മതേതരപ്രസ്ഥാനത്തെ ശക്തിപ്പെടുത്തണം. ആ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താൻ ലീഗ് മുന്നോട്ടുവരുമെന്ന് പ്രത്യാശിക്കുന്നു. ശ്രീ. മാണിയുടെ പാർട്ടിയും അദ്ദേഹത്തിന്റെ പുറകിലുണ്ടെന്നാണ് ആളുകൾ പറയുന്നത്. ഇല്ലെന്നാണ് ശ്രീ. ജേക്കബും ബാലകൃഷ്ണപിള്ളയുമെല്ലാം പറയുന്നത്. അങ്ങ

LIBRARY ARCHIVES Kerala Legislative Assembly

യുടെ നിലപാട് ഈ രാജ്യത്തിന്റെ മതേതരത്വത്തിന് അല്ലെങ്കിൽ ന്യൂനപക്ഷ സമുദായത്തിനെതിരാണ്. അതുകൊണ്ട് പുനർചിന്തനം നടത്താൻ നിർബന്ധിതരായി തീരേണ്ട സാഹചര്യമുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. വളരെ സന്ദിഗ്ധമായ അവസ്ഥയിൽ നടക്കുന്ന ഈ തെരഞ്ഞെടുപ്പ് പോരാട്ടത്തിൽ നിങ്ങൾക്ക് തീർച്ചയായും ഈ ഗവണ്മെന്റിനെ എതിർക്കേണ്ടിവരും. ഇന്നലെ വൈദ്യുതി ചാർജ് വർദ്ധനവിനെതിരായി പ്രതിപക്ഷം ശക്തമായി പ്രതിഷേധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവണ്മെന്റിന്റെ നിലപാട് വിശദീകരിച്ചു. വൈദ്യുതി രംഗത്ത് കേരളത്തിലെ ഗാർഹിക ഉപഭോക്താക്കളെ, കച്ചവടക്കാരെ, വ്യാപാരികളെ ഒരുവിധത്തിലും ദോഷകരമായി ബാധിക്കാൻ പാടില്ലെന്ന സമീപനമാണ് കേരളത്തിലെ ഗവണ്മെന്റിനുള്ളത്. അതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാർ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് പറയാനുള്ളത്, ഈ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിവ്യൂ ചെയ്യാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് മാത്രം കൊടുത്താൽ പോര, അത് ഗവണ്മെന്റ് ഏറ്റെടുക്കണം. ഇന്ന് ഗവണ്മെന്റ് തീരുമാനം ലംഘിക്കാൻ ഇലക്ട്രിസിറ്റി ബോർഡിലെ ചില തൽപ്പരകക്ഷികൾ ശ്രമിക്കുന്നുണ്ട്. അവരെ നിലയ്ക്ക് നിറുത്താനും സർക്കാരിന്റെ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കെതിരായി ജനദ്രോഹകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവരുടെമേൽ സത്വരനടപടി സ്വീകരിച്ചുകൊണ്ട് ഈ പ്രശ്നം റിവ്യൂ ചെയ്യുന്നതിനുവേണ്ടി ഗവണ്മെന്റ് ഇടപെടണമെന്ന അഭിപ്രായംകൂടി അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങുന്നു.

[1 P.M.]

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ബഹുമാനപ്പെട്ട രാജുവിന്റെ പ്രസംഗത്തിൽക്കൂടി പുറത്തു വന്നത് സുപ്രധാനമായ തെരഞ്ഞെടുപ്പ് നയത്തെ സംബന്ധിച്ചിടത്തോളം ഭരണകക്ഷിക്കകത്ത് അഭിപ്രായ ഭിന്നതയുണ്ടെന്നുള്ള വസ്തുതയാണ്. എന്റെ പ്രസംഗത്തിന്റെ അവസാനം ഞാൻ ഈ വിഷയത്തിലേയ്ക്ക് കടന്നുവരാം. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നുവെന്ന് പറഞ്ഞത് ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി വച്ചുകൊണ്ടാണ്. എക്കണോമിക് റിവ്യൂ വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നത് സാമ്പത്തിക വളർച്ചയിൽനിന്ന് നമ്മൾ പുറകോട്ടുപോയിയെന്നുള്ളതാണ്. പ്രതിശീർഷ വരുമാനത്തിൽനിന്നും നമ്മൾ പുറകോട്ടുപോയി. കഴിഞ്ഞ മാർച്ച് 18-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്നത് വർഷാരംഭ റൊക്ക ബാക്കി - 142 കോടി രൂപ, വർഷാന്ത്യ റൊക്ക ബാക്കി - 129 കോടി രൂപ. അതായത് 129 കോടി രൂപയാണ് വർഷാവസാന കമ്മിയായി പറഞ്ഞിരിക്കുന്നത്. ഇന്ന് എന്താണ് സ്ഥിതി? ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് മൂന്ന് മാസമേ ആയിട്ടുള്ളൂ. മൂന്ന് മാസമായപ്പോൾ ബഡ്ജറ്റിനകത്തെ കള്ളി പുറത്തുവന്നിരിക്കുന്നു. അത് സ്ഥാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞു, ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലെ കമ്മി മനഃപൂർവ്വം മറച്ചുവച്ചിരിക്കുന്നുവെന്ന്. ഇവിടത്തെ സാമ്പത്തികസ്ഥിതിയുടെ യഥാർത്ഥമായ ചിത്രം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽനിന്ന് ഒളിച്ചുവച്ചിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞു. ഇപ്പോൾ അത് ശരിയാണെന്ന് തെളിഞ്ഞിരിക്കുന്നു. കോൺട്രാക്ടർമാരുടെ കുടിശ്ശികയെ സംബന്ധിച്ചിടത്തോളം ഹൈക്കോടതിയിൽ ഒരു കേസ് വന്നു. കോൺട്രാക്ടർമാരുടെ അസോസിയേഷൻ സെക്രട്ടറിയുടെ പ്രസ്താവനയിൽനിന്ന് വളരെ വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

മായി നമുക്ക് മനസ്സിലാക്കാൻ കഴിയും. 600 കോടി രൂപയുടെ ബില്ലുകൾ കോൺട്രാക്ടേഴ്സിന് മാറി കൊടുക്കാനുണ്ടെന്നും ആ കുടിശ്ശിക മുഴുവൻ രണ്ടു വർഷക്കാലം കൊണ്ട് ഘട്ടം ഘട്ടമായി കൊടുത്തുതീർക്കാമെന്ന് ചീഫ് സെക്രട്ടറി സത്യവാങ്മൂലത്തിൽ കോടതിയിൽ ബോധിപ്പിക്കുകയുണ്ടായെന്നും ആ ഉറപ്പ് ഗവണ്മെന്റ് ലംഘിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് കോൺട്രാക്ടർമാർ സമരമാരംഭിച്ചത്. അവസാനം കോൺട്രാക്ടേഴ്സിന്റെ സമരം അവസാനിപ്പിച്ചു. അത് നല്ല കാര്യമാണ്. കോൺട്രാക്ടേഴ്സിന്റെ കുടിശ്ശിക ബില്ലിലുള്ള 600 കോടി രൂപയിൽ 160 കോടി രൂപ ഉടൻ അവർക്ക് കൊടുക്കാമെന്നുള്ള ഉറപ്പ് നൽകിക്കൊണ്ടാണ് കോൺട്രാക്ടേഴ്സിന്റെ സമരം അവസാനിപ്പിച്ചത്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്; നിങ്ങൾ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ വിഭാവന ചെയ്ത കമ്മിയെക്കാൾ 160 കോടി രൂപ ഇപ്പോൾ മൂന്ന് മാസം കഴിഞ്ഞപ്പോൾ കമ്മിറ്റഡ് ആയിയെങ്കിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി എവിടെ ചെന്ന് നിൽക്കുന്നു? ഭയാനകമാണ്. വാസ്തവത്തിൽ അത് ഒളിച്ചു വച്ചിരിക്കുന്നു. എനിക്ക് ഗുരുതരമായി ആരോപിക്കാനുള്ളത്, ധനകാര്യ വകുപ്പുമന്ത്രി മനഃപൂർവ്വം വസ്തുനിഷ്ഠമായ കാര്യങ്ങൾ ഈ സഭയിൽ നിന്നും ഒളിച്ചുവച്ചിരിക്കുന്നുവെന്നുള്ളതാണ്. കൂടാതെ നമ്മുടെ ധനസ്ഥിതി ഇപ്പോൾ വളരെ മോശമാണ്. ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലോണെടുത്താണ് ഇപ്പോൾ ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അവിടെനിന്ന് 272 കോടി രൂപ ഈ സർക്കാർ വായ്പയെടുത്തിരിക്കുന്നു. ഞാൻ പത്രത്തിൽ വായിച്ചതാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അത് നിഷേധിക്കുകയുണ്ടായില്ല. നിഷേധിക്കുന്നുവെങ്കിൽ നിഷേധിക്കട്ടെ. ഇടുക്കി ജില്ലാ ബാങ്കിൽ നിന്നും 125 കോടി രൂപയും പത്തനംതിട്ട ജില്ലാബാങ്കിൽനിന്നും 27 കോടി രൂപയും പാലക്കാട് ജില്ലാ ബാങ്കിൽനിന്നും 100 കോടി രൂപയും, കോഴിക്കോട് ജില്ലാ ബാങ്കിൽ നിന്ന് 20 കോടിയുമുൾപ്പെടെ 278 കോടി രൂപ സംസ്ഥാന ഗവണ്മെന്റ് കടമെടുക്കുകയുണ്ടായി. അത് വളരെ ഗുരുതരമായ ഒരു കാര്യമാണ്. 15 ശതമാനം പലിശയാണ്. ഇങ്ങനെയൊരവസ്ഥ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഇല്ല. കഴിഞ്ഞ വർഷം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒരു കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചു; ഓവർഡ്രാഫ്റ്റ് ഒഴിവാക്കാൻവേണ്ടി. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡെപ്പോസിറ്റും ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡെപ്പോസിറ്റും സംസ്ഥാനത്തിലെ ജനങ്ങളുടെ ഡെപ്പോസിറ്റുമില്ലെങ്കിൽ ഈ ഗവണ്മെന്റിന് നിലനിൽക്കാൻ കഴിയുമോ? വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് 112 കോടി രൂപയിൽ നിന്നും 155 കോടി രൂപയായി കേന്ദ്രഗവണ്മെന്റ് വർദ്ധിപ്പിച്ചുകൊടുത്തു. നായനാർ ഗവണ്മെന്റിന് കിട്ടിയ ആശ്വാസമാണ്. എന്നിട്ടും നിങ്ങൾക്ക് ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നു. വെയ്സ് ആന്റ് മീൻസ് എടുക്കരുതെന്നൊന്നും ഞാൻ പറയുന്നില്ല. പഴയ ധനകാര്യമന്ത്രിയെന്നുള്ള നിലയിൽ വെയ്സ് ആന്റ് മീൻസ് എടുക്കരുതെന്ന് ഞാൻ പറയുകയില്ല. പക്ഷെ വെയ്സ് ആന്റ് മീൻസ് എടുത്തത് എത്ര പ്രാവശ്യം. 91 പ്രാവശ്യം. കഴിഞ്ഞ വർഷം 91 പ്രാവശ്യം നിങ്ങൾ വെയ്സ് ആന്റ് മീൻസിൽ ചാടി. 8 പ്രാവശ്യം ഓവർ ഡ്രാഫ്റ്റ് എടുത്തു. ഇത് എടുക്കരുതെന്ന് ഞാൻ പറയുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എവിടെ നിൽക്കുന്നുവെന്നുള്ളതിന്റെ ചിത്രമാണ്. ഇവിടെ കാലത്തു പറഞ്ഞതുപോലെ എംബ്രാൻ അൽപ്പം കട്ട് ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും. ധനകാര്യ വകുപ്പ് ഡിസിപ്ലിൻ പാലിക്കുന്നില്ലെങ്കിൽ സംസ്ഥാനത്തെ മറ്റ് ഡിപ്പാർട്ടുമെന്റുകളും സാമ്പത്തിക അച്ചടക്കം പാലിക്കുകയില്ല. കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ അടുത്ത കാലത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കുലർ ഇറക്കുകയുണ്ടായി. എന്താണ് സർ, ആ സർക്കുലർ? സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ രൂപീകൃതമായ സഹകരണ അക്കാഡമിക് സഹകരണബാങ്കുകൾ 14 കോടി രൂപ സംഭാവന കൊടുക്കാൻ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ ഒരു സർക്കുലർ അയച്ചു. നിയമപരമായ ഒരു സർക്കുലർ ആണോ? നിയമപരമായ സർക്കുലർ അല്ല. അവർക്ക് അതിനുള്ള അവകാശമില്ല. കൊച്ചിയിൽ സഹകരണ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ, കണ്ണൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലാ ബാങ്കുകൾ 75 ലക്ഷം രൂപ വച്ചും മറ്റ് ബാങ്കുകൾ 50 ലക്ഷം രൂപ വച്ചും കൊടുക്കണമെന്നാണ് സർക്കുലർ. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒരു കോടി രൂപ കൊടുത്തു. മുൻവർഷത്തിന്റെ ലാഭത്തിന്റെ ശതമാനമോ അല്ലെങ്കിൽ 10,000 രൂപയോ ഇതിൽ ഏതാണ് കുറവ് അത്രയേ സംഭാവന ചെയ്യാൻ നിയമമുള്ളു. അങ്ങനെയിരിക്കെ ഇത്രയും വമ്പിച്ച ഒരു തുക സഹകരണ മെഡിക്കൽ കോളേജിനു വേണ്ടി സംഭാവന ചെയ്യുകയാണ്. ഇക്വിറ്റിയല്ല. ഷെയർ ആണെങ്കിൽ മനസ്സിലാക്കാം. സംഭാവന നൽകണമെന്നുള്ള സർക്കുലർ നിങ്ങൾ അറിഞ്ഞ് കൊടുത്തതല്ലേ? ധനകാര്യ വകുപ്പ് അറിഞ്ഞ് കൊടുത്തതല്ലേ? അപ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കാത്ത ധനകാര്യവകുപ്പ് ഈ സംസ്ഥാനത്തെ മറ്റ് ഡിപ്പാർട്ടുമെന്റുകളെ മുഴുവൻ സാമ്പത്തിക അച്ചടക്കമില്ലായ്മയിലേക്ക് നയിച്ചു എന്നു പറഞ്ഞാൽ അത് മുഴുവൻ ശരിയല്ലേ? ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി വിദ്യാഭ്യാസ കച്ചവടത്തിനിറങ്ങിയിരിക്കുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സഹകരണ ആശുപത്രികളല്ല സഹകരണ മെഡിക്കൽ കോളേജ് സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസ കച്ചവട രംഗത്തേയ്ക്ക് ഇറങ്ങുന്ന നഗ്നമായ ഒരു ചിത്രമാണ് ഇവിടെ കാണുന്നത്. ഇങ്ങനെ ഈ സംസ്ഥാനത്തെ സമ്പത്ത് കുത്തിച്ചോരുവാൻ അനുവദിച്ചു കൂടാ. സംസ്ഥാനത്തിന്റെ സമ്പത്ത് കുത്തിച്ചോർത്തിക്കൊണ്ട് മാർക്സിസ്റ്റ് പാർട്ടി അവരുടെ സ്വാധീനമേഖലകൾ ഇവിടെ വ്യാപകമായി വികസിപ്പിക്കുന്നുവെങ്കിൽ അതിനെ എന്തു വില കൊടുത്തും എതിർത്തേ മതിയാകൂ. നബാർഡ് വിലക്കിയിരിക്കുന്നു. റിസർവ് ബാങ്കിന്റെ ഓർഗനാണ് നബാർഡ്. ഇവിടത്തെ കാർഷിക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ചുമതല വഹിക്കുന്ന ഇൻഡ്യയുടെ ധനകാര്യ സ്ഥാപനമായ നബാർഡ് കേരള ഗവണ്മെന്റ് ചെയ്തത് തെറ്റായിപ്പോയിയെന്നു പറഞ്ഞാൽ നിങ്ങൾക്ക് ലജ്ജയില്ലേയെന്നു ഞാൻ ചോദിക്കുകയാണ്. അതാണ് നമ്മുടെ സാമ്പത്തിക അച്ചടക്കം.

അതുപോലെതന്നെ കാലവർഷക്കെടുതി, ബഹുമാനപ്പെട്ട ഇസ്മയിൽ, ഇന്നലെ നിങ്ങൾ ശ്രീ. കണാരന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായിട്ട് പറഞ്ഞത്, 1209 ഗ്രാമങ്ങളെ കാലവർഷക്കെടുതി ബാധിച്ചു എന്നാണ്. കഴിഞ്ഞ 25 വർഷത്തിനകത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ മഴയുടെ അളവ് നോക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ മഴയുണ്ടായ ഒരു കാലഘട്ടമാണിത്. വമ്പിച്ച കാർഷികക്കെടുതികളുണ്ടായി. നമ്മുടെ റോഡുകൾക്ക് മുഴുവൻ കോടിക്കണക്കിന് രൂപ ചെലവഴിച്ചാൽപ്പോലും നന്നാക്കാൻ പറ്റാത്ത രീതിയിൽ വലിയ കേടുപാടുകൾ ഉണ്ടായി. മിനഞ്ഞാന്ന്, ഞായറാഴ്ച കളക്ടേഴ്സ് കോൺഫറൻസുകൂടി ഞങ്ങളുടെ കാലത്തൊന്നും കളക്ടേഴ്സ് കോൺഫറൻസ് കൂടാറില്ല. ശ്രീ. ജോസഫ് അവിടെ ഉണ്ടോയെന്ന് എനിക്ക് അറിഞ്ഞു കൂടാ. ഞായറാഴ്ച കളക്ടേഴ്സ് കോൺഫറൻസ് കൂടി ആ കളക്ടേഴ്സ് കോൺഫറൻസ് കഴിഞ്ഞ് ശ്രീ. ഇസ്മയിൽ പുറത്തു വിട്ടിരിക്കുന്ന സ്റ്റേറ്റ്മെന്റ് എന്താണെന്ന് അറിയാമോ? Sir, I am reading Indian Express, dated 21..6..1999. "Revenue Minister Shri. K.E. Ismail said that the Government would, after going through

LIBRARY ARCHIVES Kerala Legislative Assembly

reports by District Collectors, shortly take a decision on whether to seek Central Assistance for flood relief"'. കേന്ദ്ര സഹായം ചോദിക്കണമോ വേണ്ടയോയെന്നുള്ളത് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് കിട്ടി ഞങ്ങൾ പഠനം നടത്തിയ ശേഷം ആകാം. ലിറ്ററൽ ആയിട്ടു പറഞ്ഞാൽ ശരിയാണ്. അവരുടെ റിപ്പോർട്ട് കിട്ടാതെ പറ്റുകയില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞായറാഴ്ച കളക്ടേഴ്സ് കോൺഫറൻസ് വിളിക്കാൻ ഇടയായത്, അതിന് തൊട്ട് തലേ ദിവസം തന്നെ ക്യാബിനറ്റ് കൂടി ഞങ്ങൾ ഈ പ്രശ്നം ചർച്ചചെയ്യുകയും 15 ദിവസമായി തുടർച്ചയായി 5 ജില്ലകളിൽ അതിവർഷം ഉണ്ടായ സാഹചര്യത്തിൽ, ഏതെല്ലാം പ്രദേശങ്ങളിൽ സൗജന്യറേഷൻ കൊടുക്കണമെന്നുള്ളതിന്റെ വിശദാംശങ്ങളുമായി ഉടൻ വരണം എന്ന അടിസ്ഥാനത്തിലാണ്. കേന്ദ്രഗവണ്മെന്റിന്റെ സഹായം ആവശ്യപ്പെടേണ്ടതായ ഒരവസ്ഥ ഇത് കേരളത്തിലില്ല. 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് വർഷാവർഷങ്ങളിൽ ഇവിടെ കിട്ടുന്ന പൈസ, ഈ വർഷം നമ്മുടെ കൈയിലുള്ളത്, ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ഏതാവശ്യം വന്നാലും അതിന് ചെലവാക്കുന്നതിന് സംസ്ഥാന ഗവണ്മെന്റിന്റെ കൈയിൽ പണം ഉണ്ട്, ഞങ്ങൾ സമയാസമയം അത് ചെയ്യുന്നുമുണ്ട്. ഒരു പ്രദേശത്തും ഒരു ആക്ഷേപവും ഇന്നുവരെ ഉണ്ടായിട്ടില്ല. പ്രതിപക്ഷത്തിന്റെ പോലും ഉണ്ടായിട്ടില്ല.

ശ്രീ. കെ.എം. മാണി : എന്റെ വാദത്തെ നേരിടാൻ വേണ്ടിയാണ് പറഞ്ഞതെങ്കിലും അങ്ങ് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യത്തെ ബലികൊടുത്തു. കേന്ദ്രഗവണ്മെന്റ് നമുക്ക് അനുവദിക്കുന്ന കലാമിറ്റീസ് റിലീഫ് ഫണ്ടിന്റെ കോർപ്പസ് 65 കോടി രൂപയാണ്. ഞാൻ മുഖ്യമന്ത്രിയോടു പറയുന്നു, അങ്ങ് അന്വേഷണം വയ്ക്കണം. കേരളത്തിൽ 65 കോടി രൂപയേക്കാൾ കൂടുതൽ തുകയ്ക്കുള്ള നാശനഷ്ടങ്ങൾ കാലവർഷം കൊണ്ട് ഉണ്ടായി. കോടികളുടെ നഷ്ടം, റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കണക്കുപോലും 65 കോടി രൂപയ്ക്കു മുകളിലാണ്. നിങ്ങൾ ഇപ്പോൾ കണക്കാക്കിയിരിക്കുന്നത് 90 കോടിയോളം രൂപയുടെ നാശനഷ്ടമാണ്. അപ്പോൾ 65 കോടി രൂപ കലാമിറ്റീസ് റിലീഫ് ഫണ്ട് കോർപ്പസിന്റെ മുകളിൽ ഈ സംസ്ഥാനത്ത് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് ഇപ്പോൾ നഷ്ടമൊന്നുമില്ല എന്ന് നിങ്ങൾ പറയുന്ന ആ നയത്തോട് എനിക്ക് യോജിപ്പില്ല. കഴിഞ്ഞ വർഷവും ഇതായിരുന്നു സ്ഥിതി. ശ്രീ. എ.കെ. ആന്റണി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കാണേണ്ടി വന്നു. ആദ്യം 50 കോടി രൂപ കിട്ടണം. ഞാൻ ഇത് പറഞ്ഞത്, നിങ്ങൾ കാണിക്കുന്ന ഈ അനവധാനത, ഈ നിയമസഭ കൂടുന്നതിന്റെ തലേദിവസമാണ് നിങ്ങൾ കളക്ടേഴ്സ് കോൺഫറൻസ് വച്ചിരിക്കുന്നത്. നിയമസഭ കൂടുന്നതിന്റെ തലേദിവസമായ ഞായറാഴ്ച കളക്ടേഴ്സ് കോൺഫറൻസ് കാലവർഷക്കെടുതി തുടങ്ങിയിട്ട് രണ്ടാഴ്ചയായി. ആളുകൾ മരിച്ചു വീണു. മഴ തുടങ്ങിയിട്ട് ഒരു മാസമായി. അത് വളരെ രൂക്ഷമായിട്ട് രണ്ട് ആഴ്ചയായിട്ടും കളക്ടേഴ്സ് കോൺഫറൻസ് നിയമസഭ ചേരുന്നതിന്റെ തലേ ദിവസം വിളിക്കുക, ഞായറാഴ്ച വിളിക്കുക, നിങ്ങൾ കേന്ദ്ര ഗവണ്മെന്റിനോട് രൂപ ചോദിക്കാതിരിക്കുക, വേണമോ വേണ്ടയോയെന്നുള്ളതിനെപ്പറ്റി പഠിക്കും. അപ്പോൾ അതിന്റെ അർത്ഥം എന്താണ് സർ? നിങ്ങൾക്ക് എല്ലാ ദിവസവും ടി.പി. മെസ്സേജ് കളക്ടർമാരിൽനിന്നും കിട്ടുന്നുണ്ട്. ഒന്നുകിൽ കളക്ടർമാർ നിങ്ങൾക്ക് യഥാർത്ഥ വിവരം നൽകിയില്ല. അല്ലെങ്കിൽ ഓരോ ദിവസവും നിങ്ങൾക്ക് കിട്ടിയിരുന്ന ടി.പി. മെസ്സേജിലെ വസ്തുതകൾ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പഠിച്ചില്ല. ഏതായാലും കേരളത്തിന്റെ അവകാശംപോലും യഥാസമയം ചോദിച്ചുവാങ്ങാൻ കഴിയാത്ത ഒരു ഗവണ്മെന്റ് ഇവിടെ ഭരിക്കുന്നുവെന്നുള്ളത് ലജ്ജാകരമായ ഒരു കാര്യമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ ശ്രീ. കരുണാകരന്റെ കാലത്ത് 150 കോടി രൂപ അങ്ങ് ധനകാര്യമന്ത്രിയായിരുന്നപ്പോൾ വാങ്ങിയത് ബഹുമാനപ്പെട്ട ഇസ്മയിലിന് അറിയില്ല. ശ്രീ. ചതുരാനന്ദമിശ്ര, സ്വന്തം പാർട്ടിക്കാരൻ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടും ബഹുമാനപ്പെട്ട ഇസ്മയിലും, ശ്രീ. നായനാരും പോയിട്ട് അരക്കാശ് കിട്ടാതെ മടങ്ങി. എന്നാൽ രണ്ടായിരത്തിൽ ചിലാനം കോടി രൂപ ആന്ധ്രായ്ക്ക് കൊടുത്തത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ.എം. മാണി : എന്റെ പൊന്ന് ആര്യാടാ ഇതൊക്കെ പറയാൻ പോയാൽ സമയം എത്രയെടുക്കും? ഇതൊക്കെ വസ്തുതയല്ലേ? അതുകൊണ്ട് ബഹുമാനപ്പെട്ട ഇസ്മയിൽ, ഞാൻ അവിടെ നിർത്തുകയാണ്. ഇവിടത്തെ കൃഷിക്കാർ സാമ്പത്തിക തകർച്ചയിലാണ്. രാവിലെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രസ്താവന "ഞങ്ങളുടെ നടപടിയുടെ ഫലമായി, റബ്കോ എടുത്ത ഫലപ്രദമായ നടപടിയുടെ ഫലമായി റബ്ബറിന്റെ വില അൽപ്പം ഉയർന്നിട്ടുണ്ട്". ബഹുമാനപ്പെട്ട ഇസ്മയിൽ റബ്ബറിന്റെ വില അൽപ്പം കൂടിയത് ഓഫ് സീസൺ ആയതുകൊണ്ടാണ്. അല്ലാതെ നിങ്ങളുടെ ഇടപെടൽ കൊണ്ടല്ല. റബ്ബർകൃഷിക്കാരൻ വിഷമിക്കണ്ട, ഞങ്ങൾ സിങ്കപ്പൂരിൽ കയറ്റുമതി ചെയ്യും. ചൈനയിൽ കയറ്റുമതി ചെയ്യും. ശ്രീ. കൃഷ്ണൻകണിയാംപറമ്പിലിന്റെ പ്രസ്താവനകളെല്ലാം ഫലപുഷ്ടമായെങ്കിൽ, എവിടെപോയി സിങ്കപ്പൂർ കയറ്റുമതി; ചൈന കയറ്റുമതി എവിടെപ്പോയി? റബ്ബർകൃഷിക്കാരെ വഞ്ചിച്ചു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്)

സർ, കുട്ടനാട്ടിൽ ചെന്ന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പ്രസംഗിച്ചു 50,000 ടൺ നെല്ല് കിന്റലിന് 725 രൂപാ വച്ച് വാങ്ങുമെന്ന്. 725 രൂപയ്ക്ക് വാങ്ങിയോ? വെയർ ഹൗസിംഗ് കോർപ്പറേഷൻ വാങ്ങിയത് 650 രൂപയ്ക്കാണ്. അതും ആയിരം ടൺ മാത്രം. ഒരു മന്ത്രി കുട്ടനാട്ടിൽ ചെന്ന് 725 രൂപയ്ക്ക് നെല്ല് വാങ്ങുമെന്ന് പറയുകയും 650 രൂപയ്ക്ക് വാങ്ങുകയും ചെയ്യുക. എന്തിനാണ് ഇങ്ങനെ പ്രസ്താവന? അതുകൊണ്ട്, സംസ്ഥാനത്തെ കൃഷിക്കാരുടെ ബുദ്ധിമുട്ടിലേക്ക് ഞാൻ കൂടുതൽ കടക്കുന്നില്ല. ഇന്ന് കൃഷിക്കാർ വളരെ വിഷമത്തിലാണ്. അതുപോലെതന്നെ തൊഴിലാളികളും കഷ്ടതയിലാണ്. തൊഴിലാളികളെപ്പറ്റി ഞാനൊരു കാര്യം പറയട്ടെ. നിങ്ങളുടെ കയ്യിൽനിന്ന് തൊഴിലാളികളൊക്കെ പോവുകയാണ്. ട്രേഡ് യൂണിയനിൽനിന്ന് നിങ്ങളുടെ തൊഴിലാളികൾ ബി.എം.എസ്-ലേയ്ക്ക് - ബി.ജെ.പി. യുടെ യൂണിയനിലേക്കാണ് ഇപ്പോൾ പോകുന്നത്. നിങ്ങളുടെ യൂണിയനിൽനിന്ന് ആളുകൾ പോകുന്നു. ഇത് നിങ്ങൾ കാണുന്നില്ലെന്നുപറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. നിങ്ങൾ ഇത് കാണണം. നിങ്ങൾ എവിടെ നിൽക്കുന്നുവെന്ന് നിങ്ങൾ കാണണം. അതാണ് എനിക്ക് പറയാനുള്ളത്. എൽ.ഡി.എഫ്. ന്റെ കൂട്ടായ്മ നഷ്ടപ്പെട്ടില്ലേ? ഞാൻ ശ്രീ. സത്യൻ മൊകേരിയോട് ചോദിക്കുകയാണ് ഇന്ന് സംസ്ഥാനത്ത് എ.ഐ.എസ്.എഫ്. എന്ന വിദ്യാർത്ഥിസംഘടന ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസനയത്തിനെതിരെ ഡി.പി.ഇ.പി. ക്ക് എതിരെ സ്വാശ്രയ കോളേജിനെതിരെ പഠിപ്പുമുടക്കുകയാണ്. നിങ്ങളുടെ കൂട്ടായ്മ നഷ്ടപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : സർ, ബഹുമാന്യനായ ജേക്കബിന്റെ ഒരു ഭാഗം കടിച്ചുതിന്നിട്ട് കൂട്ടായ്മ എന്ന് നിങ്ങൾ പറയരുത്. എ.ഐ.എസ്.എഫ്. ചെയ്യുന്നത്, പൊതുജനസംഘടന എന്നുള്ള നിലയ്ക്ക് അവർക്ക് ചില വിമർശനങ്ങളുണ്ട്. അതവർ ഉന്നയിക്കുന്നു. അതിൽ തെറ്റൊന്നുമില്ല.

ശ്രീ. കെ.എം. മാണി : മാർക്സിസ്റ്റു പാർട്ടി നിങ്ങളെ കടിച്ചു ചീന്തുന്നതുപോലെ ഞങ്ങൾക്ക് ഇവിടെ ഒരു വഴക്കുമില്ല. നിങ്ങൾക്ക് തോന്നുന്നതാണ്. ഞാനും ജേക്കബുമായി വല്ല വഴക്കുമുണ്ടോ? നിങ്ങൾക്ക് വെറുതെ തോന്നുന്നതല്ലാതെ ഒരു വഴക്കുമില്ല. ഞാനൊരു കാര്യം പറയട്ടെ, ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ അവിടെയുണ്ടോ? അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തോന്നിയത് ബി.ജെ.പി. യെ കേന്ദ്രത്തിൽ അധികാരത്തിൽ വരുത്തിയത് കോൺഗ്രസ്സാണ് എന്നാണ്. ഇങ്ങനെ ആരും പ്രസംഗിച്ചു കേട്ടിട്ടില്ല. ബി.ജെ.പി. യെ വളർത്തിയത് നിങ്ങളാണെന്ന് മാത്രമല്ല, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ അനുവർത്തിച്ച സമദൂര സിദ്ധാന്തമാണ് ബി.ജെ.പി.യും കോൺഗ്രസ്സും തുല്യ ശത്രുക്കളാണെന്ന് പ്രഖ്യാപിച്ച് നിങ്ങൾ എടുത്ത നയം മൂലമാണ് ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരാനിടയായതെന്ന് ശ്രീ. ആനത്തലവട്ടം ആനന്ദനോട് ഞാൻ വളരെ വിനയത്തോടുകൂടി പറയട്ടെ. നിങ്ങൾക്ക് കൺസിസ്റ്റന്റായ ഒരു നയമുണ്ടോ? ഇല്ല. വാജ്പേയ് ഗവൺമെന്റ് നിലംപതിച്ചപ്പോൾ ശ്രീ. സുർജിത്സിംഗ് പറഞ്ഞു. കേന്ദ്രത്തിൽ ഉറപ്പുള്ള ഗവൺമെന്റുണ്ടാക്കാൻ ശ്രീമതി സോണിയാഗാന്ധിക്കേ കഴിയൂ എന്ന്. ശ്രീ. നായനാർ ഉടനെ പറഞ്ഞു ശ്രീമതി സോണിയാഗാന്ധി ഇറ്റലിക്കാരിയായതുകൊണ്ട് എന്താണ് കുഴപ്പം? ഇന്ത്യയിൽ പ്രധാനമന്ത്രി ആകാൻ യോഗ്യതയുള്ളത് ശ്രീമതി സോണിയാഗാന്ധിക്കാണ്, കേരളത്തിനും അത് ഗുണമാണെന്ന്. ഇത് പറഞ്ഞ് 24 മണിക്കൂർ ആ നയം നിന്നില്ല. പാർലമെന്റ് പിരിച്ചുവിട്ടു കഴിഞ്ഞപ്പോൾ നയം മാറി. ഉടനെ പറയുന്നത് മൂന്നാംമുന്നണി. പത്തുമണിക്കൂർ കഴിഞ്ഞപ്പോൾ പറഞ്ഞു സമദൂരസിദ്ധാന്തം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനു മുൻകൈയെടുത്ത ബി.ജെ.പി.യെ അധികാരത്തിൽ കയറ്റാൻ ഇട നൽകിയ സമദൂര സിദ്ധാന്തം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നു കേൾക്കണം. ഞാൻ പറയുന്നതിൽ വല്ല തെറ്റുമുണ്ടെങ്കിൽ പറയണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : മാണി പറയുന്നത് മുഴുവൻ ശരിയാണ്. ഒരു തെറ്റുമില്ല.

ശ്രീ. കെ.എം. മാണി ; അവസാനം സമദൂര സിദ്ധാന്തം. എന്നിട്ട് ഇപ്പോൾ ദേശീയ പോളിറ്റ് ബ്യൂറോ പറഞ്ഞിരിക്കുന്നു മുഖ്യശത്രു ബി.ജെ.പി. മാത്രമാണ്; മുഖ്യശത്രു കോൺഗ്രസ്സല്ല. ആ നയം സ്വീകരിക്കണമെന്ന് ദേശീയ സമിതി പറഞ്ഞപ്പോൾ ശ്രീ. നായനാർക്കുവേണ്ടി ശ്രീ. ആനത്തലവട്ടം ആനന്ദൻ പുറകിൽനിന്നുപറയുകയാണ് കോൺഗ്രസ്സിനോട് പറയുകയാണ്; ശ്രീ. ആന്റണി, നിങ്ങളെ ശരിപ്പെടുത്തിത്തരാം. എനിക്കൊരു പത്രറിപ്പോർട്ട് വായിക്കാനുണ്ട്. 19.6.1999 ശനി. മനോരമ പത്രം. "അവസരവാദമെങ്കിലും നോട്ടം സീറ്റു മാത്രം - നായനാർ." "അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് സ്വാധീനമില്ലാത്ത സംസ്ഥാനങ്ങളിൽ രണ്ടോ മൂന്നോ സീറ്റു കിട്ടുമോ എന്നാണ് സി.പി.എം. നോക്കുന്നതെന്നും ഇക്കാര്യത്തിൽ എല്ലാ പാർട്ടികളും അവസരവാദപരമായ നയമാണ് സ്വീകരിക്കുന്നതെന്നും മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ" അവസരവാദത്തിന്റെ കാര്യത്തിൽ ആരും പിന്നിലല്ല. അവസരവാദപരമായ നിലപാടെടുക്കുന്ന രാഷ്ട്രീയക്കാരെ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ശിക്ഷിക്കില്ലേ എന്ന ചോദ്യത്തിന് 'അത് ജനങ്ങളോട് ചോദിക്കണമെന്നായി' ശ്രീ. നായനാർ. മുഖ്യമന്ത്രിക്കുപോലും ചിരി വരുന്നു. അദ്ദേഹം പറഞ്ഞത് എന്തൊക്കെയാണ്? ഓരോ സംസ്ഥാനത്തും ഓരോ നയമാണ്. തമിഴ്നാട്ടിൽ ശ്രീമതി ജയലളിതയുമായാണ് ഞങ്ങൾ ധാരണ ഉണ്ടാക്കുന്നത്. ഇതിനിടയിൽ മൂന്നാം മുന്നണിക്ക് ഞങ്ങൾ ശ്രമിക്കും. ചിലപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞാകും അത് സാധിക്കുക. ഇപ്പോഴത്തെ അവസ്ഥയിൽ ദേശീയതലത്തിൽ സാധ്യത ഒന്നുമില്ല. മൂന്നു സംസ്ഥാനങ്ങളിൽ ഞങ്ങൾ കോൺഗ്രസ്സിനെ എതിർക്കും. രണ്ടു വള്ളത്തിൽ കാല് ചവിട്ടുകയാണ്. ശ്രീ. പവാറിന്റെ വള്ളത്തിൽ ഒരു കാല്. കോൺഗ്രസ്സിന്റെ വള്ളത്തിൽ ഒരു കാല്. വല്ലതെങ്ങാനും പിഴച്ച് മൂന്നാംമുന്നണി വന്നാൽ. ശ്രീ. രാജു ഇവിടെ പറഞ്ഞല്ലോ മൂന്നാംമുന്നണി വരുമെന്ന്, നമുക്ക് അവിടെ വരാം. കോൺഗ്രസ്സാണ് വരുന്നതെങ്കിൽ നമുക്ക് അവിടെ വരാം. ഈ ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നത്. രണ്ടു വള്ളത്തിൽ കാല് ചവിട്ടിയാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നു, കാല് തെറ്റി നടുക്കയത്തിൽ നിങ്ങൾ മുങ്ങും. അതുകൊണ്ട് ബി. ജെ.പി. കേന്ദ്രത്തിൽ അധികാരത്തിൽ വരാതിരിക്കണമെങ്കിൽ ഇരട്ടത്താപ്പു നയം മാറ്റിവച്ചുകൊണ്ട് കേരളത്തിലെ, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കൺസിസ്റ്റന്റായ ഒരു നയം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകണം. അതിനനുസരിച്ച് അണികളെ നിങ്ങൾ പരുവപ്പെടുത്തുന്നില്ലെങ്കിൽ ബുദ്ധിമുട്ടാകും. ഈ ഗവൺമെന്റിന്റെ ഭരണവും മോശം; നയങ്ങളും തെറ്റ്. ഈ അവസ്ഥയിൽ ഈ ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ നടക്കുന്ന പൊതുഭരണത്തെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഭയങ്കരമായ സാമ്പത്തിക തകർച്ച അനുഭവപ്പെട്ടിരിക്കുന്നു എന്നാണ് പ്രതിപക്ഷം പറയുന്നത്. മറ്റു സംസ്ഥാനങ്ങളിലും കേന്ദ്രത്തിലുമുണ്ടായിട്ടുള്ള സാമ്പത്തിക തകർച്ചയും ഈ സംസ്ഥാനത്തെ സ്ഥിതിയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ മെച്ചപ്പെട്ട സാമ്പത്തിക നിലയാണെന്നു മനസ്സിലാക്കാൻ കഴിയും. ഈ സാമ്പത്തിക ബുദ്ധിമുട്ടിൽ നിന്നുകൊണ്ടും 904 കോടി രൂപയുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതൊരു ചെറിയ കാര്യമല്ല. അതോടൊപ്പംതന്നെ സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ രണ്ടുലക്ഷം രൂപവരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളി. ഒരു ലക്ഷത്തിലധികം പേർക്ക് ഇതിനകം തൊഴിൽ നൽകി. മനുഷ്യാവകാശക്കമ്മിഷൻ രൂപീകരിച്ചു. ബാലകൃഷ്ണമേനോൻ അദ്ധ്യക്ഷനായി ലോക്അയുക്ത ഉണ്ടാക്കി. ഇങ്ങനെ എല്ലാ രംഗത്തും സാർവ്വത്രികമായി മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു എന്നുള്ളതാണ് സത്യം. ഇനിയും നമ്മുടെ സംസ്ഥാനത്ത് അത്യാവശ്യമായിട്ടുള്ള ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇന്ന് പല മേഖലകളിലും ജീവനക്കാരുടെ കുറവുണ്ട്. പി.എസ്.സി.യിൽ 70 ലക്ഷത്തിൽപ്പരം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. ഇതിന് പരിഹാരം കാണാൻ എത്രയും വേഗം നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. വ്യവസായ മേഖലയിൽ സമാധാനാന്തരീക്ഷം നിലനിറുത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞു. അതുപോലെ ഇലക്ട്രിസിറ്റി ആവശ്യത്തിന് ലഭ്യമാക്കുന്നു. അതോടൊപ്പംതന്നെ സമാധാനപരമായ അന്തരീക്ഷം നമ്മുടെ സംസ്ഥാനത്തുണ്ട്. അധികാര വികേന്ദ്രീകരണം സാർവ്വത്രികമായി നടപ്പിലാക്കുവാനും എല്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേ

LIBRARY ARCHIVES Kerala Legislative Assembly

ഷനുകൾക്കും ആവശ്യത്തിനുള്ള പണം കൊടുക്കുവാനും കഴിഞ്ഞു. ഏതാണ്ട് 40 ശതമാനത്തോളം സംസ്ഥാന ബഡ്ജറ്റിലെ തുക പഞ്ചായത്തുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പഞ്ചായത്തുകളിൽ ജനകീയാസൂത്രണത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഗ്രാമങ്ങളിൽചെന്ന് നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. ഒരു പഞ്ചായത്തിൽ അറുപതും എഴുപതും വർക്കുകളാണ്. നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. അങ്ങനെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നു. വികസന പ്രവർത്തനങ്ങൾ നടക്കുന്നു, കാർഷിക ഉല്പാദനം നടക്കുന്നു. അതുപോലെ തന്നെ പച്ചക്കറി നമ്മുടെ സംസ്ഥാനത്ത് സെൽഫ് സഫിഷ്യന്റ് ആകാൻ പോകുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അങ്ങനെ എല്ലാ മേഖലകളിലും സ്വയംപര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ്, നടത്തിക്കൊണ്ടിരിക്കുന്നത്. റബ്ബറിന്റെ വില വർദ്ധിച്ചിരിക്കുന്നു. റബ്ബറിന് ന്യായമായ വില ഈ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ തീർച്ചയായും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ ഭരണകാലത്തെക്കാൾ എത്രയോ മെച്ചപ്പെട്ട ഭരണ സംവിധാനമാണ് ഇന്ന് സംസ്ഥാനത്തുള്ളത്. ഇന്ന് ഇന്ത്യാരാജ്യത്തിന്റെ സ്ഥിതിയെന്താണ്? ഇന്ത്യാ രാജ്യത്ത് ഏത് മുന്നണി, അല്ലെങ്കിൽ ആര് അധികാരത്തിൽ വരണമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടണം. കഴിഞ്ഞപ്രാവശ്യം ബി.ജെ.പി.ക്കും കോൺഗ്രസ്സിനും എത്ര ശതമാനം വോട്ട് കിട്ടിയെന്ന് നമുക്കറിയാം. രണ്ടുകൂട്ടർക്കും കിട്ടിയ വോട്ട് 50 ശതമാനത്തിൽ തഴെയാണ്. ബി.ജെ.പി.ക്കും കോൺഗ്രസ്സിനും 25 ശതമാനം വോട്ടേ കിട്ടിയിട്ടുള്ളൂ. ഈ രാജ്യത്ത് ഏകകക്ഷി ഭരണമെന്നുള്ള തത്വദീക്ഷയില്ലാത്ത, പ്രായോഗികമല്ലാത്ത ഒരു തീരുമാനവുമായി കോൺഗ്രസ്സ് പാർട്ടി മുന്നോട്ടുപോകുന്നു. 1984 കാലഘട്ടത്തിൽ ഏകകക്ഷി ഭരണമെന്ന ആശയവുമായി ശ്രീ. കാർത്തികേയൻ കേരളത്തിൽ ഉടനീളം നടന്നുപ്രസംഗിച്ചു. 1987-ൽ തോറ്റു തൊപ്പിയിട്ടു, എല്ലാംകൂടി കൂട്ടിയിട്ടും തോറ്റു. ഏകകക്ഷി ഭരണത്തിന്റെ സാർവ്വത്രികനായി, പ്രചാരകനായി അന്ന് അദ്ദേഹം ഇവിടെ നടന്നു. 25 ശതമാനം വോട്ട് കിട്ടിയ രാഷ്ട്രീയപാർട്ടി ഏകകക്ഷി ആകുകയില്ല. 140 സീറ്റ് കിട്ടിയ പാർട്ടി മുലായം സിംഗിനേയും മറ്റുള്ളവരെയെല്ലാം തഴഞ്ഞ് തത്രപ്പെട്ട് കേന്ദ്രത്തിൽ അധികാരത്തിൽ വന്നു. അതല്ലേ നിങ്ങൾക്ക് പറ്റിയ അപകടം? ബി.ജെ.പി.യെ അധികാരത്തിൽനിന്നും മാറ്റി മറ്റൊരു ഗവൺമെൻറ് ഉണ്ടാക്കാൻ കഴിയാതെ വന്നതിന്റെ മുഖ്യമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത് കോൺഗ്രസ്സാണ്. കോൺഗ്രസ്സിന്റെ അധികാരദുർമോഹം, ഏകഭരണത്തിനുവേണ്ടിയുള്ള തത്രപ്പാടാണ് യഥാർത്ഥത്തിൽ ഈ ഭരണത്തെ ഈ സ്ഥിതിയിൽ എത്തിച്ചത്. ഇപ്പോൾ എന്താണ് സ്ഥിതി? അന്നത്തെക്കാൾ ബി.ജെ.പി. മെച്ചപ്പെട്ടിട്ടുണ്ടല്ലോ. ഈ സ്ഥിതിയിലേയ്ക്ക് എത്തിച്ചത് നിങ്ങളാണ്. 25 ശതമാനം വോട്ടാണ് നിങ്ങൾക്ക് കഴിഞ്ഞപ്രാവശ്യം കിട്ടിയത്, യു.പി.യിൽ കോൺഗ്രസ്സിന് പൂജ്യം, മഹാരാഷ്ട്രയിൽ മുപ്പതോളം സീറ്റ് കിട്ടി. അതും പോയി. വടക്ക് കിഴക്കൻ മേഖലകൾ മുഴുവൻ പോയി, എവിടെനിന്ന് സീറ്റ് കിട്ടാനാണ് കോൺഗ്രസ്സിന്? ഒറ്റയ്ക്ക് ഒരു സീറ്റുപോലും കിട്ടുകയില്ല. സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കാമെന്നുള്ള വ്യാമോഹം. സോണിയയെ കോൺഗ്രസ്സിന്റെ ലീഡറായിട്ട് കോൺഗ്രസ്സുകാർ പോലും ഇതുവരെ അംഗീകരിച്ചിട്ടില്ല, അതല്ലേ പലരും പൊഴിഞ്ഞുപോകുന്നത്. ഇന്ത്യയിലെ ജനങ്ങളുടെയിടയിൽ സോണിയാഗാന്ധിയെക്കുറിച്ച് നല്ല അഭിപ്രായമില്ല. സോണിയാഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രി ആകണമെന്നുള്ള അഭിപ്രായം ഇന്ത്യയിലെ ജനങ്ങളുടെയിടയിൽ ഇല്ല.

204/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങനെ പറഞ്ഞല്ലോ സോണിയാഗാന്ധിയെ പ്രധാനമന്ത്രിയാക്കണമെന്നുള്ള ആഗ്രഹം ഇന്ത്യയിലെ ജനങ്ങൾക്ക് ഇല്ലെന്ന്. ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ അഭിപ്രായമാണോ? ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കേരളത്തിൽ നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി, സോണിയാഗാന്ധി പ്രധാനമന്ത്രി ആകണമെന്ന് ആവശ്യപ്പെട്ട കൂട്ടത്തിലുള്ളയാളാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എസ്. ജോൺ : ഇത് ഞങ്ങളുടെ അഭിപ്രായം മാത്രമല്ല. ഇന്ത്യയിലെ ജനകോടികളുടെ അഭിപ്രായമാണെന്ന് വ്യക്തമാകാൻ പോകുന്നു. കോൺഗ്രസ്സുകാർ ഉൾപ്പെടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ട് കുറയും. സോണിയായുടെ നേതൃത്വത്തിൽ, ഇന്ത്യയിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിനെ നേരിടാൻ കോൺഗ്രസ്സിന് 140 സീറ്റ്പോലും കിട്ടുകയില്ലെന്നുള്ളതാണ് സത്യം.

ശ്രീ. സത്യൻ മൊകേരി : കോൺഗ്രസ്സിന്റെ പ്രധാനമന്ത്രി സോണിയാഗാന്ധിതന്നെ ആയിരിക്കണമെന്ന് ഇടതുപക്ഷത്തിന്റെ ആരും പറഞ്ഞില്ല. കോൺഗ്രസ്സിന്റെ പ്രധാനമന്ത്രി ആരാകണമെന്നും കോൺഗ്രസ്സ് തീരുമാനിച്ചാൽ മതി.

ശ്രീ. ടി.എസ്. ജോൺ : ഒന്നും തീരുമാനിക്കേണ്ടിവരികയില്ല. കോൺഗ്രസ്സിന് ഭൂരിപക്ഷം കിട്ടുകയില്ല. അപ്പോൾ അങ്ങനെയൊരു തീരുമാനം എടുക്കേണ്ടിവരുകയുമില്ലല്ലോ. 50 ശതമാനത്തിൽ കൂടുതൽ കോൺഗ്രസ്സിനും ബി.ജെ.പി.ക്കും എതിരെ ഭാരതത്തിൽ വോട്ട് ചെയ്തവരുണ്ട്. അവരുടെ വോട്ട് സമാഹരിച്ചുകൊണ്ട് ഭാരതത്തിൽ ഒരു മൂന്നാം മുന്നണിക്ക് രൂപം കൊടുക്കാൻ കഴിയുമെന്നുള്ളതാണ് എന്റെ അഭിപ്രായം. ദേശീയപാർട്ടികളും പ്രാദേശിക പാർട്ടികളും ഒരുമിച്ചുകൂടി ഭാരതത്തിൽ ഒരു മൂന്നാം മുന്നണി രൂപംകൊള്ളാൻ പോകുകയാണ്. അതിന് യാതൊരു സംശയവുമില്ല. ശ്രീ. ശരത് പവാർ ഉൾപ്പെടെയുള്ള ആളുകൾ ഇപ്പുറത്ത് വന്നിട്ടുണ്ട്. അവർ ഉൾപ്പെടെ മൂന്നാം മുന്നണിക്ക് രൂപം കൊടുക്കാൻ സാധിക്കും. അങ്ങനെ സാധിച്ചാൽ ബി.ജെ.പി. യോടൊപ്പം നിൽക്കുന്ന പല രാഷ്ട്രീയ പാർട്ടികളും ഇവിടെ വരും. കോൺഗ്രസ്സിൽ ഉള്ളവർ പലരും വരും. അങ്ങനെയുള്ള ഒരു മുന്നണി സംവിധാനം ഭാരതത്തിൽ വരാൻ സാധിക്കുമെന്നുള്ളതാണ് സത്യം.

ശ്രീ. ജി. കാർത്തികേയൻ : ഇപ്പോൾ മൂന്നാം മുന്നണിക്ക് ദിശാബോധം നഷ്ടപ്പെട്ടുനിൽക്കുകയാണ്. സുർജിത്സിംഗിനുപോലും കഴിയാത്ത കാര്യങ്ങൾ ദീർഘമായി പ്രവചിക്കുവാൻ ശ്രീ. ടി.എസ്. ജോണിനു കഴിയുമോ? സമതാ പാർട്ടിയെ പിടിക്കാൻ അദ്ദേഹത്തിന് കഴിയും. അതുകൊണ്ട് മൂന്നാം മുന്നണിയുടെ നേതാവായി അങ്ങയെ അംഗീകരിക്കുകയും വേണം.

ശ്രീ. ടി.എസ്. ജോൺ : ശ്രീ. കാർത്തികേയന്റെ നയമാണ് കോൺഗ്രസ്സിനെ നശിപ്പിച്ചത്. 1984-ൽ ഏകകക്ഷി നയവുമായി പോയി, കോൺഗ്രസ് പൊളിഞ്ഞു. ഏകകക്ഷി ഭരണം ഇന്ത്യാരാജ്യത്ത് അവസാനിച്ചിരിക്കുന്നു. അതുകൊണ്ട് പ്രായോഗികമായിയുള്ള രാഷ്ട്രീയം കോൺഗ്രസ്സ് കാണണം. ശ്രീ. സുർജിത്തിന്റെ അഭിപ്രായം അന്നത്തെ അഭിപ്രായമാണ്. ശ്രീ. സുർജിത്സിംഗ് ഉൾപ്പെടെ, ഈ രാജ്യത്ത് ഒരു മൂന്നാംമുന്നണിക്ക് രൂപം കൊടുത്തുകൊണ്ട് ഭാരതത്തിൽ നല്ല കെട്ടുറപ്പുള്ള ഒരു ഭരണം കാഴ്ചവയ്ക്കുമെന്നുള്ള വ്യക്തമായ അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ശ്രീമതി സോണിയാഗാന്ധി ഒന്നും ആകത്തില്ല. യാതൊരു രക്ഷയുമില്ല. വികാരങ്ങൾ കണക്കിലെ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കാൻ കഴിവില്ലാത്ത നേതൃത്വം കോൺഗ്രസ്സിലായിപ്പോയല്ലോ എന്നുള്ള തിൽ ഞങ്ങൾ ദുഃഖിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഭാരതത്തിലെ ജനങ്ങളുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് നിങ്ങളുടെ നയത്തിന് മാറ്റം വരുത്തണം. ഏകക്ഷി ഭരണം എന്ന നയത്തിൽ മാറ്റം വരുത്തണം. നിങ്ങളുടെ നേതൃത്വം ആരായിരിക്കണമെന്നുള്ളതിനെക്കുറിച്ച് പുനർവിചിന്തനം ചെയ്യേണ്ട അവസരമാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതു കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ്ബ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ പൊതുഭരണത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. സമയത്തിന്റെ പരിമിതിയുള്ളതുകൊണ്ട് ഞാൻ വളരെ ചുരുക്കമായി മാത്രം ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ കഴിഞ്ഞ മേയ് മാസം 20-ാം തീയതി നമ്മുടെ സംസ്ഥാനത്തെ എല്ലാ പത്രങ്ങളിലും ഒരു ഫുൾ പേജ് പരസ്യം ഉണ്ടായിരുന്നു. "ജനാഭിലാഷങ്ങൾ നിറവേറ്റി അടുത്ത നൂറ്റാണ്ടിന്റെ വികസനത്തിന് അടിത്തറ പാകി 4-ാം വർഷത്തിലേയ്ക്ക്". ഇതിനകത്ത് പറഞ്ഞിരിക്കുന്ന കുറെ കാര്യങ്ങൾ ഞാൻ പല പ്രാവശ്യം വായിച്ചുനോക്കി. അതെല്ലാം പറയാനുള്ള സമയക്കുറവ് എനിക്കുണ്ട്. പത്രത്തിൽ ഈ പരസ്യം വന്നുകഴിഞ്ഞ് ഞാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയും പരിശോധിച്ചു. ഈ ഗവൺമെന്റിനെ സംബന്ധിച്ചു പറയുമ്പോൾ മൂന്ന് വർഷം പിന്നിട്ട് നാലാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. കാലാവധി പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഇനി 2 വർഷം കൂടിയുണ്ട്. പക്ഷെ അത് കഴിയുകയില്ല എന്നുള്ളത് ഇന്ന് അവരുടെ മുന്നണിക്കുള്ളിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തിയാൽ മനസ്സിലാക്കാൻ സാധിക്കും. ആർ.എസ്.പി.യുടെ നേതാവ് പ്രൊഫ. എ.വി. താമരാക്ഷൻ ഇവിടെയിരിപ്പുണ്ട്. കോൺഗ്രസ്സ് (എസ്) ന്റെ കബീർ മാസ്റ്റർ ഇരിപ്പുണ്ട്. ജനതാദളിലെ ശ്രീ. പി.ആർ. കുറുപ്പ് ഉണ്ട്. ശ്രീ. പി.പി. സുലൈമാൻ റാവുത്തറുണ്ട്. അവരോട് ചോദിച്ചാൽ മതി. അവരൊക്കെ അവിടെയിരിക്കുകയാണ്. അതുകൊണ്ടാണല്ലോ പറഞ്ഞത്. അവരോടൊക്കെ ചോദിച്ചാൽ ഞാൻ ഈ പറഞ്ഞതിന്റെ അർത്ഥം എന്താണെന്ന് ഇപ്പോൾ അവിടെനിന്നും ചോദിച്ച ആളുകൾക്ക് ഉത്തരം കിട്ടും. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് അധികം കടക്കാൻ ഉദ്ദേശിക്കുന്നില്ല. പത്രങ്ങളിൽ വന്ന പരസ്യത്തിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന്റെ സ്ഥിതി വളരെ ശോഭനമാണെന്നാണ്. എന്നാൽ യാഥാർത്ഥത്തിൽ ശോഭനമല്ല. കേരളത്തിലെ സ്ഥിതി വളരെ ശോചനീയമാണ്. നിങ്ങൾ പറഞ്ഞിരിക്കുന്ന ഓരോ കാര്യങ്ങളെടുത്ത് പരിശോധിച്ചാൽ ഇതു മനസ്സിലാക്കാൻ സാധിക്കും. എന്താണ് ഇന്നത്തെ പൊതു ഭരണത്തിന്റെ പൊതുവായ സ്ഥിതി? ഇവിടെ ചിലയാളുകൾ സൂചിപ്പിച്ചു. നമ്മുടെ ചീഫ് സെക്രട്ടറി ഇപ്പോൾ അവിടെയില്ല. ചീഫ് സെക്രട്ടറി കേരളാ ഹൈക്കോടതിയിൽ പോയി 3 മണിക്കൂർ സമയം കൈയും കെട്ടി കാത്തുനിന്നു. ഇതിനുമുൻപ് കേരളത്തിൽ ഒരു ചീഫ് സെക്രട്ടറിയും 3 മണിക്കൂർ സമയം ഇരിക്കാതെ കൈയും കെട്ടി ഒരു കോടതിയുടെ അകത്ത് കയറി നിന്നിട്ടില്ല. നിങ്ങൾ പരിശോധിക്കുക. ഈ ചീഫ് സെക്രട്ടറി അവസാനം സർക്കാരിനുവേണ്ടി ക്ഷമാപണം നടത്തി. ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞു. അപ്പോൾ മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? 'അയാൾക്ക് വിവരം ഇല്ല' എന്ന്. ആർക്ക്? ചീഫ് സെക്രട്ടറിക്ക് വിവരം ഇല്ല എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ പരാമർശത്തെക്കുറിച്ച് ഭരണകക്ഷിയിലെ തന്നെ ചിലയാളുകൾ പ്രസ്താവനയിറക്കി. മുഖ്യമന്ത്രിക്ക് വിവരം ഇല്ല എന്ന്. ആർക്കാണ് വിവരമി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്തതെന്ന് ഇപ്പോൾ ആരോടാണ് ഞങ്ങൾ ചോദിക്കുക? കേരളത്തിന്റെ ചീഫ് സെക്രട്ടറിയെക്കുറിച്ച് കേരളാ മുഖ്യമന്ത്രിയാണ് പറഞ്ഞത്, അദ്ദേഹത്തിന് വിവരം ഇല്ലെന്ന്. വിവരം ഇല്ലാത്ത ചീഫ് സെക്രട്ടറിയാണെങ്കിൽ ഒരു മിനിറ്റ് അദ്ദേഹത്തെ ആ കസേരയിൽ വച്ചുകൊണ്ടിരിക്കരുത്. അതാണ് ചെയ്യേണ്ടത്. അതുപോലെ അഡ്വക്കേറ്റ് ജനറൽ. അഡ്വക്കേറ്റ് ജനറലിനെ തനിക്ക് ഉത്തമ വിശ്വാസമുണ്ടെന്ന് മുഖ്യമന്ത്രി സത്യവാങ്മൂലം കൊടുത്തു. എനിക്ക് അതിനകത്ത് എതിർപ്പൊന്നുമില്ല. മുഖ്യമന്ത്രിക്ക് അഡ്വക്കേറ്റ് ജനറൽ ശ്രീ. ദാമോദരനിൽ വിശ്വാസം ഉണ്ട്. അദ്ദേഹം സത്യവാങ്മൂലം കൊടുക്കട്ടെ. പക്ഷെ നിങ്ങൾ ഒരു കാര്യം പരിശോധിക്കാൻവേണ്ടി ഞാൻ പറയുകയാണ്. കേരളത്തിലെ ഏതെങ്കിലും അഡ്വക്കേറ്റ് ജനറലിനെതിരെ അഴിമതിയാരോപണം ഉന്നയിച്ചുകൊണ്ട് ഹൈക്കോടതിയിലും അഴിമതി നിരോധന കമ്മീഷനിലും കേസ് വന്നിട്ടുണ്ടോ? നിങ്ങൾ ഒന്നു പരിശോധിച്ചു നോക്കുക. ഹൈക്കോടതി മെറിറ്റിലേയ്ക്ക് പോയില്ല. ഹൈക്കോടതി പറഞ്ഞതെന്താണ്? മുഖ്യമന്ത്രിക്ക് അഡ്വക്കേറ്റ് ജനറലിൽ വിശ്വാസം ഉണ്ട് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് മെരിറ്റിലേയ്ക്കു പോകാതെ ആ റിട്ട്പെറ്റീഷൻ തള്ളി. കേസിന്റെ മെറിറ്റിലേയ്ക്ക് പോയിട്ടില്ല. ഒന്നു പരിശോധിച്ചു നോക്കൂ. ഞാൻ ജഡ്ജ്മെന്റ് നോക്കി. ഇവിടെ ഈ ലോക്അയുക്തിനു മുൻപിൽ അഡ്വക്കേറ്റ് ജനറലിന് എതിരായി വന്നിരിക്കുന്ന കേസ്. അതിനകത്ത് കറപ്ഷൻ ചാർജ്ജസ് പറഞ്ഞിട്ടുണ്ട്. ഇനി അതു ശരിയോ, തെറ്റോ എന്നുള്ളത് തെളിയിക്കപ്പെടേണ്ടത് കോടതിയിലാണ്. കറപ്ഷൻ ചാർജ്ജസ് പറഞ്ഞിരിക്കുന്നു. മറ്റൊരു കാര്യം പറഞ്ഞിരിക്കുന്നതെന്താണ്? "ദാമോദരൻ ആന്റ് അസോസിയേറ്റ്സ്" എന്നുപറയുന്ന അദ്ദേഹത്തിന്റെ ആ അഭിഭാഷക സ്ഥാപനം സർക്കാരിനെതിരെയുള്ള 27 കേസ്സുകളിൽ കക്ഷി ചേർന്നിരിക്കുന്നു. കേസ്സിന്റെ മുഴുവൻ നമ്പറും പറഞ്ഞിരിക്കുകയാണ്. ഹൈക്കോടതി ഫയൽ ചെയ്ത കേസ്സിന്റെ മുഴുവൻ നമ്പരും പരിശോധിക്കുമോ നിങ്ങൾ? ഒരു പൊതുഭരണത്തിന്റെ പ്രധാനപ്പെട്ട 2 വ്യക്തികൾ, ചീഫ് സെക്രട്ടറിയും, അഡ്വക്കേറ്റ് ജനറലും. ഈ പൊതുഭരണത്തിൽ നിങ്ങൾക്ക് ഭംഗിയായി ഭരണം കൊണ്ടുപോകാൻ കഴിയുന്നില്ല എന്നുള്ളതിന്റെ പ്രകടമായ തെളിവായി ഇന്ന് ഈ സംസ്ഥാനത്തിന്റെ മുന്നിൽ ചോദ്യചിഹ്നം പോലെ നിൽക്കുകയാണ്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : അഡ്വക്കേറ്റ് ജനറലിന്റെ പേരിലുള്ള കേസ്സിൽ, കേസ്സ് കൊടുത്തിട്ടുള്ളത് എൽ.ഡി.എഫ്. അനുഭാവികളും, കൊടുപ്പിച്ചിട്ടുള്ളത് എൽ.ഡി.എഫി ന്റെ ഉന്നത നേതാക്കൻമാരുമാണെന്നാണല്ലോ പത്രത്തിൽ വാർത്ത വന്നത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : പത്രത്തിലുണ്ട്. ഞാൻ അതിന്റെ പൊളിറ്റിക്സിലേയ്ക്ക് പോകുന്നില്ല. ഈ വാർത്ത ശരിയാണ്. പത്രങ്ങളിൽ വാർത്ത വന്നു. അതിലെ അസോസിയേഷൻകാരുടെ സ്റ്റേറ്റ്മെന്റിലേയ്ക്ക് പോകുന്നില്ല. ഞാൻ ആ പൊളിറ്റിക്സിലേയ്ക്കേ പോകുന്നില്ല. എനിക്ക് ഇതിനകത്തെ താൽപ്പര്യമെന്നുപറയുന്നത് ഈ സംസ്ഥാനത്തെ അഡ്വക്കേറ്റ് ജനറൽ, ഈ സംസ്ഥാനത്തെ ചീഫ് സെക്രട്ടറി, വ്യക്തി അവിടെ നിൽക്കട്ടെ, ശ്രീ. ദാമോദരൻ ആർ, ശ്രീ. മോഹൻ കുമാർ ആർ എന്നുള്ളതല്ല വിഷയം. രണ്ട് പ്രധാനപ്പെട്ട പോസ്റ്റുകളാണ്. അത് പൊതുഭരണത്തെ നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട രണ്ട് പോസ്റ്റുകളാണ്. അവരെക്കുറിച്ച് ഉയർന്നുവന്നിരിക്കുന്ന ആക്ഷേപം. ഇത് ഇടതുപക്ഷത്തിന്റെ മാത്രം പ്രശ്നമായി നിങ്ങൾ കാണരുത്. ഞാൻ ചോദിക്കട്ടെ, ഈ അഡ്വക്കേറ്റ് ജനറലിന് മാന്യതയുണ്ടായിരുന്നുവെങ്കിൽ ഒരു നിമിഷം അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കാതെ രാജിവച്ച് പോകേണ്ടിയിരുന്നു. നിങ്ങൾക്ക് വേറെ എത്രയോ പേരെ അഡ്വക്കേറ്റ് ജനറലാക്കാം. ..... എനിക്കാവശ്യമില്ല. അവിടെ തന്നെ ഇരിക്കട്ടെ ..... ശ്രീ. ദാമോദരൻ രാജിവയ്ക്കരുത്. ..... എന്റെ അഭിപ്രായം ദാമോദരൻ അവിടെ ഇരിക്കണമെന്നുതന്നെയാണ്. ദാമോദരൻ അവിടെത്തന്നെ ഇരിക്കട്ടെ. ദാമോദരൻ രാജിവയ്ക്കരുത്. നിങ്ങൾ വയ്പ്പിക്കരുത്. സി.പി.എം. കാർ തീരുമാനിക്കട്ടെ.

മറ്റൊരു കാര്യം, ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയൊക്കെ ചോദ്യത്തിന്റെ ദിവസമായിരുന്നു. ചോദ്യം ചോദിക്കുന്നത് കുറെ വിവരങ്ങൾ കിട്ടാൻ വേണ്ടിയാണ്. മറ്റ് ചില മന്ത്രിമാരും ഇവിടെയുണ്ടായിരുന്നു. സിവിൽ സപ്ലൈസ് മന്ത്രിയോട് ചില ചോദ്യങ്ങൾ ചോദിച്ചു; അദ്ദേഹത്തിന്റെ മറുപടി വന്നു. മുഖ്യമന്ത്രിയോട് ചോദിച്ചതിന് ഒന്നുംതന്നെ മറുപടിയില്ല. മറുപടി തന്നില്ല എങ്കിൽ ഏതെങ്കിലും സമയത്ത് മറുപടി കിട്ടുമല്ലോ. കിട്ടിയേ പറ്റൂ. ഈ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ സാധിക്കുമോ? തരുന്നുണ്ടോ? ഒരു ചോദ്യം മുഖ്യമന്ത്രിയുടെ വിദേശയാത്രയെക്കുറിച്ചാണ്. മന്ത്രിമാരുടെ വിദേശയാത്രയെക്കുറിച്ച് വേറെയുമുണ്ട്. മുഖ്യമന്ത്രി എവിടെയൊക്കെയാണ് വിദേശയാത്ര നടത്തിയത് എന്ന ചോദ്യത്തിന് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ഉത്തരം തരാവുന്നതല്ലേയുള്ളൂ. ഒരു മുഖ്യമന്ത്രി എവിടെയൊക്കെ പോയി എന്ന് മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കറിയാം. അല്ലെങ്കിൽ ജി.എ.ഡി. സെക്രട്ടറിക്കറിയാം. ഇതിന് വിവരം ശേഖരിക്കേണ്ട ആവശ്യം ഒന്നുമില്ല. മുഖ്യമന്ത്രിയുടെ കൂടെ ആരൊക്കെ പോയി. അതിന് എന്തു തുക ചെലവായി?. ഇതൊക്കെ അറിയാൻ എന്തെങ്കിലും വിഷമം ഉണ്ടോ? എന്തിനാണ് അത് മറച്ചുവയ്ക്കുന്നത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയത് ഒന്നും ഓഫീസിൽ അറിയാതെയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെയില്ല. പക്ഷെ അദ്ദേഹം ഇത് കേൾക്കുന്നുണ്ട് എന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിപ്പുണ്ട്. കുഴപ്പമില്ല. പൊയ്ക്കോട്ടെ. മറ്റ് മന്ത്രിമാരുണ്ടല്ലോ ഇവിടെ. അത് ധാരാളം മതി. മുഖ്യമന്ത്രി ഒരുപാട് സോഷ്യലിസ്റ്റ് രാജ്യങ്ങൾ സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഈ 3 വർഷക്കാലത്തിനിടയിൽ അമേരിക്ക, യു.കെ., ആസ്ട്രേലിയ, സ്വിറ്റ്സർലണ്ട്, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ സോഷ്യലിസ്റ്റ് രാജ്യങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചു. അദ്ദേഹം മടങ്ങി വന്നുകഴിഞ്ഞ് പുസ്തകങ്ങൾ എഴുതി. അതിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. മുഖ്യമന്ത്രിയുടെ യാത്രയെക്കുറിച്ച് ചോദിച്ചാൽ അതിനെക്കുറിച്ച് വിവരങ്ങൾ പറയാൻ അദ്ദേഹം ബാധ്യസ്ഥനല്ലേ; പറയണ്ടേ? അത് ഈ സഭ അറിയണ്ടേ; കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? അത് മാറ്റിവച്ചു എന്നുകരുതി പറയാതിരുന്നാൽ അതുകൊണ്ട് പ്രയോജനം കിട്ടാൻ പോകുന്നില്ല. എന്റെ കൈയിലിരിക്കുന്നത് ഇന്നലത്തെ ചോദ്യങ്ങളുടെ അച്ചടിച്ച കടലാസ്സാണ്. ചോദ്യങ്ങൾക്കൊന്നും മറുപടിയില്ല. തരണ്ട. തരാവുന്ന മറുപടികൾപോലും തരാതെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഒരു മുഖ്യമന്ത്രിക്ക് ഭൂഷണമായ കാര്യമല്ല. ബഹുമാനപ്പെട്ട കണാരാ. മുഖ്യമന്ത്രിക്ക് ഭൂഷണമല്ല ഇത്.

ഇവിടെ നിങ്ങളുടെ ഭരണനേട്ടമായിട്ട് നിങ്ങൾ ചില കാര്യങ്ങൾ പറഞ്ഞല്ലോ. ഞാൻ എല്ലാ കാര്യങ്ങളിലേക്കും കടക്കുന്നില്ല. ഇക്കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ നിങ്ങളുടെ ഭരണനേട്ടം എന്താണ്? ഞാൻ പറയുന്നു. ഭരണത്തിന്റെ നേട്ടമായി നിങ്ങൾക്ക് നിരത്തിവയ്ക്കാൻ ഒന്നുമില്ല. ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിമാർ തന്ന ചില ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ഞാൻ വേറെയൊന്നും എടുക്കുന്നില്ല. വേറെ എടുക്കുമ്പോൾ നിങ്ങൾ പറയും എവിടെനിന്നോ കൊണ്ടുവന്ന കഥകളാണെന്ന്. ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെക്കുറിച്ച് പറഞ്ഞു. ഒരു കാര്യത്തിൽ പ്രത്യേക നന്ദിയുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ മറുപടി തന്നിട്ടുണ്ട്. വളരെ നന്ദിയുള്ള കാര്യം. ഇല്ലെങ്കിൽ നമുക്ക് വേറെ ആശ്രയിക്കേണ്ടിവരുമായിരുന്നു. അദ്ദേഹം 25.1.1999-ൽ അതായത് കഴിഞ്ഞ സെഷനിൽ ഞങ്ങൾ ചോദിച്ച ഒരു ചോദ്യത്തിന് ഒരു മറുപടി തന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള അരിയുടെ വിലയാണ് ചോദിച്ചത്. ഇവിടെ എനിക്കു മുൻപു സംസാരിച്ച ശ്രീ. രാജു പറഞ്ഞു ഇവിടുത്തെ വിലക്കയറ്റം 8 ശതമാനത്തിൽ നിൽക്കുന്നുവെന്ന്. നിയന്ത്രിക്കാൻ സാധിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞത്. അല്ലായെന്ന് മന്ത്രിയുടെ മറുപടിവച്ച് ഞാൻ പറയാം. അദ്ദേഹം തന്ന മറുപടിയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1996 മേയിൽ അരിയുടെ വില ഓപ്പൺ മാർക്കറ്റിൽ കിലോഗ്രാമിന് 9 രൂപ 84 പൈസ. 1998 ഡിസംബറിൽ 12 രൂപ 59 പൈസ. അതുകഴിഞ്ഞ് ഇന്നലെ 21.6.1999-ൽ 100-ാം നമ്പർ അൺസ്റ്റാർഡ് ചോദ്യത്തിന് മറുപടിയായി അദ്ദേഹം ഉത്തരം നൽകിയിട്ടുണ്ട്. അതിൽ ഒരു കിലോ അരിയുടെ വില അദ്ദേഹം പറഞ്ഞിരിക്കുന്നു. 13 രൂപ 27 പൈസ. അപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 9 രൂപ 84 പൈസയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 13 രൂപ 27 പൈസയായിട്ട് വർദ്ധിച്ചു. മന്ത്രിയുടെ കണക്കാണിത്. എത്ര ശതമാനമാണ് രാജൂ? രാജു ഏതു പള്ളിക്കൂടത്തിലാണ് കണക്ക് പഠിച്ചത്.

<u>ശ്രീ. പി. രാജു</u> : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. പൊതുവിതരണശാലയായ മാവേലിസ്റ്റോറിലെ വിലനിലവാരത്തെക്കുറിച്ചും, വിലക്കയറ്റത്തെക്കുറിച്ചുമാണ് ഞാൻ പ്രതിപാദിച്ചത്. അഖിലേന്ത്യാ വിലനിലവാരവുമായി തട്ടിച്ചുനോക്കിയിട്ടാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞത് ഓപ്പൺ മാർക്കറ്റിലെ വിലയെക്കുറിച്ചാണ്. അതാണ് ഞാൻ പറഞ്ഞതും ശ്രീ. ജേക്കബ് പറഞ്ഞതും തമ്മിലുള്ള വ്യത്യാസം.

<u>മി. ചെയർമാൻ</u> : ഇതിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ട കാര്യമില്ല.

<u>ശ്രീ. ടി.എം. ജേക്കബ്</u> : വിലക്കയറ്റത്തിന് സാധാരണയായി പറയുന്നത് ഏതു മാർക്കറ്റാണെന്ന് എനിക്കറിഞ്ഞുകൂടാ. ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നത് ആരാണ്, മനുഷ്യരല്ലേ? ശ്രീ. രാജു പറയുന്നതിൽ എനിക്ക് വിരോധമില്ല. ബഹുമാനപ്പെട്ട ടി.എസ്. ജോണേ വേണ്ടാ. നമ്മളൊക്കെ ഇത് വ്യാഖ്യാനിക്കാൻ പഠിച്ചവരാണല്ലോ. സഭയിൽ ബഹുമാനപ്പെട്ട മന്ത്രി തന്ന മറുപടിയുടെ അടിസ്ഥാനത്തിലാണ് ഞാനിവിടെ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി തന്ന ഉത്തരമാണ് എന്റെ കൈയിലിരിക്കുന്നത്. സർക്കാർ തന്ന കണക്കനുസരിച്ച് 1996 മേയ് മാസത്തിൽ റേഷനരിയുടെ വില 5.70, 1999 മേയ് മാസത്തിലെ വില 8.60. അത് എ ഗ്രേഡ് അരിക്ക്. സംസ്ഥാന സർക്കാർ സബ്സിഡി എന്ന് ബ്രായ്ക്കറ്റിലുണ്ട്. അതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതിന്റെ താഴെ എഴുതിയിട്ടുണ്ട് നോർമൽ അരി എ ഗ്രേഡ് അരി 9.50. റേഷന്റെ വിലയാണ് 1999 മേയ് മാസത്തിലേത്. ഇത് നിങ്ങളുടെ ഇടതുപക്ഷ മുന്നണിയിറക്കിയ മാനിഫെസ്റ്റോയാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങൾമൂലം സാധനവിലകൾ അനു

LIBRARY ARCHIVES Kerala Legislative Assembly

ദിനം കുതിച്ചുയരുകയാണ്. ഈ വിലനിലവാരം നിയന്ത്രിക്കുവാനുള്ള നടപടി ഞങ്ങൾ സ്വീകരിക്കും. നിങ്ങൾ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പ്രായോഗികതലത്തിൽ കൊണ്ടുവന്നിരിക്കുന്ന കാര്യങ്ങളും തമ്മിലുള്ള ബന്ധം എവിടെ നിൽക്കുന്നുവെന്ന് സൂചിപ്പിക്കാനാണ് ഞാനിത് പറഞ്ഞത്. എനിക്ക് മറ്റു സ്റ്റേറ്റുകളിലേയ്ക്ക് പോകേണ്ട കാര്യമില്ല. എനിക്ക് ഇവിടുത്തെ കാര്യം നോക്കിയാൽ മതിയല്ലോ. മറ്റൊന്ന് എനിക്ക് പറയാനുള്ളത് തൊഴിലില്ലായ്മയെക്കുറിച്ചാണ്. എന്റെ കൈയ്യിൽ ഗവൺമെന്റ് തന്ന ആൻസേഴ്സ് ഇരിപ്പുണ്ട്. ഇതെല്ലാം ആൻസേഴ്സാണ്. ഇതിൽ യു.ഡി.എഫ്. അധികാരം വിട്ടൊഴിയുമ്പോൾ കേരളത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം 32.87 ലക്ഷം. 1998-ൽ അത് 37.53 ലക്ഷമായി വർദ്ധിച്ചു. ഇപ്പോൾ ഈ വർഷത്തെ കണക്ക് എന്റെ കൈയ്യിൽ കൃത്യമായി കിട്ടിയില്ലെങ്കിലും ഈ കഴിഞ്ഞ ദിവസം 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾക്കു കിട്ടിയ വിവരമനുസരിച്ച് നമ്മുടെ പി.എസ്.സി. ഓഫീസുകളിൽ 65 ലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. നിങ്ങളുടെ ഭരണത്തിന്റെ മിടുക്കിനെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ. 65 ലക്ഷം അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാൻ ഈ സർക്കാരിന് സാധിക്കുന്നില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട വസ്തുത. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അവർക്ക് സ്റ്റാഫില്ല. ഞങ്ങൾക്ക് എന്തുചെയ്യാൻ പറ്റും. കമ്പ്യൂട്ടർ ഇവന്മാർക്ക് പിടികിട്ടുകേലാ എന്ന്. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. ആ സബ്ജക്ട് കമ്മിറ്റിയിൽ ഞാനും ശ്രീ. സത്യൻ മൊകേരിയും ഇരിക്കുകയായിരുന്നു. ഇപ്പോൾ തൊഴിൽരഹിതരുടെ എണ്ണം 40 ലക്ഷത്തിൽ എത്തി നിൽക്കുന്നു.

ശ്രീ. സത്യൻ മൊകേരി : 65 ലക്ഷം അപേക്ഷകൾ പി.എസ്.സി. ഓഫീസിൽ കെട്ടിക്കിടക്കുന്നുവെന്നുപറഞ്ഞത് ശരിയാണ്. അത് ഇപ്പോഴുള്ളതല്ല. കുറേ കാലമായിട്ട് വരുന്ന പെന്റിംഗാണ്.

ശ്രീ. ടി.എം. ജേക്കബ് : ഞാനും ശ്രീ. സത്യൻ മൊകേരിയുമാണ് ആ സബ്ജക്ട് കമ്മിറ്റിയിലിരുന്നത്. നമ്മൾ രണ്ടുപേരും കൂടെയല്ലേയിരുന്നത്. മൂന്നാമതൊരാൾ ഇല്ലായിരുന്നു. നമ്മൾ രണ്ടുപേരും സംസാരിച്ചതല്ലേ? പോട്ടെ. ബാക്കി കാര്യങ്ങളിലേയ്ക്ക് പോകേണ്ട. ഇവിടെ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞല്ലോ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ശർമ്മ അവിടെയിരിപ്പുണ്ട്. ലോഡ്ഷെഡിംഗും പവർകട്ടും ഒഴിവാക്കുമെന്ന് പറഞ്ഞല്ലോ. ഇപ്പോൾ ഡാമുകളെല്ലാം നിറഞ്ഞുനിൽക്കുകയാണ്. ബഹുമാനപ്പെട്ട ശർമ്മ, ഇന്ന് കേരളത്തിലെ എല്ലാ ഡാമുകളും നിറഞ്ഞുനിൽക്കുകയാണ്. ശ്രീ. ശർമ്മ തന്നെ പറഞ്ഞു, ഞങ്ങൾ ഭരിച്ച മൂന്നുവർഷംകൊണ്ട് 50 വർഷക്കാലത്തെ ആകെയുള്ള വൈദ്യുതോൽപ്പാദനത്തിന്റെ പകുതി ഞങ്ങൾ ഉൽപ്പാദിപ്പിച്ചുവെന്ന്. പിന്നെ എന്തിനാണ് ലോഡ്ഷെഡ്ഡിംഗ്, അത് പിൻവലിക്കാൻ പാടില്ലേ?

ശ്രീ. പി.പി. തങ്കച്ചൻ : ലോഡ്ഷെഡ്ഡിംഗ് ഇലക്ഷൻ അടുക്കാറാകുമ്പോൾ പിൻവലിച്ചാൽ പോരേ?

ശ്രീ. ടി.എം. ജേക്കബ് : നിങ്ങൾ പറഞ്ഞ പ്രകടനപ്പത്രിക എവിടെ നിൽക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുതവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു. കുടിവെള്ളത്തിന്റെ ചാർജ്ജ്, മീറ്റർ ചാർജ്ജ് എന്നിവ വർദ്ധിപ്പിച്ചു. ഹൈടെൻഷനും എക്സ്ട്രാ ഹൈടെൻഷനുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യവസായങ്ങളുടെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട ശർമ്മയ്ക്ക് അതറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണം തുടങ്ങിയിട്ട് മൂന്നുവർഷമായല്ലോ. പൊതുമേഖലയിൽ ഏതു വ്യവസായമാണ് നിങ്ങൾ കാര്യമായി തുടങ്ങിയത്? തുറന്നുവെന്ന് അവകാശപ്പെടുന്ന മൂന്നു വ്യവസായസ്ഥാപനങ്ങൾ പൂട്ടിയതിനെക്കുറിച്ച് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി കുറച്ചുമുമ്പ് ഇവിടെ പറഞ്ഞല്ലോ. നിങ്ങൾ ശ്രദ്ധിച്ചില്ലായിരിക്കും. തുറന്നുവെന്നുപറഞ്ഞ മലബാർഭാഗത്തെ മൂന്നെണ്ണം പൂട്ടി. സി.പി.എം.ന്റെ ഭാഗത്തുനിന്ന് ഇനി പ്രസംഗിക്കുന്ന ആളുകൾ ഏതു വ്യവസായസ്ഥാപനമാണ് മൂന്നു വർഷക്കാലത്തിനിടയിൽ കേരളത്തിലെ പൊതുമേഖലയിൽ ആരംഭിച്ചതെന്നു പറയണം. പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയെന്താണ്? ഇവിടെ തന്നിരിക്കുന്ന സ്ഥിതിവിവരക്കണക്കനുസരിച്ച് സംസ്ഥാനത്തെ 207 കശുവണ്ടി ഫാക്ടറികൾ പൂട്ടിയിട്ടതിന്റെ ഫലമായി 21,770 തൊഴിലാളികൾ തൊഴിൽരഹിതരായിട്ടുണ്ട്. 44.17 കോടി രൂപയുടെ കൈത്തറിത്തുണികൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. ഇരുപത്തിയഞ്ചുകോടിയോളം രൂപയുടെ കയർ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നു. സംസ്ഥാനത്തെ നാലു ലക്ഷത്തോളം ആളുകൾ കയർ മേഖലയിൽ പണിയെടുക്കുന്നുണ്ട്. അതുപോലെ രാഷ്ട്രീയ കൊലപാതകങ്ങളും മറ്റു കൊലപാതകങ്ങളും. രാഷ്ട്രീയ കൊലപാതകങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. ഈ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? ഇവിടെ കിട്ടിയിരിക്കുന്ന കണക്കനുസരിച്ച്, മുഖ്യമന്ത്രി ഇന്നലെ മറുപടി തന്നിട്ടില്ല. 25.1.1999-ൽ ലഭിച്ച കണക്കനുസരിച്ച് സംസ്ഥാനത്ത് 35 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്നാണ് പറയുന്നത്. അതുപോലെ 1968 രാഷ്ട്രീയ സംഘട്ടനങ്ങളും നടന്നിരിക്കുന്നു. ഈ ഗവൺമെന്റ്, പ്രത്യേകിച്ച് സി.പി.എം.മുൻകൈയെടുത്ത് ഉണ്ടാക്കിയ ചില പ്രശ്നങ്ങൾ. അതായത് പോലീസ് സ്റ്റേഷൻ ആക്രമണം, പോലീസ് കസ്റ്റഡിയിൽ നിന്നും ബലമായി പ്രതികളെ മോചിപ്പിച്ചു കൊണ്ടുപോയത്, തുടങ്ങിയവ. നിയമസഭയിൽ തന്ന കണക്കനുസരിച്ച് 17 കേസുകളാണ് അങ്ങനെയുള്ളത്. നമ്മുടെ രാജ്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്ന് അതിന്റെ സ്ഥിതി എവിടെ എത്തിനിൽക്കുന്നു? രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് പറഞ്ഞു. ഈ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏറ്റവും കൂടുതൽ ഉണ്ടായത് എവിടെയാണ്? കണ്ണൂർ ജില്ലയിൽ. നിങ്ങൾ അന്വേഷിക്കുവാൻവേണ്ടി പറയാം. നിങ്ങളുടെ പൊതുഭരണം, വളരെ പൊടിപൊടിച്ച ഭരണം നടക്കുന്നുണ്ടല്ലോ മുഖ്യമന്ത്രിയുടെ കീഴിൽ. നിങ്ങൾ അന്വേഷിക്കുവാൻവേണ്ടി ഞാൻ പറയുന്നു, കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന ഒരു മാവേലി ശശിയുണ്ട്. നിങ്ങൾ അന്വേഷിക്കുമോ മാവേലി ശശിയെക്കുറിച്ച്; കല്ലാടൻ ചന്ദ്രൻ കൊലക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടു കിടക്കുന്ന പ്രതിയാണ്. ഇപ്പോൾ കണ്ണൂർ സെൻട്രൽ ജയിൽ ഭരിക്കുന്നത് അയാളാണ്. അവിടത്തെ വാർഡൻ ആരുവേണം. അവിടത്തെ ഗാർഡ്സ് ആര് വേണം, അവിടെ എന്തൊക്കെ നടത്തണം ഇതെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് മാവേലി ശശിയാണ്. ഈ മാവേലി ശശിക്ക് വേറൊരു ബന്ധമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ പൊളിറ്റിക്കൽ സെക്രട്ടറി ശശിയുടെ സുഹൃത്താണ് ഇദ്ദേഹം.

മി. ചെയർമാൻ : അങ്ങ് ദയവായി ഇരിക്കൂ.

ശ്രീ. ടി.എം. ജേക്കബ്: എന്തൊക്കെ പറഞ്ഞാലും ..... (ബഹളം) .....

സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു. (File No. 580/EB/99/dt. Leg. dt. 23.6.99)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ബാലൻ : സഭയിലില്ലാത്ത ഒരാളിനെപ്പറ്റി പരാമർശിക്കാൻ പാടില്ല. അതുകൊണ്ട് ഇതൊന്നും രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : അതിൻമേൽ ഡിസ്കഷൻ വേണ്ട. മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ജി. കാർത്തികേയൻ : ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയെ 5 മിനിട്ട് ഇവിടെ ശ്രീ. ടി.എസ്. ജോൺ അലക്കുകയായിരുന്നു. ശ്രീ. പി.വി. നരസിംഹറാവുവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട് ശ്രീ. ആനത്തലവട്ടം ആനന്ദൻ. അതൊന്നും രേഖയിൽ ഉണ്ടാകരുത്.

മി. ചെയർമാൻ : ചട്ടവിരുദ്ധമായ ഒന്നും രേഖയിൽ ഉണ്ടാവുകയില്ല. ചട്ടവിരുദ്ധമായ പരാമർശങ്ങളൊന്നും രേഖയിൽ ഉണ്ടാവുകയില്ല. അങ്ങ് ദയവായി അവസാനിപ്പിക്കൂ.....(ബഹളം).....

ശ്രീ. ജി. സുധാകരൻ : Clause relates to insinuation സർ, ആരെപ്പറ്റിയും ഉത്തരവാദത്തോടെ ആരോപണം ഉന്നയിക്കാം. വളരെക്കാലമായി എം.എൽ.എ. ആയിരിക്കുന്ന, മന്ത്രിയായിരുന്ന ശ്രീ. ടി.എം. ജേക്കബ് ഇവിടെ ശശിയെപ്പറ്റി ചില പരാമർശം നടത്തി. ആരോപണത്തിന് അടിസ്ഥാനമായി യാതൊരു രേഖകളും വയ്ക്കാതെ, യാതൊരു റിലവന്റ് ഫാക്ടും ഉന്നയിക്കാതെ, യാതൊരു രേഖയും ഹാജരാക്കാതെ താന്തോന്നിത്വമായി നടത്തിയ ഈ പ്രഖ്യാപനം ഓർഡറിലാണോ എന്ന് വ്യക്തമാക്കണം. പോയിന്റ് ഓഫ് ഓർഡർ ആണ്, വ്യക്തമാക്കണം. എന്ത് രേഖ; എന്ത് അടിസ്ഥാനം; എന്ത് റിലവന്റ് ഫാക്ടർ? വ്യക്തമാക്കൂ. ഇതൊന്നുമില്ലാതെ ഇവിടെ നടത്തിയ പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണം. ശ്രീ. ടി.എം. ജേക്കബ് മാപ്പ് പറയണം ഈ കാര്യത്തിൽ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഏതൊരു ഉദ്യോഗസ്ഥനിലും ഗവൺമെന്റിന്റെ പവേഴ്സുണ്ട്. ഒരു പോലീസ് കോൺസ്റ്റബിൾ കൈകാര്യം ചെയ്യുന്നത് ഗവൺമെന്റ് പവേഴ്സാണ്. ഗവൺമെന്റ് പവേഴ്സ് എക്സർസൈസ് ചെയ്യുന്ന ആളുകളെക്കുറിച്ച് വിമർശിക്കുവാൻ പ്രതിപക്ഷത്തിന് റൈറ്റുണ്ട്. ശശി കേരളാ ഗവൺമെന്റിൽനിന്നും ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് പ്രതിപക്ഷത്തിനു വിമർശിക്കാൻ റൈറ്റുണ്ട്. നിയമസഭയിലെ അംഗങ്ങൾക്ക് അത് ഉന്നയിക്കാവുന്നതാണ്.

മി. ചെയർമാൻ : ഈ സഭയിൽ ആരോപണങ്ങൾ ഉന്നയിക്കണമെങ്കിൽ അതിന് ചില വ്യവസ്ഥകളുണ്ട്. ഇവിടെ പറഞ്ഞത് ചട്ടവിരുദ്ധമായ കാര്യങ്ങളാണെങ്കിൽ രേഖയിൽനിന്ന് നീക്കംചെയ്യും. അത് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട ടി.എം. ജേക്കബ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ ചട്ടവിരുദ്ധമായ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല.

മി. ചെയർമാൻ : ഉണ്ടെങ്കിൽ രേഖയിൽ ഉണ്ടാവില്ല. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി.എം. ജേക്കബ് : ഒരു പോയിന്റ് കൂടെ പറഞ്ഞ് അവസാനിപ്പിക്കുവാൻ സമ്മതിക്കണം. ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ അരോചകമായിട്ട് എന്റെ സുഹൃത്ത് ശ്രീ. ജി. സുധാകരന് തോന്നേണ്ട കാര്യമില്ല. ഞാൻ പറഞ്ഞത് വളരെയേറെ വസ്തുതാപരമാണ്. ആവശ്യമെങ്കിൽ അപ്രോപ്രിയേഷൻ ബില്ല് വരുമ്പോൾ ഞാൻ എഴുതികൊടുത്തുകൊണ്ടുവരാം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് അതിലേയ്ക്ക് പോകണ്ട.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ജി. സുധാകരന് ആഗ്രഹമെങ്കിൽ കൊണ്ടുവരാം. വരട്ടെ,

മി. ചെയർമാൻ : അങ്ങ് ദയവായി അവസാനിപ്പിക്കൂ.

ശ്രീ. ജി. സുധാകരൻ : ഔദാര്യം വേണ്ട.

ശ്രീ. ടി.എം. ജേക്കബ് : ആരുടെ ഔദാര്യവും അങ്ങോട്ടും ഇങ്ങോട്ടും വേണ്ട. ഒരു ഔദാര്യത്തിന്റെയും ആവശ്യമില്ല. ഞാൻ അവസാനിപ്പിക്കാം. ഈ നിയമസഭയിൽ 27.1.1999-ന് 312-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി. മറുപടി നൽകിയിരിക്കുന്നത് വനവും ഗതാഗതവും വകുപ്പുമന്ത്രി ഡോ: എ. നീലലോഹിതദാസൻ നാടാരാണ്. അതിനകത്ത് കായംകുളം തെർമ്മൽ പ്ലാന്റിന് ആവശ്യമായ വാമനപുരം നദി, കരമനയാറ്, കല്ലാറ് എന്നീ നദികളിൽനിന്നും മണൽ വാരുന്നതിനുള്ള അധികാരം ആർക്ക് കൊടുത്തിട്ടുണ്ട്; അതാണ് ചോദ്യം. ആ ചോദ്യത്തിന് നൽകിയിരിക്കുന്ന മറുപടി, ശ്രീ. നൗഷാദ്ഖാൻ, കോൺട്രാക്ടർ, എം.എസ്.എം. കോളേജിന് എതിർവശം, കായംകുളം, ശ്രീ. കെ.സി. രവീന്ദ്രൻ, വലിയവിലാസ്, കണ്ണൂർ-7 എന്നീ രണ്ടു പേർക്കാണ് വാമനപുരം ആറ്റിൽനിന്നും മണൽ വാരുന്നതിന് അനുവാദം കൊടുത്തിരിക്കുന്നത്. ഈ രണ്ടാമത്തെ വ്യക്തി, അന്വേഷണത്തിൽ എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്, മുഖ്യമന്ത്രിയുടെ മരുമകനാണെന്നാണ്. അദ്ദേഹം ഒരു കോൺട്രാക്ടറേ അല്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം-ശരിയോ തെറ്റോ എന്ന് എനിക്ക് അറിഞ്ഞുകൂടാ-കോൺട്രാക്ടർ അല്ലാത്ത ഒരാൾ അപേക്ഷകനായിവന്ന് അപേക്ഷ കൊടുത്ത് അവിടെനിന്നും മണൽവാരി. ഇവിടെ ഈ കേസ്സുമായി ബന്ധപ്പെട്ടുതന്നെ 1980-ലെ ഫോറസ്റ്റ് കണസർവേഷൻ ആക്ടിലെ സെക്ഷൻ (2) പ്രകാരം റിസർവ് ഭൂമിയിൽനിന്ന് ആർക്കും മണലോ, കല്ലോ ശേഖരിക്കുവാൻ അവകാശമില്ല. ഇത് ചട്ടവിരുദ്ധമായി കൊടുത്തിരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ സഭയിൽ നൽകിയിരുന്ന മറ്റൊരു ചോദ്യത്തിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ചട്ടവിരുദ്ധമായിട്ട് കൊടുത്തു. അതേസമയം മണൽ വാരൽ നിരോധിച്ചുകൊണ്ട് 1996-ൽ സുപ്രീംകോടതിവിധി ഉണ്ടായിരുന്നുവെന്ന് മറ്റൊരു ചോദ്യത്തിന്റെ മറുപടിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നു. അങ്ങനെ സുപ്രീംകോടതിയുടെ വിധി പ്രകാരം കൊടുക്കുവാൻ പാടില്ലാത്ത ഒരു അനുവാദം ഈ രണ്ട് വ്യക്തികൾക്ക് അനുവദിച്ചു കൊടുത്തത് രാഷ്ട്രീയമായിട്ടുള്ള പിൻബലത്തിന്റെ അടിസ്ഥാനത്തിലാണ്; അല്ലെങ്കിൽ ബന്ധുബലത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ഉത്തരവ് എങ്ങനെ കൊടുത്തു എന്ന് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി, 1980-ൽ ഈ നിയമം വരുന്നതിനുമുമ്പ് ഈ ഫോറസ്റ്റിൽ ഇങ്ങനെയുള്ള മണൽവാരൽ ഉണ്ടായിരുന്നു. അതുകൊണ്ട് കൊടുത്തതാണ് എന്നാണ്. പിന്നെ എന്തുകൊണ്ട് ക്യാൻസലാക്കി എന്ന് ചോദിച്ചു. കേന്ദ്ര ഗവണ്മെന്റ് ക്യാൻസലാക്കുവാൻ പറഞ്ഞതുകൊണ്ട് ക്യാൻസലാക്കി. കേന്ദ്ര നിയമം അവർക്ക് പ്രശ്നമല്ല. സുപ്രീംകോടതിവിധി അവർക്ക് പ്രശ്നമല്ല. നിയമവും വിധികളും കാറ്റിൽപ്പറത്തിക്കൊണ്ട് സ്വജനപക്ഷപാതം നടത്തി മുന്നോട്ടുപോകുന്ന ഒരു സർക്കാരിനെയാണ് ഇവിടെ കാണുവാൻ കഴിയുന്നത്. ഇവിടെ നേരത്തെ ആർ.സി.സി.യുടെ പരസ്യത്തെക്കുറിച്ചുള്ള ആക്ഷേപം മുഖ്യമന്ത്രിയുടെ മകനെക്കുറിച്ചുണ്ടായി. അതിനെക്കുറിച്ചും ഇപ്പോൾ പറഞ്ഞതിനെക്കുറിച്ചും മുഖ്യമന്ത്രി മറുപടി പറയണം. നിയമസഭയിൽ കിട്ടിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത്. ചോദ്യത്തിന്റെ നമ്പർ ഞാൻ പറഞ്ഞു. മുഖ്യമന്ത്രിക്ക് പരിശോധിക്കുവാൻ അവസരം കൊടുക്കാം. ഇതിനകത്ത് സുതാര്യത ഉണ്ടെങ്കിൽ, ഈ ഭരണം അഴിമതിക്കതീതമായി നടത്തുന്ന ഭരണമെന്ന് പറയുവാൻ കഴിയണമെങ്കിൽ, നിങ്ങളുടെ കൈകൾ പരിശുദ്ധമായിരിക്കണം. അഴിമതിയിലും ധൂർത്തിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കുളിച്ചുനിൽക്കുന്ന ഒരു ഭരണം എന്നുള്ള നിലയിൽ, ആ ഭരണത്തിനുവേണ്ടികൊണ്ടുവന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

[2 PM] ശ്രീ. സി.കെ. നാണു : സർ, ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. കഴിഞ്ഞ 3 കൊല്ലമായി ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയേയും ബന്ധപ്പെടുത്തിക്കൊണ്ട് അഴിമതി ആരോപണങ്ങൾ കേരളത്തിൽ ഉന്നയിച്ചിട്ടില്ല. ഇവിടെ ഉയർന്ന ഉദ്യോഗസ്ഥന്റെ പേരിലോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥൻമാരുടെ പേരിലോ എന്ത് നിലപാട് സ്വീകരിച്ചു എന്നതിനേക്കാൾ ഉപരി നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിൽമേൽ എന്ത് നിലപാട് സ്വീകരിച്ചു എന്നതാണ് നാം നോക്കേണ്ടത്. ഉദാഹരണമായി കഴിഞ്ഞ മൂന്നുകൊല്ലമായി വർഗ്ഗീയ ഏറ്റുമുട്ടൽ ഇല്ലാത്ത ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. ജനങ്ങളെ വെടിവച്ച് കൊല്ലാൻ സാഹചര്യം ഒരുക്കാത്ത ഒരു ഭരണം ഇവിടെ നടക്കുന്നു. കേന്ദ്ര ഗവൺമെന്റ് അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ ആ വിലക്കയറ്റത്തിൽനിന്ന് കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ സംരക്ഷിക്കുവാൻ ഫലപ്രദമായ രൂപത്തിൽ ഈ സംസ്ഥാന ഗവൺമെന്റിന്റെ സിവിൽ സപ്ലൈസ് വിഭാഗം പ്രവർത്തിച്ചു. അങ്ങനെ മൊത്തത്തിൽ, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളെ സഹായിക്കുവാൻ, എല്ലാ മേഖലകളിലും ഫലപ്രദമായ ഭരണം കാഴ്ചവയ്ക്കുവാൻ സാധിച്ച ഒരു ഭരണകൂടം എന്ന നിലയ്ക്ക് അഭിമാനത്തോടുകൂടി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഈ സംസ്ഥാനത്തിലെ ജനങ്ങളെ അഭിമുഖീകരിക്കുവാൻ സാധിക്കും. ഇവിടെ ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട ഒരു പ്രശ്നം ഏതാനും മാസങ്ങൾക്കകം പാർലമെന്റിലേയ്ക്ക് വീണ്ടും തെരഞ്ഞെടുപ്പു നടക്കാൻ പോകുന്നു എന്നുള്ളതാണ്. ഇന്ന് കേന്ദ്രത്തിൽ ഒരു ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിലിരിക്കുകയാണ്. അതൊരു കെയർ ടേക്കർ ഗവൺമെന്റാണെങ്കിലും അധികാരത്തിലുണ്ട്. പ്രധാനമന്ത്രിയുടെ ഭാഷയിൽ അല്ലെങ്കിൽ ആഭ്യന്തര മന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ അതിർത്തിയിൽ ഒരു യുദ്ധം നടക്കുന്നു എന്നു തോന്നുന്ന രൂപത്തിലുള്ള ഏറ്റുമുട്ടലുകൾ നടക്കുമ്പോൾ ഒരു ബി.ജെ.പി. ഗവൺമെന്റിനെ അധികാരത്തിലിരുത്താൻ ഇടയാക്കിയതിന് കാരണക്കാർ ആരാണ് എന്ന് ചിന്തിക്കണം. കോൺഗ്രസ്സ് സുഹൃത്തുക്കൾ മറ്റു കക്ഷികളെ ഇതുമായി ബന്ധപ്പെടുത്തി പറയുന്ന അവസരത്തിൽ കോൺഗ്രസ്സ് (ഐ) സ്വീകരിച്ച നിലപാട് എന്താണ്? അന്ന് പ്രതിപക്ഷനേതാവായിരുന്നു ശ്രീ. ശരത്പവാർ. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ നിന്നു പിൻതള്ളപ്പെട്ടപ്പോൾ ഒരു മന്ത്രിസഭ രൂപീകരിക്കാനുള്ള ശ്രമങ്ങൾ നടത്താൻ കോൺഗ്രസ്സ് പ്രതിപക്ഷ നേതാവിനെ അനുവദിച്ചോ? 1977-ൽ മൊറാർജി ദേശായി പ്രധാനമന്ത്രിയായി. അദ്ദേഹത്തിന്റെ കക്ഷിക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടപ്പോൾ അന്നു മന്ത്രിസഭ രൂപീകരിക്കാനുള്ള പരിശ്രമം നടത്താൻ വൈ.ബി. ചവാന്റെ കക്ഷി സന്നദ്ധമായിരുന്നു. അദ്ദേഹത്തിന് ഭൂരിപക്ഷമുണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ട് ചരൺസിംഗ് പ്രധാനമന്ത്രിയായി. പക്ഷെ ബി.ജെ.പി. ഗവൺമെന്റ് പരാജയപ്പെട്ടശേഷം ശ്രീ. ശരത്പവാറിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കുമെന്ന് പറഞ്ഞ് പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവിന് മന്ത്രിസഭ രൂപീകരിക്കാനുള്ള സാദ്ധ്യതകളുണ്ടാക്കാൻ, അതിനുള്ള പരിശ്രമങ്ങൾ നടത്താൻ കോൺഗ്രസ്സ് (ഐ) ശ്രമിച്ചോ?

ശ്രീ. കെ.സി. ജോസഫ് : ദേവഗൗഡ പ്രധാനമന്ത്രി ആകുമ്പോൾ ആരായിരുന്നു നിങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡർ; ശ്രീ. ഗുജ്റാൾ പ്രധാനമന്ത്രി ആകുമ്പോൾ നിങ്ങളുടെ ലീഡർ ആരായിരുന്നു?

ശ്രീ. സി.കെ. നാണു : പ്രധാനമന്ത്രി പദത്തിലെത്താൻ ആവശ്യമുള്ള അംഗസംഖ്യയുള്ള ഒരു കക്ഷി ഇല്ലാതിരുന്ന സാഹചര്യത്തിൽ ദേശീയ മുന്നണിയിലെ ഘടകകക്ഷികളുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായിട്ടാണ് ശ്രീ. ദേവഗൗഡയും ശ്രീ. ഗുജ്റാളും പ്രധാനമന്ത്രിമാരായത്. നേരെ മറിച്ച് കോൺഗ്രസ്സ് (ഐ), ബി.ജെ.പി കഴിഞ്ഞാൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള പാർലമെന്ററി കക്ഷിയാണ്. സ്വാഭാവികമായും ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ നിന്ന് മാറിയാൽ കോൺഗ്രസ്സ് (ഐ) യുടെ നേതൃത്വത്തിൽ സ്വന്തമായി ഒരു മന്ത്രിസഭ ഉണ്ടാക്കാൻ അവർ ശ്രമിക്കേണ്ടതായിരുന്നു. മാർക്സിസ്റ്റുപാർട്ടിയുടെ നേതാവ് ശ്രീ. സുർജിത് പറഞ്ഞ അഭിപ്രായത്തിന്റെ ഉദ്ദേശശുദ്ധിയെ വെല്ലുവിളിക്കാമോ? ബി.ജെ.പി. ഇതര ഗവൺമെന്റ് ഇൻഡ്യയിൽ അധികാരത്തിൽ വരാൻ, കോൺഗ്രസ്സ് (ഐ)യുടെ നേതൃത്വത്തിലാണ് ഒരു ഗവൺമെന്റ് എങ്കിൽ ആ ഗവൺമെന്റിന് പിന്തുണ നൽകാൻ ഞങ്ങൾ സന്നദ്ധരാണെന്നു പറഞ്ഞാൽ കഴിഞ്ഞ കാലങ്ങളിൽ ഇൻഡ്യയിൽ നടത്തിവന്ന കോൺഗ്രസ്സ് (ഐ)ക്കെതിരായ പോരാട്ടങ്ങളിൽ നിന്ന് മാർക്സിസ്റ്റു പാർട്ടി പിൻവാങ്ങി എന്ന് അർത്ഥമുണ്ടോ? സി.പി.ഐ (എം) ആ നിലപാട് സ്വീകരിച്ചാൽ അവർ പിൻവാങ്ങി എന്ന് അർത്ഥമുണ്ടോ? നേരെമറിച്ച് ഇപ്പോൾ വന്നിരിക്കുന്ന രാഷ്ട്രീയസാഹചര്യം എന്താണ്? കേന്ദ്രത്തിൽ ഒരു മതേതര ഗവൺമെന്റുണ്ടാക്കുന്നതിനുവേണ്ടി ഇടതുപക്ഷ പാർട്ടികൾപോലും കോൺഗ്രസ്സിന് പിന്തുണ നൽകാൻ സന്നദ്ധമായെങ്കിലും കോൺഗ്രസ്സ് നേതൃത്വം അതിന് തയ്യാറായില്ല. കോൺഗ്രസ്സിന് അത് സാധിക്കാതെ വന്നതിന്റെ ഫലമായിട്ടല്ലേ ശ്രീ. എ.ബി. വാജ്പേയിയുടെ നേതൃത്വത്തിൽ ബി.ജെ.പി. ഇൻഡ്യയിൽ അധികാരത്തിലേറിയത്? നിങ്ങൾ കഴിഞ്ഞ കാലത്തും ഈ നിലപാട് സ്വീകരിച്ചവരാണ്. ശ്രീ. ദേവഗൗഡയുടെയും ശ്രീ. ഗുജ്റാളിന്റെയും ഗവൺമെന്റുകളെ ഇൻഡ്യയിൽ അധികാരത്തിലെത്തിച്ചത് ജനതാദളിനോടുള്ള പ്രത്യേകമായ സ്നേഹം കൊണ്ടാണെന്നു കരുതുന്നവരല്ല ഞങ്ങൾ. ഒരു ബി.ജെ.പി ഇതര ഗവൺമെന്റ് ഇൻഡ്യയിൽ വേണം. എന്തുകൊണ്ട് അകാലിദൾ ബി.ജെ.പി.യോടു കൂടിനിന്നു എന്നു ഇവിടെ ചോദിച്ചു. ശ്രീ. ചന്ദ്രബാബു നായിഡുവിനെ ബി.ജെ.പി.യുടെ ക്യാമ്പിൽ എത്തിച്ചവർ ആരാണ്? ആന്ധ്രാപ്രദേശിലെ തെലുങ്കുദേശത്തിലെ എം.എൽ.എ.മാരെ പാതിരാത്രിക്ക് കർണ്ണാടകത്തിൽ കൊണ്ടുപോയി രക്ഷപ്പെടുത്തേണ്ട രാഷ്ട്രീയ സാഹചര്യം ഉണ്ടാക്കിയത് കോൺഗ്രസ്സ് (ഐ)ആണ്. ശ്രീ. എൻ.ടി. രാമറാവുവിന് രോഗമായി അമേരിക്കയിൽ കൊണ്ടുപോയി ഓപ്പറേറ്റ് ചെയ്തു തിരിച്ചുവരുമ്പോൾ അദ്ദേഹത്തിന്റെ ഗവൺമെന്റിനെ ഹൈജാക്ക് ചെയ്തവർ കോൺഗ്രസ്സ് (ഐ) ആണ്.

ശ്രീ. ജി. കാർത്തികേയൻ : ഒരു പാർട്ടിയിലെ എം.എൽ.എ.മാർ ആ പാർട്ടിയിൽ നിൽക്കാതിരിക്കുന്നത് വേറെ പാർട്ടിയുടെ കുറ്റം കൊണ്ടാണോ? സ്വന്തം എം.എൽ.എ.മാരെ സ്വന്തമായി നിർത്താൻ കഴിയാത്ത നേതൃത്വം വേറെ പണി നോക്കണം. ആരും തട്ടിക്കൊണ്ടു പോകില്ല. ഇതൊക്കെ എത്രയോ വർഷങ്ങൾക്കു മുമ്പ് ആളുകൾ മറന്ന കേവലം രാഷ്ട്രീയ ആരോപണങ്ങളാണ്. ഇത് ആരോപണമാണ്. കോൺഗ്രസ്സിന് ഇതിനകത്ത് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യം? ഈ ഭൂമിയിൽ എന്തു സംഭവിച്ചാലും അതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണോ? ആ സമീപനം ശരിയല്ല.

<u>ശ്രീ. സി.കെ. നാണു</u> : ബഹുമാനപ്പെട്ട കാർത്തികേയൻ രാഷ്ട്രീയ കാര്യങ്ങൾ മറക്കരുത്. കാശ്മീരിന്റെ കാര്യം എടുക്കാം. ഡോ.ഫറൂക്ക് അബ്ദുള്ളയെക്കുറിച്ച് പറഞ്ഞു. കാശ്മീരിലെ ജനങ്ങളുടെ പിന്തുണയോടുകൂടിയാണ് ഫറൂക്ക് അബ്ദുള്ള മുഖ്യമന്ത്രിയായത്. കാശ്മീരിലെ ജനങ്ങളുടെ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. ആ ഫറൂക്ക് അബ്ദുള്ളയെ തകർത്തവർ, അദ്ദേഹത്തിന്റെ സഹോദരിയുടെ ഭർത്താവിനെ കോൺഗ്രസ്സസ് (ഐ) കൂട്ടുപിടിച്ച് പാതിരാത്രിക്ക് രാജ്ഭവനിൽ കൊണ്ടുപോയി ഡോ. ഫറൂക്ക് അബ്ദുള്ളയുടെ ഭൂരിപക്ഷം നഷ്ടപ്പെട്ടു എന്നുപറഞ്ഞ് ഒരു ബദൽ മന്ത്രിസഭ അവിടെയുണ്ടാക്കി; ഭൂരിപക്ഷ മുസ്ലീം സംസ്ഥാനമായ കാശ്മീരിലെ മുസ്ലീം ജനങ്ങളുടെ പിന്തുണ അടക്കം ഇൻഡ്യാഗവൺമെന്റിന് വിരുദ്ധമായി തിരിയാൻ ഇടയാക്കിയ രാഷ്ട്രീയസാഹചര്യമുണ്ടാക്കിയത് കോൺഗ്രസ്സ് (ഐ) അല്ലേ? സുവർണക്ഷേത്രത്തിന്റെ നേരെ വെടിയുണ്ടയുതിർത്തതിന്റെ ഫലമായിട്ടല്ലേ ഇന്നും .....

<u>ശ്രീ. കെ. സുധാകരൻ</u> : അങ്ങയുടെ പാർട്ടിക്കകത്തെ എം.എൽ.എ. മാരെ സ്വാധീനിച്ച് ശ്രീ. പി.ആർ. കുറുപ്പിൽ നിന്നും മന്ത്രിസ്ഥാനം പിടിച്ചെടുത്ത് ബഹുമാനപ്പെട്ട ഡോ. നീലലോഹിതദാസൻ നാടാരെ മന്ത്രിയാക്കിയ അങ്ങേയ്ക്ക് അധികാരത്തിനുവേണ്ടിയുള്ള മൽസരത്തെ വിമർശിക്കാൻ സാധിക്കുന്നത് എങ്ങനെ?

<u>ശ്രീ. സി.കെ. നാണു</u> : ഞാൻ അധികാരത്തിനു വേണ്ടിയുള്ള മൽസരങ്ങളെക്കുറിച്ചല്ല പറയുന്നത്. ഞാൻ ഈ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ അങ്ങ് പറഞ്ഞ രൂപത്തിലുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനാണ് ഞാനെന്ന് ശ്രീ. സുധാകരൻ ധരിച്ചത് മോശമായിപ്പോയി. ഞാൻ പറയുന്നത് ഇവിടെയുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങളെ സംബന്ധിച്ചാണ്. കോൺഗ്രസ്സ് (ഐ) സുഹൃത്തുക്കൾ മനസ്സിലാക്കേണ്ട ഒരു കാര്യം. ഇവിടെ മുസ്ലീം ലീഗിന്റെ നേതാക്കൾ ന്യൂനപക്ഷ അവകാശത്തെ സംബന്ധിച്ച് പറഞ്ഞതിനെയാണ്. ന്യൂനപക്ഷങ്ങളുടെ അവകാശം ഒരു ജനാധിപത്യ രാജ്യത്തേ ഉണ്ടാവൂ. 1974-75ൽ നിങ്ങൾ ഇൻഡ്യൻ ജനാധിപത്യം തകർത്തു. ഇവിടുത്തെ ന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ, ഇവിടത്തെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാട്ടം നടത്താൻ അവസരമുണ്ടായത് ഈ രാജ്യത്തിലെ കോൺഗ്രസ്സ് ഇതര കക്ഷികൾ നടത്തിയ പോരാട്ടത്തിന്റെ ഫലമായിട്ടാണ്. ഇൻഡ്യൻ ജനാധിപത്യത്തിന്റെ പാതയിലേയ്ക്ക് അതു വീണ്ടും തിരിച്ചുവന്നതാണ്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെ നിങ്ങൾ എതിർത്തു. പാർലമെന്റിൽ നിങ്ങളുടെ ലീഡർ രാജീവ്ഗാന്ധിയും ബി.ജെ.പി.യുടെ നേതൃത്വവുമൊരുമിച്ച് മൺഡൻ കമ്മിഷൻ റിപ്പോർട്ടിനെ എതിർത്തു. ഈ രാജ്യത്തിലെ ഭൂരിപക്ഷം വരുന്ന അടിസ്ഥാനവർഗ്ഗം ഇൻഡ്യയിലെ ജനജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് വന്നതിനെ എതിർത്തവരാണ് നിങ്ങൾ. നിങ്ങളാണ് ഈ രാജ്യത്ത് ബി.ജെ.പി.യ്ക്ക് ശക്തിയായി വളർന്നുവരാൻ സാഹചര്യമൊരുക്കിയത്. ഒരു ബി.ജെ.പി. ഇതര ഗവൺമെന്റ് ഇൻഡ്യാ രാജ്യത്തുണ്ടാക്കാൻ. കോൺഗ്രസ്സിനെ പിന്തുണയ്ക്കാൻ ഇതരകക്ഷികളിൽ ബഹുഭൂരിപക്ഷം കക്ഷികളും തയ്യാറായപ്പോൾ നിങ്ങൾക്ക് അധികാരം ലഭിക്കണം; നിങ്ങൾ പറയുന്ന ആൾ മാത്രം പ്രധാനമന്ത്രിയാകണം. കഴിഞ്ഞ കുറേ മാസങ്ങളിലായി നിങ്ങൾ നടത്തിയ രാഷ്ട്രീയക്കളിക്ക് സ്വാഭാവികമായി

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാരാജ്യത്തിലെ ജനങ്ങൾ തിരിച്ചടി നൽകും. ഒരുപക്ഷെ നാളത്തെ സാഹചര്യങ്ങളുടെ ഫലമായി ബി.ജെ.പി. ഇതര ഗവൺമെന്റ് ഉണ്ടാക്കാൻ ഇൻഡ്യയിലെ പുരോഗമനശക്തികൾ, ജനാധിപത്യശക്തികൾ കോൺഗ്രസ്സ് (ഐ) യുടെയടക്കം പങ്കാളിത്തത്തോടുകൂടി സന്നദ്ധമാകുന്ന ഒരു സാഹചര്യ മുണ്ടാകാം. പക്ഷെ ആ സാഹചര്യത്തിൽ ധാർമ്മികമായി ചോദിക്കാൻ നിങ്ങൾ അവകാശപ്പെട്ടവരല്ല. അതിശക്തിയുള്ളവർ ആയാലും നിങ്ങൾ അതിന് അവകാശപ്പെട്ടവരല്ല എന്ന് കോൺഗ്രസ്സ് സുഹൃത്തുക്കൾ മനസ്സിലാക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ ചരിത്രത്തിൽ ഏറ്റവും ദുർഘടമായ ഒരു സാഹചര്യത്തിലൂടെ കടന്നുപോവുകയാണ്. ഈ അവസരത്തിൽ ഈ രാജ്യത്തെ സ്നേഹിക്കുന്ന മുഴുവൻ ജനങ്ങളും ആഗ്രഹിക്കുന്നത് ഇൻഡ്യാരാജ്യത്തിന് ഒരു ഉറച്ച ഗവൺമെന്റ് ഉണ്ടാകണമെന്നാണ്. ആർക്കാണ് ഇൻഡ്യയിൽ ഒരു ഉറച്ച ഗവൺമെന്റ് പ്രദാനം ചെയ്യാൻ കഴിയുക? ഇത് അധികാരത്തിലിരിക്കുന്ന ബി.ജെ.പി.ക്കും സഖ്യകക്ഷികൾക്കും ഇന്ത്യയെ രക്ഷിക്കാനാവില്ല എന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ രാജ്യം ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ്. നമ്മുടെ ഇന്ത്യൻ പട്ടാളക്കാർ വളരെ പ്രതികൂലമായ സാഹചര്യത്തിൽ ഈ രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കുന്നതിനുവേണ്ടി ജീവൻ ബലികഴിച്ചുകൊണ്ടുപോലും പടപൊരുതിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു സാഹചര്യമുണ്ടാക്കിയതാരാണ്? നമ്മുടെ രാജ്യത്തിന്റെ അതിർത്തിക്കകത്ത് ആയിരക്കണക്കിന് പാക്കിസ്ഥാൻ പട്ടാളക്കാരും അഫ്ഗാൻ ഒളിപ്പോരാളികളും ഒരു വർഷത്തേയ്ക്കുള്ള ആഹാര സാധനങ്ങളുടക്കം എല്ലാ ആയുധസന്നാഹങ്ങളോടുംകൂടി കടന്നുവന്ന് ബങ്കറുകൾ സ്ഥാപിച്ചുകൊണ്ട് ഇന്ത്യൻ പട്ടാളത്തെ നേരിടാൻ തയ്യാറായിട്ടും അത് കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്നുപറഞ്ഞാൽ നമ്മുടെ രാജ്യത്തെ പ്രതിരോധവകുപ്പും ഇന്റലിജൻസ് വകുപ്പും കൈകാര്യം ചെയ്യുന്ന പ്രധാനമന്ത്രിയുടെ പരാജയമല്ലേ? ആ തരത്തിൽ പരാജയപ്പെട്ട, രാജ്യത്തെ രക്ഷിക്കാൻ ആവാത്ത ബി.ജെ.പി.ക്കും സഖ്യകക്ഷികൾക്കും ഇന്ത്യയെ രക്ഷിക്കാനാവുമോ? ഇന്ത്യയെ രക്ഷിക്കാനാവില്ല. അതുകൊണ്ടുതന്നെ ഈ വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെയും സഖ്യകക്ഷികളേയും പരാജയപ്പെടുത്താൻ ഇന്ത്യയിൽ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളടക്കമുള്ള മതേതര ജനാധിപത്യ പാർട്ടികളുടെ വിപുലമായ ഐക്യമുണ്ടാകണം. ഒരു പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ വിപുലമായ ഐക്യമുണ്ടാകണമെന്നാണ് ശ്രീ. ബേബിജോൺ സെക്രട്ടറിയായിട്ടുള്ള ആർ.എസ്.പി. കമ്മിറ്റിയുടെ അഭിപ്രായം എന്ന് ഞാൻ അറിയിക്കുന്നു. ബി.ജെ.പി.യേയും സഖ്യകക്ഷികളേയും പരാജയപ്പെടുത്താൻ ഇന്ത്യയിലെ കോൺഗ്രസ്സിനെക്കൊണ്ടുമാത്രം ആകുമെന്ന് ഞാൻ കരുതുന്നില്ല. ഇന്ത്യയിൽ മൂന്നാം മുന്നണി എന്നുള്ളത് ഇന്ന് അപ്രായോഗികമാണ്. മൂന്നാം മുന്നണി ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിലില്ല. ഇന്ത്യയിലെ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികൾ കേരളത്തിലും ബംഗാളിലും ത്രിപുരയിലുമായി നിൽക്കുകയാണ്. വളരെ പരിമിതമായ സ്വാധീനമാണ് ഇന്ത്യയിൽ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികൾക്കുള്ളത്. ആ പശ്ചാത്തലത്തിൽ ഫാസിസ്റ്റ് വർഗ്ഗീയ ശക്തികളിൽ നിന്നും ഇന്ത്യയെ രക്ഷിക്കുന്നതിനു വേണ്ടി ഇന്ത്യയിലെ ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളും കോൺഗ്രസ്സ് അടക്ക

LIBRARY ARCHIVES Kerala Legislative Assembly

മുള്ള എല്ലാ പാർട്ടികളും ഒരു പൊതു പരിപാടികളുടെ അടിസ്ഥാനത്തിൽ ഈ തെരഞ്ഞെടുപ്പിനെ നേരിടണമെന്നാണ് ഞങ്ങളുടെ ശക്തമായ അഭിപ്രായം. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് അത്രയേറെ രാഷ്ട്രീയ പ്രാധാന്യമുള്ളതാണെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ ഏകകക്ഷി ഭരണത്തിന്റെ കാലം പോയിക്കഴിഞ്ഞിരിക്കുന്നു. ഈ പാർലമെന്റ് തെരഞ്ഞെടുപ്പു കഴിഞ്ഞാലും ഒരു കൂട്ടുകക്ഷി ഗവൺമെന്റ് ഇന്ത്യയിൽ ഉണ്ടാകും. ആ കൂട്ടുകക്ഷി ഗവൺമെന്റ് ഏറ്റവും ശക്തമായ നിലയിലുണ്ടാകണമെങ്കിൽ ബി.ജെ.പി. ഇതര വോട്ടുകൾ ഭിന്നിച്ചുപോകാത്ത തരത്തിൽ ഈ രാജ്യത്തെ മുഴുവൻ മതേതര വോട്ടുകളും ഒന്നിപ്പിക്കുവാൻ കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യം ഇവിടെ ഉണ്ടാകണമെന്നാണ് ആർ.എസ്.പി.യുടെ വ്യക്തമായ അഭിപ്രായം. ഈ കൂട്ടത്തിൽ മൂന്നാം മുന്നണി എന്നുപറഞ്ഞുകൊണ്ട് കോൺഗ്രസ്സിനോടും ബി.ജെ.പി. യോടും സമദൂരസിദ്ധാന്തം പ്രഖ്യാപിച്ചുകൊണ്ട് ചില പാർട്ടികൾ നിൽക്കുന്നു. ആർ.എസ്.പി.യുടെ ദേശീയനേതൃത്വവും അതുപോലെതന്നെ മുലായംസിങിന്റെ പാർട്ടിയും ശ്രീ. ശരത്പവാറിന്റെ ദേശീയ കോൺഗ്രസ്സും സമദൂരസിദ്ധാന്തമാണ് പുലർത്തുന്നത്. യഥാർത്ഥത്തിൽ ബി.ജെ.പി.യെ സഹായിക്കുന്ന ഏറ്റവും അപകടകരമായ നയങ്ങളാണ് ഈ പാർട്ടികൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിക്കുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ സമദൂരസിദ്ധാന്തമെന്നുള്ളതല്ല ഇന്ന് ആവശ്യം. ഇന്ന് ബി.ജെ.പി. യേയും സഖ്യകക്ഷികളേയും പരാജയപ്പെടുത്താൻ കഴിയുന്ന തരത്തിൽ, ഒരു പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു മുന്നണി ദേശീയതലത്തിൽ ഉയർന്നുവരണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. കേരളത്തിൽ ആർ.എസ്.പി.യുടെ അകത്തുണ്ടായ ഭിന്നിപ്പിനെ സംബന്ധിച്ചും അതിനിടയായ സാഹചര്യത്തെ സംബന്ധിച്ചും ഞാൻ പ്രതിപാദിക്കുന്നില്ല. വളരെ വേദനയോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഇന്ത്യയിൽ ആറു പതിറ്റാണ്ടു പിന്നിട്ട രാഷ്ട്രീയ പ്രസ്ഥാനമാണ്. ആർ.എസ്.പി. രൂപം കൊള്ളുമ്പോൾ ഇന്ത്യയിൽ ആകെ നാലു പാർട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും, കമ്മ്യൂണിസ്റ്റ് പാർട്ടിയും, റോയിസ്റ്റ് റാഡിക്കൽ പാർട്ടിയും, ആർ.സി.പി.ഐ. യുമായിരുന്നു അവ. ആ നാലുപർട്ടികൾ മാത്രമുള്ളപ്പോഴാണ് റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഇവിടെ രൂപം കൊള്ളുന്നത്. ഈ രാജ്യം കണ്ട ഏറ്റവും വലിയ വിപ്ലവകാരികളായ ചന്ദ്രശേഖർ ആസാദും അതുപോലെതന്നെ ഭഗത്സിംഗും ജന്മം നൽകിയ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ ആർമിയുടേയും അനുശീലൻ സമിതിയുടേയും സമാരാധ്യരായ നേതാക്കൻമാർ ജന്മം നൽകിയ ഒരു പ്രസ്ഥാനമാണിത്. ആ പ്രസ്ഥാനം രൂപം കൊണ്ടിട്ട് ആറ് പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ആ പ്രസ്ഥാനം ഉയർത്തിപ്പിടിച്ച ഉന്നതങ്ങളായ മൂല്യങ്ങളെ ചവുട്ടിമെതിച്ചുകൊണ്ട് ഈ മഹത്തായ പ്രസ്ഥാനത്തെ വിറ്റുകാശുവാങ്ങാൻ ശ്രമിച്ചപ്പോൾ അതിനെതിരെ പാർട്ടിയെ മോചിപ്പിക്കുന്നതിനുള്ള പോരാട്ടമാണ് കേരളത്തിൽ നടന്നത്. ആ പോരാട്ടത്തിൽ ശ്രീ. ബേബിജോൺ സെക്രട്ടറിയായ ആർ.എസ്.പി. യുടെ കീഴിൽ ഈ സംസ്ഥാനത്തെ മുഴുവൻ പാർട്ടി പ്രവർത്തകൻമാരും ഒറ്റക്കെട്ടായി അണിനിരന്നിരിക്കുകയാണ്. ഞങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണി നിലനിൽക്കാൻ ആഗ്രഹിക്കുന്നു. 1979-ൽ ഭരണാധികാരം വലിച്ചെറിഞ്ഞുകൊണ്ടാണ് ശ്രീ. ബേബിജോൺ അന്ന് ഇടതുപക്ഷ മുന്നണി കെട്ടിപ്പടുക്കാൻ വേണ്ടി ആ മുന്നണിയിലേയ്ക്ക് കടന്നുവന്നത്. ഞങ്ങളെ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലുൾപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി.എഫ്.ന്റെ കൺവീനർക്കും മറ്റെല്ലാ ഘടക കക്ഷികൾക്കും കത്തു കൊടുത്തു. ഇപ്പോൾ ഞങ്ങൾ എങ്ങുമില്ല. ഞങ്ങളെ എങ്ങും വിളിക്കുന്നില്ല. എൽ.ഡി.എഫ്.ന്റെ ഒരു പരിപാടിയിലും പങ്കെടുപ്പിക്കുന്നില്ല. ഇതിനൊരു പരിഹാരമുണ്ടാകണം. ഉണ്ടാകുന്നില്ലായെങ്കിൽ വലിയ ത്യാഗം സഹിച്ച്, വലിയ സംഭാവന ചെയ്തുകൊണ്ട് കെട്ടിപ്പടുത്ത ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വലിയ നഷ്ടമാണ് സംഭവിക്കാൻ പോകുന്നതെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ രണ്ടു മുന്നണികൾ തമ്മിലുള്ള വ്യത്യാസം നമുക്കറിയാം. വെറും 1,43,000 വോട്ടിന്റെ വ്യത്യാസമാണ് ആ തെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്നത് ആ തെരഞ്ഞെടുപ്പിൽ ഈ സംസ്ഥാനത്തെ ഏറ്റവും വലിയ സംപൂജ്യ ജില്ല കൊല്ലം ജില്ലയാണ്. 12 എം.എൽ.എ. മാരിൽ 10 എം.എൽ.എ.മാരെ എൽ.ഡി.എഫ്.ന് സംഭാവന ചെയ്തത് കൊല്ലം ജില്ലയാണ്. കണ്ണൂർ ജില്ലയിൽപോലും 10-ൽ എട്ടേയുള്ളൂ. അതുപോലെതന്നെയാണ് തിരുവനന്തപുരവും ആലപ്പുഴയും പത്തനംതിട്ടയും. സെൻട്രൽ ട്രാവൻകൂറിൽ, ആർ.എസ്.പി.ക്ക് ബഹുജന സ്വാധീനമുള്ള ആ ജില്ലകളിൽ ശ്രീ. ബേബി ജോൺ സെക്രട്ടറിയായ ആർ.എസ്.പി.യെ ഒഴിച്ചുനിർത്തിക്കൊണ്ടു പോകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ദുർബലപ്പെടുത്തുന്ന നടപടിയായിരിക്കും. അത്തരം ഒരു നടപടി ഇടതുപക്ഷ നേതാക്കൻമാരിൽ നിന്നും ഉണ്ടാകരുതെന്നാണ് ഈ അവസരത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മന്നുവർഷം പൂർത്തിയാക്കി, നാലാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഈ അവസരത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ വിശ്വാസവികാരങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ മുന്നണിയും ഗവൺമെന്റും കൂടുതൽ ശക്തി ആർജ്ജിക്കണം. ഇന്ന് നമ്മുടെ കാർഷികമേഖല തകർന്നുകിടക്കുന്നു; വ്യാവസായികരംഗം തകർന്നുകിടക്കുന്നു; മത്സ്യമേഖല തകർന്നുകിടക്കുന്നു; പരമ്പരാഗത വ്യവസായങ്ങളാകെ തകർന്നുകിടക്കുന്നു. ജനങ്ങളുടെ കൈയിൽ പണമില്ല. കേരളത്തിൽ ജനങ്ങളുടെ ക്രയശേഷി നഷ്ടമായിരിക്കുന്നു. തൊഴിലില്ലായ്മ പെരുകുന്നു. ഒരു ക്ഷാമത്തിന്റെ പ്രതീതിയാണ് ഈ സംസ്ഥാനമാകെ നിലനിൽക്കുന്നത്. കേരളത്തെ ഒരു ക്ഷാമബാധിത സംസ്ഥാനമായി ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1996-ൽ ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് 52,000 കോടി രൂപയുടെ മുതൽമുടക്ക് ഈ കേരളത്തിലുണ്ടാകണം, എങ്കിൽ മാത്രമേ 9-ാം പഞ്ചവൽസര പദ്ധതി അവസാനിക്കുമ്പോൾ ദേശീയ നിലവാരത്തിലേയ്ക്ക് എത്തുകയുള്ളൂ എന്നാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 21,000 കോടി രൂപ സ്വകാര്യമേഖലയിലുണ്ടാകണമായിരുന്നു. അതിൽ എത്ര കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് സ്വകാര്യമേഖലയിൽ ഈ കഴിഞ്ഞ മൂന്നുകൊല്ലംകൊണ്ട് കൊണ്ടുവരാൻ കഴിഞ്ഞു? കാർഷികമേഖലയും വ്യാവസായിക മേഖലയും ഉൽപ്പാദനമേഖലയും വളരാതെ ഒരു സംസ്ഥാനത്തിന് മുന്നോട്ട് പോകാൻ കഴിയുമോ? ആ തരത്തിൽ ജനജീവിതമാകെ ദുഃസ്സഹമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, പോയിന്റ് ഓഫ് ഓർഡർ, ഈ സഭയിൽ നൽകിയ രേഖപ്രകാരം കോൺഗ്രസ്സ് (എസ്) ഒരു പാർട്ടിയാണ്. ആ പാർട്ടിക്ക് മൂന്ന് എം.എൽ.എ. മാർ ഉണ്ട്. കഴിഞ്ഞ അസംബ്ളി സമ്മേളനം കഴിഞ്ഞ് കോൺഗ്രസ്സ് (എസ്)-ന്റെ സംസ്ഥാന കമ്മിറ്റി കൂടി. ആ സംസ്ഥാന കമ്മിറ്റിയും അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്ലീനറി സമ്മേളനവും സമ്പൂർണ്ണ സമ്മേളനവും ചേർന്ന് ആ പാർട്ടിയെ പിരിച്ചുവിടാനും മറ്റൊരു പാർട്ടിയിൽ ലയിക്കാനും തീരുമാനിച്ചതായി പത്രത്തിൽ വാർത്തയുണ്ട്. ആ തീരുമാനം നടപ്പിലാക്കിയ സ്ഥിതിക്ക് ശ്രീ. വി.സി. കബീറും, ശ്രീ. കെ.ടി. കുഞ്ഞഹമ്മദും, ശ്രീ. എ.സി. ഷൺമുഖദാസും ഏത് കക്ഷിയിലെ മെമ്പർമാരാണ്; അതോ സ്വതന്ത്രൻമാരാണോ എന്നറിയാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്. ഇതിനെ സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് വേണം.

മി. ചെയർമാൻ : അത് പരിശോധിച്ച് പറയാം. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. വി.സി. കബീർ : അതിന് മറുപടി ഞാൻ പറയാം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരു ഘടകകക്ഷിയെന്നുള്ള നിലയിൽ കോൺഗ്രസ്സ് (എസ്) തെരഞ്ഞെടുപ്പിൽ മൽസരിക്കുകയും എം.എൽ.എ. മാരായി ഞങ്ങൾ മൂന്നുപേർ ഇവിടെ വരികയും ചെയ്തിട്ടുണ്ട്. എന്നാൽ സമീപകാലത്ത് എന്റെ പാർട്ടിയിലെ പ്ലീനറി സമ്മേളനം ചേർന്ന് ശ്രീ. ശരദ് പവാറിന്റെ നാഷണലിസ്റ്റ് പാർട്ടിയിൽ ലയിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിലിരിക്കുന്ന കാര്യമാണ്. നിങ്ങളുടെ പാർട്ടിയും ഒബ്ജക്ഷൻ കൊടുത്തിട്ടുണ്ടല്ലോ. തെരഞ്ഞെടുപ്പ് കമ്മീഷൻ എന്താണ് പറയുന്നതെന്ന് നോക്കട്ടെ, എന്നിട്ട് ഞങ്ങൾക്ക് തീരുമാനിക്കാം. ഏതായാലും ഞങ്ങൾ കോൺഗ്രസ്സ് (എസ്)-ന്റെ എം.എൽ.എ. മാരായി വന്നിരിക്കുന്ന ആളുകൾ തന്നെയാണ്, ഞങ്ങൾ ലയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഒരു സംശയം മുമ്പ് കോൺഗ്രസ്സ് (എസ്) ആയിരുന്നപ്പോൾ ആ പാർട്ടിയുടെ നയപരമായ തീരുമാനമെടുക്കാനുള്ള അധികാരം കേരളത്തിലെ സംസ്ഥാന സമിതിക്കായിരുന്നു. ഒരു അഖിലേന്ത്യാ പാർട്ടിയിൽ ലയിച്ചതിനുശേഷം പാർട്ടിയുടെ നയപരമായ തീരുമാനമെടുക്കാൻ സംസ്ഥാന സമിതിക്ക് അവകാശമുണ്ടോ; അതോ അതിന്റെ ഹൈക്കമാന്റിന് വിടണോ?

ശ്രീ. വി.സി. കബീർ : അത് ബഹുമാനപ്പെട്ട കാർത്തികേയന്റെ സംശയം മാത്രമാണ്. ഞങ്ങൾ അന്നും അഖിലേന്ത്യാ പാർട്ടിയായിരുന്നു. ഞങ്ങളുടെ പ്രസിഡന്റ് ശ്രീ. ശരത് ചന്ദ്ര സിൻഹ ആയിരുന്നു, അഖിലേന്ത്യാ ലജാൻജി ശ്രീ. എ.സി. ഷൺമുഖദാസ് ആയിരുന്നു. വെറുതെ സംശയങ്ങൾ ചോദിച്ചിട്ട് കാര്യമില്ലല്ലോ. ഇപ്പോൾ ഏതായാലും ഞങ്ങൾ ലയിക്കാൻ തീരുമാനിച്ചിരിക്കുന്ന പാർട്ടിയാണ്, ഞങ്ങൾ എൽ.ഡി.എഫ്-ൽ ആണ്; യാതൊരു സംശയവുമില്ല.

സർ, കർമ്മവിജയത്തിന്റെ വെന്നിക്കൊടി പാറിച്ചുകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് നാലാമത്തെ വർഷത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്ന ഒരു പൊതുഭരണമാണ് ഇന്ന് കേരളത്തിലുള്ളത്. ഒരു ക്ലീൻ ഭര

ണമാണ് കേരളത്തിൽ നടക്കുന്നത്. സംതൃപ്തമായ ഒരു സിവിൽ സർവ്വീസാണ് ഇന്നിവിടെയുള്ളത്. കേരളത്തിൽ 940 കോടി രൂപ കൊടുത്തുകൊണ്ടാണ് സിവിൽ സർവ്വീസിലെ ഉദ്യോഗസ്ഥൻമാരെ സത്യസന്ധമായി ജോലി ചെയ്യാൻ ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്. വിവര സാങ്കേതികരംഗത്ത് ആന്ധ്രയെ വെല്ലുവിളിക്കുന്ന രീതിയിലാണ് നമ്മുടെ ഗവൺമെന്റ് മുമ്പോട്ട് പോകുന്നത്. ത്രിതല ഭരണസംവിധാനം നടപ്പിലാക്കിയ ഈ കേരളത്തിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ കുറച്ചുകൂടി വേഗത വരുത്തേണ്ടതുണ്ട്. പ്രവാസി കേരളീയർക്കായി ഈ ഗവൺമെന്റ് ഇൻഡ്യയിൽ മാതൃകാപരമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസി കേരളീയരെ സഹായിക്കുന്ന നിരവധി നടപടികൾ നടത്തുന്നുണ്ട്. അതിൽ ഒന്ന് എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നത്, ഏതാണ്ട് 110-ഓളം മലയാളികളുടെ മൃതശരീരങ്ങൾ ദുബായിൽ നിന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും ഇവിടെ കൊണ്ടുവരാൻ ഈ ഗവൺമെന്റ് കാണിച്ച ശുഷ്കാന്തിയാണ്. അക്കാര്യത്തിൽ കേരത്തിലെ ജനങ്ങളുടെ പ്രശംസ ഞാൻ ഇവിടെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യം ഇപ്പോൾ ഒരു യുദ്ധത്തിന്റെ നടുവിലാണ്. നമ്മുടെ രാജ്യത്തെ ഒരു യുദ്ധത്തിന്റെ നടുവിലേയ്ക്ക് ഇന്ത്യ ഭരിക്കുന്ന മന്ത്രിസഭ കൊണ്ടെത്തിച്ചിരിക്കുന്നു. ഇവിടെ ചിലർ സൂചിപ്പിച്ചതുപോലെ ഒരുവർഷമായി ഇൻഡ്യയ്ക്കെതിരെ ആഞ്ഞടിക്കാനുള്ള ശക്തിയുമായി മുജാഹുദ്ദീൻ എന്നുപറയുന്ന പ്രസ്ഥാനത്തിലെ ആളുകൾ അഫ്ഗാനിസ്ഥാനിൽ നിന്നും മറ്റും കടന്നുവന്ന് നമ്മുടെ അതിർത്തിയിൽ തമ്പടിച്ചിട്ട് നമ്മുടെ പ്രധാനമന്ത്രിക്കോ, നമ്മുടെ രാജ്യരക്ഷാ മന്ത്രിക്കോ അത് ശ്രദ്ധിക്കാൻ നേരമുണ്ടായില്ല. രാജ്യ രക്ഷാ മന്ത്രിയെന്നു പറയുന്ന മാന്യൻ ഒരു ഹെലികോപ്ടറുമായി കറങ്ങി നടക്കുകയായിരുന്നു. ശ്രീമതി ജയലളിതയുടെ വീട്ടിലും ഓഫീസിലും ചെന്ന് കാപ്പി കുടിക്കുന്ന ഒരു രാജ്യരക്ഷാ മന്ത്രി ഈ രാജ്യത്തിന് ബാധ്യതയല്ലേ? അന്നത്തെ ഗവൺമെന്റിനെ നിലനിർത്താൻവേണ്ടി അന്നത്തെ രാജ്യരക്ഷാമന്ത്രിയുടെ പ്രധാന ജോലി പോയസ് ഗാർഡനിനേയ്ക്ക് പോകുകയായിരുന്നു. അദ്ദേഹത്തിന് ഈ രാജ്യത്തെ ശത്രുക്കൾ ആക്രമിക്കാൻ പോകുകയാണെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. ഇന്റലിജൻസ് റിപ്പോർട്ടുകൾ പരിശോധിക്കാൻ സമയമുണ്ടായിരുന്നില്ല. നമ്മുടെ 150-ഓളം സഹോദരങ്ങളെ കൊലയ്ക്ക് കൊടുത്തിരിക്കുകയാണ്. ദിവസം അമ്പത് കോടി രൂപ അവിടെ യുദ്ധത്തിനു വേണ്ടി ചെലവാക്കുന്നുവെന്നാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഏതായാലും രാജ്യത്തെ ആപത്തിൽകൊണ്ടെത്തിച്ചിട്ടുള്ള കേന്ദ്രഗവൺമെന്റിനെതിരെ രാഷ്ട്രീയ വ്യത്യാസങ്ങൾ മറന്ന് നമ്മൾ സംഘടിക്കാൻ സമയമായിരിക്കുന്നു.

<u>ശ്രീ. പാലോട് രവി</u> : ഞാൻ ഒരു രാഷ്ട്രീയ ചോദ്യമാണ് ചോദിക്കുന്നത്; അങ്ങയോട് താൽപ്പര്യമുള്ളതുകൊണ്ടാണ് ചോദിക്കുന്നത്. സംസ്ഥാനത്തെ അങ്ങയുടെ പാർട്ടി അഖിലേന്ത്യാ പാർട്ടിയിൽ ലയിക്കാൻ തീരുമാനിച്ചപ്പോൾ അങ്ങയുടെ പാർട്ടികത്തുള്ള മന്ത്രിയെ മാറ്റുന്നതുൾപ്പെടെയുള്ള തർക്കങ്ങൾ കൂടി ഇവിടെ തീരുമാനിക്കുമോ; അതോ ശരത് പവാർ തീരുമാനിക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : അത് നല്ല ചോദ്യമാണ്, ഇത് രണ്ടും രണ്ടാണ്. ഇവിടെയെടുത്ത തീരുമാനം ഇവിടെ എടുത്ത തീരുമാനം തന്നെയാണ്. മറ്റു കാര്യങ്ങൾ വേറെ. അത് ഞങ്ങൾ നടപ്പിലാക്കും. ബഹുമാന്യനായ ശ്രീ. സുർജിത്. അദ്ദേഹം ദേശീയബോധത്തോടുകൂടി പറഞ്ഞ ഒരു വാചകം എന്റെ മനസ്സിൽ തട്ടിയിട്ടുണ്ട്. അദ്ദേഹം വളരെ ഉത്തരവാദിത്വത്തോടുകൂടി, രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹത്തോടുകൂടി ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതിനെ കോൺഗ്രസ്സ് (ഐ)-ലെ ആളുകൾ കളിയാക്കുന്നത് ശരിയല്ല. അതുകൊണ്ട് എല്ലാ കക്ഷികളും രാജ്യത്തിന്റെ സുരക്ഷിതത്വം കണക്കാക്കി ജനാധിപത്യ സംവിധാനങ്ങൾ നിലനിറുത്താൻ, വിട്ടുവീഴ്ചകൾ ചെയ്ത്, ഈ രാജ്യത്തെ സംരക്ഷിക്കാൻ ഒന്നിച്ച് നിൽക്കണമെന്നുതന്നെയാണ് എന്റെ പാർട്ടിയുടെ അഭിപ്രായം. നാലാമത്തെ വർഷം പൂർത്തിയാക്കുമ്പോൾ ഒരിക്കൽകൂടി കിരീടത്തിൽ, ഒരു പൊൻതൂവൽകൂടി അണിയിക്കാൻ ഇടവരുത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സ് സുഹൃത്തുക്കൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. അവർ ബി.ജെ.പി. ആണോ കോൺഗ്രസ്സാണോയെന്ന് സംശയിച്ചുകൊണ്ടിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ പാർട്ടി ഒരു തൊഴിലാളിവർഗ്ഗപാർട്ടി, ഇടതുപക്ഷ പാർട്ടി, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് കക്ഷിയിൽ വിശ്വസിക്കുന്ന, 60 കൊല്ലക്കാലമായി ഇന്ത്യയിലെ ജനങ്ങൾ അറിയുന്ന റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയാണ്. ആ ആർ.എസ്.പി. ഒന്നേയുള്ളൂ. അത് തർക്കവിഷയം ആക്കേണ്ട കാര്യമില്ല. ഞങ്ങളുടെ 15-ാം ദേശീയ സമ്മേളനം കൊല്ലത്ത് ചേരുകയുണ്ടായി. ആ ദേശീയ സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കൂടിയിരുന്ന് അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി ഭരണഘടനാ വിധേയമായി, ജനാധിപത്യരീതിയിൽ ശ്രീ. കെ. പങ്കജാക്ഷനെ തെരഞ്ഞെടുക്കുകയുണ്ടായി. ആ പാർട്ടി ഒന്നേയുള്ളൂ. ഞാൻ അതിനെ സംബന്ധിച്ച് വിവാദത്തിലേയ്ക്ക് കടക്കുന്നില്ല. അപ്പുറത്തിരിക്കുന്നവർക്ക് സംശയം ഉള്ളതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഏത് പാർട്ടി, എന്ത് പാർട്ടി എന്ന് ചോദിക്കാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? 1964-നുശേഷം ജനകീയ കോൺഗ്രസ്സ് മുതൽ ഇന്ദിരാ കോൺഗ്രസ്സ് വരെ. ഇന്ന് ഇൻഡ്യയിൽ കോൺഗ്രസ്സ് എത്രയുണ്ട്; നിങ്ങൾ ഏത് കോൺഗ്രസ്സിനെയാണ് അംഗീകരിക്കുന്നത്? കോൺഗ്രസ്സിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ എത്രയോ പാർട്ടികളുണ്ട് നിങ്ങളുടെ കക്ഷിയിൽ. ആ തർക്കമൊന്നും ഇങ്ങോട്ടുവേണ്ട. ഇൻഡ്യയിൽ റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഒന്നേയുള്ളൂ. അത് ഏതാണെന്ന് ഈ സഭയിലെ അംഗങ്ങൾക്ക് അറിയാം, ഇൻഡ്യയിലെ ജനങ്ങൾക്ക് അറിയാം. അതൊരു വിവാദമാക്കേണ്ട കാര്യമില്ല. ഞാൻ ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യം, മറ്റ് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ രണ്ട് തരത്തിലുള്ള പ്രതിസന്ധികളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഒന്നാമത്തെ പ്രതിസന്ധിയെന്നു പറയുന്നത് ദേശീയ സുരക്ഷാ സംബന്ധമായ പ്രശ്നങ്ങളാണ്. അതിൽ നമുക്കെല്ലാപേർക്കും ഉത്ക്കണ്ഠയുണ്ട്. അതുപോലെതന്നെ നമ്മുടെ രാജ്യത്തെ സാമ്പത്തിക തകർച്ചയെ സംബന്ധിച്ച് ഇൻഡ്യയിലെ രാജ്യസ്നേഹികളും ജനാധിപത്യ പ്രസ്ഥാനങ്ങളും ഉത്ക്കണ്ഠയിലാണ്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം വളരെയേറെ വർഷങ്ങൾ ഒരു ജനാധിപത്യ ഗവൺമെന്റ് എന്ന നിലയിൽ കോൺഗ്രസ്സ് അധികാരത്തിൽ ഇരിക്കുകയായിരുന്നു. ഇൻഡ്യ മറ്റേത് ലോകരാജ്യങ്ങളെക്കാളും പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചിട്ടുള്ള സമ്പദ്ഘടനകൊണ്ട് സമൃദ്ധമാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം അമ്പത് കൊല്ലക്കാലം അധികാരത്തിലിരുന്ന കോൺഗ്രസ്സിന് ഇൻഡ്യയിലെ ജനങ്ങളുടെ അദ്ധ്വാനശേഷി ഉപയോഗിച്ചുകൊണ്ട്, നമ്മുടെ രാജ്യത്തെ സമ്പദ്ഘടന ഉപയോഗിച്ചുകൊണ്ട്, ഇവിടുത്തെ പട്ടിണി മാറ്റാൻ, ദാരിദ്ര്യം മാറ്റാൻ, തൊഴിലില്ലായ്മ പരിഹരിക്കാൻ,

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയെ ഒരു സമ്പന്നരാഷ്ട്രമാക്കി മാറ്റാൻ, ഒരു ക്ഷേമരാഷ്ട്രമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. കോൺഗ്രസ്സ് എത്ര പ്രമേയം പാസ്സാക്കി. ഇന്നിവിടെയിരിക്കുന്ന ചുരുക്കം ചിലരൊഴിച്ചാൽ മറ്റുള്ളവർക്കൊന്നും ആ പ്രമേയങ്ങളുടെ ചരിത്രം അറിയില്ല. ഭൂനിയമം കൊണ്ടുവരും, ഭൂപരിധി നിശ്ചയിക്കും എന്നുതുടങ്ങി എത്രയോ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ഇന്ന് നമ്മുടെ രാജ്യം കടുത്ത സാമ്പത്തികപ്രതിസന്ധിയിൽ എത്തിനിൽക്കുന്നത് കോൺഗ്രസ്സിന്റെ നയ വൈകല്യം ഒന്നുകൊണ്ടുമാത്രമാണ് എന്ന് തറപ്പിച്ചു പറയാൻ കഴിയും. കോൺഗ്രസ്സിന്റെ നയവൈകല്യങ്ങളുടെ ഫലമായി ഈ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇൻഡ്യയിലെ ജനങ്ങൾ ഒരുമിച്ച് നേടിയെടുത്തിട്ടുള്ള സ്വാതന്ത്ര്യംപോലും വിദേശികൾക്ക് വീണ്ടും അടിയറവു വയ്ക്കുന്ന ഒരു നയം. സമ്പദ്ഘടന മുഴുവൻ വിദേശികൾക്ക് യഥേഷ്ടം കൊള്ളയടിക്കുവാൻ ഒരു നാണക്കേടുമില്ലാതെ തുറന്നുകൊടുക്കുന്ന നയങ്ങളുടെ ഫലമായി നമ്മുടെ രാജ്യം അതികഠിനമായ സാമ്പത്തിക പ്രതിസന്ധിയെ തരണം ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സാമൂഹികമായി ഹിന്ദു വർഗ്ഗീയ വാദത്തെ, ഭൂരിപക്ഷം വർഗ്ഗീയതയെ, ഹിന്ദുത്വത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനാണ് ബി.ജെ.പി. ഗവൺമെന്റ് ശ്രമിക്കുന്നത്. ആ ഭരണം ആരാണ് നിലനിറുത്തുന്നത് എന്നതിനെ സംബന്ധിച്ച് തർക്കമൊന്നും വേണ്ട. അങ്ങനെയുള്ള വിവാദപരമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബി.ജെ.പി.യും കോൺഗ്രസ്സും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. രണ്ടുവശങ്ങളുള്ള ഒരു നാണയത്തിന്റെ ഒരുവശം അല്പം മോശം, മറ്റേ വശം കൂറച്ചു കൊള്ളാം എന്നുള്ള സ്ഥിതി ഇല്ല. കോൺഗ്രസ്സിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾതന്നെ ബി.ജെ.പി.യും അതേ ഗൗരവത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇൻഷ്വറൻസ് ബിൽ തുടങ്ങി കോൺഗ്രസ്സ് കൊണ്ടുവന്നിട്ടുള്ള ബില്ലുകൾ, അതുപോലെ കോൺഗ്രസ്സ് ഉണ്ടാക്കിയ കരാറുകൾ തുടങ്ങി എല്ലാം ബി.ജെ.പി. അതിശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഞങ്ങളുടെ പാർട്ടി സമദൂരസിദ്ധാന്തം അംഗീകരിച്ചിരിക്കുന്നത്. അതാണ് വസ്തുത. നമ്മുടെ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് അതിൽനിന്നും മാറിനിൽക്കാൻ സാധിക്കുകയില്ല. അഖിലേന്ത്യാ സാമ്പത്തിക തകർച്ചയിലും ജനങ്ങളുടെ കഷ്ടപ്പാടിലും കേരളത്തിൽ എങ്ങനെ സംശുദ്ധമായ ഒരു ഭരണം കാഴ്ചവയ്ക്കാം എന്നുള്ള ഒരു കാഴ്ചപ്പാടോടുകൂടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻ ഗവൺമെന്റ് തുടങ്ങിവച്ചിട്ടുള്ള അഴിമതികൾ തുടച്ചുനീക്കുകയും ചെയ്തുകൊണ്ട് കഴിഞ്ഞ മൂന്നുവർഷമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ പ്രതീക്ഷയാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെ ശുഷ്കാന്തിയോടുകൂടി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. ജനകീയാസൂത്രണ പദ്ധതികൾ തുടങ്ങി വികസനപരമായ പ്രക്രിയയിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് മുന്നോട്ടുനീങ്ങുന്ന ഈ ഗവൺമെന്റിന്റെ പൊതുഭരണ ചെലവിലേയ്ക്ക് ആയിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. കാർഗിൽ മേഖലയിൽ വീരമൃത്യു വരിച്ച ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

സൈനികർക്ക് ആദ്യമായി ആദരാഞ്ജലികൾ അർപ്പിക്കുന്നു. അതിർത്തിയിലെ പുതിയ സംഘർഷത്തിന് വാജ്പേയി സർക്കാരാണ് വഴിവച്ചത്. ബി.ജെ.പി. സർക്കാരിനെ അധികാരത്തിൽ കയറ്റിയതും നിലനിർത്തിയതും കോൺഗ്രസ്സാണ്. ശ്രീ. വി.പി. സിംഗിനെയും ശ്രീ. ദേവഗൗഡയെയും ശ്രീ. ഐ.കെ. ഗുജ്റാളിനെയും കാലുവാരിയ കോൺഗ്രസ്സ് ഇപ്പോഴത്തെ കാവൽ മന്ത്രിസഭയ്ക്കും കാർഗിൽ സംഭവത്തിനും കാരണക്കാരാണ്. പവാറിനും കൂട്ടർക്കും ശ്രീമതി സോണിയാഗാന്ധിയോട് ഉള്ളതിനെക്കാൾ കടുത്ത വിരോധം ശ്രീ.എ.കെ. ആന്റണിക്കും ശ്രീ. കെ. കരുണാകരനും ഉള്ളതുകൊണ്ടാണ് ശ്രീമതി സോണിയാഗാന്ധിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ പുതിയ കൂട്ടുകക്ഷി സർക്കാർ ഉണ്ടാകാതിരുന്നത്. ശ്രീമതി സോണിയാഗാന്ധിയെ ഇപ്പോൾ പ്രധാനമന്ത്രിയാക്കിയാൽ പിന്നീടൊരിക്കലും വിദേശ പൗരത്വം ആരോപിച്ച് എതിർക്കാൻ കഴിയുകയില്ല എന്ന് ഇവർക്ക് അറിയാം. ശ്രീ. എ.കെ. ആന്റണിക്കും ശ്രീ. കെ. കരുണാകരനും രാഷ്ട്രീയ വിവേകം നഷ്ടപ്പെട്ടിരിക്കുന്നു. ശ്രീമതി സോണിയാഗാന്ധിക്കുവേണ്ടി വാദിക്കാൻ വർക്കിംഗ് കമ്മിറ്റിയിൽ ആരും ഉണ്ടായിരുന്നില്ല. ഇവർക്ക് സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ മാത്രമേയുള്ളൂ. കേരളത്തിൽ രക്ഷയില്ലെന്ന് കണ്ടപ്പോൾ ഇവർ രണ്ടുപേർക്കും കേന്ദ്രത്തിൽ പോകാനാണ് വ്യാമോഹം. അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം വച്ചുകൊണ്ട് വർഗ്ഗീയ ഫാസിസ്റ്റു ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് കോൺഗ്രസ്സ് കൈക്കൊള്ളുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന മദ്ധ്യപ്രദേശിലും ഒറീസയിലും ബി.ജെ.പി. ഭരിക്കുന്ന യു.പി.യിലും മഹാരാഷ്ട്രയിലും ഗുജറാത്തിലും മതന്യൂനപക്ഷങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും രക്ഷയില്ല. അതേസമയം ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലും പശ്ചിമബംഗാളിലും ത്രിപുരയിലും ന്യൂനപക്ഷങ്ങൾക്കും പാവപ്പെട്ടവർക്കും സ്വർഗ്ഗമാണ്. ഇടതുപക്ഷം ശക്തിയാർജ്ജിച്ച സംസ്ഥാനങ്ങളിലൊന്നും ആർ.എസ്.എസ്സും ബി.ജെ.പി.യും വളരുന്നില്ല. ആർ.എസ്.എസ്.-ന്റെ മുഖ്യശത്രുക്കൾ മതന്യൂനപക്ഷങ്ങളും കമ്മ്യൂണിസ്റ്റുകാരും ആണ്. ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ കാര്യമായ വ്യത്യാസങ്ങൾ ഒന്നുമില്ല. മൂർഖന് വിഷം കൂടുതലാണ്. കടിച്ചാൽ കാലതാമസം കൂടാതെ വേഗത്തിൽ മരിക്കും. മൂർഖൻ ചേരയിൽ ഇണചേർന്ന് ഉണ്ടാകുന്നതാണ് ചേര മൂർഖൻ. അതിന് വിഷം കുറവാണ്. നേരും നെറിയുമില്ല. നീറിനീറി മരിക്കും. പെട്ടെന്ന് മരിക്കുകയുമില്ല. കുറെക്കാലം കിടക്കേണ്ടിവരും. അത്രയും വ്യത്യാസമേ രണ്ടും തമ്മിൽ ഉള്ളൂ. താരതമ്യേന നല്ലത് ചേരമൂർഖനാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മൂന്നു വർഷം പിന്നിട്ട കേരളത്തിലെ ഇടതുപക്ഷ സർക്കാർ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നൂതനവും ഭാവനാപൂർണ്ണവുമായ നിരവധി കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ഇൻഡ്യയിൽ ആദ്യമായി കാർഷിക പരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും പാസ്സാക്കി നടപ്പിലാക്കിയത് കേരളത്തിലാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതും നമ്മളാണ്. ജനപങ്കാളിത്തതോടെ നടപ്പാക്കിയ ആസൂത്രണ സംരംഭം കേരളത്തിന്റെ വികസനരംഗത്ത് ഒരു മുന്നേറ്റത്തിന് വഴിയൊരുക്കുകയുണ്ടായി. സാധാരണ വരുമാനത്തിനു പുറമെ കോടിക്കണക്കിന് രൂപയാണ് പദ്ധതി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടികൊണ്ടിരിക്കുന്നത്. ടാറിന്റെ നിറം പോലും കാണാത്ത സംസ്ഥാനത്തെ പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൾ ഇപ്പോൾ ഇടവഴികൾ പോലും ടാറിട്ടുകൊണ്ടിരിക്കുകയാണ്. ഭാർഗ്ഗവീനിലയങ്ങളായിരുന്ന നമ്മുടെ സർക്കാർ സ്കൂളുകൾ ഇപ്പോൾ സരസ്വതീ ക്ഷേത്രങ്ങളായി മാറിയിരിക്കുന്നു. അതാണ് ജനകീയാസൂത്രണത്തിന്റെ സവിശേഷത. ഡി.പി.ഇ.പി. കേരളത്തിൽ എല്ലാ സ്കൂളുകളിലും നടപ്പാക്കണം. ഏറ്റവും വിശേഷപ്പെട്ട ഈ പദ്ധതിയെ അപ്പുറത്തിരിക്കുന്ന ചിലർ എതിർക്കുന്നത് വിവരമില്ലാത്തതുകൊണ്ടാണ്. കുരുടൻമാർ ആനയെ കണ്ടതുപോലെയാണ് ഇവർ അതിനെ കാണുന്നത്. ഡി.പി.ഇ.പി. യെന്നാൽ ഡാൻസും പാട്ടും ഇടയ്ക്ക് പഠിത്തവുമാണ്. അദ്ധ്യാപകർക്ക് അല്പം ബുദ്ധിമുട്ടുണ്ട്. അവർ വിഷയം പഠിക്കണം. കുട്ടികളെ പഠിക്കണം. അതിനു ശേഷമേ അവർക്ക് കുട്ടികളെ പഠിപ്പിക്കാൻ കഴിയുകയുള്ളൂ. രണ്ടായിരമാണ്ടോടെ നമുക്ക് വൈദ്യുതി ഉൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഈ സർക്കാർ വിലക്കയറ്റം തടഞ്ഞുനിർത്തിയിരിക്കുകയാണ്. പഞ്ചായത്തുകൾ തോറും നീതിസ്റ്റോറുകളും മാവേലി സ്റ്റോറുകളും തുടങ്ങി പാവങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ വില കുറച്ചു കൊടുക്കുകയാണ്. മരുന്നുകളുടെ വിലക്കയറ്റം തടയുന്നതിന് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൃഷിക്കാർക്കും തൊഴിലാളികൾക്കും ദുർബല വിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും ഇത്രമാത്രം ആനുകൂല്യങ്ങളും സഹായങ്ങളും സൗജന്യങ്ങളും പെൻഷനുകളും നൽകുന്ന ഭൂപ്രദേശം ലോകത്ത് ഒരിടത്തും കാണാൻ കഴിയുകയില്ല. അടിസ്ഥാന ജനവിഭാഗങ്ങളോടുള്ള പ്രതിബദ്ധത ഇടതുപക്ഷ ജനാധിപത്യ സർക്കാർ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ഭരണത്തിൽ പ്രതിപക്ഷം പ്രത്യേകിച്ച് കോൺഗ്രസ്സ് വിരളി പിടിച്ചിരിക്കുകയാണ്. അതിന്റെ പ്രത്യക്ഷ തെളിവാണ് ഇന്നലത്തെ ശ്രീ. ആന്റണിയുടേയും ശ്രീ. ഉമ്മൻചാണ്ടിയുടേയും പ്രസംഗങ്ങളും സഭാബഹിഷ്കരണവും. 3 വർഷം പ്രതിപക്ഷത്ത് ഇരുന്നപ്പോൾ ഇതാണ് സ്ഥിതിയെങ്കിൽ 5 വർഷം കഴിയുംപോൾ ഇവരുടെ സ്ഥിതി വളരെ ദയനീയമായിരിക്കും. അത്രമാത്രം അവർ നിരാശരാണ്. പ്രത്യേകിച്ച് കോൺഗ്രസ്സ് ബന്ദിനും ഹർത്താലിനുമെതിരെ ഉണ്ണാവ്രതം നടത്തി സമരം ചെയ്ത ശ്രീമാൻ എ.കെ. ആന്റണിയും ഹസ്സനും കൂട്ടരും അതിർത്തിയിൽ സ്വന്തം സഹോദരൻമാർ വെടിയേറ്റ് പിടഞ്ഞ് മരിക്കുംപോൾ ഇവിടെ ഹർത്താൽ നടത്തി ജനങ്ങളെ വിഡ്ഢികളാക്കുന്നു. കേരളത്തിലെ മുഴുവൻ പത്രങ്ങളും ഹർത്താലിനെതിരെ മുഖപ്രസംഗങ്ങൾ എഴുതിയിട്ടും അവർ പിന്തിരിയാൻ കൂട്ടാക്കിയില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ ഇതിന് തിരിച്ചടി നൽകും. കഴിഞ്ഞ പ്രതിപക്ഷ വലതുപക്ഷ സർക്കാരിലെ 19 മന്ത്രിമാരും മൽസരിച്ച് കക്കുകയായിരുന്നു. ബ്രഹ്മപുരം പദ്ധതിയിലെ അഴിമതി പുറത്തു വന്നു. 25 കോടി രൂപയുടെ അഴിമതിയാണ് അന്നത്തെ പ്രതിപക്ഷ നേതാവ് സഖാവ് വി.എസ് അച്യുതാനന്ദൻ ഉന്നയിച്ചതെങ്കിൽ കമ്മീഷൻ അന്വേഷണത്തിൽ അത് 75 കോടിയായി ഉയർന്നിരിക്കുകയാണ്. മന്ത്രിമാരായിരുന്ന ശ്രീ. സി.വി. പത്മരാജനും ഈ സഭയിൽ അംഗങ്ങളായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. ടി.എം. ജേക്കബും ഇപ്പോൾ പോലീസ് സ്റ്റേഷനുകളിലേയും ജയിലുകളിലേയും സുഖസൗകര്യങ്ങളെക്കുറിച്ചൊക്കെ അന്വേഷിക്കാൻ തുടങ്ങിയിട്ടുണ്ട്. നേരത്തെ ശ്രീ. ടി.എം. ജേക്കബ് പ്രസംഗിച്ചപ്പോൾ കണ്ണൂർ സെൻട്രൽ ജയിലിലെ കാര്യങ്ങളൊക്കെ അദ്ദേഹം എടുത്തുപറഞ്ഞു. അദ്ദേഹത്തിന് അത് അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. അവരുടെ ജയിൽ യാത്ര ആരംഭിക്കാറായിട്ടുണ്ട്. അന്തസും അഭിമാനവുമുള്ള ഘടകകക്ഷികൾ കോൺഗ്രസ്സിന്റെ ഈ കൊള്ളരുതായ്മയ്ക്കെതിരെ പ്രതികരിക്കണം. അപ്പു

LIBRARY ARCHIVES Kerala Legislative Assembly

റത്ത് കേരളാ കോൺഗ്രസ്സുകാർക്കും മുസ്ലീം ലീഗുകാർക്കും ആ മുന്നണിയിൽ നിൽക്കാൻ കഴിയുകയില്ല. കോൺഗ്രസ്സും ബി.ജെ.പി.യും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. മതന്യൂനപക്ഷത്തിന്റെ ശത്രുക്കളാണവർ. ദൈവ വിശ്വാസികളായ, ജനാധിപത്യവിശ്വാസികളായ മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സും എത്രയും വേഗം അവിടെ നിന്നും രക്ഷപ്പെടണം എന്നാണ് എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത്. ക്രമസമാധാനവും മതസൗഹാർദ്ദവും നിലനിറുത്തി സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഈ സർക്കാരിന്റെ ഈ ധനാഭ്യർത്ഥനയെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുന്നു, അനുകൂലിക്കുന്നു

VIII. ക്രമപ്രശ്നം

അസംബ്ലിയിൽ ചർച്ചനടക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഗ്യാലറിയിൽ ഹാജരാകാത്തത് സംബന്ധിച്ച്

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, അങ്ങ് ഈ സഭയിൽ പലപ്പോഴും റൂളിംഗ് നൽകിയിട്ടുള്ള ഒരു കാര്യമാണ്. ഇന്ന് പൊതുചർച്ച നടക്കുന്ന ദിവസമാണ്. മിക്കവാറും എല്ലാ വകുപ്പുകളെക്കുറിച്ചുമുള്ള ചർച്ച ഇന്നിവിടെ നടക്കുന്നു. ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരും വകുപ്പദ്ധ്യക്ഷൻമാരും നിർബന്ധമായി ഗ്യാലറിയിൽ ഇരിക്കേണ്ടതല്ലേ? കേരളത്തിലെ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഈ നിയമസഭയിൽ വന്നിരിക്കുന്നു. രാവിലെ ചീഫ് സെക്രട്ടറിയുണ്ടായിരുന്നു. ഇപ്പോൾ ഉള്ള ഒരു സെക്രട്ടറി ഒഴികെ മറ്റുദ്യോഗസ്ഥൻമാർ ഇതിനെ നിരുത്തരവാദപരമായും അലംഭാവത്തോടുകൂടിയും എത്ര നിസാരമായുമാണ് കാണുന്നത്? ഇവിടെ ഇരുന്ന് സഭയിൽ പറയുന്ന കാര്യങ്ങൾ കേട്ടാൽ അവർക്ക് അതിനെക്കുറിച്ച് ഒരു ഏകദേശ ധാരണയുണ്ടാവില്ലേ? ഇവിടെ സഭ ചേർന്ന് കേരളത്തിലെ ജനങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിന് സാക്ഷ്യം വഹിക്കുവാൻ എയർകണ്ടീഷൻ ചെയ്ത ഈ കെട്ടിടത്തിൽ വന്നിരിക്കാൻ അവർക്ക് എന്താണിത്ര ബുദ്ധിമുട്ട്? അവർ ആരാണ്? അവരുടെ പേരിൽ കർശനമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> രാവിലെ ചീഫ് സെക്രട്ടറിയുൾപ്പെടെ എല്ലാവരും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെക്കുറിച്ചു തീർച്ചയായിട്ടും ഗൗരവമായി പരിശോധിക്കുന്നതാണ്.

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു. രാഷ്ട്രീയമായി ഒന്നും പറയണ്ടയെന്നാണ് ഞാൻ വിചാരിച്ചത്. കുറച്ച് ഭരണപരമായ കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതിയെന്നാണ് തോന്നിയത്. അത് ഏതായാലും എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് "കാലത്തിന്റെ കണ്ണാടി" തന്നെയാണ് ആദ്യം ചൂണ്ടിക്കാട്ടിയത്. മൂന്നു വർഷം മുൻപ് ഇതേമാസം തന്നെ ഈ നിയമസഭയിൽ കടന്നുവന്നിട്ടുള്ള തുടക്കക്കാരിൽ ചിലരാണ് ഞങ്ങൾ. അന്ന് ഈ നിയമസഭയ്ക്കു ഒരു സവിശേഷതയുണ്ടായിരുന്നു. അന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത സഖാവ് ശ്രീ. ഇ.കെ. നായനാർ ഈ സഭയിൽ അംഗമായിരുന്നില്ല. അദ്ദേഹം അടുത്തു നടക്കാനിരുന്ന തലശ്ശേരി ഉപതെരഞ്ഞെടുപ്പിലേയ്ക്ക് സ്ഥാനാർത്ഥിയായി നിൽക്കാൻ പോവുകയായിരുന്നു. അന്ന് മുഖ്യമന്ത്രിക്കെതിരായി വ്യക്തിപരമായും അല്ലാതെയും ആ ഭരണം തുടങ്ങി ഏതാനും ദിവസം കഴിഞ്ഞുതന്നെ പ്രതിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ള നാടകം എന്തായിരുന്നു? ഞങ്ങൾ അത് വ്യക്തമായി മനസ്സിലാക്കുന്നു. മൂന്നു വർഷം കഴിഞ്ഞ് വീണ്ടും ദേശീയാടിസ്ഥാനത്തിൽ പാർലമെന്റിലേക്കുള്ള ഇലക്ഷൻ വരുമ്പോൾ ഇന്നലെ മുതൽ പ്രതിപക്ഷം ഇവിടെ എന്താണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾ സസൂക്ഷ്മം വീക്ഷിക്കുകയാണ്. എനിക്ക് വളരെയേറെ വേദനയുണ്ട്. ഇന്നലെ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനവിനെ സംബന്ധിച്ചുള്ള ഒരു അടിയന്തിരപ്രമേയം ഉണ്ടായിരുന്നു. നമ്മുടെ പ്രതിപക്ഷ നേതാവ് ചർച്ചയിൽ പങ്കെടുത്തശേഷം അവസാനം പറഞ്ഞ വാക്ക് എന്താണ്? അദ്ദേഹം ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനവും അതിന്റെ ന്യായാന്യായങ്ങളും അതിന്റെ എല്ലാവശങ്ങളും പരിശോധിക്കുന്ന കാര്യത്തിൽ ആർക്കും ഒരു തരത്തിലും ഒരു എതിർപ്പും പറയാൻ പറ്റില്ല പക്ഷേ ഈ ചർച്ച ഇവിടെ വന്നു കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി മന്ത്രി ശ്രീ. എസ്. ശർമ്മ ഒരു കാര്യം വ്യക്തമാക്കി. ഇവിടെ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട ഒരു സ്ഥിതിയാണ് വന്നിരിക്കുന്നതെന്ന് പ്രതിപക്ഷത്തുനിന്ന് വിമർശനം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ ഒരൊറ്റ കാരണം കൊണ്ട് മാത്രം വ്യവസായം അടച്ചുപൂട്ടാൻ ഇടയായാൽ ഞങ്ങൾ വ്യവസായവകുപ്പുമായി ചർച്ചചെയ്ത അത്തരം ഒരു ദു:സ്ഥിതിയിൽനിന്നും വ്യവസായത്തെ രക്ഷിക്കാനുള്ള നടപടിയെടുക്കുമെന്ന്. പക്ഷേ എങ്ങനെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിന് പ്രതികരിച്ചിട്ടുള്ളത്? മാർക്സിസ്റ്റു പാർട്ടി ഓഫീസിലേയ്ക്ക് വ്യവസായികളെ വരുത്തി അവരിൽ നിന്നും പണം വാങ്ങി അവർക്ക് ആനുകൂല്യം കൊടുക്കാൻ വേണ്ടിയുള്ള ഒരു ശ്രമമല്ലേ ഇത് എന്ന രൂപത്തിൽ അല്ലേ ഈ കാര്യത്തെ കണ്ടത്? പ്രതിപക്ഷനേതാവിനോട് ഞാൻ ഒന്ന് ചോദിക്കട്ടെ. ഒരു പ്രതിപക്ഷ നേതാവെന്ന നിലയിൽ അങ്ങയുടെ ശരിയായ ഉത്തരവാദിത്വമാണോ അങ്ങ് നിർവ്വഹിച്ചത്? കേന്ദ്രത്തിൽ വാജ്പേയി ഗവൺമെന്റ് ടെലികോം മേഖലയിൽ എടുത്തിട്ടുള്ള കാര്യങ്ങളടക്കം എടുത്തുപറഞ്ഞതെല്ലാം ഞങ്ങൾക്ക് മനസ്സിലാക്കാം. അത് ഉൾക്കൊള്ളാൻ സാധിക്കും. പക്ഷേ 3 വർഷം മുൻപേ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ തെരഞ്ഞെടുപ്പിനെ നേരിടുന്നുവെന്ന് കണ്ടപ്പോൾ നിങ്ങൾ എടുത്തിട്ടുള്ള നിഷേധാത്മകമായ സമീപനത്തിന്റെ ഒരു ആവർത്തന നിലപാടാണ് ഇന്നലെയും ഇന്നും നിങ്ങൾ എടുത്തിട്ടുള്ളത്. തലശ്ശേരിയിൽ ശ്രീ.മമ്മു മാഷിനു കേവലം 12000 വോട്ടിന്റെ ഭൂരിപക്ഷമാണുണ്ടായിരുന്നതെങ്കിൽ, നിങ്ങൾ നായനാരെ കളിയാക്കിയാലും എന്തു തന്നെ ചെയ്താലും ശരി അദ്ദേഹം 25000 വോട്ടിന്റെ ഭൂരിപക്ഷം നേടി. മൂന്നു വർഷം മുൻപ് പ്രതിപക്ഷ നേതാവ് പറഞ്ഞത് ഞങ്ങൾ ഓർക്കുന്നുണ്ട്, നമുക്ക് കുരുക്ഷേത്രത്തിൽ കാണാമെന്ന്. 25000 വോട്ടിന് വിജയശ്രീലാളിതനായി ശ്രീ. നായനാർ ഈ നിയമസഭയിൽ തിരിച്ചു വന്നു. ഇപ്പോൾ ശ്രീ. പാലോട് രവി "കാലത്തിന്റെ കണ്ണാടി" എന്ന പുസ്തകം കാണിച്ചുകൊണ്ട് പറഞ്ഞു. വളരെ സന്തോഷമുണ്ട്. ഇവിടെ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞു, പണം കൊടുത്തു വാങ്ങിയില്ലെങ്കിലും നിങ്ങൾ വായിച്ചല്ലോയെന്ന്. അവർ അത് വായിച്ചിട്ടില്ല. നായനാരുടെ ജീവചരിത്രം എന്നാണ് പാലോട് രവി പറഞ്ഞിട്ടുള്ളത്. മറിച്ചു നോക്കിയോ രണ്ടു പേജെങ്കിലും.

3.00 p.m.

എന്നിട്ട് 20 ലക്ഷം രൂപ അതിന് ചെലവാക്കി സൗജന്യമായി ഗവൺമെന്റ് പ്രസ്സിൽ നിന്ന് അടിച്ച് പൊതുസ്വത്ത് ദുർവ്യയം ചെയ്യുന്നു എന്നുള്ള ഗൗരവതരമായ ആക്ഷേപം നാടകീയമായിട്ട് ശ്രീ.രവി അവതരിപ്പിക്കുകയല്ലേ ചെയ്തിട്ടുള്ളത്? കഴിഞ്ഞ നിയമസഭയിൽ ഇതുപോലുള്ള ഒരു പുസ്തകം എടുത്തു കാണിച്ചുകൊണ്ടു പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അന്നു പറഞ്ഞു ഈ നിയമസഭാ ലൈബ്രറിയിൽ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിന്റെ "നെഹറു സ്പീച്ചസ്" എന്ന പുസ്തകം ഉണ്ട്. 1922 മുതൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചെയ്തിട്ടുള്ള ചരിത്രപ്രസിദ്ധമായ പ്രസംഗങ്ങൾ. ഞാൻ കഴിഞ്ഞ നിയമസഭയിലും പറഞ്ഞിട്ടുള്ളതാണ്. 1958-ൽ ഇൻഫർമേഷൻ പബ്ലിസിറ്റിയുടെ പേര് അന്ന് ഇൻഫർമേഷൻ ആന്റ് ബ്രോഡ് കാസ്റ്റിംഗ് എന്നായിരുന്നു. ആ വകുപ്പ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ബുക്ക് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങൾക്ക് എന്തു പറയാനുണ്ട്. പണ്ഡിറ്റ് നെഹ്റു മോശക്കാരനായി പോയി അല്ലേ? ഞങ്ങൾ പറയില്ല. കാരണം ലോകം കണ്ടിട്ടുള്ളതിൽ വച്ച് പ്രഗത്ഭനായിട്ടുള്ള ഒരു ഭരണാധികാരിയാണ് നെഹ്റു. ഞങ്ങൾക്ക് പൊളിറ്റിക്കൽ ഡിഫറൻസ് ഉണ്ടാകാം നെഹ്റുവുമായിട്ട്. പക്ഷെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചരിത്രപ്രസിദ്ധമായിട്ടുള്ള പ്രസംഗം ഹിറ്റ്ലർക്കെതിരായിട്ടുള്ള ആ പ്രസംഗം അന്ന് അദ്ദേഹത്തിന്റെ ഭാര്യ ചെക്കോസ്ലോവാക്യയിൽ ക്ഷയരോഗ ചികിൽസയിൽ ആയിരുന്നു. അവിടെനിന്നും മടങ്ങി വരുംപോൾ ഹിറ്റ്ലർ അദ്ദേഹത്തെ ക്ഷണിച്ചപ്പോൾ ഹിറ്റ്ലർ അയച്ച ദൂതനെ കൈ പിടിച്ചു കുലുക്കാൻ വിസമ്മതിച്ചു കൊണ്ട് ചരിത്ര പ്രസിദ്ധമായി ഡൽഹിയിൽ വന്ന് പ്രസംഗിച്ചിട്ടുള്ള പണ്ഡിറ്റ് നെഹ്റുവിന്റെ പ്രസംഗം "Nehur's Speeches" ൽ ഉണ്ട്. മൗലാനാഅബ്ദുൾ കലാം ആസാദിന്റെ പുസ്തകമുണ്ട്. മൗലാനാ അബ്ദുൾ കലാം ആസാദിന്റെ പുസ്തകം കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രസംഗം കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ. ഞങ്ങൾ ആരെങ്കിലും ആക്ഷേപിച്ചോ? കാരണം എന്തായാലും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒരു ഗവൺമെന്റിന്റെ തലവൻ അദ്ദേഹം പറഞ്ഞിട്ടുള്ള നയപരമായ കാര്യങ്ങളൊക്കെ നാട്ടുകാർ അറിയാൻ വേണ്ടി ഇൻഫർമേഷൻ ആന്റ് പബ്ലിസിറ്റി വകുപ്പുകൾ പ്രസിദ്ധപ്പെടുത്താറുണ്ട്. അതിലെന്താ ഒരു പുതിയ കാര്യം. എന്നിട്ട് ഇവിടെ വന്നിട്ട് 20 ലക്ഷം രൂപ ധൂർത്തടിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഒരു കാര്യം പറയട്ടെ. നിങ്ങൾ പുസ്തകം വായിക്കുന്നു എന്നുള്ളത് ഒരു നല്ല കാര്യമാണ്. ഇ.എം.എസ്സ്. ന്റെ പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്ന് ശ്രീ. രവി ചോദിച്ചു. ശ്രീ. രവി യൂത്ത് കോൺഗ്രസിന്റെ ഒരു നേതാവല്ലേ? ഇവിടത്തെ ഈ രക്തസാക്ഷി മണ്ഡപത്തിൽ വച്ച് ഇ.എം.എസ്സിന്റെ സുപ്രസിദ്ധമായ ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം എന്ന പുസ്തകം കത്തിച്ചിട്ടുള്ളവരല്ലേ നിങ്ങൾ? ഞങ്ങൾക്ക് അതിനെപ്പറ്റി ഒരു തർക്കവുമില്ല, നിങ്ങളെ സംബന്ധിച്ചിടത്തോളം.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങ് വളരെ സമർത്ഥമായി ബഹുമാനപ്പെട്ട ശ്രീ ഇ.കെ. നായനാരെ ഉപമിക്കുന്നത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനോടാണെന്ന് മനസ്സിലാക്കണം.

ശ്രീ. ടി.കെ. ബാലൻ : ശ്രീ. ആര്യാടനോട് ഞാൻ ചോദിക്കട്ടെ, ഇത്തരം ഒരു പുസ്തകം പ്രസിദ്ധീകരിക്കത്തക്ക വിധത്തിൽ പ്രഗത്ഭനായിട്ടുള്ള ഒരു മുഖ്യമന്ത്രിയെ കേരളത്തിൽ നിങ്ങളുടെ പാർട്ടിക്ക് കിട്ടിയിട്ടില്ല, ആ അസൂയ ആയിരിക്കും. നിങ്ങളുടെ വികാരം മനസിലാക്കാം ശ്രീ. ആര്യാടൻ very very sorry. അതിൽ മറ്റൊന്ന് ഞങ്ങൾക്ക് പറയാനില്ല. ഇത്തരം കാര്യങ്ങളെപ്പറ്റി ഇവിടെ പറയുന്ന സമയത്ത് മറ്റൊരു കാര്യം പറയട്ടെ, ഞങ്ങളുടെ രാഷ്ട്രീയമായിട്ടുള്ള നയത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. ഇപ്പോൾ നിങ്ങൾ ഇവിടെ ഒരു ആശയക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ശ്രീ. കരുണാകരന്റെ ഇന്നലത്തെ പ്രസംഗം. ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ചിലപ്പോഴൊക്കെ നടത്തുന്ന പ്രസംഗം. എന്തിനാണ് ഞങ്ങൾക്ക് വേണ്ടി എല്ലാ സപ്പോർട്ടും തരാമെന്നും. ഞങ്ങൾക്ക് ഭരിക്കാൻ കഴിഞ്ഞാൽ അതിന് നിങ്ങളുടെ പിൻതുണ ഉണ്ടാകുമെന്നും ഇനി ബി.ജെ.പി. അധികാരത്തിൽ വരരുതെന്നാണ് മാർക്സിസ്റ്റ് പാർട്ടിയുടെയും, ഇടതുപക്ഷത്തിന്റേയുമെല്ലാം ആഗ്രഹമെങ്കിൽ എന്തുകൊണ്ട് നിങ്ങൾക്ക് ഞങ്ങളെ വിജയിപ്പിച്ച് ഡൽഹിയ്ക്ക് അയച്ചുകൂടാ; ഞങ്ങളല്ലേ അവിടെ ഭരിക്കേണ്ടത്? എന്നീ തരത്തിലുള്ള പ്രസംഗങ്ങൾ. ഇവിടെ ശ്രീ. ആന്റണിയും, ശ്രീ. കരുണാകരനും മാത്രമല്ല ഈ ചോദ്യം ചോദിച്ചിട്ടുള്ളത്, മിനിഞ്ഞാന്ന് ശ്രീ. പ്രിയരഞ്ജൻ ദാസ് മുൻഷി ബംഗാളിൽ പറഞ്ഞിരിക്കുന്നു, "അല്ലയോ മാർക്സിസ്റ്റുകാരെ നിങ്ങൾ ഒരു ബാലറ്റ് പാഴാക്കേണ്ട കാര്യമില്ല, ഞങ്ങൾക്കു വോട്ടു ചെയ്താൽ മതി അവിടെ ഞങ്ങളാണ് ഭരിക്കുക" എന്ന് ബി.ജെ.പി. ക്ക് പകരം കോൺഗ്രസ്സ് വന്നാൽ ഞങ്ങൾ പ്രശ്നാധിഷ്ഠിത പിൻതുണ നൽകും എന്ന് ഞങ്ങളുടെ പാർട്ടിയും മറ്റും പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ആന്റണി പറഞ്ഞിട്ടുള്ളത് ഞങ്ങൾക്ക് അൺ-കണ്ടീഷണൽ സപ്പോർട്ട് നിങ്ങൾ തരണമെന്നാണ്. അൺ-കണ്ടീഷണൽ സപ്പോർട്ട് ഞങ്ങൾ തരുമോ? ഇവിടെ തന്നെ ഇപ്പോൾ പറഞ്ഞില്ലേ ബി.ജെ.പി. ഭരിച്ചിട്ടുള്ള 13 മാസക്കാലം ബി.ജെ.പി യെക്കാൾ ഊർജ്ജസ്വലമായി അവരുടെ തെറ്റായ സാമ്പത്തികനയം നടപ്പിലാക്കാൻ പിന്നാലെ നടന്നത് നിങ്ങളല്ലേ? ശ്രീ. പ്രണാബ് മുഖർജിയും, ശ്രീ. നരസിംഹറാവുവുമാണ് ഇൻഷ്വറൻസ് അതോറിറ്റി ബിൽ വന്നപ്പോൾ അത് പാസാക്കിയെടുക്കാൻവേണ്ടി എല്ലാ ലോബിയും നടത്തിയതെന്ന് പത്രങ്ങൾ പറഞ്ഞില്ലേ? നിഷേധിക്കാൻ പറ്റുമോ നിങ്ങൾക്ക്? അതുപോലെ പേറ്റന്റ് അമെന്റ്മെന്റ് ബിൽ വന്നപ്പോൾ ഒരുചെറുവിരൽ തെറ്റായി നിങ്ങൾ അനക്കിയോ? എന്തിനേറെ, ബി.ജെ.പി ക്കാരിൽ ആർ.എസ്.എസ്. വിംഗുപോലും എതിരായിട്ട് ചിലതൊക്കെ പറഞ്ഞു പക്ഷെ നിങ്ങൾ എന്തു ചെയ്തു? അൺ-കണ്ടീഷണൽ സപ്പോർട്ടു കൊടുത്തു ബി.ജെ.പി. യ്ക്ക്. അതുകൊണ്ട് നിങ്ങൾ ഭരണത്തിൽ വന്നാൽ ഞങ്ങൾ പ്രശ്നാധിഷ്ഠിത പിൻതുണയേ തരൂ. ജനങ്ങളുടെ പ്രശ്നങ്ങളുടെമേൽ നിങ്ങൾ എന്തു സമീപനം എടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഞങ്ങൾ എന്തുകൊണ്ടാണ് അങ്ങനെയൊരു സമീപനം എടുത്തിട്ടുള്ളത്? 13 മാസം ഭരിച്ച് ബി.ജെ.പി. 13 മാസക്കാലം ഭരിച്ചുകഴിഞ്ഞ് ഒരു വിശ്വാസ വോട്ട് ഇല്ലാതെ തകർന്ന് കഴിഞ്ഞപ്പോൾ അരിത്മെറ്റിക്കലി ഇന്ത്യൻ പാർലമെന്റിൽ 140 സീറ്റുള്ളത് നിങ്ങൾക്കാണ്, നിങ്ങളാണ് അടുത്ത ഭൂരിപക്ഷകക്ഷി അതുകൊണ്ടാണ് നിങ്ങൾ ഭരിക്കണം എന്ന് ഞങ്ങൾ പറഞ്ഞത് അതിന് ഞങ്ങളുടെ പിൻതുണയുണ്ടാകും. കാരണം ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞതുപോലെ ഏറ്റവും ആപൽക്കരമായിട്ടുള്ള ഫാസിസ്റ്റ് വർഗ്ഗീയകക്ഷിയാണ് ബി.ജെ.പി. അവർക്ക് ഭരണം നൽകാതിരിക്കണമെന്ന അതേ ആഗ്രഹം കൊണ്ടുതന്നെയാണ് നിങ്ങൾക്ക് പ്രശ്നാധിഷ്ഠിത പിൻതുണ തരാമെന്ന് ഞങ്ങൾ പറഞ്ഞത്. അത് 12-ാം ലോകസഭയിൽ അന്നത്തെ സാഹചര്യത്തിൽ ഞങ്ങൾ എടുത്തിട്ടുള്ള ഒരു fact ആണ്. അത് അവിടത്തേക്ക് അവസാനിച്ചു കഴിഞ്ഞു. ഏപ്രിൽ 27-ാം തീയതി നിങ്ങളുടെ വർക്കിംഗ് കമ്മിറ്റി ചേർന്ന് ഇന്ത്യൻ പ്രസിഡന്റിനെ ശ്രീമതി സോണിയാ ഗാന്ധി പോയി കണ്ടപ്പോൾ പറഞ്ഞു ഞങ്ങൾക്ക് 234 ആളുകളുടെ പിൻതുണയേ ഉള്ളൂ. ഞങ്ങൾക്ക് ഗവൺമെന്റ് ഉണ്ടാക്കാൻ പറ്റില്ല. ഒന്നുകൂടി പറഞ്ഞു. മറ്റാരാളും ഗവൺമെന്റ് ഉണ്ടാക്കുന്നതിന് ഞങ്ങൾ പിൻതുണയ്ക്കുന്ന പ്രശ്നമില്ല. വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനം പുറത്തുവന്നു. ആ തീരുമാനത്തിലൂടെ ജനതാൽപ്പര്യം അല്ല, രാജ്യത്തിന്റെ താൽപ്പര്യമല്ല ഞങ്ങൾക്ക് പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് പ്രകടിപ്പിക്കപ്പെട്ടപ്പോൾ ഞങ്ങളുടെ പ്രശ്നാധിഷ്ഠിത പിൻതുണയും പോയി. 17-ാം ലോകസഭയിൽ നിങ്ങളോട് എടുത്തിട്ടുള്ള ഈ സപ്പോർട്ടിന്റെ പ്രശ്നവും അതോടെ അവസാനിച്ചു എന്നുള്ളതാണ് വാസ്തവം വെറുതെ ഇത് വീണ്ടും വീണ്ടും പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. പോളിറ്റ് ബ്യൂറോ പറഞ്ഞതെന്താണ്? ഇപ്പോൾ ഞങ്ങളുടെ പോളിറ്റ് ബ്യൂറോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്താണെന്ന പ്രമേയം ഒന്ന് വായിച്ചാൽ എല്ലാവർക്കും മനസിലാക്കാൻ പറ്റും. പക്ഷേ രസകരം ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ അതിനെ വ്യാഖ്യാനിക്കുന്നതാണ് ഇവിടെ പത്രങ്ങളിൽ വിലങ്ങനെ വരുന്നത്. അത് നിങ്ങളെ ഈ തെരഞ്ഞെടുപ്പിൽ രക്ഷപ്പെടുത്തുമെന്ന് വിചാരിക്കേണ്ട കാര്യമില്ല. നിങ്ങൾ ഇപ്പോൾ പറയുന്നു, ഏകകക്ഷി ഭരണം. ഒറ്റയ്ക്കു ഞങ്ങൾ ഭരിക്കുമെന്നാണ് പറയുന്നത്. ആരെ ബോദ്ധ്യപ്പെടുത്താനാണ് ഈ ഒറ്റയ്ക്കുള്ള ഭരണം? യു.പി.യിലാണ് വാരണാസി. മിനിഞ്ഞാന്ന് വാരണാസിയിൽ നിങ്ങളുടെ നേതാവ് പോയപ്പോൾ ഇംഗ്ലീഷ് പത്രങ്ങൾ എഴുതി, ഞങ്ങളുടെ ദേശാഭിമാനി എഴുതിയതല്ല-ശ്രീമതി സോണിയാഗാന്ധിയുടെ ആ പബ്ലിക് മീറ്റിംഗിൽ വളരെ ശുഷ്കമായ ഒരു സദസ് മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് എന്റെ ചെറുപ്പകാലം മുതൽ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ രാജീവ് ഗാന്ധിവരെ ഇവിടെ വന്ന സമയത്ത്, മഴ പെയ്തപ്പോൾ കൂടിയ യോഗങ്ങൾ ഞാൻ കണ്ടിട്ടുണ്ട് അപ്പോൾ മഴയല്ല പ്രശ്നം യു.പി.യിൽ നിങ്ങളുടെ സ്ഥിതിയെന്താണ്? രണ്ടു ശതമാനം വോട്ട് നിങ്ങൾക്ക് 1998-ൽ കിട്ടിയിരിക്കുന്നു. നിങ്ങൾക്ക് ഏതെങ്കിലും സംസ്ഥാനത്ത് സീറ്റ് ഉണ്ടോ? യു.പി.യിൽ ഉള്ള 56 സീറ്റുകൾ യഥാർത്ഥത്തിൽ ബി.ജെ.പി.ക്ക് ആണ്. എൺപത്തിയഞ്ചിൽ അമ്പത്തിയാറും അവർക്കാണ്. നിങ്ങൾക്ക് ഒരു സീറ്റ് ഉണ്ടോ? ഞങ്ങളുടെ കാര്യം വളരെ ഹനിൽ ആയിട്ട് പറയട്ടെ. ഞങ്ങൾ ഒരു കൊച്ചു പാർട്ടിയാണ് മൂന്നു സ്റ്റേറ്റിൽ ഞങ്ങൾക്ക് സ്വാധീനമുണ്ട് മറ്റു ചില സ്റ്റേറ്റുകളിൽ ഞങ്ങൾക്ക് കുറച്ചേയുള്ളൂ. ഞങ്ങൾ നിങ്ങളെപ്പോലെ അഹങ്കരിക്കാറില്ല. 1971-ൽ കോൺഗ്രസിന് പാർലമെന്റിലും വിവിധ സംസ്ഥാനങ്ങളിലും ഉണ്ടായിരുന്ന സ്ഥിതിയെന്തായിരുന്നു? എന്താണെന്ന് അറിയാമോ. 'കോൺഗ്രസ്സിന്റെ മേൽ കാക്കയും പറക്കുകയില്ല എന്ന്' എന്നു പറഞ്ഞാൽ അത്രയും ഉയരത്തിലായിരുന്നു നിങ്ങളുടെ സ്ഥിതി. ഇവിടെ പണ്ടു തിരുവിതാംകൂർ-കൊച്ചിയിൽ ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ നൂറ്റിയൊന്നു സീറ്റിൽ നൂറും കോൺഗ്രസ്സ് നേടി. ഒരു സ്വാതന്ത്ര്യനും ജയിച്ചു. വൈകുന്നേരത്തെ റേഡിയോയിൽ പറഞ്ഞു. ആ സ്വാതന്ത്ര്യനും കോൺഗ്രസ്സിൽ ചേർന്നു എന്ന് ആ കോൺഗ്രസ്സല്ല അപ്പുറത്തിരിക്കുന്ന ഇപ്പോഴത്തെ കോൺഗ്രസ്സ്. എന്തും ആകട്ടെ, അതുകൊണ്ടു നിങ്ങൾ ഒറ്റക്കു ഭരിക്കുമെന്നുപറഞ്ഞാൽ, മഹാരാഷ്ട്രയിലെ സ്ഥിതിയെന്താണ് നാൽപ്പത്തിയെട്ടാണ് ടോട്ടൽ സീറ്റ്. കഴിഞ്ഞ പ്രാവശ്യം 33 സീറ്റ് നിങ്ങൾക്ക് ലോകസഭയിലേയ്ക്ക് കിട്ടി. നിങ്ങളുടെ വർക്കിംഗ് കമ്മിറ്റി തന്നെ, ശരത്പവാർ പോയപ്പോൾ, അതിന്റെ തീരുമാനമെടുത്ത ആൾ പുറംതള്ളിയപ്പോൾ എന്താണ് പറഞ്ഞതെന്ന് അറിയാമോ. അവിടെ ഞങ്ങൾക്ക് ലേശം പ്രശ്നമുണ്ട് ആ 33-ൽ മൂന്നു വെട്ടിക്കളഞ്ഞാൽ, ആ മൂന്നുപോലും നിങ്ങൾക്ക് കിട്ടില്ല, സത്യമല്ലേ. നിങ്ങൾ സമ്മതിക്കുന്ന കാര്യമല്ലേ? ബീഹാറിൽ അമ്പത്തിനാലുസീറ്റിൽ അഞ്ച് സീറ്റാണ് നിങ്ങൾക്ക് ലഭിച്ചത്. അതുപോലെ വെസ്റ്റ് ബംഗാളിൽ നാൽപ്പത്തിരണ്ടുസീറ്റിൽ ഒന്നാണ് നിങ്ങൾക്ക് ലഭിച്ചത്. രാജസ്ഥാനിൽ ഇരുപത്തിയഞ്ചു സീറ്റിൽ പതിനെട്ടണ്ണം നിങ്ങൾക്ക് ലഭിച്ചിരുന്നു. പക്ഷെ ആ പതിനെട്ട് ഇപ്പോഴത്തെ തെരഞ്ഞെടുപ്പിന്റെ വെളിച്ചത്തിൽ നിങ്ങൾക്ക് റീറ്റെയിൻ ചെയ്യേണ്ടിവരും. ഗോവ, ഇവിടെ ആരോ പറയുന്നത് കേട്ടു. TREND SETTER

LIBRARY ARCHIVES Kerala Legislative Assembly

ആണ് എന്ന് ഗോവയിൽ എക്കാലവും ഇരുപതും ഇരുപത്തിയഞ്ചും സീറ്റുകളിൽ നിങ്ങൾ ജയിച്ചുവരുന്നവരാണ് നിങ്ങൾ തമ്മിൽ അടിയായതുകൊണ്ട് ശോചനീയമായിട്ട് പുറത്തുപോയതാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് സ്വന്തമായിട്ട് വരാൻ സാധിക്കുകയില്ല. എന്നുമാത്രമല്ല, ഇനി ഉരിത്തിരിഞ്ഞുവരാൻ പോകുന്ന നമ്മുടെ നാട്ടിലെ മതേതര ജനാധിപത്യ ശക്തികളുടെ ഒരു മൂന്നാംമുന്നണി പകരംവരും. എവിടെയാണ് അതിന്റെ ലക്ഷണമെന്നു ചോദിക്കുന്ന ആളുകളുണ്ട്. ആ ലക്ഷണം ചിലപ്പോൾ പൊടുന്നനവേ വരും. 1989-ൽ ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് വന്നിട്ടുള്ളത് ആ രൂപത്തിലാണ്; 1996-ൽ വന്നിട്ടുള്ളത് ആ രൂപത്തിലാണ്. 1999-ഒക്ടോബറിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അവിടെ ഒരു മൂന്നാം മുന്നണി വരില്ലായെന്നു പറയാൻ നിങ്ങൾ അശക്തരാണ്. നിങ്ങൾക്ക് അതിന് രാഷ്ട്രീയമായും ധാർമികമായും ഒരുരൂപത്തിലും അവകാശമില്ല, കാരണം നിങ്ങൾ അത്രമാത്രം അശക്തരാണ് എന്നുള്ളതാണ് വാസ്തവം. ഇപ്പോൾ എന്തായാലും ശരി, ബി.ജെ.പി.യോട് പടപൊരുതാൻ നിങ്ങളാണ് ഏറ്റവും വലിയ പോരാളികളെന്ന് പറഞ്ഞുകൊണ്ടല്ലേ ഞങ്ങളോട് നിങ്ങളുടെ ബാലറ്റ് വേസ്റ്റാക്കണ്ട ഞങ്ങൾക്ക് വിട് എന്നു പറഞ്ഞത്. അഖിലേന്ത്യാ പൊളിറ്റിക്സ് ഞാൻ പറയുന്നില്ല. അതിൽ ഒരുപാട് പറയാനുണ്ട്. കേരളത്തിൽ ഇപ്പോൾ അടുത്തകാലത്ത് പുത്തിഗെ പഞ്ചായത്ത് ഇലക്ഷനിൽ ഈ ബി.ജെ.പി. ക്കാരുടെ വോട്ടോടുകൂടി കഴിഞ്ഞ തവണ ജയിച്ചപ്പോൾ ആ വോട്ട് നേടിയതിന് നടപടിയെടുക്കുമെന്ന് കെ.പി.സി.സി. പ്രസിഡന്റ് വയലാർ രവി പറഞ്ഞു. എന്താണ് നടപടിയെന്ന് അറിയില്ല. എന്തായാലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇവിടെ അവസാനം ഒരു പ്രസംഗമുണ്ട് എന്നാണ് കേട്ടത്. ആ പുത്തിഗെ പഞ്ചായത്തിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഒന്നിച്ചു മത്സരിച്ചതിനെപ്പറ്റി ബഹുമാനപ്പെട്ട ആന്റണി പറയുമെന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുന്നു. കോഴിക്കോട് ഒരു തെരഞ്ഞെടുപ്പിന് നോമിനേഷൻ കൊടുത്തിരുന്നു. ഇന്നലെയാണ് ഇലക്ഷൻ. അതിൽ നിങ്ങൾ ബി.ജെ.പി.യുമായി കൂട്ടുചേർന്നാണ് മത്സരിച്ചത്. ഞാൻ ആ വിവരം സഭയിൽ തരികയാണ്. നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സപ്ലൈ സൊസൈറ്റി (എൻ.എം.ഡി.സി.) എന്നാണ് അതിന്റെ പേര്. എന്തായാലും ഈ സഭയിൽ അതിന് മറുപടി തന്നാൽ മതി. നിങ്ങൾക്ക് അറിയാമോ കോൺഗ്രസ്സ് ബി.ജെ.പി. സഖ്യം. മുസ്ലീം ലീഗും അതിൽ ഉണ്ട്. മതേതരകക്ഷിയാണെന്ന് നേരത്തെ നയ പ്രഖ്യാപനം നടത്തിയല്ലോ. ഏതായാലും ഇതിനെപ്പറ്റി പ്രാദേശികമായി എന്തു വീഴ്ചയാണ് മുസ്ലീം ലീഗിനു പറ്റിയതെന്ന് അറിയില്ല. കോൺഗ്രസ്സ് ബി.ജെ.പി. മുസ്ലീംലീഗ് സഖ്യം, എന്നിട്ട് ബി.ജെ.പി നേതാവ് പുള്ളിയിൽ നാരായണന് കോൺഗ്രസ്സുകാർ വോട്ടുചെയ്തു, തിരിച്ചും വോട്ടുചെയ്തു; കോൺഗ്രസ്സുകാരനായ അഡ്വക്കേറ്റ് രാജന്, പോരാ, വയനാട് ഡി.സി.സി. യുടെ മുൻ വൈസ്പ്രസിഡന്റും സ്ഥാനാർത്ഥിയായിരുന്നു, വോട്ട് വാങ്ങി. ബി.ജെ.പി.യുടെ ബഹുമാനപ്പെട്ട ആന്റണി, ഇക്കാര്യത്തിലും പുത്തിഗെയുടെ കാര്യത്തിലും ദയവായിട്ട് അങ്ങ് മറുപടി പറയണം. സാർവ്വദേശീയ, ദേശീയ രാഷ്ട്രീയത്തിലൊക്കെ അങ്ങ് മുങ്ങിത്തപ്പി പോകും തീർച്ചയാണ്, ഞങ്ങളെ വല്ലാതെ പലതരത്തിലും പറയും, എന്തായാലും ഇക്കാര്യം ഒന്നു പറയണമേ എന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. ഇ.എം. അഗസ്തി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഡിമാന്റുകൾ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സഹായർ എന്നിവർക്കു വേണ്ടിയാണ്. ഇവർക്ക് പെൻഷൻ കൊടുത്ത് അയക്കുന്നതിനുള്ള ഡിമാന്റായിരുന്നുവെങ്കിൽ തീർച്ചയായിട്ടും..

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട കാർത്തികേയൻ ചൂണ്ടിക്കാണിച്ചതുകൊണ്ട് എല്ലാ ആളുകളും പോയി സാർ, ഒറ്റ ആളുമില്ല.

ശ്രീ. ഇ.എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനഭരണത്തലവന്മാർക്കും മന്ത്രിമാർക്കും, ആസ്ഥാന ഉദ്യോഗസ്ഥന്മാർക്കും പെൻഷൻ കൊടുക്കുന്നതിനുള്ള ഡിമാന്റാണ് ഈ സഭയിൽ മുഖ്യമന്ത്രി അവതരിപ്പിച്ചിരുന്നതെങ്കിൽ എനിക്ക് അതിനോട് യോജിക്കാമായിരുന്നു. നമ്മൾ എന്തിനുവേണ്ടിയാണ് ഈ ധനാഭ്യർത്ഥനയെ അംഗീകരിക്കുക. നമുക്ക് ഭരിക്കുന്ന ഒരു ഗവൺമെന്റു വേണം. ഇവിടെ ഗവൺമെന്റിനെ അനുകൂലിച്ചു സംസാരിച്ചവരെല്ലാപേരും തന്നെ ഗവൺമെന്റിനെക്കുറിച്ചുപറഞ്ഞു, പക്ഷെ ഗവൺമെന്റിന്റെ പ്രവർത്തനത്തെപ്പറ്റി ആരും പറഞ്ഞില്ല. ഈ ഗവൺമെന്റിന്റെ മുഖമുദ്രയെന്നു പറയുന്നത് ഭരണമില്ലായ്മയാണ്. A Government without administration. അതിനുള്ള വ്യാഖ്യാനമാണ് നായനാർ ഗവൺമെന്റ്, അങ്ങനെയൊരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ പിൻതാങ്ങാൻ എനിക്കു നിവൃത്തിയില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഞാൻ സംസാരിക്കാൻ തുടങ്ങിവച്ച കാര്യങ്ങളൊന്നും സംസാരിക്കേണ്ട കാര്യമില്ല. ഭരണകക്ഷിയിലെ രണ്ടംഗങ്ങൾ. ഇടതുപക്ഷ മുന്നണിയിലെ രണ്ടു പ്രമുഖ നേതാക്കന്മാരായ ശ്രീ. എ.വി. താമരാക്ഷനും, ശ്രീ. കബീർ മാസ്റ്ററും സംസാരിച്ചുകഴിഞ്ഞപ്പോൾ എനിക്കു സംസാരിക്കാൻ വിഷയമില്ല. ഞാൻ ഇവിടെ നോട്ടു തയ്യാറാക്കി വച്ചിരിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളേയും നിരാശപ്പെടുത്തിയ ഗവൺമെന്റാണ് ഇതെന്ന്, അതുതന്നെയാണ് അവരും പറഞ്ഞത്. ഇവിടത്തെ വ്യവസായരംഗം നിശ്ചലമാണ്, കാർഷികരംഗം തകർച്ചയിലാണ്. വിലനിലവാരം കുത്തനെ കയറിക്കൊണ്ടിരിക്കുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണ്, കേന്ദ്ര ഗവൺമെന്റ് മുതൽമുടക്കില്ല. സ്വകാര്യമേഖലയുടെ പങ്കാളിത്തമില്ല. വിദേശനിക്ഷേപമില്ല, റവന്യൂ കമ്മി 43 ശതമാനം കണ്ടു വർദ്ധിച്ചിരിക്കുന്നു. ബാങ്കിലുള്ള വായ്പാ നിക്ഷേപം കുറഞ്ഞുകൊണ്ടിരിക്കുന്നു. കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളുടെ മുതൽമുടക്ക് സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞുവന്നിരിക്കുന്നു എന്നിവയാണ്. ഇത് ശ്രീ. താമരാക്ഷന്റെ പ്രസംഗമല്ല. ഞാൻ തയ്യാറാക്കിവച്ച പ്രസംഗം അദ്ദേഹം പറഞ്ഞു, ഇതല്ലേ ഈ സംസ്ഥാനത്തിന്റെ സ്ഥിതി. സർ, രാത്രി വളരെ വൈകിയാണ് ഞാൻ എത്തിയത്. രാവിലെ അസംബ്ലി കവർ കിട്ടി. കവറിന്റെ കൂടെ എനിക്കു രണ്ടു പുസ്തകം കിട്ടി, ആ രണ്ടു പുസ്തകങ്ങളിൽ ഒന്ന് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അവലോകനം ചെയ്യുന്ന 1998-ലെ ഇക്കണോമിക് റിവ്യൂ ആണ്. ഞാൻ മറിച്ചുനോക്കി. മറിച്ചുനോക്കിയപ്പോൾ കണ്ട കാര്യങ്ങളെല്ലാം ഞാൻ വായിക്കുന്നില്ല. അതിലെ ഒരു വാചകം ഞാൻ വായിക്കട്ടെ. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിന് ലഭിക്കുന്ന വിഹിതം കുറഞ്ഞു വരുന്ന പ്രവണതയാണ് കാണുന്നത്. 1997-98-ൽ ഇത് ഒരു ശതമാനം കുറഞ്ഞപ്പോൾ തൊട്ടു മുൻവർഷം ഈ കുറവ് 1.57 ശതമാനമായിരുന്നു. വായ്പാ ലഭ്യതയിൽ ആസാം കഴിഞ്ഞാൽ ഏറ്റവും കുറച്ച് വായ്പാലഭ്യത കേരളത്തിനാണ്. ഇതു വായിച്ചാൽ ഞങ്ങൾ എങ്ങനെ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങും. മറ്റൊരു പുസ്തകം അതിനെപ്പറ്റിയാണ് തർക്കം. ശ്രീ. ടി.കെ. ബാലൻ വളരെ ലോജിക്കൽ ആയി സംസാരിച്ചു. അദ്ദേഹത്തിന് ലോജിക്കലായി സംസാരിക്കാൻ കഴിയുമെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. ഞാൻ കണ്ട പുസ്തകം 'കാലത്തിന്റെ കണ്ണാടി'.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഇ.കെ. നായനാർ ഞാൻ ഈ പുസ്തകത്തിന് എതിരല്ല പക്ഷെ ഇത്ര യൊക്കെ വേണമായിരുന്നോ എന്നതാണ് ചോദ്യം. പക്ഷെ ഈ പുസ്തകത്തെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് എന്താണെന്ന് അറിയാമോ. ഞങ്ങൾ ആരും വായിക്കാത്തവരാണ്. എഴുത്തും വായനയും അറിയാത്തവ രാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പുസ്തകം പ്രസിദ്ധീകരിച്ചി ട്ടില്ലേ. നിങ്ങൾ ആ പുസ്തകം വായിച്ചിട്ടില്ലേ. നിങ്ങൾ വായിച്ചിട്ടില്ലാത്തതു കൊണ്ടാണ് 1977-മുതൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ എല്ലാ പുസ്ത കങ്ങളും ഇൻഡ്യാ ഗവൺമെന്റിന്റെ ചെലവിൽ പ്രസിദ്ധീകരിച്ച് ഇവിടെ ലൈബ്രറിയിൽ എത്തിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു. ചരിത്രത്തോടും മഹാനായ ആ നേതാവിനോടുള്ള വെല്ലുവിളിയാണ് എന്നു ഞാൻ വിനയ പൂർവ്വം സൂചിപ്പിക്കപ്പെടട്ടെ. ശ്രീ "ബാലേട്ടൻ" പറഞ്ഞു, അദ്ദേഹത്തെ അങ്ങനെ സ്നേഹം കൊണ്ടു വിളിക്കുകയാണ്. വഴങ്ങാം. പക്ഷെ അദ്ദേഹം സംസാരിക്കുമ്പോൾ ആരും പ്രതികരിക്കരുത് എന്നാണ് പറഞ്ഞത്. ഞാൻ അതിനോട് യോജിച്ചു. അദ്ദേഹം പറഞ്ഞു, ജവഹർലാൽ നെഹ്റുവിന്റെ ഭാര്യ കമലാനെഹ്റു ചികിത്സയ്ക്കു ചെക്കോസ്ലോവാക്യയിൽ പോയപ്പോൾ, അന്ന് ഹിറ്റ്ലർ അദ്ദേഹത്തെ ക്ഷണിച്ചപ്പോൾ അദ്ദേഹം നടത്തിയ പ്രസ്താവനകൾ എഴുതിയിവിടെ വന്നിട്ടുണ്ടെന്ന്.

സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ വെറുതേ വിടൂ എല്ലാ ആദ രവോടും സ്നേഹത്തോടുകൂടി ഞാൻ പറയുന്നു അദ്ദേഹം പണ്ഡിറ്റ് ജവ ഹർലാൽ നെഹ്റുവിന്റെ ആത്മകഥ വായിച്ചിട്ടില്ല. ആ ആത്മകഥയിൽ അദ്ദേഹം ചെക്കോസ്ലോവാക്യയിൽ പോയിട്ടില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഭാര്യ കമലാ നെഹ്റുവിന് അസുഖമായപ്പോൾ ചികിത്സിക്കാൻ കൊണ്ടുപോയ സാനിട്ടോറിയം സ്വിറ്റ്സർലണ്ടിലാണ്. അദ്ദേഹം സ്വിറ്റ്സർ ലന്റിൽ ഉണ്ടായിരുന്നപ്പോഴാണ് ഹിറ്റ്ലറുടെയല്ല, മുസ്സോളിനിയുടെ ദൂതന്മാർ അദ്ദേഹത്തെ കണ്ടത്. മുസ്സോളിനിയുടെ ദൂതന്മാർ അദ്ദേഹത്തെ കണ്ടു ക്ഷണി ച്ചു. ആ ക്ഷണം എന്തായിരുന്നുവെന്ന് അറിയാമോ? മുസ്സോളിനിയുടെ ദൂത ന്മാർ അദ്ദേഹത്തെ വന്നുകണ്ടത് മുസ്സോളിനി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിനെ കാണാൻ ആഗ്രഹിക്കുന്നു എന്നാണ് കാണാൻ ആഗ്രഹിക്കുന്ന സന്ദേശവുമായി ഒരു ദിവസം മുഴുവൻ ദൂതന്മാർ അദ്ദേഹത്തിനുവേണ്ടി കാത്തുനിന്നു. അന്ന് വൈകുന്നേരം മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതി സാമ്രാജ്യവിരുദ്ധരായ ആളു കൾക്ക് എല്ലാവർക്കും ഓർത്തിരിക്കാൻ കഴിയുന്ന ഒരു നല്ല വാചകം. അബിസീനിയയുടെ രക്തം കൊണ്ട് പങ്കിലമായ മുസ്സോളിനിയുടെ കൈക ളിൽ മുത്തമിട്ടാൽ സ്വതന്ത്രദാഹികളായ എന്റെ രാജ്യത്തെ ജനങ്ങൾ എന്നോട് ക്ഷമിക്കുകയില്ല. അബിസീനിയ ആക്രമിച്ച് കീഴടക്കിയതിന്റെ മൂന്നാംദിവസ മാണ് സ്വിറ്റ്സർലന്റിൽ ഉണ്ടായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ കാണാൻ മുസ്സോളിനിയുടെ ദൂതന്മാർ വന്നത്. അദ്ദേഹം എഴുതി ലോക ത്തിലെ ഏറ്റവും വലിയ സാമ്രാജ്യശക്തിക്ക് അധിപനായിരുന്ന മുസ്സോളിനി യുടെ ദൂതന്മാരെ തിരിച്ചയച്ചതിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ കൈകൊണ്ട് തന്നെ ഡയറിൽ എഴുതിയത് അബിസീനിയ യുടെ രക്തംകൊണ്ട് പങ്കിലമായ മുസ്സോളിനിയുടെ കൈകളിൽ മുത്തമിട്ടാൽ സ്വതന്ത്രദാഹികളായ എന്റെ രാജ്യത്തെ ജനങ്ങൾ ക്ഷമിക്കുകയില്ലെന്നാണ്. 1928-ലാണ് അതാണോ സർ. ഈ പുസ്തകം? ഞാൻ ചോദിക്കട്ടെ. നിങ്ങൾ എന്നോട് പിണങ്ങരുത്. ഞാൻ ശ്രീ. ഇ.കെ. നായനാരെ ആദരിക്കുന്നു. അദ്ദേ ഹത്തിന്റെ പ്രായത്തേയും രാഷ്ട്രീയ പരിചയത്തേയും ഞാൻ ആദരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ, അദ്ദേഹത്തെ ഇത്ര മോശമാക്കരുതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ പുസ്തകം കണ്ടപ്പോൾ മറിച്ചു നോക്കി. ആ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് ആണ്? ഇതിന്റെ 28-ാമത്തെ പേജിൽ അവതാരിക എഴുതിയിരിക്കുന്ന ആളിന്റെ പേരുണ്ട്. അദ്ദേഹത്തിന്റെ സ്വന്തം പ്രൈവറ്റ് സെക്രട്ടറി ഇ.എം. മുരളീധരൻ നായർ. ഇതാണോ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യം? ഇതാണോ ഇന്ദിരാ ഗാന്ധിയുടെ പാരമ്പര്യം? ഇതാണോ രാജീവ് ഗാന്ധിയുടെ പാരമ്പര്യം? ഇതാണോ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പാരമ്പര്യം? പ്രൈവറ്റ് സെക്രട്ടറിയെക്കൊണ്ട് അവതാരിക എഴുതിച്ച പാരമ്പര്യം എന്നിട്ട് ഞങ്ങളെക്കൊണ്ട് വായിപ്പിക്കാൻ, അക്ഷര ജ്ഞാനമുണ്ടാക്കാൻ ഉദ്ദേശിക്കുന്ന പാരമ്പര്യം. അതൊരു ജനാധിപത്യ സംസ്കാരത്തിന് ചേർന്നതല്ല. ഞാൻ അതിലെ ആദ്യത്തെ ആ വാചകംകൂടി ഒന്ന് വായിക്കട്ടെ.....(ബഹളം).... എന്തിനാ അസഹിഷ്ണുത കാണിക്കുന്നത്? പ്രൈവറ്റ് സെക്രട്ടറി എഴുതിയത് മുഖ്യമന്ത്രി വായിച്ചിരുന്നുവെങ്കിൽ ഈ പുസ്തകം ഇനി പ്രസിദ്ധീകരിച്ചാൽപ്പോലും ഇത് ഞങ്ങളുടെ കയ്യിൽ എത്തുകയില്ലായിരുന്നു. പ്രൈവറ്റ് സെക്രട്ടറി എഴുതിയിരിക്കുന്നത് ഞാൻ ഒന്ന് വായിക്കട്ടെ. ഇത് ഞങ്ങൾ കൊണ്ടുവന്നതല്ല. ഞങ്ങളുടെ കയ്യിൽ എത്തിച്ചുതന്നതല്ലേ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗാന്ധിജിയെക്കുറിച്ച് പ്യാരിലാൽ എഴുതി. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയാണ്. ഇവിടെ പ്രശ്നം അതല്ല. ഗാന്ധിജി എഴുതിയിട്ട് അതിന്റെ അവതാരിക എഴുതാൻ പ്യാരിലാലിനെ ഏൽപ്പിച്ചതല്ല. ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകം അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി എഴുതി. ഇവിടെ പ്രശ്നം ശ്രീ. ഇ.കെ. നായനാർ എഴുതിയിട്ട് അതിന് അവതാരിക മുരളീധരൻ നായർ എഴുതിയിരിക്കുകയാണ്

<u>ശ്രീ ഇ.എം. അഗസ്തി</u> : സർ, നമ്മുടെ ബഹുമാന്യനായ അവതാരകൻ മുരളീധരൻ എഴുതിവച്ചിരിക്കുന്ന ആദ്യത്തെ വാചകം ഞാൻ വായിച്ചു. ഞങ്ങൾ വായിക്കുകയില്ലെന്നാണല്ലോ ഞങ്ങളെപ്പറ്റിയുള്ള ആക്ഷേപം. ഞാൻ അത് വായിച്ചുകേൾപ്പിക്കാം. ശ്രീ. ജയരാജൻ വായിക്കാത്ത ഭാഗം ഞാൻ വായിച്ചുകേൾപ്പിക്കാം. അലക്സാണ്ടർ ചക്രവർത്തിയുടെ ജീവചരിത്രം കുറിക്കുമ്പോൾ പ്ലൂട്ടാർട്ട് നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്. ആ നിരീക്ഷണമെന്താണ്? ഒരു മനുഷ്യന്റെ വിഖ്യാതമായ വിജയത്തേക്കാൾ ആ വ്യക്തിസ്വരൂപത്തിന്റെ നന്മതിന്മകളും തനിമയും വെളിവാക്കുക. വിലപ്പെട്ട കാര്യങ്ങളൊന്നും പറയാനില്ലാത്തതുകൊണ്ടാണ് ഈ കാര്യത്തിലേക്ക് പോകുന്നതെന്ന് മുരളീധരൻ നായർ പറഞ്ഞ് ഞങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട വല്ല കാര്യവുമുണ്ടോ? ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് ഇത് മുഴുവൻ വായിക്കാൻ പറ്റുകയില്ല. നമ്മുടെ മുഖ്യമന്ത്രിയെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണ് പറയുന്നത്? നമ്മുടെ മുഖ്യമന്ത്രിയുടെ കഴിവും യോഗ്യതയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായി താരതമ്യപ്പെടുത്തുന്നു. മഹാനായ കേരളത്തിലെ മുഖ്യമന്ത്രി, അദ്ദേഹം കൈവയ്ക്കാത്ത മേഖലകളില്ല. ചരിത്രം, സാഹിത്യം, സാംസ്കാരികം, സംസ്കാരം, പ്രതിഭ, സിനിമ, നാടകം, പത്രപ്രവർത്തനം, ശാസ്ത്രം, സാങ്കേതികവിദ്യ, കല, വിദ്യാഭ്യാസം, സാമൂഹ്യം, ദേശീയത. എന്നാൽ പിന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനേക്കാൾ വലിയ ആളാവുകയില്ലേ? ഈ സർവ്വകലാവല്ലഭനെ ഞങ്ങൾ ഒരു കുറ്റവും പറയുന്നില്ല. ഞാൻ പറയുന്നു അങ്ങേ വലിയ സ്വപ്നം കാണുകയാണ്. 2001-ൽ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നൂറ്റാണ്ട് പിറക്കുമ്പോൾ ഇനിയും പുസ്തകം വേണ്ടിവരും. 2000-മാണ്ടിൽ ജ്യോതിബസു വിരമിക്കും. അതോടുകൂടി പശ്ചിമ ബംഗാൾ തീരും. 2001 ആകുമ്പോൾ കേരളത്തിൽ മാത്രമേ ഈ പാർട്ടി കാണൂ. ആ പാർട്ടിയുടെ സാക്ഷാൽ ആചാര്യൻ അങ്ങ് മാത്രമായിരിക്കും. അപ്പോൾ തടിച്ച പുസ്തകങ്ങൾ വേണം. ഈവർഷം അദ്ദേഹം ഇറക്കിയ പുസ്തകത്തിന്റെ പേര് "കാലത്തിന്റെ കണ്ണാടി" എന്നാണെങ്കിൽ അടുത്തവർഷം ഇറങ്ങുന്ന പുസ്തകത്തിന്റെ പേര് 'കോലത്തിന്റെ കണ്ണാടി' എന്നായിരിക്കും. കമ്മ്യൂണിസത്തിന്റെ ആചാര്യനായ കാറൽ മാർക്സ് ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങളിൽ സമാനമായ രണ്ടെണ്ണം ഉണ്ട്. രണ്ട് പുസ്തകത്തിന്റെയും പേര് ഞാൻ പറയട്ടെ. ഒന്ന് 'Poverty of Philosophy' തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം മറ്റൊന്ന് 'Philosophy of Poverty' ദാരിദ്ര്യത്തിന്റെ തത്വശാസ്ത്രം. അതുപോലെതന്നെ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്രാവശ്യം 'കാലത്തിന്റെ കണ്ണാടി' എന്ന പുസ്തകം ഇറക്കി. അടുത്തവർഷം 'കോലത്തിന്റെ കണ്ണാടി' എന്ന പുസ്തകം ഇറക്കും. അങ്ങനെ നമുക്ക് ഇതെല്ലാം ആസ്വദിക്കാൻ കഴിയും.

സർ, ഞാൻ സംസ്ഥാന ഭരണകൂടത്തിന്റെ കാര്യത്തിലേക്ക് തിരിച്ചുവരട്ടെ. ഈ സംസ്ഥാനത്തെ ഭരണത്തെപ്പറ്റി ഞാൻ ദീർഘിപ്പിക്കുന്നില്ല. 2000-ാമാണ്ടാകുമ്പോൾ നമുക്ക് വൈദ്യുതി മിച്ചമാണെന്നാണ് പറയുന്നത്. ചെറുപ്പക്കാരനായ എന്റെ സഹപ്രവർത്തകൻ ശ്രീ. ശർമ്മയെക്കുറിച്ച് എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹത്തിന്റെ സബ്ജക്ട് കമ്മിറ്റിയിലാണ് ഞാനും പ്രവർത്തിക്കുന്നത്. പക്ഷേ, ഞാൻ ഈ ഗവൺമെന്റിനെപ്പറ്റി ഒരുകാര്യം പറയട്ടെ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്നുവർഷമായി.

<u>ശ്രീ. ജി. സുധാകരൻ</u> : മി. അഗസ്തി മഹാനായ കാറൽ മാർക്സിനെക്കുറിച്ച് കള്ളം പറയുകയാണ്. കാറൽ മാർക്സ് എഴുതാത്ത ഒരു പുസ്തകം കാറൽ മാർക്സ് എഴുതി എന്നാണ് അദ്ദേഹം പറയുന്നത്. അതിൽ ഒരു പുസ്തകം കാറൽ മാർക്സ് എഴുതിയതാണ്. മറ്റേ പുസ്തകം കാറൽ മാർക്സ് എഴുതിയതല്ല. യാതൊരു വിവരവുമില്ലാതെ പച്ചക്കള്ളം കാറൽ മാർക്സിനെപ്പറ്റി പറയുന്ന ആൾ പിന്നെ നായനാരെപ്പറ്റി പറയുകയില്ലേ? ഇത് ശരിയല്ല. ഈ തെറ്റുകൾ രേഖയിൽ നിന്ന് തിരുത്തണം. രണ്ടാമത്തെ പുസ്തകം കാറൽ മാർക്സ് എഴുതിയതാണോ?

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ശ്രീ. ജി. സുധാകരൻ പറഞ്ഞാൽ ഞാൻ തിരുത്തുകയില്ല. തെറ്റ് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ഞാൻ തിരുത്താം ഞാൻ സംവാദത്തിന് തയ്യാറാണ്. നിങ്ങൾ പറയുന്നതാണ് കള്ളം. ഞാൻ പറഞ്ഞുകൊണ്ടുവന്നത് ഞാൻ ശ്രീ. ശർമ്മയുടെ സബ്ജക്ട് കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന ആളാണെന്നാണ്. ഞാൻ വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയെക്കുറിച്ച് ഒന്നും പറയുന്നില്ല. മൂന്നുവർഷത്തിനിടയിൽ നാലു പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്ന വകുപ്പിനെക്കുറിച്ച് എന്താണ് അഭിപ്രായം? ഞാൻ അതിനെക്കുറിച്ച് ദീർഘമായി പറയുന്നില്ല. ഇന്നലെ സഭ ചർച്ച ചെയ്തു. അടുത്ത രണ്ടുവർഷത്തിനിടയിൽ നാല്പ്രാവശ്യം ചാർജ് വർദ്ധിപ്പിക്കേണ്ടിവരല്ലേ? അടുത്ത രണ്ടുവർഷത്തിനിടയിൽ ശ്രീ. ശർമ്മ മന്ത്രിയായിരുന്നാലും ശരി ശ്രീ. ശിവദാസമേനോൻ മന്ത്രിയായിരുന്നാലും ശരി നാലുപ്രാവശ്യം ചാർജ് വർദ്ധിപ്പിക്കേണ്ടിവരും. കാരണം ഇലക്ട്രിസിറ്റി ബോർഡ് അങ്ങനെയാണ് പോകുന്നത്. ഞങ്ങളുടെ കാലത്ത് തുടങ്ങിവച്ച പ്രോജക്ടുകളൊക്കെ കമ്മീഷൻ ചെയ്തപ്പോൾ ഗംഭീരപ്രസംഗമല്ലായിരുന്നോ? ഇപ്പോൾ എന്താണ് സ്ഥിതി? അങ്ങ് വച്ച കണക്ക് അനുസരിച്ച് നമ്മുടെ ആഭ്യന്തര ഉല്പാദനം 8414 ദശ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം യൂണിറ്റാണ്. കേന്ദ്രത്തിൽനിന്നും മറ്റ് ഉല്പാദകരിൽനിന്നും വാങ്ങിക്കുന്നത് 5848 ദശലക്ഷം യൂണിറ്റാണ്. അപ്പോൾ നമുക്ക് മൊത്തമുള്ളത് 13892 ദശലക്ഷം യൂണിറ്റാണ്. വിൽക്കുന്നത് എത്രയാണ്? 11,454 ദശലക്ഷം യൂണിറ്റാണ് പ്രസരണ നഷ്ടം 20 ശതമാനമാണ്. അങ്ങ് രാവിലെ മറുപടി പറഞ്ഞു. 2000-ാ മാണ്ടാകുമ്പോൾ 17000 ദശലക്ഷം വരുമെന്ന് അപ്പോൾ transmission loss അതായത് പ്രസരണ നഷ്ടം 30 ശതമാനമാകും. അപ്പോൾ രണ്ടോ മൂന്നോ പ്രാവശ്യം ചാർജ് വർദ്ധിപ്പിക്കേണ്ടിവരില്ലേ? ഇന്നലെ പ്രതിപക്ഷനേതാവ് സംസാരിച്ചതിനെക്കുറിച്ച് അപ്പുറത്തുനിന്ന് ശ്രീ. ബാലേട്ടൻ സംസാരിച്ചല്ലോ. 2000-ാമാണ്ടിൽ കേരളത്തിൽ വൈദ്യുതി മൂന്നിരട്ടി ചാർജാകും. വ്യവസായങ്ങൾ പൂട്ടേണ്ടിവരും. യാതൊരു സംശയവുമില്ല. അങ്ങ് മന്ത്രിയായിരുന്നാലും ഇല്ലെങ്കിലും കേരളത്തിൽ സംഭവിക്കാൻ പോകുന്നത് അതാണ്. സർ, ഞാൻ ഒരു രാഷ്ട്രീയകാര്യംക്കൂടെ പറഞ്ഞ് അവസാനിപ്പിക്കാം. ഞങ്ങളെപ്പറ്റി എന്തൊക്കെ ആക്ഷേപമാണ് ബാലേട്ടൻ മുതൽ നാണുവേട്ടൻ വരെ പറഞ്ഞത്. ഞങ്ങൾ ബി.ജെ.പി. യെ വളർത്തിയവർ. അവരൊക്കെ മൂന്നാം മുന്നണി ഉണ്ടാക്കാൻ പോകുന്നവർ, രാജ്യം ഭരിക്കാൻ പോകുന്നവർ. ശ്രീ. ടി.എസ്. ജോൺ പറഞ്ഞല്ലോ മൂന്നാം മുന്നണി വരുമെന്ന്. ശ്രീ. രാജു പറഞ്ഞു മൂന്നാം മുന്നണി വരികയില്ലെന്ന്. ആട്ടെ, ഞങ്ങൾ സമ്മതിക്കുന്നു. മൂന്നാം മുന്നണി വരുമെന്ന് സ്വപ്നം കാണാൻ ശ്രീ. ടി.എസ്. ജോണിന് അവകാശമുണ്ട്. കുഞ്ചൻ നമ്പ്യാർ പാടിയിട്ടില്ലേ. "കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിനുമീതെ പറക്കാൻ മോഹം" ശ്രീ. ടി.എസ്. ജോണിന് മൂന്നാം മുന്നണിയുണ്ടാക്കി, തലപ്പത്തിരുന്ന് ഇൻഡ്യാ മഹാരാജ്യം ഭരിക്കാൻ മോഹം. ഞങ്ങൾക്ക് എന്ത് ചെയ്യാൻ പറ്റും. പക്ഷെ മാർക്സിസ്റ്റുപ്പാർട്ടിക്ക് അങ്ങനെ മോഹമുണ്ടാകുമോ ബാലേട്ടാ, എന്നാണ് എന്റെ ചോദ്യം. അങ്ങ് ഞങ്ങളുടെ പാർട്ടിയെപ്പറ്റി പറഞ്ഞല്ലോ. ഞങ്ങൾ 140 പേരല്ലേയുള്ളൂ. നിങ്ങൾ എങ്ങനെയാണ് ഒറ്റയ്ക്ക് ഭരിക്കുകയെന്ന്. ഞാൻ ചോദിക്കട്ടെ. നിങ്ങൾ ഈ തെരഞ്ഞെടുപ്പിൽ എത്ര സീറ്റിലേയ്ക്കാണ് മത്സരിക്കാൻ പോകുന്നത്? 32-ഉം 31-ഉം 33-ഉം ആയി നിൽക്കുന്ന മാർക്സിസ്റ്റുപ്പാർട്ടിക്ക് ഇൻഡ്യാ മഹാരാജ്യം ഭരിക്കുന്നതിനെപ്പറ്റി തീരുമാനിക്കാൻ അവകാശമുണ്ടെങ്കിൽ 140 പേരുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഇൻഡ്യാ മഹാരാജ്യം ഭരിക്കുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങൾ എവിടെയാണുള്ളതെന്ന് നിങ്ങൾ ചോദിച്ചു. ആ ചോദ്യത്തിന് ഞാൻ മറുപടി പറയട്ടെ. 5 സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നു. ശ്രീമതി സോണിയാഗാന്ധിയായിരുന്നു നേതാവ്. ഞങ്ങൾ നാല് സംസ്ഥാനങ്ങളിലും അധികാരത്തിലേയ്ക്ക് മടങ്ങിവന്നു. രണ്ട് സംസ്ഥാനങ്ങൾ, രാജസ്ഥാനും ഡൽഹിയും ഞങ്ങൾ ബി.ജെ.പി.യിൽ നിന്ന് തിരികെ പിടിച്ചു. ഞങ്ങളുടെ കൈയിലുണ്ടായിരുന്ന മദ്ധ്യപ്രദേശ് ബി.ജെ.പി.യെ തറപറ്റിച്ചുകൊണ്ട് ഞങ്ങൾ നിലനിറുത്തി. ആരെങ്കിലും ഞങ്ങളെ സഹായിച്ചോ? 810 സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ നിങ്ങളുടെ പാർട്ടി മത്സരിച്ചത് പത്ത് സ്ഥാനത്തേയ്ക്കാണ്. കിട്ടിയത് ഒരു സീറ്റാണ്. നിങ്ങൾക്കും രാജ്യം ഭരിക്കണമെന്ന് വിചാരിക്കാം. ഞങ്ങൾ കുറ്റം പറയുഞ്ഞതല്ല. പക്ഷെ നിങ്ങൾ തനിച്ച് രാജ്യം ഭരിക്കുമെന്നാണ് നാണുവേട്ടന്റെ സ്വപ്നം. നാണുവേട്ടാ, അങ്ങ് പറഞ്ഞല്ലോ അകാലിദളിനെ ബി.ജെ.പി. മുന്നണിയിൽ കൊണ്ടുപോയത്, ടി.ഡി.പി.യെ ബി.ജെ.ബി മുന്നണിയിൽ കൊണ്ടുപോയത്, ഡി.എം.കെ.യെ ബി.ജെ.പി. മുന്നണിയിൽ കൊണ്ടുപോയത് ഞങ്ങൾ, കോൺഗ്രസ്സാണെന്ന്. ഞാൻ ചോദിക്കട്ടെ, അങ്ങ് ലോഹിയാ പാരമ്പര്യമുള്ള രാഷ്ട്രീയക്കാരൻ, ഞാൻ കരുതുകയാണ്. പഴയ സോഷ്യലിസ്റ്റുകൾ, ലോഹിയായിസ്റ്റുകൾ ഇൻഡ്യൻ പാർലമെന്റ് ചരിത്രത്തിൽ എന്നും പിളരും. എല്ലാ പിളർപ്പുകളും ഉണ്ടാകുമ്പോൾ ലോഹിയാ ഇൻഡ്യൻ പാർലമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നെഹ്റുവിനെ വിമർശിക്കും. സ്വന്തം പാർട്ടി പിളരുമ്പോൾ അദ്ദേഹം പറയും ഈ പിളർപ്പെല്ലാം നെഹ്റു ഉണ്ടാക്കുന്നതാണെന്ന്. നെഹ്റുവും കോൺഗ്രസ്സും ഇൻഡ്യൻ ജനാധിപത്യത്തെ വ്യഭിചരിക്കുന്നവെന്നാണ് ലോഹിയായുടെ എല്ലാ പ്രാവശ്യത്തെയും ആരോപണം ഒരിക്കൽ ലോഹ്യം നെഹ്റുവിനെ നോക്കി പറഞ്ഞു. "you are rapeing Indian Democracy" നെഹ്റു പറഞ്ഞു മറുപടി. How can I rape, because she is always willing. ഞങ്ങൾ എത്ര വിചാരിച്ചാലും അങ്ങയുടെ പാർട്ടി പിളരും. ഞങ്ങൾക്ക് ഒന്നും ചെയ്യാനാവുക യില്ല.

സർ, പിന്നെ നിങ്ങൾ പറഞ്ഞല്ലോ ശ്രീ. എ. കെ. ആന്റണിയുടെ സ്വരം മാറിയെന്ന്. ശ്രീ. എ.കെ. ആന്റണിയുടെ സ്വരം മാറിയാൽ അന്ന് ഈ ഗവൺമെന്റ് പോകും. ശ്രീ. എ.കെ. ആന്റണിയുടെ സ്വരം മാറിയാൽ അന്ന് ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിക്കസേരയിൽ ഉണ്ടാവുകയില്ല. അപ്പുറത്ത് എത്രപേരുണ്ട് കാലുമാറാൻ, കൂറുമാറാനെന്ന് ഞങ്ങൾക്ക് അറിയാം. പക്ഷെ കൂറുമാറ്റത്തെയും കാലുമാറ്റത്തെയും പ്രോത്സാഹിപ്പിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് എല്ലാ കുറ്റവും കോൺഗ്രസ്സിൽ വച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയുമെന്ന ധാരണ ശരിയല്ല. വരാൻ പോകുന്ന തെര ഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ വിധിയെഴുതട്ടെയെന്ന് പറഞ്ഞുകൊണ്ട്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി.എൻ. ജയദേവൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ശ്രീ. പാലോട് രവി മുതൽ ബഹുമാന്യനായ ഇ.എം. അഗസ്തി വരെയുള്ളവർ പ്രസംഗിച്ചപ്പോൾ മുഖ്യമായിട്ടും അവരുടെ കൈയിൽ കണ്ടത് മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരുടെ ഒരു പുസ്തകം മാത്രമാണ്. സത്യത്തിൽ ഈ ഗവൺമെന്റിനെതിരെ മറ്റൊന്നും പറയാനില്ലാത്തതുകൊണ്ടാണ് എണ്ണപ്പെട്ട, വിലപ്പെട്ട പുസ്തകവുമായി ഇന്നു രാവിലെ ബഹുമാന്യനായ പാലോട് രവിയും, അഗസ്തിയും ഡൊമിനിക് പ്രസന്റേഷനുമൊക്കെ എം.എൽ.എ. ഹോസ്റ്റലിൽനിന്ന് ബസ്സിൽ കയറിയത്. മൂന്നുവർഷം അധികാരത്തിലിരുന്ന ഒരു ഗവൺമെന്റിനെ വിമർശിക്കാൻ തീർച്ചയായും ആ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രതിപക്ഷത്തിന് കുറച്ച് പോയിന്റുകളെങ്കിലും കാണുമെ ന്നാണ് ഞാൻ ധരിച്ചിരുന്നത്. ഈ ഗവൺമെന്റിനെതിരെ വിമർശനങ്ങളൊന്നും ഉന്നയിക്കാൻ കഴിയാതെ കേവലം ഒരു പുസ്തകവുമായി ഇന്ന് ഈ സഭ യിൽവന്ന് ആ പുസ്തകത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെ ക്കുറിച്ചും പറഞ്ഞ് സമയം കളയുന്നതാണ് ഞങ്ങൾ കണ്ടത്. പ്രതിപക്ഷനേ താവ് ഈ ഗവൺമെന്റിനെതിരെ ചിലപ്പോഴൊക്കെ ചില ശക്തമായിട്ടുള്ള സമ രങ്ങൾ പ്രഖ്യാപിക്കാറുണ്ട്. നമുക്കറിയാം. ഒരു സമരവും കേരളത്തിൽ ക്ലച്ച് പിടിച്ചില്ല. പഞ്ചായത്ത് തലംമുതൽ അവസാനം ഇലക്ട്രിസിറ്റി ചാർജ് വർദ്ധ നവിനെതിരെ നടത്തിയ സംസ്ഥാന ഹർത്താൽവരെ പല സമരങ്ങളും നടത്തി നോക്കിയെങ്കിലും നമ്മുടെ സംസ്ഥാനത്ത് ഒരു സമരവും ക്ലച്ചുപിടിച്ചില്ല. 13 മാസം ഭരിച്ച ബി.ജെ.പി. ഗവൺമെന്റിനെതിരെ നിങ്ങൾ ഈ സംസ്ഥാനത്ത് ഒരു സമരം നടത്തിയോ? അതുകൊണ്ടാണ് ഞങ്ങൾ കേരള സംസ്ഥാനത്ത് നിങ്ങൾക്ക് ഇപ്പോൾ ബി.ജെ.പി.യുമായി അവിഹിതബന്ധമുണ്ടെന്ന് ആക്ഷേ പിക്കുന്നത്. കേരള സംസ്ഥാനത്ത് ഈ 13 മാസക്കാലത്തിനിടയിൽ കോൺഗ്രസ്സ് (ഐ) യോ യു.ഡി.എഫോ ബി.ജെ.പി.ക്കെതിരായി, ബി.ജെ.പി. യുടെ നയങ്ങൾക്കെതിരായി, ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്ത സംസ്ഥാനങ്ങളിലും ബി.ജെ.പി.യുടെ പുറകിൽ അണിനിരന്നിരിക്കുന്ന സംഘ്പരിവാർ എന്നു പറയുന്ന തീവ്രവാദി സംഘടനകൾ കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയപ്പോൾ, പള്ളികൾ ആക്രമിച്ചപ്പോൾ. ഒറീസയിൽ ഒരു ക്രിസ്ത്യൻ മിഷണറിയെയും മക്കളെയും തീയിട്ട് കൊന്നപ്പോഴും മറ്റും അതിനെതിരായി ഒരു പ്രകടനമോ ജാഥയോ മറ്റുതരത്തിലുള്ള ഏതെങ്കിലും പ്രതിഷേധപ്രകടനമോ നടത്താൻ കഴിയാത്ത നിങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായിട്ട് നിരന്തരമായി സമരങ്ങൾ പ്രഖ്യാപിക്കുന്നു. ഒന്നും ക്ലച്ച് പിടിക്കുന്നില്ല. നിങ്ങളിൽ ഇപ്പോൾ അവശേഷിക്കുന്നത് 1959-ലെ വിമോചന സമരത്തിന്റെ ചില അവശിഷ്ടങ്ങൾ മാത്രമാണ്. അങ്കമാലിയിൽ 40-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഒരു പടം രണ്ടുദിവസങ്ങൾക്കുമുമ്പ് തൃശ്ശൂരിൽനിന്ന് ഇറങ്ങിയ സായാഹ്ന പത്രത്തിൽ കണ്ടു. വിമോചന സമരത്തിന്റെ സ്മരണകളും കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ ആശയവുംമാത്രമാണ് കേരളത്തിലെ കോൺഗ്രസ്സുകാർ ഇപ്പോഴും മനസ്സിൽ സൂക്ഷിച്ചുകൊണ്ടുനടക്കുന്നത്. ദേശീയതലത്തിലും ബി.ജെ.പി.ക്കെതിരായിട്ട് അതുകൊണ്ടുതന്നെ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഒരു ബദൽ ഗവൺമെന്റ് ഉണ്ടാക്കണമെന്ന ധാരണ നിങ്ങൾക്കില്ല. അതിന് മുഖ്യമായ കാരണം കോൺഗ്രസ്സിന് ദേശീയതലത്തിൽ പക്വതയുള്ള ഒരു നേതൃത്വം ഇല്ലെന്നുള്ളതു തന്നെയാണ്. ശ്രീമാൻ എ.കെ. ആന്റണിയും കരുണാകരനുമൊക്കെ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിലുണ്ടെന്നുള്ളത് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ, ഇൻഡ്യയിൽ ദേശീയ തലത്തിൽ കോൺഗ്രസ്സ് (ഐ)ക്ക് പക്വതയുള്ള ഒരു രാഷ്ട്രീയ നേതൃത്വം ഇല്ല. ശ്രീമതി സോണിയാഗാന്ധി സ്വദേശിയാണോ വിദേശിയാണോ എന്നുള്ള തർക്കത്തിനൊന്നും ഞങ്ങളില്ല. പക്ഷെ ശ്രീമതി സോണിയാഗാന്ധിക്ക് രാഷ്ട്രീയ പക്വതയില്ലെന്ന് ഞങ്ങൾ പറയും. സോണിയാഗാന്ധിക്ക് ഉപദേശം നൽകുന്നയാളുകൾ ആരൊക്കെയാണ്? ഇന്ദിരാഗാന്ധിയുടെ ഓഫീസിലെ ഗുമസ്തനായിരുന്ന ആർ.കെ. ധവാൻ, അത് ഗുമസ്തനോ പാർട്ടി സെക്രട്ടറിയോ എന്തോ ആകട്ടെ; ഒരു തെരഞ്ഞെടുപ്പിൽനിന്ന് മത്സരിച്ചാൽ പത്ത് കോൺഗ്രസ്സുകാരെ വിളിച്ചുകൂട്ടി ഒരു ജാഥ നടത്താൻപോലും കെൽപ്പില്ലാത്ത പ്രണാബ് മുഖർജി, രാജീവ്ഗാന്ധിയുടെ ഓഫീസിൽ ടൈപ്പിസ്റ്റായിരുന്ന, ഇപ്പോൾ സോണിയാഗാന്ധിയുടെ ഓഫീസിലെ സ്റ്റെനോഗ്രാഫറായിരിക്കുന്ന ജോർജ്, മദ്ധ്യപ്രദേശിലെ മറ്റ് മൂന്ന് തെരഞ്ഞെടുപ്പുകളിൽനിന്ന് മത്സരിച്ച് തോറ്റ അർജുൻസിംഗ്, ഇവരൊക്കെയല്ലേ കോൺഗ്രസ്സ് (ഐ) യുടെ ഇന്നത്തെ പക്വതയില്ലാത്ത നേതൃത്വം. വ്യക്തമായ രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കേണ്ട ഘട്ടത്തിൽ ഈ പക്വതയില്ലാത്ത നേതൃത്വം കൈക്കൊണ്ട നിലപാടുകളാണ് ഇൻഡ്യാരാജ്യത്ത് ബി.ജെ.പി യ്ക്കെതിരായി ഒരു മതേതര ഗവൺമെന്റ് താൽക്കാലികമായിട്ടെങ്കിലും വരാൻ കഴിയാതെ പോയത്. ഗവൺമെന്റ് വീഴുന്ന ഘട്ടത്തിൽ ഞങ്ങൾ പറഞ്ഞു. ഞങ്ങൾക്ക് അധികാരമൊന്നും വേണ്ട ഞങ്ങൾ കോൺഗ്രസ്സ്(ഐ)യെ പ്രശ്നാധിഷ്ഠിതമായി പിൻതുണക്കാൻ തയ്യാറാണെന്ന്. നിങ്ങൾ ശ്രീ. സുർജിത്തിന്റെ പ്രസ്താവന പറഞ്ഞ് കളിയാക്കുന്നു. സി.പി.ഐ. യുടെ നേതാവ് ബർദ്ദാനും പറഞ്ഞു, ഞങ്ങൾ കോൺഗ്രസ്സ് (ഐ)യെ പ്രശ്നാധിഷ്ഠിതമായി പിൻതുണക്കാൻ തയ്യാറാണ്. മന്ത്രിസഭയിൽ പങ്കാളിത്തം വേണ്ടെന്ന്. പക്ഷെ ഇൻഡ്യാരാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലെ പാർട്ടികൾ, ജയലളിതയുടെ പാർട്ടി, ശ്രീ. മുലായം സിംഗിന്റെ പാർട്ടി, ശ്രീമതി മായാവതിയുടെ പാർട്ടി, ഇത്തരത്തിലുള്ള പാർട്ടികൾക്ക് കേവലം ഒരു ഗവൺമെന്റ് പോകുന്നതിൽ മാത്രമല്ല മറ്റൊരു ഗവൺമെന്റ് ഉണ്ടാക്കുകയും ആ ഗവൺമെന്റിൽ അവർക്ക് പങ്കാളിത്ത

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാവുകയും വേണം. 272 സീറ്റുവേണം ഒരു ഗവൺമെന്റ് കേന്ദ്രത്തിൽ ഉണ്ടാക്കാൻ. 140 സീറ്റുമാത്രമുള്ള കോൺഗ്രസ്സിന് ഞങ്ങൾ മാത്രമായി ഒരു ഗവൺമെന്റ് ഉണ്ടാക്കുമെന്ന് പ്രഖ്യാപിക്കാൻ കഴിയുന്നത് ലീഡർഷിപ്പിന്റെ പക്വതയില്ലായ്മയാണ്. ആ പക്വതയില്ലായ്മയാണ് നമ്മുടെ രാജ്യത്തെ ഇന്ന് ഈ അപകടത്തിൽ കൊണ്ടുചെന്നെത്തിച്ചത്. 140 സീറ്റുകൾ മാത്രമുള്ള ഒരു പാർട്ടി പറയുകയാണ്, ഞങ്ങൾക്ക് എല്ലാവരും പിൻതുണ നൽകിക്കോ, ഞങ്ങൾ ഗവൺമെന്റ് ഉണ്ടാക്കും, ഒരാളുമായി കൂടുന്ന പ്രശ്നമില്ല, ഒരാളെയും മന്ത്രിസഭയിൽ ചേർക്കുന്ന പ്രശ്നമില്ല എന്ന്. അങ്ങനെയൊരു നിലപാട് എടുത്താൽ എങ്ങനെ 140 അംഗങ്ങളുള്ള ഒരു പാർട്ടിക്ക് വേറെ 132 പേരുടെ പിൻതുണ വേണ്ടേ? ആ 132 പേരും പിൻതാങ്ങൽ മാത്രമാണ്. ഇടതുപക്ഷ പാർട്ടിയുടേത് പിൻതാങ്ങാൻ മാത്രമായിരിക്കുകയാണ്. പക്ഷെ മറ്റു പാർട്ടികൾക്ക് ഗവൺമെന്റിൽ പങ്കാളിത്തം വേണം, അർഹിക്കുന്ന സ്ഥാനം വേണം, മന്ത്രിക്കസേര വേണം, അതൊക്കെ മോഹമുള്ളവരാണ്. അതുകൊണ്ടാണ് അവർ ഈ ഗവൺമെന്റിനെ എതിർത്തതും ഈ ഗവൺമെന്റിനെ അനുകൂലിക്കാൻ തയ്യാറാകാത്തതും. അതിന് തയ്യാറല്ലാതെ പക്വതയില്ലാത്ത ഒരു നേതൃത്വം കൈക്കൊണ്ട ഒരു സമീപനമാണ് നമ്മുടെ രാജ്യത്തെ ഈ തെരഞ്ഞെടുപ്പിലേയ്ക്ക് തള്ളിവിട്ടതെന്നുള്ള യാഥാർത്ഥ്യം മറക്കാൻ കഴിയുമോ? കോൺഗ്രസ്സിന്റെ സാമ്പത്തിക നയം അങ്ങനെ വെറുതെ മറന്നു കളയാൻ പറ്റുമോ. 12-ാം ലോകസഭയിൽ കോൺഗ്രസ്സിന് പ്രശ്നാധിഷ്ഠിത പിൻതുണ നൽകാമെന്നു പറഞ്ഞ് ബി.ജെ.പി. പോകണമെന്നുള്ളതുകൊണ്ടുതന്നെയാണ്. അതുതന്നെയാണ് ഞങ്ങളുടെ പാർട്ടി കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രമേയത്തിലും പറഞ്ഞത്. ബി.ജെ.പി.യുടെ രഥത്തിലേറിയായിരിക്കും ഇൻഡ്യയിൽ ഫാസിസം കടന്നുവരിക എന്നുള്ളതുകൊണ്ടായിരുന്നു അങ്ങനെ ചെയ്തത്. 12-ാം ലോകസഭയിലെ അംഗബലം വച്ചുകൊണ്ട് തന്നെയാണ് കോൺഗ്രസ്സിനെ ഞങ്ങൾ പിൻതുണയ്ക്കാമെന്നു പറഞ്ഞത്. അപ്പോൾ ഞങ്ങൾ ഒറ്റയ്ക്കേ ഭരിക്കൂ പ്രാദേശിക പാർട്ടികളെ ആരെയും കൂട്ടുകയില്ല എന്നുള്ള നിലപാടാണ് കോൺഗ്രസ്സ് എടുത്തത്. പക്ഷെ കോൺഗ്രസ്സ് (ഐ)യുടെ സാമ്പത്തികനയത്തിൽ എന്തെങ്കിലും മാറ്റമുണ്ടോ? പച്ച്മാഡി കോൺഗ്രസ്സിന്റെ സാമ്പത്തിക പ്രമേയത്തിൽ നിങ്ങൾ പറയുന്നത് ബി.ജെ.പി. നടപ്പിലാക്കിയ അതേ നയങ്ങൾ കൂടുതൽ ശക്തിയായി നടപ്പിലാക്കുമെന്നാണ്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് സാമ്പത്തികനയത്തിന്റെ കാര്യത്തിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണെന്ന്. അതുകൊണ്ടാണ് ബി.ജെ.പി.യെ എതിർക്കാൻ പക്വതയോടുകൂടിയ തീരുമാനമെടുത്തുകൊണ്ട് കോൺഗ്രസ്സ് മുന്നോട്ടു വരാത്തത്. ഇതു ഇൻഡ്യൻ രാഷ്ട്രീയത്തിലെ ഒരു ചെറിയ പ്രശ്നമായി കാണരുത്. ഇപ്പോൾ നിങ്ങൾ പറയുന്നത് ഇനിയും ഞങ്ങൾ ഒറ്റയ്ക്ക് ഭരിക്കുമെന്നാണ്. ആരെയും കൂട്ടുന്ന പ്രശ്നമില്ല എന്നാണ് പറയുന്നത്. ഇൻഡ്യയിലെ ഇന്നത്തെ സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് പക്വതയുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിനു പറയാൻ കഴിയുമോ ആരുടേയും സഹായം ഞങ്ങൾക്ക് ആവശ്യമില്ല. ആരുടെയും സഹായം സ്വീകരിക്കുന്ന പ്രശ്നമില്ലെന്ന്. നമ്മുടെ രാജ്യം അപകടത്തിലേയ്ക്കാണ് ചെന്നെത്തുന്നത് എന്നാണ് ശ്രീ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചത്. വളരെയധികം ബാലൻസ് ചെയ്തു കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. മതേതര പ്രസ്ഥാനം ശക്തിപ്പെടണമെന്നുണ്ടെങ്കിൽ മൈനോറിറ്റി കമ്മ്യൂണിറ്റീസ് (കേരള സംസ്ഥാനത്തിൽ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങൾ) ദേശീയതലത്തിൽ പക്ഷം ചേർന്നു നിൽക്കാതെ എങ്ങനെയാണ് മതേതര സഖ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

വളർത്തിയെടുക്കാൻ കഴിയുക. കേരളത്തിൽ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങളുടെ പ്രശ്നത്തിൽ മറ്റെല്ലാം മറന്നുകൊണ്ട് ഞങ്ങൾ പോരടിക്കുന്നതുകൊണ്ടാണ് ബി.ജെ.പി ഞങ്ങളെ ആക്ഷേപിക്കുന്നത്. ഞങ്ങൾ ഹിന്ദു മതത്തിന് എതിരാണ് ഞങ്ങൾ ന്യൂനപക്ഷക്കാരെ പ്രീണിപ്പിക്കുന്നവരാണ്, ഏതു കാര്യത്തിലും ന്യൂനപക്ഷത്തിന്റെ കൂടെ നിൽക്കുന്നവരാണ് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാർ എന്നാണ് ബി.ജെ.പി. പറയുന്നത്. മതന്യൂനപക്ഷങ്ങൾ പീഡനം അനുഭവിക്കുമ്പോൾ വോട്ടിന്റെ കണക്ക് ഞങ്ങൾ നോക്കാറില്ല. വോട്ട് കൂടുതൽ കിട്ടണമെങ്കിൽ ഭൂരിപക്ഷമുള്ള മതത്തിന്റെ കൂടെ നിന്നാൽപ്പോരേ? ഞങ്ങൾ അത്തരം നിലപാട് എടുത്തിട്ടില്ല. ക്രിസ്ത്യൻ മതന്യൂനപക്ഷമായാലും മുസ്ലീം മതന്യൂനപക്ഷമായാലും അവർ ആക്രമിക്കപ്പെടുന്ന ഘട്ടത്തിൽ എല്ലാം മറന്നുകൊണ്ട് അവരെ സംരക്ഷിക്കപ്പെടുന്നു. ഈ ഘട്ടത്തിൽ ജനാധിപത്യവും മതേതരത്വവുമില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ടുതന്നെ അതിന്റെ ഒപ്പം നിൽക്കുന്ന സമീപനമാണ് ഇൻഡ്യയിലെ ഇടതുപക്ഷ പാർട്ടികൾ എടുത്തിട്ടുള്ളത്. അതുകൊണ്ട് ഇൻഡ്യയിൽ കോൺഗ്രസ്സ് മതേതരത്വത്തിനുവേണ്ടി അങ്ങനെയൊരു നിലപാട് എടുത്തിട്ടുണ്ടോ? പലപ്പോഴും പ്രശ്നങ്ങളുണ്ടാകുമ്പോൾ ചാഞ്ചാടുന്ന സ്വഭാവമല്ലേ കോൺഗ്രസ്സിനുള്ളത്. പള്ളിയുടെ താക്കോൽ ഏൽപ്പിച്ചതും തലാക്ക് ബില്ല് കൊണ്ടുവന്നതും, ആ ചരിത്രത്തിലേക്ക് ഞാൻ പോകുന്നില്ല. വർഗ്ഗീയ ശക്തികളെ പ്രീണിപ്പിക്കുന്ന സമീപനവുമായി ബന്ധപ്പെട്ട് നിങ്ങൾ ചാഞ്ചാടിയിട്ടുണ്ട്. അത്രയും വ്യക്തമായ ഒരു മതേതരത്വ നിലപാട് കോൺഗ്രസ്സ് എടുത്തു എന്ന് മുസ്ലീം ലീഗ് നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് പറയാൻ കഴിയുമോ? കോൺഗ്രസ്സിനെക്കുറിച്ച് അത്തരമൊരു അഭിപ്രായമാണോ ഉള്ളത്. പള്ളി പൊളിക്കുന്ന ഘട്ടത്തിൽ, ഇൻഡ്യൻ ആർമി രണ്ടു കിലോമീറ്റർ അപ്പുറത്തല്ലേ തമ്പടിച്ചിരുന്നത്. ആ ഘട്ടത്തിൽപ്പോലും അഞ്ചു കർമ്മങ്ങളാണ് മനുഷ്യന് ചെയ്യാൻ കഴിയുക ആറാമത്തെ കർമ്മം ദൈവത്തിന്റെ കയ്യിലാണെന്നു പറഞ്ഞിരുന്ന നരസിംഹറാവുവിന്റെ കോൺഗ്രസ്സ് ആ കോൺഗ്രസ്സ് മതേതരത്തിനുവേണ്ടി എല്ലാം മറന്നുകൊണ്ട് നിൽക്കുന്ന പാർട്ടിയാണെന്ന്, മുസ്ലീം ലീഗിന് പറയാൻ കഴിയുമോ? ഇവിടെ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞുകേട്ടു. ഇൻഡ്യയിൽ വിലക്കയറ്റമില്ലെന്നോ കേരളത്തിൽ വിലക്കയറ്റമില്ലെന്നോ ഞങ്ങളാരും പറഞ്ഞിട്ടില്ല. ഭക്ഷ്യ വകുപ്പുമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി വിലക്കയറ്റമില്ലെന്നു പറഞ്ഞിട്ടുമില്ല. എല്ലാ എം.എൽ.എ.മാർക്കും കിട്ടിയിട്ടുള്ള ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് ഇൻഡ്യാരാജ്യത്ത് ഒട്ടാകെ വിലക്കയറ്റമുണ്ടായിക്കൊണ്ടിരിക്കുമ്പോൾ വിലക്കയറ്റം തടഞ്ഞു നിറുത്താൻവേണ്ടി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കൈക്കൊണ്ട നടപടികളുടെ ഫലമായി കൺസ്യൂമർ ഗുഡ്സിന്റെ വില വർദ്ധനവ് എട്ടു ശതമാനം മാത്രമേ ഉണ്ടായിട്ടുള്ളൂ. ആവശ്യസാധനങ്ങളുടെ വിലവർദ്ധനവ് എട്ടുശതമാനത്തിൽ നിറുത്താൻ കഴിഞ്ഞു. പയറുവർഗ്ഗം മുളക് ഉൾപ്പെടെയുള്ള സാധാരണക്കാരൻ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ വില എട്ടു ശതമാനത്തിന്റെ വർദ്ധനവിൽ പിടിച്ചു നിറുത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞു എന്നു മാത്രമേ ഞങ്ങൾ അവകാശപ്പെടുന്നുള്ളൂ. അതാണ് ഭക്ഷ്യരംഗത്തെ പ്രശ്നത്തെ സൂചിപ്പിച്ചുകൊണ്ട് അൺസ്റ്റാർഡ് ക്വസ്റ്റ്യനു മറുപടിയായി ശ്രീ. ഇ. ചന്ദ്രശേഖരൻനായർ വ്യക്തമാക്കിയിട്ടുള്ളത്. ശ്രീ. പാലോട് രവി സൂചിപ്പിച്ചതുപോലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുണ്ട്. ആ സാമ്പത്തിക പ്രതിസന്ധികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ സംസ്ഥാനത്തെ ജനങ്ങളൾക്ക് അൽപ്പമെങ്കിലും ആശ്വാസം അരുളിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ പൊതുഭരണം മുന്നോട്ടു കൊണ്ടു പോകാനാണ് ഇടതുപക്ഷ മുന്നണിയുടെ ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനുവേണ്ടി കൊണ്ടു വന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി.കെ. ഹംസ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇന്നു മുഴുവൻ സമയവും ഇരുഭാഗത്തുനിന്നും നടന്ന ചർച്ചകളിൽ ഒരു വീഴ്ച ഗവൺമെന്റിന്റെ ഭാഗത്തുണ്ടായി എന്നു പ്രതിപക്ഷത്തിന് പറയാൻ കഴിഞ്ഞിട്ടില്ല. മൂന്നു കൊല്ലം ഈ ഗവൺമെന്റ് പൂർത്തിയാക്കി. മൂന്നു കൊല്ലത്തെ വിമർശനമാണോ നിങ്ങൾ നടത്തിയത്. മൂന്നു കൊല്ലം ഭരിച്ചിട്ട് ഒരു ചോദ്യം ചോദിക്കാൻ നിങ്ങൾക്കു കഴിഞ്ഞോ. ഒന്നും പറയാനില്ല. ഈ ഗവൺമെന്റ് നേരെ ഭരിക്കുന്നതിൽ ഇത്ര കണ്ണുകടി എന്തിനാണ്? ഇതിനു മുമ്പുള്ള അഞ്ചു കൊല്ലത്തെ കഥ ഞാൻ എന്തിനാണ് പറയുന്നത്. അതിൽ നിന്നും വ്യത്യസ്തമായി സമാധാനപരമായ ഒരന്തരീക്ഷം ഈ കേരളത്തിലുണ്ടാക്കിയതുതന്നെ വലിയ അത്ഭുതകരമായ നേട്ടമാണ്. എന്തെല്ലാം പ്രശ്നങ്ങൾ കൊണ്ടുവരാൻ നിങ്ങൾ നോക്കി. ശിവഗിരി പ്രശ്നം, സെമിത്തേരി പ്രശ്നം മാരാമൺ കൺവെൻഷനെ തടഞ്ഞു എന്നുതുടങ്ങി നിരവധി പ്രശ്നങ്ങൾ. നിങ്ങൾ നിരുത്തരവാദപരമായി മാത്രം ചിന്തിച്ചിട്ടാണ് കാർത്തികേയാ.....നേരെ ചൊവ്വേ ആലോചിക്കൂ. ഇതു രണ്ടിന്റേയും ഇടയിലാണ് നിങ്ങൾ ഇരിക്കുന്നത്. കരുണാകരന്റേയും ആന്റണിയുടേയും നടുക്കാണ് നിങ്ങൾ ഇരിക്കുന്നത്. അതുകൊണ്ടാണ് തിരുത്തൽവാദം പൊന്തിവന്നത്. ഇതൊന്നും കൊണ്ടുവന്നിട്ട് നമ്മുടെ സംസ്ഥാനത്ത് ആളാകാൻ കഴിയില്ല. ഇവിടെ വർഗ്ഗീയ കലാപങ്ങളും അടിപിടിയുമില്ലാതെ കൊലപാതകവും വെടിവയ്പുമില്ലാതെ ഭരണസംവിധാനം ശാന്തമായി നീങ്ങുകയാണ്. ഇവിടെ ബി.ജെ.പി. ഇല്ലാത്തതുകൊണ്ടല്ല. അത്യാവശ്യം കോൺഗ്രസ്സും മതി. കണ്ണൂരിൽ കുഴപ്പമുണ്ടാക്കിയത് ബി.ജെ.പി.യേക്കാൾ കോൺഗ്രസ്സാണ്. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ നടക്കുന്ന ഭരണത്തെപ്പറ്റി നിങ്ങൾക്ക് ഒരു കാര്യവും പറയാനില്ല. ഇത്ര ഗൗരവമില്ലാത്ത കാര്യങ്ങൾ ആലോചിച്ചിട്ട് എന്തൊക്കെയോ പറഞ്ഞ ഒരു പ്രതിപക്ഷമായിപ്പോയല്ലോ, എന്നതിലാണ് ഞാൻ ദുഃഖിക്കുന്നത്. അൻപതുകൊല്ലത്തെ ഭരണസംവിധാനം ഉടച്ചുവാർക്കുന്ന അത്ഭുതകരമായ ഭരണ പ്രതിഭാസം കൊണ്ടുതന്നെയാണ് ഇപ്പോൾ ജനകീയ ആസൂത്രണ രംഗത്ത് നടക്കുന്നത്. അതിന് സഹകരിക്കില്ല എന്ന് നിങ്ങൾ പറഞ്ഞു. നിങ്ങളുടെ ഘടകകക്ഷികൾ സഹകരിക്കും. അൻപതുകൊല്ലം ഒരേ തരത്തിൽ കേന്ദ്ര ആസൂത്രിത പദ്ധതി നടപ്പിലാക്കുന്ന ഏറാൻ മൂളികളായി നിങ്ങൾ നിന്നു. ഇപ്പോൾ ഗ്രാമസഭ ഉണ്ടാക്കുന്ന ആസൂത്രണമാണ് സംസ്ഥാനത്തു മുഴുവനും നടക്കുന്നത്. പണവും അധികാരവും കൊടുക്കുന്നു അത്. വിനിയോഗിക്കുന്നുണ്ടോ എന്നു നോക്കാൻ ഗ്രാമസഭയ്ക്ക് വേറെ അധികാരവുമുണ്ട്. 999 പഞ്ചായത്തിൽ ഏതെങ്കിലുമൊരു പഞ്ചായത്തിൽ പ്രഖ്യാപിച്ച പണം കൊടുത്തിട്ടില്ലെന്ന ഒരു ആക്ഷേപം നിങ്ങൾ പറഞ്ഞോ? ഭരണപക്ഷത്തും പ്രതിപക്ഷത്തും പഞ്ചായത്തുകളുണ്ടല്ലോ. ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പാലൊളി മുഹമ്മദ് - കുട്ടി പ്രഖ്യാപിച്ച സംഖ്യ ഏതെങ്കിലുമൊരു പഞ്ചായത്തിന് കിട്ടിയില്ലെന്ന് ആക്ഷേപമുണ്ടോ? ഇല്ല. കക്ഷിവ്യത്യാസം കൊണ്ടാണ് തരാത്തതെന്ന് ആക്ഷേപമുണ്ടോ? ഇല്ല. പണം കൊടുക്കുമ്പോൾ ഗവൺമെന്റ് എന്താണ് പറയുന്നതെന്നറിയുമോ? മുഴുവൻ പണവും ചെലവഴിക്കണം, ഇല്ലെങ്കിൽ നടപടിയെടുക്കുമെന്നാണ്. നിങ്ങളാണെങ്കിൽ എന്താണ് പറയുന്നത്? കരുതി ചെലവഴിച്ചാൽ മതി, കുറച്ച് അടുത്ത വർഷത്തേക്ക് മാറ്റിവയ്ക്കണമെന്നാണ്. ഈ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റാണെങ്കിൽ ചെലവഴിക്കണമെന്നാണ് പറയുന്നത്. മൂന്നാമത്തെ വർഷത്തെ കൊടുക്കാൻ പോകുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിശദീകരണം ആ വകുപ്പിനെ സംബന്ധിച്ച ചർച്ച വരുമ്പോൾ പറയാം. അത് ഇപ്പോൾ പറയുന്നില്ല. പക്ഷേ അത് ഒരു വലിയ ഭരണ മാറ്റമാണ്. അത് ഞങ്ങൾക്കേ കൊണ്ടുവരാൻ കഴിയുകയുള്ളൂ. ജില്ലാ ഭരണ ബിൽ വലിയ ആവേശത്തിലൊക്കെ പറഞ്ഞിരുന്നതാണ്. നടപ്പിലാക്കി. പക്ഷേ നിങ്ങൾ വന്നപ്പോൾ വലിച്ച് പൊളിച്ച് ചവിട്ടി താഴെയിട്ടു. നിങ്ങളുടെ പഞ്ചായത്ത് പ്രസിഡന്റുമാർ പറയുന്നതെന്താണെന്നറിയാമോ? എന്തായാലും അവരെ ഭരണത്തിൽ കൊണ്ടുവരരുത്, ഞങ്ങളുടെ പഞ്ചായത്ത് പോകുമെന്നാണ്. ഞാൻ പറയുന്നത് ഒരു കോൺഗ്രസ്സ് പഞ്ചായത്ത് പ്രസിഡന്റിന്റെ വികാരമാണ്. കേരളത്തിൽ ദൈവത്തെ വിചാരിച്ച് കോൺഗ്രസ്സ് ഗവൺമെന്റിനെ അധികാരത്തിൽ കൊണ്ടുവരരുത്, ഞങ്ങളുടെ പഞ്ചായത്തിന്റെ ജനകീയാസൂത്രണം പോകും, നമ്മളെ പൊളിക്കും എന്നാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ആരാണ് പറഞ്ഞത്?

ശ്രീ. ടി.കെ. ഹംസ : സർ, ഞാൻ ആളിന്റെ പേരൊന്നും പറയുകയില്ല. അല്ലെങ്കിൽത്തന്നെ നിങ്ങൾ 7 ഗ്രൂപ്പാണ്. എട്ടാമത്തെ ഗ്രൂപ്പുണ്ടാക്കാൻ ഇനി ഞാൻ ആ പ്രസിഡന്റിന്റെ പേര് പറഞ്ഞ് നടപടിയെടുത്ത് അതൊന്നും ഞാൻ പറഞ്ഞുതരുകയില്ല. നിങ്ങൾ പറഞ്ഞ പലതും ഞാൻ ഇപ്പോൾ ഇവിടെ പറയുമോ? ഈ ഭരണത്തെസംബന്ധിച്ച് വലിയ വർത്തമാനം ജേക്കബ് ഒക്കെ പറഞ്ഞല്ലോ. അഴിമതി നിരോധന കോടതി പണ്ട് ഇല്ലെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ഉണ്ട്. 14 മന്ത്രിമാരിൽ ആരുടെയെങ്കിലും പേരിൽ ഹർജി കൊടുക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? നിങ്ങൾ എന്ത് അഴിമതിയാണ് പറയുന്നത്? ഒരു ഹർജി കൊടുക്ക്. വർത്തമാനം പറഞ്ഞാൽ മതിയോ? എന്നിട്ട് വലിയ വീമ്പ്. അഴിമതിയിൽ മുങ്ങിക്കുളിച്ച്, അവിടെ അഴിമതി, ഇവിടെ അഴിമതി, അപ്പുറത്ത് അഴിമതിയെന്നൊക്കെയാണ് പറയുന്നത്. ഇത് എന്തുകൊണ്ടാണെന്നറിയുമോ? സ്വന്തം അനുഭവങ്ങൾ പെട്ടെന്ന് അവബോധമനസ്സിൽനിന്ന് ചാടുകയാണ്. അഴിമതി, അഴിമതി, ഞാൻ ഇതിനെക്കുറിച്ചൊക്കെ പറഞ്ഞാൽ..... ...'കോൺഗ്രസ്സിനെ അഴിമതികളുടെ പാർട്ടിയാക്കി'. ഇത് ആരാണ് പറഞ്ഞതെന്നറിയാമോ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയാണ് പറഞ്ഞത്. അതിൽ സംശയമുണ്ടോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, അത് എന്നാണ്?

ശ്രീ. ടി.കെ. ഹംസ : സർ, 1994 ആസസ്റ്റ് 7-ന് ഞായറാഴ്ചയാണ്. പെണ്ണുങ്ങൾ രണ്ടെണ്ണം വന്നാലുള്ള സ്ഥിതി ഇതാണ്. 33 എണ്ണം വന്നാലുള്ള സ്ഥിതിയെന്തായിരിക്കും.

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് ഘടകകക്ഷിയിലെ ചീഫ് വിപ്പാണ്. ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ പൊളിറ്റിക്കൽ ലൈൻ ആണോ?

ശ്രീ. ടി.കെ. ഹംസ : സർ, ഞങ്ങളുടെ ലൈനൊക്കെ ഞങ്ങളുടെ പാർട്ടി പറഞ്ഞിട്ടുണ്ട്. ഈ ജാതി എന്നാണ് ഞാൻ പറഞ്ഞത്. 33 എണ്ണം വന്നാലും 40 എണ്ണം വന്നാലും ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ ഈ ടൈപ്പിലുള്ളത് വരരുതെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. കോൺഗ്രസ്സിനെ അഴിമതികളുടെ പാർട്ടിയാക്കി. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ പ്രസംഗം 1994 ആഗസ്റ്റ് 7-ാം തീയതിയിലെ പത്ര റിപ്പോർട്ടാണ്. 6-ാം തീയതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പ്രസംഗിച്ചത്. കരുണാകരന്റെ ഭരണത്തെക്കുറിച്ച് ധനകാര്യമന്ത്രി സ്ഥാനം രാജിവച്ചതിനെത്തുടർന്ന് ചെയ്ത പ്രസ്താവനയാണിത്. അത് നിഷേധിക്കാൻ കഴിയുകയില്ല. അപ്പോൾ ആ രീതിയിലുള്ള വർത്തമാന മൊന്നും പറയണ്ട. അതുപോലെതന്നെ 'സ്കൂൾ അനുവദിച്ചതിൽ നിക്ഷിപ്ത താൽപ്പര്യങ്ങളുണ്ട്'. അത് ആരാണ് പറഞ്ഞതെന്നറിയുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിരുന്ന ആന്റണിയാണ്. പ്രബലമായ പലരും സ്കൂളുകൾ പിടിച്ചുവാങ്ങി. ചിലർക്കൊന്നും കിട്ടിയില്ല, സ്കൂളുകൾ വീതംവച്ചതിനിടയിൽ ചെറിയ സമുദായങ്ങൾ ചതഞ്ഞ് അമർന്നുപോയി. ഇതേസമയം വലിയ സമുദായങ്ങൾക്കും തൃപ്തിയില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്ക് തൃപ്തിയായില്ലെന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ സ്കൂളുകൾ ഓഹരിവച്ചതിൽ ചെറിയ സമുദായത്തെ ചതിച്ചുവെന്നാണ് നിങ്ങൾ പറഞ്ഞത്. ആരാണ് പറഞ്ഞതെന്നറിയുമോ? ബഹുമാനപ്പെട്ട സുധാകരൻ പറയുകയാണെങ്കിൽ പോകട്ടെ, ബുദ്ധിയില്ലാത്തവനാണ് പോകട്ടെയെന്ന് വിചാരിക്കാം. ഇത് ബഹുമാനപ്പെട്ട ആന്റണിയാണ് പറഞ്ഞത്. ഞാൻ പറഞ്ഞത് നിങ്ങൾ ഒരു വർഷം ഭരിക്കാൻ മുഖ്യമന്ത്രി സ്ഥാനം കൊടുത്തിട്ട് പറഞ്ഞതാണ് ബഹുമാനപ്പെട്ട ആന്റണി. അപ്പോൾ പത്ത് വർഷം ഭരിച്ചാൽ എന്തായിരിക്കും. ഈ വിധത്തിൽ അഴിമതിയിൽ മുങ്ങിക്കുളിച്ച് തോന്ന്യാസം കാട്ടിയ നിങ്ങളെ ജനങ്ങൾ അടിച്ച് പുറത്താക്കി പറഞ്ഞയച്ചതാണ്. എന്നിട്ട് ഇപ്പോൾ കയറി ഗവൺമെന്റിനെ വിമർശിക്കുകയാണ്. ഇപ്പോൾ പറയുന്നത് നായനാർ അങ്ങനെ നായനാർ ഇങ്ങനെ എന്നൊക്കെയാണ്. ഇതൊന്നുമല്ലാതെ ക്രിയാത്മകമായി ഭരണത്തിന്റെ വൈകല്യം ചൂണ്ടിക്കാണിക്കണം. അഴിമതിരംഗത്ത് പറയാനുള്ളത് പറയണം. ഭരണത്തിന്റെ പിടിപ്പുകേട് പറയണം. ഇതൊന്നും നിങ്ങൾക്ക് പറയാനില്ല. അടുത്തത്, നിങ്ങൾ ഏതോ ഒരു തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഗവർണ്ണറെക്കൊണ്ട് ചെയ്യിച്ച ഒരു പ്രസംഗമാണ്. 'അതായത് കർഷകത്തൊഴിലാളി പെൻഷൻ ആയിരം രൂപയാക്കും'.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞങ്ങൾ പറഞ്ഞിട്ടില്ല.

ശ്രീ. ടി.കെ. ഹംസ : സർ, നിങ്ങൾ പറഞ്ഞിട്ടില്ലേ? ഈ പത്രം നിങ്ങളുടെ മാതൃഭൂമിതന്നെയാണ്. വേണമെങ്കിൽ മേശപ്പുറത്തല്ലെങ്കിൽ അതിന്റെ മുകളിൽ വേണമെങ്കിലും വയ്ക്കാം. മുഖ്യമന്ത്രിക്കെതിരെ മന്ത്രി പിള്ളയുടെ പ്രസ്താവനയാണിത്. ഞങ്ങളുടെ ദേശാഭിമാനി പത്രമൊന്നും ഇവിടെ കൊണ്ടുവരില്ല. അതിന് വേറെ സ്ഥലമുണ്ട്. ഞങ്ങളുടെ പത്രമൊന്നും ഇവിടെ കൊണ്ടുവരില്ല തിരുവഞ്ചൂരേ? അതുസംബന്ധിച്ച് ഞാൻ വായിക്കാം. കർഷകർക്ക് ആയിരം രൂപ പെൻഷൻ നൽകുമെന്ന ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് പരാമർശിച്ച് അങ്ങനെയൊരു തീരുമാനം മന്ത്രിസഭ എടുത്തിട്ടില്ലെന്ന് മന്ത്രി പിള്ള പറഞ്ഞു. 75 രൂപപോലും പെൻഷൻ കൊടുക്കാൻ കഴിയാത്ത ഇന്നത്തെ സാഹചര്യത്തിൽ ആയിരം രൂപ എങ്ങനെയാണ് പെൻഷൻ കൊടുക്കുന്നതെന്ന്, പിള്ള ചോദിച്ചു. നിങ്ങൾ ഞാൻ പറയുന്നത് കേട്ടാൽ അത്രയെങ്കിലും വിവരമുണ്ടാകും, വെറുതെ സമയം കളയണ്ട. മന്ത്രിസഭ അങ്ങനെ തീരുമാനിച്ചിട്ടില്ല. 75 രൂപ കൊടുക്കാൻ ഗതിയില്ലാത്ത നിങ്ങൾ ആയിരം രൂപ കൊടുക്കാമെന്ന് പറഞ്ഞ് ആളുകളെ കബളിപ്പിക്കുകയാണ് ചെയ്തത്. മന്ത്രി പിള്ള മുഖ്യമന്ത്രിക്കെതിരായാണ് ഇത്. പറഞ്ഞത്. ഇങ്ങനെയുള്ള ഒരു ഭരണമല്ലേ നിങ്ങൾ 5 വർഷം നടത്തിയത്. നിങ്ങളെ ജനങ്ങൾ വെറുതെയാണോ പുറത്താക്കിയത്? ഞങ്ങൾ ഇതിന്റെ ഓട് കുത്തിതു

LIBRARY ARCHIVES Kerala Legislative Assembly

റന്നിറങ്ങിയതാണെന്നുള്ള നിലയ്ക്കാണ് നിങ്ങൾ സംസാരിക്കുന്നത്. ജനങ്ങൾ വോട്ടുചെയ്തിട്ടാണ് നായനാർ അവിടെയിരിക്കുന്നത്. മനസ്സിലായോ, ഭൂരിപക്ഷം കിട്ടിയിട്ടാണ്. അതുപോലെ നിങ്ങൾ വിലക്കയറ്റത്തെക്കുറിച്ച് ഇവിടെ എന്തൊരു പ്രസംഗമാണ്? 'ഏറുന്ന വിലയിൽ ഒതുങ്ങുന്ന ജീവിതം' മാതൃഭൂമി എഴുതിയതാണ്. വൈദ്യുതിക്കും പാചകവാതകത്തിനും വില കൂടിയപ്പോൾ ഗതാഗതമേഖലയിൽ പെട്രോൾ, ഓയിൽ, ഡീസൽ എന്നീ ഉൽപ്പന്നങ്ങൾക്കും വില കയറുന്നു. ഇത് ആരുടെ കാലത്താണ് നായനാരുടെ കാലത്താണോ? 1994 ആഗസ്റ്റ് 7-ലെ പത്രമാണ് എഴുതിയത്. ഡീസൽ, ഓയിൽ എന്നീ ഉൽപ്പന്നങ്ങൾക്കും വില കയറുന്നു. യാത്രക്കൂലിയിലാണ് ഇവ പ്രതിഫലിപ്പിക്കുക. സ്വന്തം കാറും സ്കൂട്ടറുമുള്ളവരെപ്പോലും, ബസിൽ സഞ്ചരിക്കുന്നവർക്കും ചെലവ് കൂടി. ഞാൻ നിങ്ങളെ കുറ്റം പറയുന്നില്ല. നമ്മുടെ നാട്ടിൽ ഇങ്ങനെ പൊതുവെ വില വർദ്ധിച്ചുവരുന്നു. അതിനെ തടഞ്ഞുനിർത്താൻ ചില നടപടികൾ ഞങ്ങളെടുക്കുന്നുണ്ട്. അതുപോലും നിങ്ങൾ വന്ന് കുത്തിപൊളിച്ചു. മാവേലിസ്റ്റോർ, ന്യായവില ഷോപ്പ്, നീതീസ്റ്റോർ പൊതുവിതരണ സമ്പ്രദായം, ഭക്ഷ്യവകുപ്പിനെ സംബന്ധിച്ച ഡിമാന്റ് ചർച്ചയുള്ളതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. അതുസംബന്ധിച്ച് അപ്പോൾ പറയാം. ആ നിലയ്ക്കുള്ള നടപടിയെടുത്തതുകൊണ്ട് ആണ് ശക്തമായി വില പിടിച്ചുനിറുത്തിയിട്ടുള്ളത്. വെറുതെ വിമർശക്കാനാണെങ്കിൽ ഞങ്ങൾക്ക് നിങ്ങളോട് തർക്കമില്ല. അതുപോലെത്തന്നെ എൽ.പി.യു.പി. സ്കൂളുകളിലെ കുട്ടികൾക്ക് 5 കിലോ അരി വീതം ഓണത്തിനും ക്രിസ്മസിനും റംസാനും സൗജന്യമായി ഞങ്ങൾ കൊടുക്കുന്നുണ്ട്. സൗജന്യം എന്നുള്ള വാക്ക് നിങ്ങളുടെ ഡിക്ഷനറിയിലുണ്ടോ? ലക്ഷക്കണക്കിനാളുകൾക്ക് കൊടുക്കുന്നു. ഇങ്ങനെയാണ് ഞങ്ങൾ വില നിലവാരം പിടിച്ചുനിറുത്തിയത്. അതുകൊണ്ട് ഭരണരംഗത്തെ അഴിമതി യെക്കുറിച്ചൊന്നും നിങ്ങൾ പറയണ്ട. നിങ്ങൾ ചെയ്തതെന്താണ്?

[4 PM]

ശ്രീ. പി.പി. തങ്കച്ചൻ : അഴിമതിയെക്കുറിച്ച് പറഞ്ഞപ്പോൾ പ്രൊഫ. എ.വി. താമരാക്ഷൻ രണ്ടുമൂന്നാഴ്ചമുമ്പ് ഇറിഗേഷൻ വകുപ്പിൽ അഴിമതി നടക്കുന്നുവെന്നുപറഞ്ഞ് നടത്തിയ പ്രസ്താവന ഞാൻ വായിച്ചു. അതിൽ എന്തെങ്കിലും കാര്യം ഉണ്ടോ?

ശ്രീ. ടി.കെ. ഹംസ : എന്റെ ചേട്ടാ, വെറുതെ കോല് ഇട്ടിട്ട് ഞങ്ങൾ തമ്മിൽ തല്ല് കൂടിക്കാൻ നോക്കണ്ട അതിലൊരു തീരുമാനമായിട്ട് ഞങ്ങൾ പറയാം. അതിനിടയിൽ ഒരു കോല് ഇട്ടിട്ട്, താമരാക്ഷൻ അങ്ങനെ പറഞ്ഞിട്ടുണ്ടോ ഇല്ലയോയെന്ന് ഞാൻ കേട്ടിട്ടില്ല. നിങ്ങൾ പറഞ്ഞത് ഞങ്ങൾ തമ്മിൽ ചർച്ച ചെയ്ത് ഒരു തീരുമാനത്തിൽ എത്തിയിട്ട് പറയാം. നിങ്ങൾ ഇവിടെ ചെയ്തിട്ടുള്ള ചില ക്രൂരതകളെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. എത്ര ഐ.എ.എസ് ഉദ്യോഗസ്ഥൻമാരെ നിങ്ങൾ കുളത്തിലിറക്കി. കൂടെ നിർത്തി കള്ളത്തരം ചെയ്തിട്ട് നിങ്ങൾ കുളത്തിലാക്കി. ആ സഖറിയാ മാത്യു ചെറുപ്പത്തിൽ നല്ല ആളായിട്ടാണ് ഞാൻ കണ്ടിരുന്നത്. പാമോയിൽ കച്ചവടത്തിൽ അദ്ദേഹത്തിന്റെ പണി നിങ്ങൾ പോയിച്ചില്ലേ? പാമോയിൽ ഇറക്കുമതി ചെയ്തതിന് സഖറിയ മാത്യു അല്ലേ നോട്ട് എഴുതി കൊടുത്തത്. ജിജി തോംസനെ സസ്പെന്റ് ചെയ്യാനുള്ള ഏർപ്പാടാക്കിയില്ലേ? സിവിൾ സപ്ലൈസ് കോർപ്പറേഷൻ എം.ഡി. ആയിരുന്ന ജിജി തോംസനെ കുഴപ്പത്തിലാക്കിയില്ലേ? ഇപ്പോൾ കാരപ്പാറ-കുരിയാർകുറ്റി പദ്ധതിയിൽ ശ്രീ. മാധവനെ കൊണ്ടുചെന്ന് ജേക്കബ് കുളത്തിലാക്കി. അവനവൻ കുളത്തിൽ ചാടി മുങ്ങിയാൽ പോരെ? വേറൊരാളെ കൊണ്ട് ചെന്ന് എന്തിനാണ് കുഴപ്പത്തിലാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. രാമചന്ദ്രൻനായർ ഫയലുകൾ കട്ടുകൊണ്ട് പോയിട്ട് നിങ്ങൾ എന്തെങ്കിലും ചെയ്തോ? ഏത് ഫയൽ, അഴിമതിയുടെ ഫയൽ. നിരപരാധികളെ കുടുക്കിയ ഫയൽ, അപരാധികളെ രക്ഷിക്കുന്ന ഫയൽ. ഇതൊക്കെ കട്ടിട്ട് 300-ൽ ചിലാനം ഫയലുകൾ ചീഫ് സെക്രട്ടറി വീട്ടിൽ കൊണ്ടുവച്ചിട്ട് ശ്രീ. കരുണാകരനോ, ആന്റണിയോ അത് കൊണ്ടുവര ണമെന്നു പറഞ്ഞോ? അപ്പോൾ നിങ്ങളുടെ ഭരണത്തെക്കുറിച്ച് നിങ്ങൾ എന്താണ് ആലോചിക്കാത്തത്. ഞങ്ങൾ ഭരിക്കാൻ വന്നാൽ നിങ്ങൾ പ്രസംഗി ക്കുന്നു. അങ്ങനെ എന്തെങ്കിലും ഞങ്ങളുടെ ചീഫ് സെക്രട്ടറിയെ കുറിച്ച് പറയാൻ നിങ്ങൾക്ക് ഉണ്ടോ? ഇപ്പോഴത്തെ ഭരണത്തിൽ ചീഫ് സെക്രട്ടറി ഫയൽ കൊണ്ടുചെന്ന് പൂഴ്ത്തിവച്ചുവെന്നു പറയാൻ ഉണ്ടോ? നിങ്ങൾ പാട്ടു പാടി നേരം കഴിക്കുന്നു. നിങ്ങൾ സ,രി,ഗ,മ പാടി, എ.കെ.ജി. സെന്റർ, എ.കെ. ജി. സെന്റർ എന്ന് എഴുതി കെട്ടിയാൽ നിങ്ങൾക്ക് പനി വരില്ല.

1001 വട്ടം എ.കെ.ജി.സെന്റർ എന്ന് എഴുതി ഏലസ് കെട്ടിക്കൊണ്ട് നടന്നാൽ പനി, തലവേദന, വീക്കം, പിത്തജ്വരം ഒന്നുമുണ്ടാകുകയില്ല. അത ല്ലാതെ വേറെ എന്തെങ്കിലും ആലോചിച്ചുകൂടെ നിങ്ങൾക്ക്. ശ്രീ. രാമച ന്ദ്രൻനായർ സംസ്കൃത സർവ്വകലാശാല ഉണ്ടാക്കി, പാടം നികത്തി, ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. വിശദാംശങ്ങൾ പറഞ്ഞ് നമ്മൾ എന്തിന് സമയം കളയുന്നു. നിങ്ങളുടെ ഭരണത്തിന്റെ പിടിപ്പുകേടും വൈകല്യങ്ങളും, മോശത്തരങ്ങളും മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അത്തരത്തിലുള്ള കുറെ സംഗ തികളെ കുറിച്ച് ഞാൻ ഓരോ പോയിന്റു മാത്രമേ പറയുന്നുള്ളൂ. ബ്രഹ്മപുരം പദ്ധതി, 87 കോടി രൂപയുടെ എസ്റ്റിമേറ്റ്സിൽ 1987 സെപ്റ്റംബറിൽ ശ്രീ. ടി. ശിവദാസമേനോൻ തുടങ്ങിയതാണ്. ഇപ്പോൾ അതിന്റെ എസ്റ്റിമേറ്റ് 281 കോടി യിലാണ് എത്തിനിൽക്കുന്നത്. അതിൽ 75 കോടി രൂപ മുക്കിൽ വലിച്ചു എന്നാണ് കേൾക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അച്യുതാനന്ദൻ ഇവിടെ ഉന്നയിച്ചു, അന്ന് പൂർണ്ണമായ കണക്ക് കിട്ടിയില്ല. 25 കോടി എന്നു പറഞ്ഞു. അന്വേഷിച്ച് കുളത്തിലിറങ്ങി മുങ്ങിയപ്പോൾ പിന്നെയുമുണ്ട്. ഇരുപ ത്തിയഞ്ചേ പുറത്തു കണ്ടുള്ളൂ. മുങ്ങിത്തപ്പി എടുത്തപ്പോൾ 75 കോടി ആയി. ഞാൻ ചോദിക്കട്ടെ ഇവിടെ മന്ത്രിയായിരുന്ന ശ്രീ. പത്മരാജൻ ഇവിടെ പറ ഞ്ഞത് എന്താണ്? കർണ്ണാടകയിലെ ഇലവങ്കോ പദ്ധതിയുടെ രൂപരേഖയുടെ രീതിയിലാണ് ഇത് നടപ്പിലാക്കുന്നതെന്നാണ്. അതിന്റെ വിലയും വ്യവസ്ഥയു മൊക്കെ ഇലവങ്കോ പദ്ധതി നടപ്പാക്കിയ രീതി ഞങ്ങൾ സ്വീകരിക്കുന്നുവെ ന്നാണ്. ഇലവങ്കോ റേറ്റിൽ വ്യത്യാസം വന്നിരിക്കുന്നു എന്നാണ് ഇപ്പോൾ കമ്മിഷൻ കണ്ടുപിടിച്ചിരിക്കുന്നത്. അതുപോലെതന്നെ ആഗോള ടെണ്ടർ വിളിക്കാത്തത് എന്താണെന്ന് ചോദിച്ചപ്പോൾ ഹൈക്കോടതി ജഡ്ജിയെപ്പറ്റി യാണ് നമ്മുടെ താടിക്കാരൻ പറയുന്നത്. ചോദ്യമുണ്ടെങ്കിൽ ചോദിക്ക്. ഞാൻ വഴങ്ങിത്തരാം. വെറുതെ വിളിച്ചുപറയരുത്. ഹൈക്കോടതി ജഡ്ജിയെക്കുറി ച്ചാണ് നിങ്ങൾ പറഞ്ഞത്, ഹൈക്കോടതി ജഡ്ജിയുടെ അടുത്താണ് നിങ്ങൾ താമസിക്കുന്നത്. താമരപ്പൂവിന്റെ അടുത്ത് വണ്ട് താമസിച്ചാൽ കൊള്ളാം, തവള താമസിച്ചിട്ട് എന്താ കാര്യം. ഹൈക്കോടതിയുടെ അടുത്താണ് ഇങ്ങേർ കിടക്കുന്നത്. അയാൾ പറയുകയാണ് മരമണ്ടൂസ് ജഡ്ജിയെന്ന്. പിന്നെ ഇവിടെ ജനാധിപത്യ വ്യവസ്ഥയെക്കുറിച്ച് എന്താണ് പറയുന്നത്. ചോദ്യം ഉണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : ഈ ഭാസ്കരൻനമ്പ്യാർക്ക് നിങ്ങൾ എത്ര കമ്മീഷൻ കൊടുത്തു. എന്തിനാണ് അദ്ദേഹത്തിന് കമ്മീഷൻ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തത്. അന്വേഷണ കമ്മീഷൻ. എ.സി.കാർ, ശമ്പളം, മൂന്ന് കമ്മീഷനുകളുടെ പണം അങ്ങേർ വാങ്ങുന്നില്ലേ? ഒരംഗത്തിന് മൂന്നു കമ്മീഷനോ?

ശ്രീ. ടി.കെ. ഹംസ : ഹൈക്കോടതി ജഡ്ജിയുടെ ഇന്റഗ്രിറ്റിയെക്കുറിച്ച് ചോദിക്കാനോ ചോദ്യം ചെയ്യുന്നതിനോ കൂട്ടുനിൽക്കാൻ ഞാനില്ല. ഞങ്ങളുടെ ഗവൺമെന്റ് ആദ്യമായി ജഡ്ജി ശിവരാമനെയാണ് നിയമിച്ചത്. അയാൾ മരിച്ചുപോയി. അപ്പോൾ ശ്രീ. ഭാസ്കരൻ നമ്പ്യാരെ ആക്കി. എനിക്ക് സംരക്ഷണം തരണം. ഈ ബഹളത്തെ നേരിട്ട് സംസാരിക്കാനുള്ള കഴിവ് ഇപ്പോൾ ഇല്ല. ഞാൻ പറയുന്നതിന് മറുപടി നിങ്ങൾ പറ. നിങ്ങൾ ആഗോള ടെണ്ടർ വിളിച്ചില്ല. ആഗോള ടെണ്ടർ വിളിക്കുകയില്ല. വിളിക്കണമെന്നു പറഞ്ഞതിന്, വിളിച്ചിട്ടില്ലയെന്നു പറഞ്ഞതിന് ന്യായീകരണം പറഞ്ഞത് എന്താണ്? ശ്രീ. ശിവദാസമേനോൻ മന്ത്രിയായിരുന്ന കാലത്ത് കാസർഗോഡ് പദ്ധതിയെ സംബന്ധിച്ച ഇലക്ട്രിസിറ്റി ബോർഡ് ഒപ്പിട്ട കരാർ റേറ്റിലുള്ള അതേ റേറ്റിലാണ് ഈ പദ്ധതിയും ഞങ്ങൾ നടപ്പിലാക്കിയത് ബ്രഹ്മപുരം പദ്ധതിക്ക് ടെണ്ടർ വിളിച്ചത് എന്നാണ്. എന്നാൽ സത്യത്തിൽ മന്ത്രി ശിവദാസമേനോനോ അന്നത്തെ ഗവൺമെന്റോ അങ്ങനെ യാതൊരു കരാറും ഒപ്പിടുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. അപ്പോൾ പച്ചക്കള്ളം, ഈ നിയമസഭയിൽ സത്യപ്രതിജ്ഞ ചെയ്ത ബഹുമാനപ്പെട്ട ഒരു മന്ത്രി അത് അഴിമതിയെന്നു പറഞ്ഞാൽ ഞങ്ങളെ തെറി പറഞ്ഞിട്ട് എന്താ കാര്യം. നിങ്ങൾ ഇതൊക്കെ കാണുന്നില്ലേ? കാസർഗോഡ് പദ്ധതി ബഹുമാനപ്പെട്ട ശിവദാസമേനോൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹമോ, ഗവൺമെന്റോ, ഇലക്ട്രിസിറ്റി ബോർഡോ കരാർ ഒപ്പിട്ടുവെന്നു തെളിയിച്ചാൽ ഈ കേസ് ഇല്ലല്ലോ. അത് ചെയ്തുവെന്നാണ് ഇവിടെ പറഞ്ഞത് അത് ചെയ്തിട്ടില്ലയെന്നാണ് ബഹുമാനപ്പെട്ട കമ്മിഷന്റെ റിപ്പോർട്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങിവിടെ പറഞ്ഞത് ബ്രഹ്മപുരം പദ്ധതിക്ക് ഗ്ലോബൽ ടെണ്ടർ വിളിച്ചില്ല. അതാണ് മെയിൻ കാര്യം. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം- ഇവിടെ ബാലാനന്ദൻ കമ്മിഷൻ വളരെ ക്ലിയറായിട്ട് പറഞ്ഞു. റിപ്പയർ ചെയ്താൽ മതി ആ മെഷീൻസും ജനറേറ്ററും മാറ്റേണ്ടതില്ലായെന്ന് എഴുതി കൊടുത്തിട്ടും ഗ്ലോബൽ ടെണ്ടർ വിളിക്കാതെ കാനഡയിലെ ഒരു പ്രൈവറ്റ് വ്യക്തിക്ക് കൊടുത്ത് ഈ മുഖ്യമന്ത്രി നായനാർ അവിടെ പോയി അദ്ദേഹത്തിന്റെ ആദിത്യം സ്വീകരിക്കുകയും ചെയ്തില്ലേ. അതിന് ഗ്ലോബൽ ടെണ്ടർ വിളിച്ചോ?

ശ്രീ. ടി.കെ. ഹംസ : ഈ ചോദ്യത്തിന് പ്രത്യേക നോട്ടീസ് വേണം. ഞാൻ നോക്കി വന്നിട്ടില്ല. അല്ലാതെ നിങ്ങൾ എന്തെങ്കിലും ചോദിച്ചാൽ ഞാൻ മന്ത്രിയാണോ, അതിന്റെ വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ കഴിയുകയുള്ളൂ. അത് അദ്ദേഹം പറഞ്ഞോളും. പ്രത്യേക നോട്ടീസ് വേണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : രാവിലെ ഫ്ളോറിൽ വന്ന് റിപ്ലൈ ചെയ്തതാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ചോദ്യം ചോദിച്ചിരിക്കുകയാണ്. അത് 1995-ലാണ്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളെ സംബന്ധിച്ചുള്ള കനേഡിയൻ, 1995 5-ാം മാസത്തിലാണ് എം.ഒ.യു. ഒപ്പുവച്ചത്. അതിനുശേഷം പിന്നീട് 1996 രണ്ടാം മാസത്തിന് കരാർ ഒപ്പുവച്ചിട്ടാണ് അന്നത്തെ മന്ത്രി ചെങ്കുളം, പന്നിയാർ, പള്ളിവാസൽ എന്നീ പദ്ധതികളെ സംബന്ധിച്ചുള്ള കനേഡിയൻ ഗവൺമെന്റുമായിട്ട് 96 ഫെബ്രുവരി മാസത്തിൽ എഗ്രിമെന്റ് വച്ചിട്ടുള്ളത്. ചെങ്കുളം, പന്നിയാർ പദ്ധതികളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് 1996 ഫെബ്രുവരി മാസത്തിൽ ഒപ്പുവച്ചത് സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചിട്ടില്ല. പക്ഷേ വസ്തുത വസ്തുതയായിട്ട് മനസ്സിലാക്കണം. ചെങ്കുളം, പന്നിയാർ പദ്ധതിയെ സംബന്ധിച്ചുള്ള കാര്യത്തിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. അതല്ലേ ബാലാനന്ദൻ കമ്മിഷനെ വച്ചത്. നിങ്ങൾ റിപ്പോർട്ടു മനസ്സിലാക്കണം. കാര്യം മനസ്സിലാക്കാതെ പറയരുത്. 1996-ൽ പിന്നീട് നടന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഭൂരിപക്ഷം കിട്ടി അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാനത്തിലെ വൈദ്യുതി ബോർഡിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു എക്സ്പെർട്ട് കമ്മിറ്റിയെന്ന നിലയിൽ വച്ചതാണ്. അതിനുമുമ്പാണ് എഗ്രിമെന്റിൽ നിങ്ങൾ ഒപ്പുവച്ചത്. ആ കരാർ നിങ്ങൾ ഒപ്പിട്ടത് അത് ബാലാനന്ദന്റെ ചെലവിൽ എഴുതിത്തള്ളി.

ശ്രീ. ടി.കെ. ഹംസ : സർ. അതവർക്ക് അറിയാത്തതു കൊണ്ടല്ല. തൽക്കാലം എന്റെ പ്രസംഗം വഴിതിരിച്ചു വിടണം അത്രയേയുള്ളൂ. അതു കൊണ്ട് വൈദ്യുതി വകുപ്പിന്റെ ഡിമാന്റ് ചർച്ചയ്ക്കു വരുമ്പോൾ അത് ചർച്ച ചെയ്യാം. ഞാൻ പറഞ്ഞത് എന്നോട് ചോദിക്കേണ്ടാത്ത ചോദ്യം ചോദിക്കരുതെന്നാണ്. എന്റെ പ്രസംഗത്തിൽ വരുന്ന പരാമർശങ്ങളെക്കുറിച്ച് നിങ്ങൾ ചോദിച്ചാൽ ഞാൻ അതിന് മറുപടി പറയാം. വേറെ കമ്മിഷനെക്കുറിച്ചും വേറെ റിപ്പോർട്ടുകളെക്കുറിച്ചും ചോദിക്കരുത്. ഞാൻ പറഞ്ഞു വന്നത് ബ്രഹ്മപുരം അന്വേഷണ റിപ്പോർട്ടിന്റെ പൂർണ്ണമായ ചർച്ചയ്ക്കല്ല പറഞ്ഞത്. ഈ നിയമസഭയ്ക്കകത്ത് കല്ലുവച്ച കളവുപറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിച്ച ഭരണത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കാസർഗോഡ് പദ്ധതിയുടെ അതേമാതിരി, അത് ഗവൺമെന്റ് ഒപ്പിട്ടിട്ടുണ്ട്. അത് ഇലക്ട്രിസിറ്റി ബോർഡും ഒപ്പിട്ടിട്ടുണ്ട്. അത് അതേ മാതിരി ഞങ്ങൾ സ്വീകരിക്കുന്നു. അതിൽ കുറ്റമില്ല എന്നാണ് ശ്രീ. പത്മരാജൻ പറഞ്ഞത്. അങ്ങനെയല്ല. അതു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഞാൻ ഇനി ഒരു കാര്യം കൂടി പറഞ്ഞ് നിർത്താം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആഗോള ടെണ്ടർ, അതുകൂടി പറയണം.

ശ്രീ. ടി.കെ. ഹംസ : ഞാൻ അതിനെപ്പറ്റി പറഞ്ഞില്ലല്ലോ. അത് അതിന്റെ ചർച്ച വരുമ്പോൾ പറഞ്ഞുകൊള്ളും. ഞാൻ പറഞ്ഞ കാര്യത്തെപ്പറ്റി പറ. കാസർഗോഡിന്റെ അതേ മാതിരിയാണ് ഇതും കൊടുത്തതെന്ന് നിയമസഭയിൽ കളവല്ലേ പറഞ്ഞത്? അവിടെയാണ് എന്റെ പോയിന്റ്. ലോകം മുഴുവൻ ടെണ്ടർ കൊടുത്തത് ഞാൻ എങ്ങനെയാണ് പറയുക? കളവായ ഒരു സംഗതിയാണ് ഇവിടെ പറഞ്ഞത്. കാസർഗോഡിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒപ്പിട്ടിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡും ഒപ്പിട്ടിട്ടില്ല. 87 കോടി രൂപയുടെ പദ്ധതി 281 കോടി രൂപ ആക്കിയത് 75 കോടി രൂപ അഴിമതി കാണിക്കാനല്ലേ എന്നാണ് എന്റെ ചോദ്യം? അത് കമ്മിഷൻ കണ്ടുപിടിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട എ.കെ. ആന്റണി സെൻട്രൽ വർക്കിംഗ് കമ്മിറ്റിയിൽ പറഞ്ഞതായിട്ടുള്ള റിപ്പോർട്ട് പത്രത്തിൽ കണ്ടു. ഞങ്ങൾ ഒറ്റയ്ക്കേ ഭരിക്കുകയുള്ളൂ എന്ന്, ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി ഭരിക്കാനോ അവരുമായി ലോഹ്യത്തിനോ സാധ്യമല്ല. സാധ്യത വേണമെന്ന് ഞാൻ പറയുന്നില്ല. പത്രത്തിൽ വന്നു. അത് എല്ലാ പത്രങ്ങളിലും കണ്ടു. അപ്പോൾ അങ്ങനെ പറഞ്ഞിട്ടില്ല അല്ലേ? പറഞ്ഞിട്ടില്ലെങ്കിൽ ഞാൻ പിൻവലിക്കാം. അങ്ങ് പറഞ്ഞത് ഞങ്ങൾക്ക് അങ്ങനെയൊരു പിന്തുണ ആവശ്യമില്ല. എന്തു കണ്ടിട്ടാണ് നിങ്ങൾ പറയുന്നത്? എന്തിനാണ് അവസാന വാക്കൊക്കെ പറഞ്ഞു നടക്കുന്നത്? ലോകം ഇനി എത്രയാണ് മുന്നോട്ട്? അപ്പോൾ ഞാൻ പറഞ്ഞു വരുന്നത് ഇങ്ങനെയൊക്കെയാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടും പഴയ തറവാട്ടിലെ ചില കാരണവൻമാരുണ്ട്, ഒറ്റ മുണ്ടേ ഉണ്ടാവുക യുള്ളൂ. എന്നാൽ വലിയ വർത്തമാനമാണ് പറയുക. ആ രീതിയിൽ നിങ്ങളായിട്ടും നിങ്ങളൊന്നു നന്നാവുവന്നില്ലല്ലോ. ശ്രീമതി സോണിയാഗാന്ധിയുടെ കൂടെ നടക്കുന്ന നേതാക്കളിൽ ആർക്കെങ്കിലും രണ്ടാളിന്റെ പിൻതുണയുള്ള വരെ പറഞ്ഞു തരാമോ? ശ്രീ. മൻമോഹൻസിംഗിന് എത്ര ആളുണ്ട് പിന്നിൽ? ലോകബാങ്കിൽ നിന്ന് വന്ന സിംഗിനെ ആരും അങ്ങോട്ട് അറിയില്ല. പിന്നെ അർജ്ജുൻ സിംഗാണ് ഉള്ളത്. അദ്ദേഹത്തിന്റെ കൂടെ ആരാണുള്ളത്? ശ്രീ. എം.പി. ഗംഗാധരൻ ഒഴിച്ച് ആരെങ്കിലുമുണ്ടോ. ..... (ബഹളം) ഇപ്പോൾ ഞാനാണ് പ്രസംഗിക്കുന്നത്. അത് നിങ്ങൾ കേൾക്കുക. നിങ്ങൾ പ്രസംഗിക്കുമ്പോൾ ഞാൻ പറയാം. ശ്രീ. അർജ്ജുൻസിംഗിന്റെ കൂടെ ആരാണുള്ളത്? ഒറ്റ കുട്ടിയില്ല. പിന്നെ ഉള്ളത് ശ്രീ. ഗുലാംനബി ആസാദാണ്. പേര് നബിയെന്നു ഇട്ടാൽ ആൾ നന്നാകുമോ? ഏത് നബിയെയാണ് നിങ്ങൾ പറയുന്നത്? കല്ലിൽത്തട്ടി വീണാലും പടിഞ്ഞാട്ടു വീഴാത്ത നബി. ഗുലാംനബിയെന്നു കേട്ടാൽ വലിയ ആളാണെന്നു തോന്നും. കാശ്മീരിൽ കൂടി നടക്കണമെങ്കിൽ രണ്ടാൾ കൂടെ വേണം. ആ ജാതി നബിയാണ്. അരക്കാശിന് പിന്തുണയില്ലാത്ത ആളുകളല്ലേ ശ്രീമതി സോണിയാഗാന്ധിയുടെ കൂടെ ഉള്ളത്. ശ്രീമതി സോണിയാഗാന്ധിയുടെ ജൻമത്തെക്കുറിച്ചോ മറ്റോ ഞാൻ പറയുന്നില്ല. ഞാനൊരു കാര്യം ചോദിക്കട്ടെ. നിങ്ങളുടെ വർക്കിംഗ് കമ്മിറ്റിക്കകത്ത് ബഹുമാനപ്പെട്ട ശരത് പവാർ പറയുകയാണ്. ഇറ്റലിയിൽ ജനിച്ച ഒരാൾ ഇവിടെ പ്രധാനമന്ത്രി ആകേണ്ട എന്നാണ് എന്റെ അഭിപ്രായം. ഉടനെ സാരി വലിച്ച് കണ്ണീർ തുടച്ച് നിലവിളിച്ച് ഇറങ്ങിപ്പോകുക. ഇതെന്തു നേതാവാണ്? ഒരു വിമർശനം കേൾക്കാനുള്ള ശക്തി വേണ്ടേ? എന്നിട്ട് വീട്ടിൽ പോയിട്ട് പറയുകയാണ് ഈ മാതിരി രാജ്യത്ത് പ്രധാനമന്ത്രി ആകാനും കോൺഗ്രസ്സ് പ്രസിഡന്റാകാനും ഞാനില്ല. 'രാജി'. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ എത്ര പ്രാവശ്യം രാജിവയ്ക്കണം. നിങ്ങൾ എന്തൊക്കെയാണ് അവിടെ നിന്ന് വിളിച്ചുപറഞ്ഞത്. ഞാൻ പറഞ്ഞുവരുന്നത് ശ്രീമതി സോണിയാഗാന്ധി അപ്പോൾ തന്നെ നേരെ വീട്ടിൽ പോയി ഒറ്റ ഇരുപ്പാണ്. പിന്നെ മിണ്ടില്ല. അവസാനം ശ്രീ. ജഗദീഷ് ടൈറ്റ്‌ലർ എന്നു പറഞ്ഞ് ഡെൽഹിയിൽ ഒരാളുണ്ട്. അജ്മൽഖാൻ റോഡിൽ മൂപ്പനാർ ഇരുപ്പാണ്. അവിടനിന്ന് അയ്യഞ്ചാളിനെ ദിവസവും കൊണ്ടുവരും. അങ്ങനെ അയ്യഞ്ചാളിനെ കൊണ്ടുവന്നിട്ട്, ഒരാൾ ഒരു ടിൻ പെട്രോൾ-മണ്ണെണ്ണ കൊണ്ടുവന്നിട്ട് പറയും ഞാനിപ്പോൾ കത്തിക്കും, ഞാനിപ്പോൾ കത്തിക്കുമെന്ന്. വേറൊരാൾ പറയും കയറിന്റെ കുരുക്കിട്ടിട്ട് ഞാൻ തൂങ്ങിച്ചാകും, ഞാൻ തൂങ്ങിച്ചാകുമെന്ന്. ദിവസവും സമരമാണ്. വേറൊരാൾ ടെറസ്സിന്റെ മുകളിൽ കയറിയിട്ട് ചാടും ഞാൻ, ചാടും ഞാനെന്ന് പറയും. നാണവും മാനവുമുണ്ടോ നിങ്ങൾക്ക്? ഇതിനൊക്കെക്കൂടിയുള്ള സമരത്തിന് ആകെ 102 ആളുകൾ തികയില്ല. കുരുക്കിട്ട കയറിന്റെ സമരം, എണ്ണക്കുപ്പിയുടെ സമരം. ടെറസിന്റെ മുകളിൽ കയറി ചാടും. അങ്ങോട്ട് ചത്തോട്ടെ എന്ന് വിചാരിച്ചാൽ പോരേ? അപ്പോൾ ഇതൊക്കെ ശ്രീ. ജഗദീഷ് ടൈറ്റ്‌ലർ ഒരുക്കിക്കൊണ്ടു വന്നിട്ട് 'സോണിയാജീ ഇവരുടെ ജീവൻ രക്ഷിക്കണം. അതുകൊണ്ട് മടങ്ങിവരണം' എന്ന് പറയും. അപ്പോൾ സാരികൊണ്ടൊക്കെ തുടച്ച് വീണ്ടും വിട്ടു. ഇതൊരു നേതാവാണോ? ജനിച്ചത് ഇറ്റലിയിലോ, അല്ലെങ്കിൽ എവിടെയെങ്കിലുമാകട്ടെ. ഞങ്ങൾക്ക് അതിൽ ആക്ഷേപമില്ല. ഈ പണിക്ക് പറ്റുമോ എന്നാണ് ചോദിച്ചത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ മുഖ്യമന്ത്രി .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. ഹംസ : അങ്ങനെയൊന്നും മുഖ്യമന്ത്രി പറഞ്ഞില്ല. മുഖ്യ മന്ത്രി പറഞ്ഞത് എന്താണ്? ഇന്ത്യയിലെ പൗരത്വം സ്വീകരിച്ചാൽ ആർക്കും പ്രധാനമന്ത്രിയാകാം. അത്രയേ മുഖ്യമന്ത്രി പറഞ്ഞുള്ളൂ. ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നതുപോലെ മുഖ്യമന്ത്രി എന്തെങ്കിലും പറയുമെന്ന് വിചാരി ക്കേണ്ട. ആ ധാരണ വേണ്ട. അതുകൊണ്ട് ഇന്ത്യയിലുള്ള എല്ലാ സംസ്ഥാ നത്തും തൂത്തുവാരിയ നിങ്ങൾക്ക് ഒറ്റയ്ക്ക് നിൽക്കാൻ ഒരു കാലിനു പോലും ജീവനില്ല. എന്നിട്ട് വർത്തമാനം പറയുകയാണ്. ഞങ്ങൾക്ക് ആരുടേയും പിന്തുണ വേണ്ട. കമ്മ്യൂണിസ്റ്റുകാരന്റെ പിന്തുണ വേണ്ടെന്നാണ് ശ്രീ. എ.കെ. ആന്റണി പറഞ്ഞത്. എ.കെ.ജി. സെന്ററിന്റെ കോലായിൽ നിൽക്കുന്നത് ഞാൻ കണ്ടവനാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് അങ്ങനെ പറയരുത്.

ശ്രീ. ഇ.എം. അഗസ്തി : അന്ന് നിങ്ങൾ എവിടെയാണ്?

ശ്രീ. ടി.കെ. ഹംസ : അന്ന് ഞാൻ എ.കെ.ജി. സെന്ററിൽ പോയിട്ടില്ല. അന്ന് ഞാൻ നിങ്ങളുടെ കൂടെ വന്നിട്ടില്ല. ഞാൻ പോയപ്പോൾ നിങ്ങളുടെ പാർട്ടി വിട്ടിട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന് നിൽക്കുകയാണ്. ഞാൻ കോൺഗ്രസ്സിൽ നിന്ന് തെറ്റിപ്പിരിഞ്ഞുപോയിട്ട് കോൺഗ്രസ്സുകാരന്റെ കൂടെ കൂടിയിട്ടില്ല. ഞാൻ നിങ്ങളുടെ പാർട്ടി വിട്ട് കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നു. അതിന്റെ ഒരു പ്രവർത്തകനായി അന്തസ്സായി പ്രവർത്തിക്കുകയാണ്. അതിലൊരു സംശയവും വേണ്ട. നിങ്ങളുടെ മാതിരി ശ്രീ. ആന്റണി പോയ മാതിരിയാണോ ഞാൻ പോയത്? ശ്രീ. ആന്റണിയും ശ്രീ. ആര്യാടൻ മുഹ മ്മദും പോകുന്നത് രാത്രി തലയിൽ മുണ്ടിട്ട് എ.കെ.ജി. സെന്ററിന്റെ കോലായി ലാണ്. മഴ തോരാതെ നിൽക്കുകയാണ്. ഇടയ്ക്ക് അവിടെനിന്ന് ചോദിക്കും ആരാണത്? ഇത് ശ്രീ. ആര്യാടൻ മുഹമ്മദാണ്. അങ്ങനെയല്ല ഞാൻ പോയത്. ഇതൊന്നും എന്നോടു പറഞ്ഞ് ജയിക്കാമെന്ന് വിചാരിക്കേണ്ട. ബഹുമാനപ്പെട്ട ആന്റണിയോട് എല്ലാ ആദരവും വച്ചാണ് ഞാൻ പറയുന്നത്. അവസാന വാക്ക് പറയരുത്. ആ ജാതി വാക്ക് നിങ്ങൾ ഉപയോഗിക്കരുത്. ഒരുപാട് വാക്ക് ഉപയോഗിച്ച് പൊളിഞ്ഞതാണ്. അതിന്റെ ചരിത്രം ഞാനി വിടെ ആവർത്തിക്കുകയുമില്ല, പറയുകയുമില്ല. ഞാൻ ചോദിച്ച വർത്തമാനം എന്താണെന്നുവച്ചാൽ - ഞാനൊരു കാര്യം നിങ്ങളോട് ചോദിക്കട്ടെ, നിങ്ങൾ ഭരണം നടത്തിയ കാലത്ത് രണ്ടുമൂന്നു ഉപതെരഞ്ഞെടുപ്പ് നടന്നല്ലോ. ശ്രീ. നായനാർ മുഖ്യമന്ത്രി ആയിതിനുശേഷം ആറു ഉപതെരഞ്ഞെടുപ്പുകൾ കേരള ത്തിൽ നടന്നു. എന്താണ് കേൾക്കുന്നതിൽ ഇത്ര അസഹിഷ്ണുത? പറയാത്ത തൊന്നും ഞാനിവിടെ പറഞ്ഞില്ല. തലശ്ശേരി, പുനലൂർ, മാള, ചാത്തന്നൂർ, വൈക്കം, എറണാകുളം എന്നീ ആറു ഉപതെരഞ്ഞെടുപ്പുകളിൽ ഏതെങ്കിലും ഒറ്റ ഒന്നിൽ നിങ്ങൾ ജയിച്ചോ? നിങ്ങളിൽ നിന്നല്ലേ ഞങ്ങൾ പിടിച്ചെടുത്തത്? അതുപോലെതന്നെ നിങ്ങളുടെ ഭരണകാലത്ത് ഞാറയ്ക്കൽ നിങ്ങൾ തോറ്റു. നിങ്ങളുടെ സീറ്റാണ്. ഗുരുവായൂർ നിങ്ങൾ തോറ്റു. നിങ്ങളുടെ സീറ്റാണ്. ഒറ്റ പ്പാലം തോറ്റു എന്നല്ല തോറ്റു പാളീസായി. ഇതൊന്നും നിങ്ങൾ മനസ്സിലാക്കു ന്നില്ലേ? ഞാനൊരു കാര്യം ശ്രീ. ആര്യാടൻ മുഹമ്മദിനോട് പറഞ്ഞുതരാം. ചോറു ഊറ്റുമ്പോൾ എല്ലാ വറ്റും പിടിച്ചുനോക്കാറില്ല. വെന്തിട്ടുണ്ടോയെന്ന് നോക്കാൻ അഞ്ചാറെണ്ണം പിടിച്ചാൽ വെന്തുവെന്നു കണ്ടാൽ ഒക്കെ വെന്തു എന്നാണ് കണക്ക്. ആറു വറ്റ് വെന്ത് കിടക്കുകയാണ്. ഞങ്ങൾ ഊറ്റി. മുഴു വൻ ഞങ്ങൾ ഊറ്റും. അതിന് നിങ്ങൾക്ക് സംശയം വേണ്ട. തെരഞ്ഞെടുപ്പു സംബന്ധിച്ച് നിങ്ങൾ എത്ര വെല്ലുവിളി നടത്തിയതാണ്. കുരുക്ഷേത്രം എന്നു

കേട്ടാൽ കോൺഗ്രസ്സിന്റെ ഒരേർപ്പാടാണെന്ന് തോന്നിപ്പോകും. അത് മഹാഭാരത യുദ്ധം നടന്ന സ്ഥലമാണ്. കുരുക്ഷേത്രത്തിൽ വച്ച് കാണാം. കെ.പി.സി.സി. ആഫീസാണോ കുരുക്ഷേത്രം. അല്ല. അത് ശ്രീകൃഷ്ണ ഭഗവാന്റെ നേതൃത്വത്തിൽ മഹാഭാരത യുദ്ധം നടന്ന സ്ഥലമാണ്. അതിനെപ്പറ്റി അറിയാതെ ശ്രീ. ആര്യാടൻ മുഹമ്മദും മറ്റും കുരുക്ഷേത്രത്തിൽ വച്ചു കാണാം, മാനാഞ്ചിറ വച്ചു കാണാം, മനസ്സിലാക്കിക്കോ എന്നൊക്കെ പറഞ്ഞ് പേടിപ്പിക്കേണ്ട. പലതും ചെയ്തുനോക്കിയതാണ്. പിന്നെ ഒരുപാട് കഥകളുണ്ട്. തെരഞ്ഞെടുപ്പിൽ നിങ്ങൾ ഞങ്ങളെ ഒന്നും ആക്കൂല. ഇതുപോലെ അടുത്ത ഏതാനും വർഷങ്ങൾ തുടർന്നുപോകും എന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കർ സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് രാവിലെ മുതൽ ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും ബഹുമാന്യരായ സുഹൃത്തുക്കൾ ധനാഭ്യർത്ഥനകളെ അനുകൂലിച്ചും എതിർത്തും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുന്നതിനിടയിൽ പ്രധാനപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ഇവിടെ പരാമർശവിധേയമായി. കേരളത്തിലെ മൂന്ന് വർഷക്കാലത്തെ ഭരണത്തെക്കുറിച്ച്, ഭരണത്തിന്റെ തണലിൽ വളർന്നുവരുന്ന അഴിമതിയെക്കുറിച്ച്, സ്വജനപക്ഷപാതത്തെക്കുറിച്ച്, ധൂർത്തിനെക്കുറിച്ച് എല്ലാം പ്രതിപക്ഷത്തുനിന്നും സംസാരിച്ചപ്പോൾ, ഭരണനേട്ടങ്ങൾ വിസ്തരിച്ച് വിവരിക്കാൻ ഭരണകക്ഷി അംഗങ്ങൾ തയ്യാറായി എന്നു മാത്രമല്ല ഇന്നത്തെ പ്രതിപക്ഷം ഇവിടെ കഴിഞ്ഞ കാലത്ത് ഭരിച്ചിരുന്നപ്പോൾ നടന്നുവെന്ന് പറയപ്പെടുന്ന ചില വീഴ്ചകളെക്കുറിച്ച് വളരെ പരുഷമായ ഭാഷയിൽ വിമർശനങ്ങൾ ഉയർത്തുകയും ചെയ്തു. ഭരണകക്ഷിയിലെ സുഹൃത്തുക്കൾ സംസാരിച്ചതിനിടയിൽ പലരും ചോദിച്ചത്, നിങ്ങൾ വ്യക്തിപരമായ ചില വിമർശനങ്ങൾ ഉന്നയിക്കുന്നതല്ലാതെ ഈ ഭരണത്തിന്റെ വൈകല്യങ്ങളെക്കുറിച്ച് കേരളത്തിൽ മൂന്ന് വർഷമായി നടന്നുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണവൈകല്യങ്ങളെക്കുറിച്ച് കാര്യമായി ഒന്നും പറയുന്നില്ലല്ലോ. ഇവിടെ നിങ്ങളുടെ ഭരണം തുടങ്ങി വർഷങ്ങൾ കഴിയുന്തോറും, മാസങ്ങൾ കഴിയുന്തോറും, ആഴ്ചകൾ കഴിയുന്തോറും, ദിവസങ്ങൾ കഴിയുന്തോറും ഭരണം മെഴുകുതിരിപോലെ അലിഞ്ഞ് അലിഞ്ഞ് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഇന്ന് ഭരണസ്തംഭനമാണ്. ഭരണത്തിന്റെ നേട്ടങ്ങൾ പാടിപുകഴ്ത്താൻ ഇന്ന് കേരളത്തിൽ ഒരു സർക്കാർ ഇല്ല. ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ഒരു സർക്കാർ ഇന്ന് കേരളത്തിൽ ഇല്ല. വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് ഇന്ന് കേരളത്തിൽ ഭരിക്കുന്നില്ല. നിങ്ങൾ മൂന്ന് വർഷം കഴിഞ്ഞ് നാലാം വർഷത്തിലേയ്ക്ക് കടന്നപ്പോൾ കേരളത്തിൽ വികസനം ഇന്ന് സ്തംഭിച്ചിരിക്കുന്നു. ഈ വർഷം വികസനപ്രവർത്തനങ്ങൾക്ക് വേണമെങ്കിൽ ഹോളിഡേയുള്ള വർഷമായി പ്രഖ്യാപിക്കുവാൻ സാധിക്കും. ഇവിടേയും നടക്കുന്നത് അഴിമതിയിൽ കൂടിയുള്ള പാർട്ടി വളർത്തൽ, ധൂർത്ത്, സ്വജനപക്ഷപാതം, അതിന്റെ കൂടെ ശത്രുസംഹാരം. ഇതാണ് ഈ സർക്കാരിന്റെ മുഖമുദ്ര. മറ്റൊന്നും ഇവിടെ നടക്കുന്നില്ല. ഞാൻ പത്രങ്ങളെ ആശ്രയിക്കുന്നില്ല. പത്രങ്ങളോട് ആദരവ് ഇല്ലാഞ്ഞിട്ടല്ല, ഈ സർക്കാരിനെക്കുറിച്ച് പറയുന്നതിന് ഞാൻ സർക്കാരിന്റെ അഭിപ്രായം തന്നെയാണ് പറയുന്നത്, തുടക്കത്തിൽ ഒരു ഗവൺമെന്റിന്റെ വിജയത്തിന്റെയും പരാജയത്തിന്റെയും അടിസ്ഥാനം എന്താണ്? നാടിന്റെ വികസന കാര്യങ്ങളിൽ പ്രത്യേകിച്ച് കാർഷിക-വ്യാവസായിക വികസന കാര്യത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദന മേഖലയുടെ വികസന കാര്യത്തിൽ ഗവൺമെന്റ് കൈവരിക്കുന്ന നേട്ടങ്ങൾ അല്ലേ ഗവൺമെന്റിന്റെ ജയാപജയങ്ങളുടെ മാനദണ്ഡം. ആ മാനദണ്ഡങ്ങൾ അളക്കുന്ന അളവുകോൽ പദ്ധതിപ്രവർത്തനങ്ങൾ അല്ലേ? വാർഷിക പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി അല്ലേ ഓരോ വർഷത്തേയും ഗവൺമെന്റിന്റെ പെർഫോമൻസിന്റെ അളവുകോൽ. ആ അളവുകോൽ വച്ചു നോക്കിയാൽ ഇന്ത്യയിൽ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഈ സർക്കാർ ഏറ്റവും പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു. ഈ വർഷം വാർഷിക പദ്ധതികൾ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചുവാങ്ങി, മുഖ്യമന്ത്രിയും ചർച്ചയ്ക്കുപോയി, തമിഴ്നാട് മുഖ്യമന്ത്രിയും ചർച്ചയ്ക്കു പോയി, ബീഹാർ മുഖ്യമന്ത്രിയും ചർച്ചയ്ക്കുപോയി, ബംഗാൾ മുഖ്യമന്ത്രിയും ചർച്ചയ്ക്കുപോയി, യു.പി. മുഖ്യമന്ത്രിയും ചർച്ചയ്ക്കുപോയി; ഇന്ത്യയിലെ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാരും ഈ വർഷത്തെ വാർഷിക പദ്ധതിയുടെ ചർച്ചയ്ക്കുപോയി, പ്ലാനിംഗ് കമ്മിഷനുമായി ചർച്ച നടത്തി. അതാതു സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതം കണക്കുപറഞ്ഞു വാങ്ങിച്ചു. ഈ വർഷം ഇന്ത്യയിൽ അംഗീകരിച്ച വാർഷിക പദ്ധതികളിൽ ഏറ്റവും കുറഞ്ഞ അടങ്കൽത്തുക നിശ്ചയിച്ചിട്ടുള്ള ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്ന് ഈ കേരളമാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ കണക്ക് സഹിതമാണ് പറയുന്നത്. എന്റെ കണക്ക് തെറ്റാണെങ്കിൽ മുഖ്യമന്ത്രിക്ക് പറയാം. 1999-2000-ാം വർഷത്തേയ്ക്ക് കേരളത്തിന്റെ പദ്ധതിവിഹിതത്തിൽ ഉണ്ടായ വർദ്ധനവ് കേവലം 4.83 ശതമാനം മാത്രം, അതായത് 5 ശതമാനത്തിൽ താഴെ വർദ്ധനവ് മാത്രമാണ് ഈ വർഷം കേരളത്തിന്റെ പദ്ധതി വിഹിതത്തിന് ഉണ്ടായിരിക്കുന്നത്. അതേസമയം ഡെൽഹിയിലെ വർദ്ധനവ് 11 ശതമാനം, തമിഴ്നാടിന്റെ വർദ്ധനവ് 17 ശതമാനം, ബീഹാറിന്റെ വർദ്ധനവ് 50 ശതമാനം, ചരിത്രത്തിൽ ആദ്യ സംഭവമാണ്. എല്ലാവർഷവും അവർ പിന്നോക്കമാണ്. ഈ വർഷം ബീഹാറിന്റെ പദ്ധതി വിഹിതത്തിന്റെ വർദ്ധനവ് 50 ശതമാനം, ആന്ധ്രയുടേത് 53 ശതമാനം, യു.പി.യുടേത് 94 ശതമാനം, അവർക്കും കൂടി, നമ്മൾക്ക് 4.83 ശതമാനം, 5 ശതമാനത്തിൽ താഴെ. കേരളത്തിന്റെ പദ്ധതിവിഹിതം കണക്കുപറഞ്ഞ് വാങ്ങുന്ന കാര്യത്തിൽ ഈ സർക്കാർ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. കെടുകാര്യസ്ഥത, പിടിപ്പില്ലായ്മ, നിങ്ങളുടെ ഭരണത്തിന്റെ മറ്റ് തകരാറുകൾ, വിഭവസമാഹരണ രംഗത്ത് നിങ്ങൾക്കുണ്ടായ പരാജയം, അതിന്റെ ഫലമാണ് കേരളം 21-ാം നൂറ്റാണ്ടിലേയ്ക്ക് കടക്കേണ്ട ഈ അവസാന വർഷത്തെ വാർഷിക പദ്ധതി ഈ കേരളത്തിന്റെ ചരിത്രത്തിൽ പഞ്ചവത്സര പദ്ധതി ആരംഭിച്ചതിനുശേഷം ആദ്യമായി ഉണ്ടായിട്ടുള്ള ഏറ്റവും കുറഞ്ഞ ലോവസ്റ്റ് പോയിന്റിൽ ഇന്ന് ഈ കേരളം എത്തിയിരിക്കുന്നു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യന്ത്രി ഒരു ചോദ്യത്തിനു നൽകിയ ഉത്തരം ഞാൻ എടുത്തുപരിശോധിക്കുകയുണ്ടായി. പത്ര വാർത്തകൾ അല്ല. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ ഒരുത്തരമാണ്. ശ്രീമതി റോസമ്മ ചാക്കോയും ശ്രീ. എഴുകോൺ നാരായണനും കൂടി ഇന്നലെ നൽകിയ (21.6.99) നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുള്ള മറുപടി. നക്ഷത്രചിഹ്നമിടാത്ത ചോദ്യം. ശ്രീമതി റോസമ്മ ചാക്കോ, എഴുകോൺ നാരായണൻ, ചോദ്യം- മുൻ ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി നീക്കിവച്ചിരുന്ന തുക എത്രവീതമായിരുന്നു? ഉത്തരം വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു - 1991-92, പദ്ധതി അടങ്കലും ചെലവഴിച്ച തുകയും 1991-92 മുതൽ 1995-96 വരെ, അതായത്, യു.ഡി.എഫിന്റെ 5 വർഷക്കാലത്തെ പദ്ധതി അട

LIBRARY ARCHIVES Kerala Legislative Assembly

ങ്കലും ചെലവഴിച്ചതും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ നൽകിയ ഉത്തര മാണ്. നക്ഷത്രചിഹ്നമിടാത്ത 9-ാം ചോദ്യത്തിനുള്ള അദ്ദേഹത്തിന്റെ മറുപടി യാണ്. 1991-92 വാർഷിക അടങ്കൽ 607 കോടി രൂപ. പുതുക്കിയ തുക 620 കോടി രൂപ. മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് 27 ശതമാനം. യു. ഡി.എഫി.ന്റെ ആദ്യവർഷം 27 ശതമാനം വർദ്ധനവ്. 1992-93 യു.ഡി.എഫി.ന്റെ സമയത്ത് വർദ്ധനവ് 30 ശതമാനം. ഇത് ഇന്നലെ മേശപ്പുറത്തുവച്ച ഉത്തര മാണ്. 1992-93-ൽ 30 ശതമാനം വർദ്ധനവ്. 1994-95-ൽ 24 ശതമാനം വർദ്ധനവ്. 1993-94 ൽ 26 ശതമാനം വർദ്ധനവ് 1995-96-ൽ 24 ശതമാനം വർദ്ധ നവ്. യു.ഡി.എഫി.ന്റെ 5 വർഷക്കാലത്തെ ഭരണകാലത്തും 30 മുതൽ 24 ശത മാനം വരെ എല്ലാ വർഷവും വാർഷിക പദ്ധതിയുടെ അടങ്കൽത്തുക വർദ്ധന വുണ്ടായി. ആ വർദ്ധനവിനേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുമുണ്ട്. 1-ാം വർഷം 620 കോടി രൂപയാണ് അടങ്കൽത്തുക എങ്കിൽ ചെലവാക്കിയത് 720 കോടി രൂപ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരമാണ്. 620 കോടി രൂപ അടങ്കൽ ഉള്ളതിനെ 1-ാം വർഷം ഞങ്ങൾ 720 കോടി രൂപ മുടക്കി. ഇത് അങ്ങേയ്ക്ക് മനസ്സിലാകുന്നില്ലാ എങ്കിൽ ഞാൻ അങ്ങ് ഇരിക്കുന്ന സ്ഥാന ത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. പറഞ്ഞാൽ ശരിയാകില്ല. അടങ്കൽത്തുകയെ ക്കാൾ കൂടുതൽ ചെലവാക്കിയതുകൊണ്ട് എന്ത് എന്ന് ചോദിച്ചാൽ പിന്നെ ഞാൻ അങ്ങയോട് കാര്യങ്ങൾ ഒന്നും അവതരിപ്പിച്ചിട്ട് യാതൊരു പ്രയോജന വുമില്ല. ഒരു പ്രയോജനവുമില്ല. ഞാൻ സംസാരിക്കുന്നത് എല്ലാം കമഴ്ത്തി വച്ച കുടത്തിന്റെ പുറത്ത് വെള്ളം ഒഴിക്കുന്നതുപോലെയാണ്. അങ്ങയുടെ ഉത്തരമാണ് എന്റെ കൈയിലിരിക്കുന്നത്. ശ്രീമതി റോസമ്മ ചാക്കോയ്ക്ക് അങ്ങ് നൽകിയ ഉത്തരം. 670 കോടി രൂപ അടങ്കൽത്തുക ആദ്യവർഷം ഞങ്ങൾ 720. കോടി രൂപ മുടക്കി. 27 ശതമാനം. രണ്ടാമത്തെ വർഷം 807 കോടി രൂപ അടങ്കൽ. ഞങ്ങൾ 925 കോടി രൂപ മുടക്കി. 30 ശതമാനം വർദ്ധന വ്. മൂന്നാമത്തെ വർഷം 1020 കോടി രൂപ അടങ്കൽ. ഞങ്ങൾ 1091 കോടി രൂപ മുടക്കി. 26 ശതമാനം. 1994-95-ൽ ഞങ്ങൾ 1260 കോടി രൂപ അടങ്കലിനുപകരം 1416 കോടി രൂപ മുടക്കി. 24 ശതമാനം വർദ്ധനവ്. ഏറ്റവും ഒടുവിൽ അവസാ നത്തെ വർഷം 1563 കോടി രൂപ, അനുവദിച്ച തുക പദ്ധതിയുടേത്. മുടക്കിയ തോ, ചെലവഴിച്ചതോ 1764 കോടി രൂപ. 24 ശതമാനം. എല്ലാ വർഷവും യു. ഡി.എഫി.ന്റെ 5 വർഷക്കാലവും പദ്ധതി പ്രവർത്തനത്തിൽ 24 മുതൽ 30 ശത മാനം വരെ അടങ്കൽത്തുകയുടെ വർദ്ധനവ്. അതുപോലെതന്നെ 110 മുതൽ 120 ശതമാനം വരെ എക്സ്പെന്റിച്ചറും ഉണ്ടായി. ഒരു സ്റ്റേറ്റിന്റെ വികസന ത്തിന്റെ അളവുകോൽ പദ്ധതിയുടെ പെർഫോർമൻസിനെ ആശ്രയിച്ചിട്ടാണ്. ഇതാണ് യു.ഡി.എഫി.ന്റെ പെർഫോർമൻസ്. ഞങ്ങളുടെ 5 വർഷക്കാലത്തെ പദ്ധതിപ്രവർത്തനങ്ങളെക്കുറിച്ച് ഇന്നലെ അങ്ങ് ശ്രീമതി റോസമ്മ ചാക്കോ യുടെ ചോദ്യത്തിന്റെ ആദ്യ പകുതിയിൽ നൽകിയ ഉത്തരം. രണ്ടാമത്തെ ചോദ്യം ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വാർഷികപദ്ധതി ക്കുവേണ്ടി ഓരോ വർഷവും എന്തു തുക വീതം നീക്കിവച്ചിരുന്നു? ഉത്തരം- വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. അനുബന്ധം-ആദ്യ വർഷം തരക്കേടില്ല. 1996-97 ൽ 33 ശതമാനം വർദ്ധനവ്. ഞങ്ങളുടെ പിന്നാലെ വന്ന വർഷം ആണ്. ഞങ്ങൾ അധികാരം ഒഴിഞ്ഞതിനുശേഷം. ഞങ്ങളുടേയും നിങ്ങളുടേയും കൂടെയുള്ളത്. അല്ലെങ്കിൽ നിങ്ങളുടേതു തന്നെ. നിങ്ങളുടെ കാലത്ത് നടപ്പിലാക്കിയതാണ്. നിങ്ങളുടെ ക്രെഡിറ്റ്. ഞാൻ അവകാശപ്പെടുന്നില്ല. ആ 33 ശതമാനത്തിന്റെ ക്രെഡിറ്റ് അങ്ങേയ്ക്ക്. അങ്ങയുടെ ഗവണ്മെന്റിന്. രണ്ടാമത്തെ വർഷം, 1997-98. 30 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവ്. കൊള്ളാം. അങ്ങയുടെ ക്രെഡിറ്റ്. 3-ാം വർഷം 13 ശതമാനം വർദ്ധനവ്. നേരെ കുത്തനെ താഴെ പോന്നു. 30 ൽ നിന്നും 13. 1999-2000 - 4.83 ശതമാനം. ഈ സ്റ്റേറ്റിന്റെ വികസനം നിങ്ങൾ എവിടെ കൊണ്ടെത്തിച്ചു? ഈ സംസ്ഥാനത്തെ നിങ്ങൾ തകർത്തില്ലേ? വികസനപ്രവർത്തനങ്ങളെ മുഴുവൻ നിങ്ങൾ മരവിപ്പിച്ചില്ലേ? സ്തംഭിച്ചില്ലേ? ഇതാണോ ഈ 3 വർഷക്കാലത്തെ നിങ്ങളുടെ ഭരണ നേട്ടങ്ങൾ? ബഹുമാനപ്പെട്ട ഹംസ, 3 വർഷത്തെ ഭരണത്തിന്റെ വീഴ്ചകൾ പറഞ്ഞില്ല എന്നു പറഞ്ഞല്ലോ. അങ്ങ് താടിക്കു കൈയും കൊടുത്തിരിക്കുകയല്ലേ ഇപ്പോൾ? അങ്ങയുടെ മുഖ്യമന്ത്രി ഇന്നലെ നൽകിയ ഉത്തരമല്ലേ ഇത്? 30 ശതമാനം വരെ വാർഷിക പദ്ധതി ഉണ്ടായിരുന്ന സംസ്ഥാനത്ത് അത് 13 ശതമാനവും 4.83 ശതമാനവുമായി താഴ്ത്തിക്കൊണ്ടു വന്ന് വികസനം സ്തംഭിപ്പിച്ച നിങ്ങൾക്ക്, നിങ്ങളെക്കുറിച്ച് എന്തു പറയണം? മാത്രമല്ല, ഈ 4.83 ശതമാനം എന്നു പറഞ്ഞാൽ വാർഷിക നാണയപ്പെരുപ്പത്തിന്റെ കണക്കു കൂടി പരിശോധിച്ചാൽ, ഇൻഫ്ളേഷന്റെ തോതുകൂടി പരിശോധിച്ചാൽ അതിന്റെ അർത്ഥം ഈ കൊല്ലത്തെ വാർഷിക പദ്ധതി മൈനസിലാണ്. കഴിഞ്ഞവർഷത്തേക്കാൾ കുറവാണ്. നിങ്ങൾ ഈ സംസ്ഥാനത്തെ 21-ാം നൂറ്റാണ്ടിലേയ്ക്ക് നയിക്കാൻ പോകുകയാണ്. നിങ്ങളുടെ ഈ പദ്ധതികൾ, നിങ്ങൾ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളൊക്കെ എങ്ങനെ നടപ്പിലാക്കാനാണ്? പദ്ധതി ഇതാണ്? ഇത് അങ്ങയുടെ ഉത്തരമാണ്. അങ്ങ് വായിച്ചോ എന്ന് എനിക്കു സംശയമുണ്ട്. ബഹുമാനപ്പെട്ട കെ.എം. മാണിയും, ശ്രീ. കുഞ്ഞാലിക്കുട്ടിയും മറ്റു പല സുഹൃത്തുക്കളും ഈ ഗവണ്മെന്റിന്റെ കടക്കെണിയെക്കുറിച്ചു പറഞ്ഞു. അതുകൊണ്ട് ആ ഭാഗത്തേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 16,000 കോടി രൂപ വരെയുള്ള കടക്കെണിയെക്കുറിച്ച്. നിങ്ങളുടെ ധൂർത്തിനെക്കുറിച്ച് ഞാൻ പറയാം. അതു ബഡ്ജറ്റ് ഫിഗേഴ്സാണ്. പത്രം അല്ല. ബഡ്ജറ്റ് ഇൻ ബ്രീഫിലെ കണക്കാണ്. പത്രത്തിലെ അല്ല. ബഡ്ജറ്റ് ഇൻ ബ്രീഫിലെ പേപ്പേഴ്സാണ്. അങ്ങ് നേരത്തെ മുഖ്യമന്ത്രിയായി അധികാരം വിട്ടൊഴിഞ്ഞ വർഷം കേരളത്തിൽ റവന്യൂ ചെലവ് നിങ്ങൾ 118 ശതമാനം വരെ വർദ്ധിപ്പിച്ചു. 100 രൂപ വരവ് എങ്കിൽ നിങ്ങൾ 118 രൂപ ചെലവാക്കി. നോൺ പ്ളാൻ എക്സ്പെന്റിച്ചറും, നിങ്ങൾ റവന്യൂ എക്സ്പെന്റിച്ചറും 118 ആക്കി വർദ്ധിപ്പിച്ചു. അപ്പോൾ നിങ്ങൾ കഴിഞ്ഞപ്രാവശ്യം ഇറങ്ങിപോയത് ഈ സംസ്ഥാനത്തെ കടക്കെണിയിൽ ആക്കിയതിനുശേഷമാണ്. ധൂർത്ത് നടത്തിയതിനുശേഷമാണ്. നിങ്ങൾ റവന്യൂ എക്സ്പെന്റിച്ചർ 118 ശതമാനമായി വർദ്ധിപ്പിച്ച സ്ഥാനത്ത് ആണ് ഞങ്ങൾ ഇവിടെ വന്ന് പടിപടിയായി അത് കുറച്ച് 118 എന്നുള്ളത് ആദ്യവർഷം ഞങ്ങൾ 113 ആക്കി. പിന്നെ 110 ആക്കി. പിന്നെ 109 ആക്കി. അവസാനം ഞങ്ങൾ ഇറങ്ങിപ്പോകാൻ നേരത്ത് റവന്യൂ എക്സ്പെന്റിച്ചർ 107 ആയി കുറച്ചു. നിങ്ങൾ 118 ആയി ഉയർത്തിയത് ഞങ്ങൾ 107 ആയി കുറച്ചു. അവസാന വർഷത്തിൽ 5423 കോടി രൂപ റവന്യൂ വരവും 5826 കോടി രൂപ റവന്യൂ ചെലവും. വെറും 7 ശതമാനമായി റവന്യൂ ചെലവ് ഞങ്ങൾ നിയന്ത്രിച്ചു. നിങ്ങൾ 18 ശതമാനമായിട്ട് ഉയർത്തി. നിങ്ങളുടെ പോക്കാണെങ്കിൽ ഞങ്ങൾ 40 ആയിട്ട് വർദ്ധിപ്പിക്കേണ്ടതായിരുന്നു. ഞങ്ങൾ 7 ശതമാനമായിട്ട് കുറച്ചു. വിജയകരമായ 3-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ശ്രീ. ടി.കെ. ബാലനും, ശ്രീ. ടി.കെ. ഹംസയുമെല്ലാം ഈ സർക്കാരിന്റെ നേട്ടങ്ങൾ ഞങ്ങൾ എന്തുകൊണ്ട് കാണാതിരിക്കുന്നു എന്നു ചോദിച്ചു. ഞങ്ങൾ 7 ശതമാനമായി കുറച്ച റവന്യൂ ചെലവ് നിങ്ങൾ 124 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. 24 ശതമാനം വർദ്ധനവ്, 100 രൂപ വരവെങ്കിൽ 124 രൂപ ചെലവ്. ഈ സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

വികസനപ്രവർത്തനങ്ങൾക്ക് പണമില്ല. നോൺ പ്ലാൻ എക്സ്പെന്റിച്ചർ 24 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. അത് ഈ ധൂർത്തിന്റെ ഫലമായിട്ടുണ്ടായതാണ്. ഇവിടെ പദ്ധതിപ്രവർത്തനത്തിന് പണം ചെലവഴിക്കാതെ ധൂർത്തിനു വേണ്ടി പണം ചെലവഴിക്കുന്നതുകൊണ്ടാണ് ഈ സംസ്ഥാനം ഈ ഗതിയിലെത്തിയത്. അതിന്റെ ഒരു ചെറിയ a tip of the iceberg എന്നു പറഞ്ഞതു പോലെ ചെറിയ ഒരു ഉദാഹരണമാണ് പതിനാറര ലക്ഷം രൂപ മുടക്കി അങ്ങയുടെ ലേഖനങ്ങളും പ്രസംഗങ്ങളും അടിച്ചിറക്കിയത്. അങ്ങയുടെ ഗവണ്മെന്റിന്റെ ധൂർത്തിന്റെ ശൈലിക്കുദാഹരണമാണത്. ഈ സർക്കാർ ധൂർത്തിന്റെ സർക്കാരാണ്, ആർഭാടത്തിന്റെ സർക്കാരാണ്. എല്ലാ മേഖലയിലും ധൂർത്തും ആർഭാടവുമാണ്. അതിന്റെ കണക്കൊക്കെ വന്നിട്ടുണ്ടല്ലോ. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പുസ്തകത്തിന്റെ കാര്യം ഉദാഹരണമായി മാത്രം പറഞ്ഞതാണ്. ധൂർത്ത് ഈ സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. അതിന്റെ ഫലമായി ഈ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നു. അതിന്റെ ഫലമെന്താണ്? നിങ്ങൾ വന്ന് മൂന്നുവർഷം കഴിഞ്ഞപ്പോൾ തൊഴിലില്ലാത്തവരുടെ എണ്ണം 6 ലക്ഷമായി കൂടിയിരിക്കുന്നു. പുത്തനായ ആറു ലക്ഷം ചെറുപ്പക്കാർ തൊഴിലില്ലാത്തവരായി മാറിയിരിക്കുന്നു. ഈ സംസ്ഥാനത്തെ ഭരണം എന്നു പറഞ്ഞാൽ വികസനപ്രവർത്തനങ്ങളാണ്. ആ രംഗത്ത് ഈ സർക്കാർ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. വികസനം മരവിപ്പിച്ചിരിക്കുന്നു. എനിക്ക് ഈ സർക്കാരിനെക്കുറിച്ചുള്ള പ്രധാനപ്പെട്ട മൂന്നു പരാതികളിലൊന്നാണിത്. മറ്റൊന്ന് നിങ്ങൾ പ്രശ്നങ്ങളെ ദീർഘവീക്ഷണത്തോടുകൂടി കൈകാര്യം ചെയ്യുന്നില്ലായെന്നുള്ളതാണ്. ഈ കേരളത്തിന്റെ സമ്പദ്ഘടനയെ പിടിച്ചു നിർത്തുന്ന രണ്ടു ഘടകങ്ങളെന്താണ്? നാണ്യവിളകളുടെ വിലവർദ്ധനവും ഗൾഫിൽ നിന്നുള്ള പണത്തിന്റെ വരവുമാണ്. നാണ്യവിളകളുടെ വിലവർദ്ധനവിന് പരിഹാരമുണ്ടാക്കാനുള്ള പ്രഖ്യാപനങ്ങൾ കൃഷിക്കാർ കേട്ടുകേട്ടു മടത്തു. ഇങ്ങനെ ആളുകളെ കബളിപ്പിക്കരുത്. റബ്ബർ ഉൾപ്പെടെയുള്ള കാർഷികളുൽപ്പന്നങ്ങളുടെ വിലയിടിവിന് പരിഹാരമുണ്ടാക്കി കാർഷിക സമ്പദ്ഘടനയെ രക്ഷിക്കാൻ നിങ്ങളെക്കൊണ്ട് കഴിഞ്ഞിട്ടില്ല. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ സയന്റിസ്റ്റ്സ് നടത്തിയ പഠനപ്രകാരം കഴിഞ്ഞ മൂന്നു വർഷത്തിനകം ഗൾഫിൽനിന്നും ഏതാണ്ട് മൂന്നുലക്ഷം പേർ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചുവന്നിട്ടുണ്ട്. ഈ സർക്കാരിന് അതറിയാമോ? മൂന്നു ലക്ഷം പേർ പുതിയ തൊഴിൽനിയമങ്ങളാലും, വിസാ നിയമങ്ങളാലും, മണ്ണിന്റെമക്കൾ വാദത്താലും മറ്റുരാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ തള്ളിക്കയറ്റത്താലുമൊക്കെ അവിടെ നിന്ന് ജോലി നഷ്ടപ്പെട്ട് മടങ്ങിവന്നിരിക്കുന്നു. ഇനിയും കൂടുതൽ ആളുകൾ മടങ്ങിവരുമോയെന്ന് ആശങ്കയുണ്ട്. നമ്മുടെ ഗൾഫ് മേഖലയിൽ സമൃദ്ധിയുണ്ടായിരുന്ന കാലഘട്ടത്തിൽ കണ്ട ആഹ്ളാദവും ആവേശവും ഇന്ന് ഇല്ല. ഗൾഫിലെ പ്രശ്നമാണ് ഞാൻ പറയുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഗൾഫിൽ പ്രത്യേകിച്ച് സൗദി അറേബ്യ പോലെയുള്ള രാജ്യങ്ങളിൽ ചുരുങ്ങിയ കൂലിക്ക് ചൈനീസ് വർക്കേഴ്സ് വരുന്നത് ഇൻഡ്യയിൽ നിന്നുപോകുന്ന ആളുകൾക്ക് ക്ഷീണം സംഭവിക്കുന്നു എന്നുള്ള കാര്യം പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ.കെ. ആന്റണി</u> : ഉണ്ട്. ചൈനയിൽനിന്നും, പാലസ്തീനിൽ നിന്നും, ഫിലിപ്പിയൻസ്, പാകിസ്ഥാൻ എന്നിവിടങ്ങളിൽനിന്നും ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ വരുന്നുണ്ട്. അതുപോലെ അവിടെയുണ്ടായ സാമ്പത്തിക കുഴപ്പങ്ങളും. എണ്ണയുടെ വിലയിടിവും ..... ഞാൻ എന്റെ പ്രസംഗത്തിൽ ഗവണ്മെന്റിനെ കുറ്റപ്പെടുത്തിയില്ലല്ലോ. ഞാൻ കുറ്റപ്പെടുത്തിയത് ഈ ആപൽക്കരമായി വളർന്നുവരുന്ന പുതിയ സ്ഥിതിവിശേഷം ലക്ഷോപലക്ഷം കുടുംബങ്ങളെ നിലനിർത്തിയിരുന്നു, കേരളത്തിന് ഐശ്വര്യം പ്രദാനം ചെയ്തിരുന്ന ലക്ഷക്കണക്കിന് ആളുകൾ ഗൾഫിൽനിന്നും മടങ്ങിവന്നുകൊണ്ടിരിക്കുന്നു. അങ്ങോട്ടുള്ള പോക്ക് കുറയുന്നു. ഇങ്ങോട്ടുള്ള വരവ് കൂടുന്നു. മൂന്നുവർഷം കൊണ്ട് മൂന്നുലക്ഷംപേർ തിരിച്ചുവന്നു. ഇവരുടെ പുനരധിവാസത്തിനു വേണ്ടി അങ്ങ് ധാരാളം പ്രാവശ്യം ഗൾഫിൽ സഞ്ചരിക്കുന്ന ആളല്ലേ, ഗൾഫിൽ നിന്നും ആളുകൾ മടങ്ങിവരുന്നില്ലേ? ഗൾഫിൽ നിന്നും ആളുകൾ മടങ്ങിവരുന്നില്ലായെന്നാണ് അങ്ങ് ധരിക്കുന്നതെങ്കിൽ അങ്ങയുടെ യാത്ര കൊണ്ട് യാതൊരു പ്രയോജനവുമില്ല. പണ്ടത്തെ കാലത്ത് പത്തും പതിനായിരവും വച്ചാണ് ആളുകൾ മടങ്ങിവന്നിരുന്നത്. അതിന്റെ 25 ഇരട്ടി ആളുകൾ പോകുമായിരുന്നു. ഇപ്പോൾ പോകുന്നവരുടെ എണ്ണം കുറഞ്ഞു. മടങ്ങുന്നവരുടെ എണ്ണം കൂടി. സൗദിയിൽ നിന്നുതന്നെ എത്ര ആളുകളാണ് മടങ്ങി വരുന്നത്. അതിന് പല കാരണങ്ങളുണ്ട്. ഏതായാലും ഞാൻ തർക്കിക്കാനില്ല. എന്റെ അഭിപ്രായമാണ് ഞാൻ പറയുന്നത്. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് മൂന്നുലക്ഷം പേർ ഗൾഫിൽനിന്നും മടങ്ങിവന്നിരിക്കുന്നു. ഇനിയും ആളുകൾ മടങ്ങിവരാനുള്ള സാധ്യത വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് ഈ പ്രശ്നം ഗവണ്മെന്റ് ഗൗരവമായി കാണണം. അവിടെ ആളുകളെ നിലനിർത്താനാവശ്യമായ കാര്യങ്ങൾ ഇൻഡ്യൻ എംബസിവഴി ചെയ്യണം. അവിടെ തൊഴിൽ കിട്ടാനുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ ആകുന്നത്ര ശ്രമിക്കണം. അതോടൊപ്പം ജീവിതത്തിലെ ചോരത്തിളപ്പുള്ള പ്രായംമുഴുവൻ അവിടെ പോയി നാടിനുവേണ്ടി, നാട്ടിലെ കുടുംബങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ട് തിരിച്ചുവരുന്നവരെ സഹായിക്കാനുള്ള എന്തെങ്കിലും പരിപാടികൾ നമ്മൾ ആലോചിക്കണം എന്നാണ് എന്റെ അഭിപ്രായം. നിങ്ങൾക്ക് അവരോട് സിമ്പതിയില്ല. അവരുടെ കാശുമാത്രം മതിയെങ്കിൽ എനിക്ക് വിരോധമില്ല. എന്റെ അഭിപ്രായമാണ് ഞാൻ പറയുന്നത്. മറ്റൊന്ന് എനിക്ക് പറയാനുള്ളത് ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ഇസ്മയിൽ എനിക്ക് അങ്ങയെക്കുറിച്ചാണ് പറയാനുള്ളത്. കേരളത്തിൽ കാലവർഷക്കെടുതിയിലും തുലാവർഷക്കെടുതിയിലും പെട്ട് എല്ലാ വർഷവും കുറെസ്ഥലങ്ങളിൽ ചിലപ്പോൾ സ്റ്റേറ്റ് ഒട്ടാകെതന്നെ കെടുതിയുണ്ടാകാറുണ്ട്. സ്റ്റേറ്റ് ഗവണ്മെന്റിനെക്കൊണ്ട് കഴിയുന്ന സഹായം ഗവണ്മെന്റ് ചെയ്യും. സ്റ്റേറ്റ് ഗവണ്മെന്റ് മാത്രം വിചാരിച്ചാൽ വമ്പിച്ച തോതിൽ നാശനഷ്ടങ്ങളുണ്ടായാൽ അതിന് പരിഹാരമുണ്ടാക്കാൻ കഴിയുകയില്ല. നമ്മൾ കേന്ദ്രത്തിന്റെ സഹായം ചോദിക്കും. നമ്മുടെ പ്രതീക്ഷയ്ക്കൊത്തവണ്ണമില്ലെങ്കിലും കുറെയൊക്കെ കേന്ദ്രവും സഹായിക്കും. പിന്നെ കുറെ സഹായങ്ങൾ വോളന്ററി ഏജൻസികൾ കൊടുക്കും. പക്ഷെ കേരളത്തിൽ ഇത്തവണത്തെ കാലവർഷക്കെടുതിയുടെ സമയത്ത് ഈ സർക്കാർ സന്ദർഭത്തിനൊത്ത് പ്രവർത്തിച്ചില്ല. നിങ്ങൾ രണ്ടാഴ്ചക്കാലം ഉറങ്ങിക്കിടന്നു. എത്ര പറഞ്ഞാലും നിങ്ങൾ നന്നാവുകയില്ല. അത് വളരെ തീർച്ചയാണ്. എന്നെ തല്ലണ്ടമ്മാവാ ഞാൻ ആരു പറഞ്ഞാലും നന്നാവുകയില്ല എന്നുപറഞ്ഞപോലയാണ് നിങ്ങളുടെ കാര്യം. എനിക്കെല്ലാമറിയാം എന്നുള്ള ഭാവംതന്നെ അങ്ങയെ അപകടത്തിൽ ചാടിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാനെന്ന ഭാവം ആർക്കുണ്ടാകുന്നോ അവർക്കെല്ലാം തകർച്ചയുടെ ആരംഭമാണ്. അങ്ങ് ആ ഭാവത്തിലേയ്ക്ക് പോകരുത്. ശ്രീ. ഹംസയ്ക്ക് മുഖ്യമന്ത്രിയെ ഡിഫന്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തെങ്കിലും പ്രയോജനം കിട്ടുന്നെങ്കിൽ കിട്ടിക്കോട്ടേ. എനിക്ക് വിരോധമില്ല. ഞാൻ പറഞ്ഞത് മുഖ്യമന്ത്രി അങ്ങനെ എല്ലാ കാര്യത്തിലും കണ്ണടച്ച് വിശ്വസിക്കരുത്. ഇത്തവണ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടക്കത്തിൽ ഗവണ്മെന്റ് ഒന്നും ചെയ്തിട്ടില്ല. തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച്. രാവിലെ ഇവിടെ പറഞ്ഞു കേട്ടു. തീരപ്രദേശങ്ങളിൽ സഞ്ചരിച്ചിട്ട് ഞാൻതന്നെ റവന്യൂ മിനിസ്റ്ററെ ടെലിഫോണിൽ വിളിച്ചുപറഞ്ഞു. കയർ തൊഴിലാളി പണിമുടക്ക് വിജയകരമായി അവസാനിപ്പിച്ചുവെന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും കേരളത്തിലെ കയർമേഖലയിലെ 90 ശതമാനം സ്ഥലങ്ങളിലും കയർ ഫാക്ടറികളുടെയോ കയർപിരിയുടെയോ പണി ആരംഭിച്ചിട്ടില്ല. ചേർത്തല, അമ്പലപ്പുഴ - ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ നാട്, എന്റെ നാട്-അവിടെയൊന്നും ഇപ്പോഴും കയറിന്റെ പണി ആരംഭിച്ചിട്ടില്ല. ഞാൻ 14-ാം തീയതിയും 15-ാം തീയതിയും അവിടെ പോയതാണ്. അതിനുശേഷമാണ് ഞാൻ അദ്ദേഹത്തെ വിളിച്ചത്. കയർ തൊഴിലാളികൾ പട്ടിണിയിൽ. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് കടലിലും കായലിലും പണിക്ക് പോകുവാൻ കഴിയുന്നില്ല. കർഷകത്തൊഴിലാളികൾക്ക് പണിയില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പണിയില്ല. അങ്ങനെ തീരദേശം പട്ടിണിയിൽകിടന്ന അവസരത്തിൽ സൗജന്യ റേഷൻ കൊടുത്തില്ല. സ്റ്റേറ്റുമെന്റ് ഇറക്കുക മാത്രമല്ല, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ടെലിഫോണിൽ വിളിച്ചു പറഞ്ഞു. തീരപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച ശേഷമാണ് ഞാൻ പറഞ്ഞത്. തീരപ്രദേശങ്ങളിലൊക്കെ കൊടും പട്ടിണിയാണ്, നിങ്ങൾ അവിടെ സൗജന്യ റേഷൻ കൊടുക്കണമെന്ന്. എന്റെ അനുഭവത്തിൽ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ സമീപകാലത്ത് ഇത്രയും ക്ഷാമത്തിന്റെയും പട്ടിണിയുടെയും അന്തരീക്ഷം ഞാൻ നേരിട്ട് കണ്ടിട്ടില്ല. കണ്ടതിനുശേഷം ആദ്യം ഞാൻ കളക്ടറെ വിളിച്ചു. സർക്കാരിന്റെ നിർദ്ദേശം പത്രത്തിലുണ്ട്. കളക്ടർമാർക്ക് അധികാരം കൊടുത്തിരിക്കുന്നു. ആലപ്പുഴ കളക്ടറെ വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഞങ്ങൾക്ക് അധികാരമുണ്ടെന്ന് പറഞ്ഞാലും ഞങ്ങൾക്ക് ക്യാമ്പിലുള്ളവർക്ക് കൊടുക്കുവാനേ അധികാരമുള്ളൂ. മറ്റേത് തിരുവനന്തപുരത്തു നിന്നും ഉത്തരവ് വന്നാൽ മാത്രമേ പറ്റൂ എന്ന് ആലപ്പുഴ കളക്ടർ പറഞ്ഞു. ഇതുതന്നെയാണ് മറ്റു ജില്ലകളിലേയും സ്ഥിതി. എന്നിട്ട് നിങ്ങൾ കളക്ടറുടെ മീറ്റിംഗിൽ.....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : അമ്പലപ്പുഴ ഉടനെ കൊടുത്തില്ലേ?

ശ്രീ. എ.കെ. ആന്റണി : അമ്പലപ്പുഴ മന്ത്രി ഉണ്ടായിരുന്നതുകൊണ്ട് കൊടുത്തു. മന്ത്രിയെ നിങ്ങൾ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നതുകൊണ്ട്, അപ്പോൾ മന്ത്രിമാർ തമ്മിലുള്ള ശുപാർശ മാത്രം മതിയോ? മന്ത്രിമാർ മതിയോ; മറ്റുള്ളവർ വേണ്ടേ? അമ്പലപ്പുഴ കൊടുത്തു, മന്ത്രിയുടെ നാടായ മുഹമ്മയിൽ കൊടുത്തു; മരാരിക്കുളത്ത് കൊടുത്തു. ഇന്നലെ വൈകുന്നേരം വിളിച്ചു ചോദിച്ചപ്പോൾ പറഞ്ഞു, ബി.പി.എൽ.-ൽ (ബിലോ പോവർട്ടി ലൈൻ) ഉള്ളവർക്ക് കൊടുക്കുവാൻ ഇന്നലെ തിരുവനന്തപുരത്തുനിന്നും വിളിച്ചു പറഞ്ഞതായി പറഞ്ഞു. ഇനി അത് കിട്ടാൻ ഒരാഴ്ച പിടിക്കും. ജൂലൈ ആദ്യം കിട്ടും. ജൂൺ ആദ്യവാരത്തിൽ വെള്ളം കയറി പട്ടിണിയായി. ഇവിടത്തെ കയർത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും കെട്ടിട നിർമ്മാണത്തൊഴിലാളികൾക്കും ഒരു മാസം കഴിഞ്ഞ് അടുത്ത മാസം നിങ്ങൾ സൗജന്യ റേഷൻ കൊടുക്കുവാൻ പോകുന്നു. നിങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ മനുഷ്യന്റെ പ്രയാസങ്ങൾ മനസ്സിലാക്കുവാൻ കഴിയാത്ത ദന്തഗോപുരവാസികളായി മാറിക്കഴിഞ്ഞിരിക്കുന്നു. അതാണ് നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കാത്തത്. നിങ്ങൾ കളക്ടറുടെ മീറ്റിംഗ് വിളിച്ചുകൂട്ടി. അസംബ്ലി തുടങ്ങുവാൻ പോകുന്നു, 21-ാം തീയതി അസംബ്ലി തുടങ്ങും, ഒരു പക്ഷേ അടിയന്തിര പ്രമേയം വരും, കാളിംഗ് അറ്റൻഷൻ വരും. ചർച്ച ഉണ്ടാകും. പ്രതിപക്ഷം ബഹളം ഉണ്ടാക്കും, അതുകൊണ്ട് അസംബ്ലിയെ നേരിടുവാൻ വേണ്ടി അസംബ്ലി തുടങ്ങുന്നതിനു തൊട്ടുതലേദിവസം നിങ്ങൾ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി. ഇന്നലെ 4 ജില്ലകളിലെ കളക്ടർമാർ വിളിച്ചു പറഞ്ഞു, ബി.പി.എൽ. (ബിലോ പോവർട്ടി ലൈൻ) കാർക്ക് സൗജന്യറേഷൻ കൊടുക്കുവാൻ പറഞ്ഞു. കൃഷിക്കാർക്ക് എന്തു ചെയ്തു? ഇതുതന്നെ അടുത്ത ആഴ്ചയേ കിട്ടുകയുള്ളൂ. ഒരു മാസം കഴിഞ്ഞ് കിട്ടും. പട്ടിണി കിടക്കുന്നവർക്ക് ഒരു നേരത്തെ ആഹാരം കൊടുക്കുന്നത്, ഒരു മാസംകൂടി അവരെ പട്ടിണിക്ക് കിടത്തി ആകണമെന്നുള്ളത് എന്തു ദുരിതാശ്വാസമാണ്? നിങ്ങൾക്ക് അറിയില്ലല്ലോ; കൃഷിക്കാർക്ക് എന്തു ചെയ്തു?. കാർഷികമേഖല, വെള്ളപ്പൊക്കത്തിന്റെ ഫലമായി, കാലവർഷത്തിന്റെ ഫലമായി കൃഷിനാശം സംഭവിച്ച കർഷകർക്ക് പുതിയ വിളവിറക്കുവാൻ എന്ത് സഹായം ചെയ്തു? ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രസ്താവന ദിവസവുമുണ്ട്. ഞാൻ ഇന്ന് കളക്ടറേറ്റിൽ വിളിച്ചു ചോദിച്ചു. ഇതുവരെ കൃഷി ഡിപ്പാർട്ടുമെന്റ് അര കാശിന്റെ സഹായം കൃഷിക്കാർക്ക് കൊടുത്തില്ല. ഇന്നു രാവിലെ വരെ കൊടുത്തില്ല. ഇന്നു രാവിലെ ഞാൻ അന്വേഷിച്ചു. ഇന്നു രാവിലെ വരെ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു സഹായവും നൽകിയിട്ടില്ല. ആധികാരികമായിട്ട് ഞാൻ പറയുകയാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ കാര്യത്തിൽ ഇത്രയേറെ ഉദാസീനത കാണിച്ച .....
(ബഹളം) .....

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : 1995-ലെ വെള്ളപ്പൊക്കം കൊണ്ടുള്ള കാർഷികകെടുതിക്ക് നഷ്ടപരിഹാരം ഇപ്പോഴാണ് ഞാൻ കൊടുക്കുന്നത്. നിങ്ങൾ മുഖ്യമന്ത്രി ആയിരുന്ന കാലത്തെ ശ്രീ. കെ.എം. മാണി റവന്യൂ വകുപ്പുമന്ത്രി ആയിരുന്ന കാലത്തെ.....

ശ്രീ. എ.കെ. ആന്റണി : 1995-ൽ ഏതെങ്കിലും കൃഷിക്കാർക്ക് കൊടുക്കുന്നതിൽ അന്നത്തെ ഗവൺമെന്റ് വീഴ്ച വരുത്തിയെങ്കിൽ ആ വീഴ്ച നിങ്ങൾ പരിഹരിച്ചത് 4 കൊല്ലം കഴിഞ്ഞല്ലേ; നാലു വർഷം കഴിഞ്ഞിട്ട്. നിങ്ങൾ ഭയങ്കരന്മാരാണല്ലോ. നാല് വർഷം കഴിഞ്ഞ്.....

ശ്രീ. കെ.എം. മാണി : അന്ന് ഈ മഹാന്മാർ പ്രതിപക്ഷത്ത് ഉണ്ടായിരുന്നല്ലോ, ഈ മഹാന്മാർ ഒരക്ഷരം പറയുവാൻ ഉണ്ടായിരുന്നോ; അന്ന് വായ് മൂടികെട്ടിയിരിക്കുകയായിരുന്നോ?

ശ്രീ. എ.കെ. ആന്റണി : എനിക്ക് ഈ ഗവൺമെന്റിലെ മന്ത്രിമാരോട് പറയുവാനുള്ളത് മുഖ്യമന്ത്രി അടക്കം, റവന്യൂ മന്ത്രി അടക്കം, കൃഷിമന്ത്രി അടക്കമുള്ള മന്ത്രിമാരോട് പറയുവാനുള്ളത് ജനങ്ങൾക്കിടയിൽ ഇറങ്ങി നടന്നതിനുശേഷം ഞങ്ങൾ കണ്ടെത്തുന്ന സത്യങ്ങളും പരാതികളും പറയുമ്പോൾ അഹങ്കാരത്തിന്റെ ഭാഷയിൽ സംസാരിക്കുന്നത് നല്ലതല്ല. ഇതിന് നിങ്ങൾ ജനകീയ കോടതിയിൽ സമാധാനം പറയേണ്ടിവരും എന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ ആ അദ്ധ്യായം അവിടെ നിറുത്തി.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : എന്ന് കൃഷിനാശം ഉണ്ടായാലും നാശം ഉണ്ടാകുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

ക്യാഷ് കൊടുക്കുവാൻ ഒക്കുമോ ഗവൺമെന്റിന്; എന്നെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി.പി. തങ്കച്ചൻ : ഞാൻ കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കൊടുത്താൽ അത് മുഴുവനും അഴിമതിയാകും. കൃഷി ഡിപ്പാർട്ടുമെന്റ് നഷ്ടം അസസ് ചെയ്യാതെ ക്യാഷ് കൊടുക്കുമോ? എങ്കിൽ അതുകൂടെ അന്വേഷിക്കണം.

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുവാനുള്ളത്, അങ്ങ് പറഞ്ഞതുകൊണ്ട് പറയുകയാണ്. ഞാൻ അന്വേഷിച്ചപ്പോൾ വേറൊന്നു മനസ്സിലായി. രണ്ട് വില്ലേജുകളിൽ റവന്യൂ ഡിപ്പാർട്ടുമെന്റ് ചില കൃഷിക്കാർക്ക് സഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പറഞ്ഞു, ഞങ്ങൾ അറിയാതെ കൊടുക്കുവാൻ പറ്റില്ലെന്ന്. ഡിപ്പാർട്ടുമെന്റ് തർക്കം അവിടെയാണ്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള മത്സരവും, അധികാര തർക്കവും, മന്ത്രിമാർ തമ്മിലുള്ള വടംവലിയും ഇതിന്റെ ഫലമെന്താണ് ഒരു മാസം നിങ്ങൾ ഒന്നും ചെയ്തില്ല. ഒരു മാസം നിങ്ങൾ ഉറങ്ങിക്കിടന്നു. ഒരു മാസക്കാലം നിങ്ങൾ ഈ രംഗത്ത് ഒന്നും ചെയ്തില്ല എന്നതാണ് ഞങ്ങളുടെ പരാതി. അത് നിങ്ങൾക്ക് നിഷേധിക്കാം. പക്ഷേ ഈ ഭാഷയിലുള്ള നിഷേധം ഒരു ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമല്ല. നിങ്ങൾക്ക് ഇഷ്ടം പോലെ പറയാം, ഭൂരിപക്ഷം ഉണ്ടല്ലോ. അടിച്ച് ഇരുത്താം. അതിൽ വിരോധവുമില്ല. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച്.....

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : പ്രതിപക്ഷ നേതാവിന് ഒരുപാട് മാറ്റം ഉണ്ടാകുന്നു.

ശ്രീ. എ.കെ. ആന്റണി : കഴിഞ്ഞ 5 വർഷക്കാലം അസംബ്ലിയ്ക്കകത്ത് ബഹളം ഉണ്ടാക്കുവാൻ നേതൃത്വം കൊടുത്ത ശ്രീ. കെ.ഇ. ഇസ്മയിൽ ഇന്നു രാവിലെ ബഹുമാനപ്പെട്ട സ്പീക്കറോട് പറയുകയാണ് കൃത്യം ഒന്നരയ്ക്കു അവസാനിപ്പിക്കണം. ശ്രീ. കെ.ഇ. ഇസ്മയിലിന് വന്ന മാറ്റം ഞാൻ രാവിലെ കണ്ടു. അത്ര മാറ്റം എനിക്ക് ഉണ്ടായിട്ടില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : എന്നെപോലെ ആകരുത്. നിങ്ങൾ എന്റെ പഴയ കാലത്തോട്ട് പോകരുത്.

ശ്രീ. എ.കെ. ആന്റണി : ഈ മന്ത്രിസഭയിലെ ഏറ്റവും മിതവാദികൾ എന്നുപറയുന്ന, സൗമ്യർ എന്നുപറയുന്ന മന്ത്രിമാർപോലും രൂപത്തിലും ഭാഷയിലും ഭാവത്തിലും മാറി. നിങ്ങൾക്ക് തലക്കനം വന്നുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ധാരണ പ്രതിപക്ഷം ദുർബലമാണ്. ഞങ്ങൾക്ക് എന്തും ചെയ്യാം. ചോദിക്കുവാൻ ആളില്ല എന്നുള്ള അഹങ്കാരത്തിന്റെ ഭാഷ. മൂന്നുവർഷമായിട്ട് പ്രതിപക്ഷത്തിനോട് സംസാരിക്കുവാൻപോലും തയ്യാറാകാതെ നിങ്ങളിൽ വന്നിരിക്കുന്നത് അഹങ്കാരമാണ്. ധിക്കാരം, അതു നിങ്ങൾക്ക് വന്നിരിക്കുന്നു. എല്ലാപേർക്കും, ഈ മന്ത്രിസഭയ്ക്കു ഒന്നടങ്കം വന്നിരിക്കുന്ന മുഖമുദ്ര അഹങ്കാരമാണ്. ഈ മന്ത്രിസഭയുടെ മന്ത്രിമാരുടെ പ്രസംഗങ്ങളിൽ അവരുടെ ഭാഷയിൽ മാറ്റം വന്നിരിക്കുന്നു. അഹങ്കാരത്തിന്റെ ദാർഢ്യം നിങ്ങൾക്ക് വന്നിരിക്കുന്നു. 'വിനാശകാലേ വിപരീതബുദ്ധി'.

5.00 p.m.

സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കൂടുതൽ പറയുന്തോറും എന്റെ പഴയ സുഹൃത്തുക്കളുമായി ആവശ്യത്തിലേറെ കലമ്പലുണ്ടാകുകയാണ്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും കാര്യങ്ങൾ കേൾക്കാനുള്ള സഹിഷ്ണുത പോലും അവർക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ പറയുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ സ്വാതന്ത്ര്യത്തിനുശേഷം പാർലമെന്ററി രാഷ്ട്രീയം ആരംഭിച്ച കാലഘട്ടം മുതൽ ഭാരതീയ ജനസംഘവുമായി. അതിനുശേഷം ബി.ജെ.പി.യുമായി അവരുടെ രാഷ്ട്രീയ നയങ്ങളുമായി ..... (ബഹളം) ..... 1989-ൽ ചായ കുടിച്ചു കൊണ്ടിരുന്നതും അത്താഴം കഴിച്ചുകൊണ്ടിരുന്നതും നിങ്ങളുടെ ആളുകൾ ആണ്. വി.പി. സിംഗിന്റെ വീട്ടിൽ എല്ലാ ബുധനാഴ്ചയും രാത്രി പോയി അത്താഴം കഴിക്കുന്ന സുർജിത്തിന്റെയും അദ്വാനിയുടെയും ഇ.എം.എസി.ന്റേയും ഫോട്ടോ പത്രത്തിൽ ദിവസവും വരാറുണ്ട്. എന്തിനാണ് എന്നെക്കൊണ്ട് വെറുതെ പഴയ കാര്യങ്ങൾ പറയിപ്പിക്കുന്നത്? കഴിഞ്ഞകാല ചരിത്രം എന്തിനാണ് പറയുന്നത്. ആർ.എസ്.എസുകാർ വർഗ്ഗീയവാദികളാണെങ്കിലും അവർ അടിയന്തിരാവസ്ഥ കാലത്ത് ജനങ്ങളുടെ കൂടെ ജയിലിൽ കിടന്നവരായതുകൊണ്ട് ഞങ്ങളൊരുമിച്ചു പ്രവർത്തിക്കുന്നു എന്നുള്ള ഏറ്റവും പുതിയ തീസിസ് അവതരിപ്പിച്ച് നിങ്ങളുടെ കാര്യം എന്തിനാണ് ഞാൻ പറയുന്നത്? കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, ഞങ്ങൾ ബി.ജെ.പി.യുടെ ഭരണം തിരിച്ചുവരാൻ ആഗ്രഹിക്കുന്നില്ല. 13 മാസക്കാലത്തെ വാജ്പേയി ഗവൺമെന്റിന്റേയും അതിനുശേഷമുള്ള ഇടക്കാല ഗവൺമെന്റിന്റേയും പ്രവർത്തനങ്ങൾ ഈ രാജ്യത്തെ നാശത്തിലേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അടുത്ത ലോക്സഭയിൽ ബി.ജെ.പി.യുടെ ഒരു ഗവൺമെന്റ് തിരിച്ചു വരരുതെന്നാണ് കോൺഗ്രസ്സിന്റെ ആഗ്രഹം. അതിനുപകരം കോൺഗ്രസ്സ് നേതൃത്വമുള്ള ഒരു ഗവൺമെന്റ് ഇൻഡ്യയിലെ മറ്റു ജനാധിപത്യ മതേതര ശക്തികളുടെ സഹായത്തോടുകൂടി സംസ്ഥാനങ്ങളിലെ പൂർവ്വ സാഹചര്യം അനുസരിച്ച് അവരുടെയെല്ലാം സഹായത്തോടുകൂടി ഒരു ഗവൺമെന്റുണ്ടാക്കുക എന്നുള്ളതാണ് കോൺഗ്രസ്സിന്റെ നയപരമായ കാഴ്ചപ്പാട്. എനിക്ക് ഇന്നത്തെ ചർച്ച കേട്ടപ്പോൾ, ശ്രീ. ആനത്തലവട്ടം ആനന്ദൻ മുതൽ ശ്രീ. ടി.കെ. ഹംസ വരെയുള്ളവരുടെ പ്രസംഗം കേട്ടപ്പോൾ, നിങ്ങൾ മാർക്സിസ്റ്റു പാർട്ടിയുടെ ആൾ ഇൻഡ്യാ ഘടകത്തിൽ തന്നെ നിലയുറപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതോ കേരളത്തിൽ ഒരു പുതിയ കോൺഗ്രസ്സ് വിരുദ്ധ ലൈൻ എടുത്തുകൊണ്ട് കൺട്രോൾ കമ്മിഷന്റെ തീരുമാനം ധിക്കരിച്ചതുപോലെ ആൾ ഇൻഡ്യാ ലൈനിനെ ധിക്കരിച്ചു കൊണ്ടുപോകാൻ ആഗ്രഹിക്കുകയാണോ ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അവിടെ നയം മാറിക്കൊണ്ടിരിക്കുകയാണ്. ലോക്സഭ പിരിച്ചുവിടുന്നതിനുമുമ്പ് 23/4-ലെ ദേശാഭിമാനി പത്രത്തിൽ 'കോൺഗ്രസ്സ് അല്ലെങ്കിൽ തെരഞ്ഞെടുപ്പ്' സുർജിത് എന്നു വാർത്ത വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈയിടെ ഷില്ലോംഗിൽ പോയിരുന്നു. 'സോണിയാഗാന്ധിയെ എതിർക്കുന്നതിൽ ന്യായമല്ല; - ശ്രീ. ഇ.കെ. നായനാർ', ഏപ്രിൽ 24-ലെ ദേശാഭിമാനിയിലെ വാർത്തയാണ്. വിദേശിയാണെന്നതിന്റെ പേരിൽ സോണിയാഗാന്ധി പ്രധാനമന്ത്രി ആകുന്നതിനെ എതിർക്കുന്നതിൽ ന്യായീകരണമില്ലെന്ന് കേരള മുഖ്യമന്ത്രിയും സിപി.ഐ.(എം) പോളിറ്റ്ബ്യൂറോ അംഗവുമായ ശ്രീ. ഇ.കെ. നായനാർ വ്യക്തമാക്കി. വിദേശിയായ എ.ഒ. ഹ്യൂം ആണ് കോൺഗ്രസ്സ് സ്ഥാപിച്ചത്. സ്വാതന്ത്ര്യസമരക്കാലത്ത് മറ്റൊരു വിദേശിയായ ആനിബസന്റ് കോൺഗ്രസ്സ് അദ്ധ്യക്ഷയുമായി. പിന്നെ എന്തുകൊണ്ട് സോണിയാഗാന്ധിക്ക് ഇൻഡ്യയുടെ പ്രധാനമന്ത്രി ആയിക്കൂടാ, ശ്രീ. നായനാർ ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സോണിയാഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രി ആകരുത് അവരുടെ ജന്മസ്ഥലം ഇൻഡ്യക്ക് പുറത്തായതുകൊണ്ട് എന്നു പറയുന്ന അഭിപ്രായം തെറ്റാണെന്നാണ് സി.പി.ഐ.(എം) ന്റെ വ്യക്തമായ നിലപാട്. അതാണ് സഖാവ് നായനാർ പറഞ്ഞത്. അവർ വിദേശിയാണെന്ന് പറഞ്ഞ് ബി.ജെ.പി.യുടെ സ്വരത്തിൽ ഞങ്ങൾ സംസാരിച്ചില്ല എന്നുള്ളതാണ്. സോണിയാഗാന്ധി പ്രധാനമന്ത്രി ആകുന്നതിന് ഞങ്ങൾക്ക് യാതൊരു എതിരുമില്ല. ഇറ്റലിയിൽ ജനിച്ചു എന്നുള്ളതുകൊണ്ട് അവർക്കും പ്രധാനമന്ത്രിയാകാം. അതു സി.പി.ഐ.(എം)ന്റെ ഡിക്ലയേർഡ് പോളിസിയാണ്. അതാണ് പോളിറ്റ് ബ്യൂറോ മെമ്പറായിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീ. എ.കെ. ആന്റണി : ഇനി ദേശാഭിമാനി വിട്ടിട്ട് 'പീപ്പിൾസ് ഡെമോക്രസിയിലെ മേയ്-30-ലെ (ഏറ്റവും ഒടുവിലത്തെ ലക്കം) ലക്കത്തിൽ ഹർകിഷൻ സിംഗ് സുർജിത്തിന്റെ ഒരു ലേഖനമുണ്ട്. അതു നിങ്ങൾ കേൾക്കണം. അതു നിങ്ങൾ മനസ്സിലാക്കി പോകണം.

The BJP's standson on the so called issue of foreign origin is motivated by chauvinism with a communal tinge. The Sonia issue had been decided long before the BJP sought to take it up. While it is anti-democratic to deprive any citizen of his or her rights under the Constitutions, there is no other factor to stand against Mrs. Gandhi. Sonia Gandhi took over the Congress campaign in the midst of the 1998 Lok Sabha elections, and later on the reins of the party itself. Nobody then raised any objection to her taking over as the Congress President, not even the BJP. Her origin was not an issue at that time.

How did it suddenly become an issue, so much so that it threatened to take the centre-stage? The reasons is : the fear of the BJP leadership to face the people on the basis of their Government's performance.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഞാൻ മലയാളത്തിൽ പറഞ്ഞത് അതിൽ ഇംഗ്ലീഷിലുണ്ട്. അത്രേയുള്ളൂ.

ശ്രീ. എ.കെ. ആന്റണി : ഞാൻ അടുത്ത ഭാഗം വായിക്കാം.

Soon following the footsteps of the BJP, three Congressmen – Sharead Pawar, P.A. Sangma and Tariq Anwar raised a banner of revolt within the Congress.

It is a mystery as to why Pawar raised objection earlier when there was a possibility of Mrs. Gandhi heading a Congress Government, after the fall of the Vajpayee Government. Pawar was leader of the opposition in the Lok Sabha and was himself party to asking Sonia Gandhi to stake claim for forming an alternative Government after the Vajpayee Government lost the confidence vote. He was very much part of the Congress delegation that went and met the President of India to stake claim. Had not the SP headed by Mulayam Singh and the RSP and forward Block refused to support a Congress Government, Smt. Sonia Gandhi would have become the Prime Minister.

ഇനിയും അതിലെ പ്രസക്തമായ ഭാഗം വരുന്നതേയുള്ളൂ. As against the claims made by the Congress dissidents, the fact of the matter is that, excluding Maharashtra to an extent, they will not be able to make any impact

LIBRARY ARCHIVES Kerala Legislative Assembly

elsewhere. Their projection of a third front it edged against the third alternative projected by the Left. പവാറും കൂട്ടരും പറയുന്നത് ലെഫ്റ്റിന്റെ ആശയമായ മൂന്നാം മുന്നണിയെ ക്ഷീണിപ്പിക്കുമെന്നാണ്. Now there is a further resetback with the Pawar – Sangma – Anwar revolt which has weakend the Congress, the only national party capable of challenging the BJP.

The BJP's game and the three Congress dissidents move to raise the foreigners issue will not succeed. This will become increasingly clear in the run-up to the election in the coming days.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞങ്ങളുടെ പാർട്ടിയുടെ ഓൾ ഇന്ത്യാ ഓർഗനൈസേഷനാണ് പീപ്പിൾസ് ഡെമോക്രസി. അതിൽ വന്ന ജനറൽ സെക്രട്ടറിയുടെ ആർട്ടിക്കിൾ വായിച്ച് ഇത്രയും കാര്യങ്ങൾ ഇവിടെ വ്യക്തമാക്കിയതിൽ എനിക്ക് പ്രതിപക്ഷ നേതാവിനോട് നന്ദിയുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങൾ സംഗ്മയും പവാറും താരിഖ് അൻവറും ശ്രീമതി സോണിയാഗാന്ധി ഇറ്റലിക്കാരിയാണെന്നു പറഞ്ഞ് പിരിഞ്ഞുപോയത് അങ്ങേയറ്റത്തെ പിശകാണെന്നാണ്. അത് ഇന്നും ഞങ്ങൾ ആവർത്തിക്കുന്നു. അതിൽ എന്താണ് തെറ്റ്?.....ബഹളം.....അവർ പറഞ്ഞുവെങ്കിൽ അതവരുടെ അഭിപ്രായം ആയിരിക്കും. എല്ലാവർക്കും ഒരേ അഭിപ്രായമാണോ? നിങ്ങളുടെയെല്ലാം അഭിപ്രായം ഒന്നാണോ? ..... ബഹളം .....ഞാൻ പറയുന്നത് താരിഖ് അൻവറും സംഗ്മയും,..... ശരദ് പവാറും ബാനർ ഓഫ് റിവോൾട്ട്സ് കോൺഗ്രസ്സിനകത്ത് പറഞ്ഞത് ഇവർ ഇറ്റലിക്കാരിയാണെന്നു പറഞ്ഞിട്ടാണ്. അത് പിശകാണ്, തെറ്റാണ് എന്നാണ് പാർട്ടി പറഞ്ഞത്. ആ പോയിന്റിൽതന്നെയാണ് ഞങ്ങൾ ഇപ്പോഴും നിൽക്കുന്നത്.

ശ്രീ. എ.കെ. ആന്റണി : സർ, അല്ല പീപ്പിൾസ് ഡെമോക്രസിയിൽത്തന്നെ മേയ് 23-ാം തീയതി കൂടിയ പോളിറ്റ് ബ്യൂറോ പാസ്സാക്കിയ പ്രമേയത്തിൽ കൊടുത്തിട്ടുള്ളത് ഇതാണ്. "Expelled Congress Leaders re Echoing BJP stand":-

This is an issue raised by the BJP after the Vajpayee Government was defeated. The erstwhile leaders of the Congress are only echoing the BJP stand. അങ്ങനെയാണെങ്കിൽ പവാറിന്റെ നേതൃത്വത്തിലുള്ള.....ബഹളം.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സി.പി.ഐ. (മാർക്സിസ്റ്റിന്റെ) പൂർണ്ണമായ നിലപാടാണത്. ആ നിലപാടിൽ ഘടകകക്ഷികളിൽ ചിലർക്ക് അഭിപ്രായവ്യത്യാസമുണ്ടാകും. നിങ്ങളുടെയിടയിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണോ ഉള്ളത്?

ശ്രീ. എ.കെ. ആന്റണി : സർ, ബി.ജെ.പി.യുടെ വാദം ആവർത്തിക്കുന്നു. ബി.ജെ.പി.യുടെ മൈക്രോഫോൺ ആണ് എക്സ്പെൽഡ് ലീഡേഴ്സ് എന്നുപറഞ്ഞു. ആ എക്സ്പെൽഡ് ലീഡേഴ്സിന്റെ നാഷണലിസ്റ്റ് കോൺഗ്രസ്സിൽ ലയിച്ച പഴയ കോൺഗ്രസ്സ് (എസ്) നേതാവ് ശ്രീ. എ.സി. ഷൺമുഖദാസ് ഈ മന്ത്രിസഭയിലെ ഒരംഗമാണ്. നിങ്ങൾ പരോക്ഷമായി ബി.ജെ.പി.യുമായി ബന്ധം പുലർത്തി കേരളത്തിൽ പാർലമെന്റ് ഇലക്ഷനിൽ ബി.ജെ.പി.യുടെ വോട്ടു നേടാൻ ശ്രമിക്കുന്നു എന്നുള്ളതാണ് എന്റെ ആരോപണം ..... ബഹളം .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, അതിനർത്ഥം കേരള മന്ത്രിസഭയിലും ഭരണ മുന്നണിയിലും ബി.ജെ.പി.യുടെ ശബ്ദം ഉണ്ടെന്നല്ലേ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : അല്ല, ശരദ്പവാർ ഒരിക്കൽ കോൺഗ്രസ്സിൽ നിന്നും വിട്ട് ഇടതുപക്ഷത്തും വന്നു. പ്രതിപക്ഷ നേതാവ് വന്നു, ശ്രീ. എ.സി. ഷൺമുഖദാസ് വന്നു. ശ്രീ. എ.സി. ഷൺമുഖദാസ് ഇവിടെ നിൽക്കുന്നു അതിൽ എന്താണ് പ്രശ്നം?

ശ്രീ. എ.കെ. ആന്റണി : സർ, ഏതായാലും ശ്രീ. കെ.എം. മാണി ചോദിച്ച ചോദ്യം വളരെ ശരിയാണ്. മുഖ്യമന്ത്രി, അങ്ങും മാർക്സിസ്റ്റു പാർട്ടിയും.....ബഹളം.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. എ.സി. ഷൺമുഖദാസ് പവാർ കോൺഗ്രസ്സിൽ ചേർന്നതിന്റെ ഫലമായി അദ്ദേഹം ബി.ജെ.പി.യെ സപ്പോർട്ട് ചെയ്യുകയാണ്. ആ ബി.ജെ.പി. യെ സപ്പോർട്ട് ചെയ്യുന്ന ഒരാളാണ് ഇപ്പുറത്തെ മന്ത്രിസഭയിൽ ഇരിക്കുന്നതെന്ന ആക്ഷേപം ഉന്നയിച്ചു ..... ബഹളം ..... പോളിറ്റ് ബ്യൂറോ പറഞ്ഞതു വേറെ, പ്രതിപക്ഷനേതാവ് പറഞ്ഞത് വേറെ. എന്റെ ചോദ്യം ശരദ്പവാറിനേയും മറ്റ് രണ്ട് ആളുകളേയും കോൺഗ്രസ്സിൽ നിന്നും എക്സ്പെൽ ചെയ്തത് ശരിയായില്ല എന്ന വർക്കിംഗ് കമ്മിറ്റിയിൽ അഭിപ്രായം പറഞ്ഞ ആളല്ലേ പ്രതിപക്ഷ നേതാവ്? അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ.കെ. ആന്റണി : ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. മുഖ്യമന്ത്രിയും മാർക്സിസ്റ്റു പാർട്ടിയും പറയുന്ന ബി.ജെ.പി. വിരോധത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ബി.ജെ.പി.യുടെ ശബ്ദം ആവർത്തിക്കുന്നു, മൈക്രോഫോൺ ആയി പ്രവർത്തിക്കുന്നു എന്നു പറയുന്ന നാഷണലിസ്റ്റ് കോൺഗ്രസ്സിന്റെ മന്ത്രിയെ നിങ്ങളുടെ മന്ത്രിസഭയിൽ നിന്നും പുറത്താക്കാൻ തയ്യാറാകുമോ? ഇല്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങളുടെ ഉദ്ദേശം അടുത്ത പാർലമെന്റ് ഇലക്ഷനിൽ ബി.ജെ.പി. വോട്ടുകൂടി കേരളത്തിൽ സമ്പാദിച്ച് യു.ഡി.എഫ്. ന്റെ, അങ്ങ് ആഗ്രഹിക്കുന്നതുപോലെ ഒന്നോ രണ്ടോ സീറ്റ് കൂട്ടിക്കിട്ടാൻ ശ്രമിക്കുകയാണ് നിങ്ങളുടെ ആഗ്രഹം എന്നാണ്. ഇത് ജൂൺ 17-ാം തീയതി ഡെൽഹിയിൽ പത്രങ്ങൾക്കു കൊടുത്ത കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റു സെൻട്രൽ കമ്മിറ്റിയുടെ പ്രസ് റിലീസിന്റെ ലെറ്റർ ഹെഡാണ്. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? അതിൽ പറഞ്ഞിരിക്കുന്നത് "However, in the fight against the threat posed by the BJP alliance, it will be detrimental to adopt a position of equi-distance against the BJP and the Congress as advocated by the Nationalist Congress and the Samajwadi Party. സമാജ്വാദി പാർട്ടിയും ശരദ്പവാറും വാദിക്കുന്ന സമദൂര സിദ്ധാന്തം ബി.ജെ.പി.യെ സഹായിക്കുമെന്നാണ് നിങ്ങളുടെ പോളിറ്റ് ബ്യൂറോ പറയുന്നത്.....ബഹളം.....ഇത് നിങ്ങളുടെ സെൻട്രൽ കമ്മിറ്റി പ്രസ് റിലീസാണ്. അതിൽ മൂന്നാമത്തെ പേജിൽ രണ്ടാമത്തെ പാരഗ്രാഫിൽ രണ്ടാമത്തെ വാക്കാണിത്. "However, in the fight against the threat posed by the BJP alliance, it will be detrimental to adopt a positon of equi-distance against the BJP and the Congress as advocated by the Nationalist Congress and the Samajwadi Party. സമാജ്വാദി പാർട്ടിയും നാഷണലിസ്റ്റ് കോൺഗ്രസ്സും പറയുന്നതുപോലെ കോൺഗ്രസ്സിനും ബി.ജെ.പി.ക്കുമുള്ള സമദൂര സിദ്ധാന്തം ബി.ജെ.പി.യെ സഹായിക്കും എന്നാണ് ഇതിന്റെ അർത്ഥം. നിങ്ങളുടെ

പോളിറ്റ് ബ്യൂറോ തീരുമാനത്തിനെതിരായി കേരളത്തിൽ മുഖ്യമന്ത്രിയും, ശ്രീ. വി.എസ്. അച്യുതാനന്ദനും, ശ്രീ. പിണറായി വിജയനും പറയുന്നത് കോൺഗ്രസ്സാണ് മുഖ്യശത്രു. കോൺഗ്രസ്സും ബി.ജെ.പി.യും ഒരുപോലെയാണെന്ന് പ്രചരിപ്പിക്കുന്നത് നിങ്ങളുടെ ദേശീയ നയത്തിനെതിരാണ്. നിങ്ങൾ തെറ്റുതിരുത്തണം. നിങ്ങൾ ബി.ജെ.പി.യെ സഹായിക്കുന്നു. ഈ ആപൽക്കരമായ, ആത്മഹത്യാപരമായ കേരളത്തിലെ വിഭാഗീയമായിട്ടുള്ള ആ രാഷ്ട്രീയ ലൈൻ പോളിറ്റ് ബ്യൂറോയുടെ നയത്തെപ്പോലും ധിക്കരിക്കുന്നതാണ്. നിങ്ങളുടെ നയം തിരുത്തണം. കോൺഗ്രസ്സുമായി സഹകരിച്ചുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ ഭരണം വരാതിരിക്കാൻ നിങ്ങൾ ദേശീയ തലത്തിൽ കോൺഗ്രസ്സുമായി സഹകരിക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട്, തെറ്റ് തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ശ്രീ. എ.കെ. ആന്റണി ഇപ്പോൾ പറഞ്ഞതല്ല പി.ബി. തീരുമാനം അദ്ദേഹം ഡിസ്റ്റോർട്ട് ചെയ്ത് പറയുകയാണ്. നമ്മുടെ പി.ബി. തീരുമാനം ശ്രീ. ആന്റണി വിശദീകരിക്കുക എന്നുപറഞ്ഞാൽ ഈ ലോകത്തിലെ ആശ്ചര്യമാണ്. ഇത് ലോകത്തിലെ എത്രാമത്തെ ആശ്ചര്യമാണ്. ശ്രീ. എ.കെ. ആന്റണി ഇപ്പോൾ പറഞ്ഞത്. ഇപ്പോൾ അദ്ദേഹം പറഞ്ഞത് നമ്മുടെ പി.ബി. തീരുമാനമേ അല്ല, അവസരവാദപരമായ വിശദീകരണമാണ്. ഇവിടെ ശ്രീ. ആന്റണി ആദ്യം ചില കണക്കുകളെക്കുറിച്ച് പറഞ്ഞു. റവന്യൂ എക്സ്പെന്റിച്ചറിനെ സംബന്ധിച്ചാണ് പറഞ്ഞത്. ത്രിതലപഞ്ചായത്തുകൾക്ക് കൊടുക്കുന്ന 40 ശതമാനം പദ്ധതി വിഹിതം ഗ്രാന്റ്-ഇൻ-എയിഡായിട്ടാണ് കൊടുക്കുന്നത്. ഗ്രാന്റ്-ഇൻ-എയിഡ് റവന്യൂ എക്സ്പെന്റിച്ചറിലാണ് ഉൾപ്പെടുത്തുന്നത്. പഞ്ചായത്തുകൾ ഈ പണം മൂലധന ചെലവിലാക്കിയാണ് ചെലവിടുന്നത്. മറ്റൊന്ന് ശമ്പള പരിഷ്ക്കരണത്തിലെ അധിക ചെലവും ഇതിൽ ഉൾപ്പെടും. മറ്റൊന്ന് 8-ാം പദ്ധതിയുടെ അടങ്കൽത്തുക ആന്റണിയുടെ കാലത്ത് 5460 കോടി രൂപയായിരുന്നു- അഞ്ച് വർഷത്തേയ്ക്ക്. ഇപ്പോൾ കണക്കിൽ വ്യത്യാസം വന്നത് 9-ാം പദ്ധതിയിൽ 16,000 കോടി രൂപയാണ്. നിങ്ങളുടെ കാലത്ത് 5,000 കോടി രൂപയാണ്. ഞങ്ങളുടെ കാലത്ത് വർദ്ധിച്ചിട്ടില്ല, കുറവാണ് എന്നാണ് ഇവിടെ വാദിക്കുന്നത്. 9-ാം പദ്ധതിയിൽ 16,100 കോടി രൂപയാണ് ഞങ്ങളുടെ കാലത്ത്. നിങ്ങളുടെ കാലത്ത് 5000 കോടിയാണ്. ഈ വർദ്ധനവ് അധികരിച്ചത് അണ്ടർ എസ്റ്റിമേറ്റ് ചെയ്തിട്ടാണ്. 9-ാം പദ്ധതികാലത്ത് ഞങ്ങൾ വർദ്ധിപ്പിച്ചത് 195 ശതമാനം വർദ്ധനവാണ്. നിങ്ങളുടെ കാലത്ത് 5400 കോടി വർദ്ധനവേയുള്ളൂ. ഇത്ര വലിയ വർദ്ധനവ് ഒരു സംസ്ഥാനത്തിനും കിട്ടിയിട്ടില്ല. എന്നിട്ടാണ് ഇവിടെ കണക്ക് പറഞ്ഞത്. ഇത് എന്തിനാണ് ശ്രീ. എ.കെ. ആന്റണി മറച്ചുവെച്ചത്. ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലും ഇത്രയധികം വർദ്ധനവുണ്ടായിട്ടില്ല. 9-ാം പദ്ധതിക്കാലത്ത് കേരളത്തിൽ 195 ശതമാനം വർദ്ധനവേയുള്ളൂ. എന്തിനാണ് ശ്രീ. എ.കെ. ആന്റണി വസ്തുനിഷ്ഠമായ കണക്ക് മറച്ചുവെച്ചിട്ട് കള്ളക്കണക്ക് ഇവിടെ പറഞ്ഞത്. വസ്തുനിഷ്ഠമായ കണക്ക് ഒന്ന്, ഇവിടെ പറഞ്ഞത് മറ്റൊന്ന്. പൊതുഭരണത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ നടത്തിയ വിമർശനത്തിന് നന്ദി പറയുകയാണ്. അത് ഔപചാരിക ചടങ്ങാണല്ലോ ഈ നന്ദി പറയൽ.

ശ്രീ പി.പി. തങ്കച്ചൻ :- നിങ്ങളുടെ കൂട്ടത്തിലുള്ള ശ്രീ. എ.വി. താമരാക്ഷൻ വളരെ ഭംഗിയായിട്ട് പറഞ്ഞല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : അത് ഞാൻ കേട്ടില്ല. ശ്രീ. താമരാക്ഷൻ എന്താണ് പറയാൻ പോകുന്നത് എന്ന ഊഹം എനിക്കുണ്ടായിരുന്നു. പറഞ്ഞു പറഞ്ഞ് എങ്ങോട്ടാണ് പോകുന്നത് എന്നെനിക്കറിഞ്ഞുകൂടാ. എങ്ങോട്ടാണെന്ന് നാല് മാസത്തിനുള്ളിൽ അറിയാം. ഇതൊക്കെ നമുക്ക് അറിയാവുന്ന സത്യങ്ങളല്ലേ. പത്ത്-അമ്പത് വർഷത്തെ രാഷ്ട്രീയ പരിചയമുണ്ടല്ലോ. ഓരോരുത്തരും രാഷ്ട്രീയം കളിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് അറിയാമല്ലോ. അതുകൊണ്ട് അതിലേയ്ക്കൊന്നും അധികം ചൂണ്ടണ്ട. അതൊക്കെ നമുക്ക് അറിയാവുന്ന കാര്യമാണ്. ഞാൻ പ്രസംഗം കേട്ടില്ലെങ്കിലും ഇന്നതാണ് പ്രസംഗിക്കാൻ പോകുന്നതെന്ന് ഊഹിച്ചിട്ടാണ് ഞാൻ പോയത്. തിരിച്ചുവന്ന് അന്വേഷിച്ചപ്പോൾ അങ്ങനെതന്നെയായിരുന്നു. അതുകൊണ്ട് അതിലൊന്നും എനിക്ക് യാതൊരു ആശ്ചര്യവുമില്ല, ഭയവുമില്ല, ഭീതിയുമില്ല. അതുകൊണ്ട് അപ്പുറത്തുനിന്ന് പ്രസംഗിച്ചവർക്കും ഇപ്പുറത്തുനിന്ന് പ്രസംഗിച്ചവർക്കും നന്ദി. കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തിക നയവും, യു.ഡി.എഫ്. ഭരണത്തെ സംബന്ധിച്ചുള്ള വൈകല്യങ്ങളും ശ്രീ. ടി.കെ. ഹംസ പറഞ്ഞു. ഭരണത്തെക്കുറിച്ചുള്ള വൈകല്യങ്ങൾ കുറവാണ്. ശ്രീ. ആന്റണി മാത്രമേ തൊഴിലില്ലായ്മ വർദ്ധിച്ചതിനെപ്പറ്റി പറഞ്ഞുള്ളൂ. തൊഴിലില്ലായ്മ ഏകദേശം മൂന്നു ലക്ഷത്തോളം വർദ്ധിച്ചുവെന്ന് പറഞ്ഞു. അദ്ദേഹത്തിന് എവിടെ നിന്നാണ് ഈ കണക്ക് കിട്ടിയതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ സൗദി അറേബ്യ ഒഴികെ ബാക്കി എല്ലാ സ്ഥലത്തും പോയി. ബഹറിനിൽ പോയി. ബഹറിനിൽ 40 ലക്ഷത്തിൽ താഴെ ജനങ്ങളേയുള്ളൂ. അവിടത്തെ മലയാളികളെ മുഴുവൻ കണ്ടു. മറ്റൊന്ന് ഇപ്പുറത്തിരിക്കുന്നവർക്ക് അഹംഭാവമാണെന്ന് പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ പറഞ്ഞു. അപ്പുറത്തിരിക്കുന്ന ശ്രീ. ആന്റണിക്കല്ലേ അഹംഭാവം. അദ്ദേഹം വർക്കിംഗ് കമ്മിറ്റി മെമ്പറല്ലേ? അപ്പോൾ അഹംഭാവം, ശ്രീ. എ.കെ. ആന്റണിക്കല്ലേ? വർക്കിംഗ് കമ്മിറ്റിക്കല്ലേ അഹംഭാവം മുഴുവൻ. ഇപ്പോൾ ശ്രീ. എ.കെ. ആന്റണി പറഞ്ഞില്ലേ നമ്മുടെ പിന്നിൽ ആളില്ലെന്ന്. ശ്രീ. ധവാന്റെ പിന്നിൽ പത്ത് ആളുണ്ടോ? കാശുകൊടുത്ത് ആളെ പിടിക്കുന്നുയെന്നുള്ളതല്ലാതെ സ്വയമേ വരുന്ന പത്ത് ആളുണ്ടോ? ശ്രീ. പ്രണാബ് മുഖർജിയുടെ പിന്നിൽ പത്ത് ആളുണ്ടോ, ഗുലാം നബി ആസാദിന്റെ പിന്നിൽ എത്രയാളാണുള്ളത്? ഇവരെല്ലാം ആൾ ഇൻഡ്യാ നേതാക്കന്മാരല്ലേ? ശ്രീ. അജിത് ജോഗിയുടെ പിന്നിൽ ആരാണുള്ളത്? അദ്ദേഹം ഒരു കത്തോലിക്കനാണ്, ഒരു പ്രമാണിയാണ്, അദ്ദേഹത്തിന്റെ പിന്നിൽ നൂറാളുപോലുമില്ല.

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. അജിത് ജോഗി മദ്ധ്യപ്രദേശിലെ ഹോം മിനിസ്റ്ററായിരുന്ന ആളാണ്.

ശ്രീ. ഇ.കെ. നായനാർ : അതൊക്കെ നമുക്കറിയാം. ഞാൻ മദ്ധ്യപ്രദേശിൽ പോയപ്പോൾ അന്വേഷിച്ചതാണ്. അതിന്റെ വിവരമൊക്കെ നമുക്കുണ്ട്. ഉദ്യോഗസ്ഥന്മാരുടെ പിന്നിലൊന്നും ആളില്ല. ഇവിടെ ഇപ്പോൾ ആരോപണം വന്നത് യു.ഡി.എഫ്-ന്റെ ഭരണത്തിൻകീഴിൽ ഒരു പാപ്പരായ ഖജനാവുമായിട്ടാണ് എൽ.ഡി.എഫ്. മൂന്നുവർഷം മുൻപ് അധികാരത്തിൽ വന്നത്. എന്നാൽ സമർത്ഥമായ ധനകാര്യ മാനേജുമെന്റിലൂടെയും ഭരണയന്ത്രത്തിന്റെ ചലനാത്മകമായ പുരോഗതിയുടെ പാതയിലൂടെ സഞ്ചരിക്കുകയാണ്. മൂന്നു വർഷത്തെ ഭരണത്തിന്റെ വീഴ്ചകളെപ്പറ്റി അവർക്ക് പ്രസംഗിക്കാനില്ല. വ്യക്തികളെപ്പറ്റി പ്രസംഗിക്കാനുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങൾ കടന്നുപോയത് രാഷ്ട്രീയവും സാമ്പത്തികവുമായ ഒട്ടേറെ മാറ്റങ്ങളോടെയാണ്. ബി.ജെ.പി.

ഗവണ്മെന്റിന്റെ സാമ്പത്തികനയവും കോൺഗ്രസ്സിന്റെ സാമ്പത്തികനയവും തമ്മിൽ എന്ത് വ്യത്യാസമാണ് ഉള്ളത്. ശ്രീ. എ.കെ. ആന്റണി കേന്ദ്രത്തിൽ വന്നിട്ടുള്ള ബില്ലുകളെ സംബന്ധിച്ച് പിന്തുണ നൽകുമ്പോൾ ബി.ജെ.പി.യും കോൺഗ്രസ്സും ഒന്നല്ലേ? ശ്രീ. മൻമോഹൻ സിംഗിന്റെ നയവും നിങ്ങളുടെ നയവും തമ്മിൽ എന്താണ് വ്യത്യാസം. നിങ്ങൾ ആവേശകരമായി പ്രസംഗിക്കുന്നുണ്ടല്ലോ? ബി.ജെ.പി. യുടേയും കോൺഗ്രസ്സിന്റേയും ഇക്കണോമിക് പോളിസി ഒന്നല്ലേ? നിങ്ങൾക്ക് എന്ത് നീതിയാണ് ഇവിടെയുള്ളത്. അഞ്ചു കൊല്ലം നിങ്ങൾ ഇവിടെ ഭരിച്ചപ്പോൾ 118 ഫാക്ടറികൾ പൂട്ടി. ഇതിനെപ്പറ്റി ശ്രീ. എ.കെ. ആന്റണിക്ക് വല്ല വിവരവുമുണ്ടോ? ബി.ജെ.പി. എപ്പോൾ പിന്തുണ ആഗ്രഹിക്കുന്നുവോ അപ്പോൾ കോൺഗ്രസ്സ് സഹായിക്കും. അതല്ലേ അവസാനം സോണിയാഗാന്ധി ചെയ്തത്? ഒറ്റയ്ക്ക് ഭരിക്കുമെന്ന് പറഞ്ഞു. വേറെ പിന്തുണ ഉണ്ടായിരുന്നുവെങ്കിൽ ബി.ജെ.പി. ഗവണ്മെന്റ് വരുമായിരുന്നോ? സോണിയാഗാന്ധി ആ നിലപാട് സ്വീകരിച്ചതിനുപിന്നിൽ ആന്റണിയും കരുണാകരനും പങ്കാളികളല്ലേ? നിങ്ങളല്ലേ ഇന്നത്തെ ബി.ജെ.പി. ഗവണ്മെന്റിനെ നിലനിറുത്തിയത്? ഇന്ന് കാർഗിൽ പ്രശ്നം വരുമായിരുന്നോ? അതിന്റെ ഉത്തരവാദിത്വം ആർക്കാണ്? അതിനുത്തരവാദികൾ സോണിയാഗാന്ധിയും എ.കെ. ആന്റണിയും കെ. കരുണാകരനുമൊക്കെത്തന്നെയാണ്. എന്നിട്ട് ഇവിടെവന്ന് തത്വപ്രസംഗം നടത്തുകയാണ്. നിങ്ങൾ തകർന്നുപൊളിഞ്ഞ ഒരു പാർട്ടിയും ഗവണ്മെന്റുമാണ്. ആറ് ഉപതെരഞ്ഞെടുപ്പുകൾ നടന്നപ്പോൾ ജനങ്ങൾ ഞങ്ങൾക്കാണ് വോട്ട് ചെയ്തത്. എന്തിനാണ് വോട്ട് ചെയ്തത്? ഞാൻ ഒപ്പിടുന്ന മുഖ്യമന്ത്രി മാത്രമാണെന്ന് ശ്രീ. പാലോട് രവി പറയുകയുണ്ടായി. എറണാകുളത്ത് 11 തവണ തോറ്റ സ്ഥലത്ത് 12-ാം തവണ ജയിച്ച് എം.എൽ.എ. ഇവിടെ വന്നിരിക്കുകയാണ്. 11 തവണ തോറ്റിട്ട് ഇപ്പോൾ എന്തിനാണ് വോട്ടു ചെയ്തത്? മാള ശ്രീ. കെ. കരുണാകരന്റെ മാണിക്യമായിരുന്നല്ലോ, ആ മാണിക്യം എവിടെ പോയി; മാള എവിടെ പോയി? നിങ്ങൾ കൊള്ളുകയില്ല. അതുകൊണ്ടാണ് ജനങ്ങൾ ഞങ്ങൾക്ക് വോട്ട് ചെയ്തത്. ലോക്സഭയിൽ 535 സീറ്റിൽ ഒരാളേ മാണി ഗ്രൂപ്പിനുള്ളൂ. എന്നിട്ട് ഇവിടെ വന്നിരുന്ന് നൂറ് ആളുകളുള്ളതുപോലെ പ്രസംഗം നടത്തുകയാണ്. മിണ്ടാതിരുന്നാൽ പാലായ്ക്ക് കുറച്ച് വിലയെങ്കിലും ഉണ്ടാകും. മറ്റൊന്ന് ഭരണരംഗം - കേന്ദ്രം ഞങ്ങൾക്ക് ഭരിക്കണ്ട. ഒറ്റയ്ക്ക് കോൺഗ്രസ്സും ഭരിക്കുകയില്ല. കോൺഗ്രസ് 141-ൽ നിന്ന് 120 ആയി കുറയാൻ പോകുകയാണ്. ഞാൻ ആൾ ഇൻഡ്യാ കണക്ക് കൂട്ടിനോക്കി. ഇപ്പോൾ 141 ആണ്. 20 എണ്ണം വീണ്ടും കുറയും. ഒറ്റയ്ക്ക് നിങ്ങൾക്ക് ഇനി ഒരിക്കലും ഭരിക്കാൻ കഴിയുകയില്ല. രാജസ്ഥാൻ. ഗുജറാത്ത്, മഹാരാഷ്ട്ര, ബീഹാർ തുടങ്ങി എല്ലാ സംസ്ഥാനങ്ങളിലെയും കണക്ക് കൂട്ടി. ഇപ്പോൾ 120 സീറ്റ് തന്നെ കിട്ടുമോയെന്നുള്ള കാര്യം സംശയമാണ്. ആൾ ഇൻഡ്യാ ലെവലിൽ കോൺഗ്രസ്സിന് ഒരു ഗതിയുമില്ല. ഇവിടെ തലയിൽ കെട്ടുംകെട്ടി സംസാരിക്കുന്നതുപോലെ വടക്കു പോയാൽ ശരിയാകുകയില്ല. ഗതിയില്ലാതെ ഒറ്റയ്ക്ക് എങ്ങനെയാണ് ഭരിക്കുന്നത്? വീട്ടിൽ കഞ്ഞിയില്ലാതെ 100 ആളുകളെ ക്ഷണിക്കുകയാണ്, ഊണുകഴിക്കാൻ. ഇവന്റെ വീട്ടിൽ കഞ്ഞിയുമില്ല. എന്ത് പ്രസംഗമാണ് ശ്രീ. കെ.എം. മാണി നടത്തുന്നത്? നിങ്ങളുടെ ഗതി എന്താകും എന്നുള്ളത് എനിക്കറിയാം. എട്ടു മന്ത്രിമാർ അഴിമതിക്കാർ എന്ന് ഇന്നത്തെ കേരള കൗമുദിയിൽ വന്നു. മുഖ്യമന്ത്രി ഉൾപ്പെടെ എട്ടു മന്ത്രിമാർക്കെതിരായി ഉയർന്ന അഴിമതി ആരോപണം. ഈ പത്രത്തിൽ വരികയല്ലാതെ നിങ്ങൾ ഒരു കേസ് കൊടുത്തോ? അഡ്വക്കേറ്റ് ജനറൽ എന്റെ കേസ് വാദിക്കുന്നിടത്തോളം ശുദ്ധമാണെങ്കിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അയാൾക്ക് പിന്തുണ കൊടുക്കും. നിങ്ങളെപ്പോലെ ഞാൻ കാലുവാരുകയില്ല. പ്രത്യേകിച്ചും ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ.എം. മാണിയും പരസ്പരം കാലുവാരുന്നതുപോലെ ജേക്കബിന്റെ കാൽ മാണി വാരും, മാണിയുടെ കാൽ ജേക്കബ് വാരും. എന്നെ അതിന് കിട്ടുകയില്ല. ഒരു ഒപ്പിന് ഒരു കോടി യോളം രൂപയുടെ വിലയുണ്ട്. ശ്രീ. കെ.എം. മാണി എന്നെക്കൊണ്ട് എത്ര ഒപ്പ് ഇടിച്ചിട്ടുണ്ട്. ഒപ്പിടുക എന്നുള്ളത് ചെറിയ പണിയാണോ? മൂന്ന് മുഖ്യമന്ത്രി മാർ, മൂന്നെണ്ണമെങ്കിലും ഉണ്ടല്ലോ ഇവിടെ.**** താങ്കളുടെ കാലത്ത് എത്രയാ ണുള്ളത്? നമ്മുടെ കരുണാകരന് ആറ് .....: ബഹളം ..... ബഹ ളം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ റൂൾ 307 അനുസരിച്ച് ക്രമ പ്രശ്നം ഉന്നയിക്കുകയാണ്. അൺപാർലമെന്ററി ഇൻഡീസന്റായിട്ടുള്ള കാര്യ ങ്ങൾ സഭയിൽ പറയാൻ പാടില്ല. അത് എക്സ്പഞ്ച് ചെയ്യണം ബഹുമാന പ്പെട്ട മുഖ്യന്ത്രി ഈ സഭയിലെ ഒരു അംഗത്തിനെ**** എന്നു പറഞ്ഞു..... എന്നു പറഞ്ഞു.. നമ്മുടെ ഹാൻഡ് ബുക്ക് അനുസരിച്ച് ഒരു മെമ്പറുടെ കോൺസ്റ്റിറ്റ്യുവൻസിയുടെ പേര് മാത്രമേ പറയാൻ പാടുള്ളൂ. ബഹുമാനപ്പെട്ട നെടുമങ്ങാട് മെമ്പർ എന്നു പറയാം. കോൺസ്റ്റിറ്റ്യുവൻസിയുടെ പേര് അറിയി ല്ലെങ്കിൽ ആ അംഗത്തിന്റെ പേര് പറയാം. ഇതാണ് നമ്മുടെ ഹാൻഡ് ബുക്കിൽ ഉള്ളത്. ഇതിന് വിരുദ്ധമായി ..... എന്നു പറഞ്ഞു, ... എന്നു പറഞ്ഞു, ... എന്നു പറഞ്ഞു. അത് എക്സ്പഞ്ച് ചെയ്യണം.

ശ്രീ. ഇ.കെ. നായനാർ : അത് നീക്കം ചെയ്തോളൂ. നെടുമങ്ങാട് മെമ്പർ എന്നു പറഞ്ഞാൽ മതി. എനിക്ക് ഒരു തടസ്സവുമില്ല.

മി. സ്പീക്കർ : അക്കാര്യം പരിശോധിച്ച് ചെയ്യാം.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃ ഷ്ണൻ) : സർ, ഇത്രയും സീരിയസ്സായ ഒരു പ്രസംഗം നടക്കുമ്പോൾ ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല.

ശ്രീ. ഇ.കെ. നായനാർ : അവർക്ക് മറ്റൊന്നും പറയാനില്ല. ലഹള കൂടി യാലും പ്രശ്നമില്ല. പൊളിയാൻ പോകുന്ന ഒരു കക്ഷിയെപറ്റിയാണ് അവർ പറയുന്നത്. അവരുടെ സ്ഥിതി അതാണ്. എനിക്ക് ആൾ ഇന്ത്യാ കണക്ക് അറിയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട സ്പീക്കർ അങ്ങനെ പറ യാൻ പാടില്ല. എന്റെ ക്രമപ്രശ്നത്തെ സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ : പരിശോധിച്ച് നീക്കം ചെയ്യുന്നതാണെന്ന് അതു സംബ ന്ധിച്ച് ഞാൻ റൂൾ ചെയ്തു കഴിഞ്ഞു.

ശ്രീ. ഇ.കെ. നായനാർ : നെടുമങ്ങാട് എം.എൽ.എ. എന്നു പറഞ്ഞാൽ മതി. അത് നീക്കം ചെയ്യുന്നതിന് എനിക്ക് ഒരു തടസ്സവുമില്ല. ഇന്നു രാവിലെ തെറ്റായി, സഭയ്ക്ക് വിരുദ്ധമായ രീതിയിൽ സംസാരിച്ചു. സഭയ്ക്ക് ആ സംസാരം അങ്ങേയറ്റം കൊള്ളാത്തതാണ്. കേരള കൗമുദി റിപ്പോർട്ടിൽനിന്ന് എടുത്ത് ഖർദ്ദിക്കുകയാണ്. മുഖ്യമന്ത്രിയുൾപ്പെടെ എട്ടു മന്ത്രിമാർ അഴിമതി ക്കാർ, ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ കേസ് കൊടുത്തോ? ശ്രീ. കെ. കരു ണാകരൻ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. സി.വി. പത്മരാജൻ എന്നി

.... സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു. (File No. 580/EB/99/Leg. dated 23.6.99)

LIBRARY ARCHIVES Kerala Legislative Assembly

വർക്കെതിരായിട്ടുള്ള കേസ്. 75 കോടി ഉറുപ്പികയുടെ കൊള്ള ചെയ്തപ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ തണലിൽ കുത്തിനിൽക്കുകയായിരുന്നു. 75 കോടി ഉറുപ്പികയുടെ കാറ്റല്ലേ ബഹുമാനപ്പെട്ട ആര്യാടൻ കൊണ്ടത്. അതിന് ആരോപണവിധേയനല്ലേ? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരായി നാല് കേസ് കൊടുത്തു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സംസാരിക്കുന്ന സന്ദർഭത്തിൽ വാക്ക് മാറിപ്പോയതാകും. പർപ്പസ്ഫുൾ ആണെന്ന് പറയുന്നില്ല. ആര്യാടന് 75 കോടിയെന്ന് പറഞ്ഞു.

ശ്രീ. ഇ.കെ. നായനാർ : അങ്ങനെ പറഞ്ഞിട്ടില്ല. 75 കോടിയുടെ ആരോപണം വന്നപ്പോൾ ആര്യാടൻ അതിന്റെ ചുവട്ടിലിരുന്ന് കാറ്റുകൊള്ളുകയായിരുന്നുവെന്നാണ് പറഞ്ഞത്. അല്ലാതെ ആര്യാടൻ പറഞ്ഞത് തെറ്റാണ്. ആര്യാടൻ ദുർവ്യാഖ്യാനിക്കുകയാണ്. അതേസമയം ഈ ആരോപണവിധേയരായ 8 മന്ത്രിമാരിൽ ഒരൊറ്റമന്ത്രിയ്ക്കെതിരെ കേസ് കൊടുക്കാൻ നിങ്ങൾക്കു കഴിഞ്ഞോ? ഈ മൂന്നു കൊല്ലത്തിനിടയിൽ കഴിഞ്ഞോ? ഒന്നുമില്ലാതെകണ്ട് വളരെയധികം തെറ്റായിട്ട് ഓരോരുത്തർ വേദിയിൽ പ്രസംഗിച്ചാൽ പ്രസംഗമാവില്ല. അതിന്റെ പേര് പുകയാണ്. പുക. പത്രത്തിലും ഈ പുക വന്നുവെന്നേയുള്ളൂ. അതെല്ലാം സത്യവിരുദ്ധമാണ്. ഞങ്ങൾ കരുണാകരനെതിരെ കേസ് കൊടുത്തു. ബാലകൃഷ്ണപിള്ളയ്ക്കെതിരെ കേസില്ലേ? ടി.എം. ജേക്കബിനെതിരെ കേസില്ലേ? പത്മരാജനെതിരെയുള്ള അന്വേഷണം നടത്താൻ പോവുകയല്ലേ? ഇതൊക്കെ കേസല്ലേ? ആര്യാടന് ധൈര്യമുണ്ടെങ്കിൽ ഞങ്ങൾക്കെതിരെ കേസ് കൊടുക്കൂ. ഒരൊറ്റ ആളെപ്പറ്റി ഒരൊറ്റ കേസുകൊടുക്കാൻ ധൈര്യമില്ലാതെ പുക പറയുന്ന ടി.എം. ജേക്കബിനും ആര്യാടനും ഈ രാജ്യത്തിലെ ജനങ്ങളെ വഞ്ചിക്കാനാവില്ല. അധികാര വികേന്ദ്രീകരണത്തിനു വേണ്ടി ഈ ഗവണ്മെന്റ് നടത്തിയ തീവ്ര ശ്രമത്തിന്റെ ഫലമായി സംസ്ഥാനത്ത് 1214 സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് കൂടുതൽ ശക്തമായി നിലനിൽക്കുകയാണ്. പ്രാദേശിക ഗവണ്മെന്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിച്ചുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കി പ്രാദേശിക സമിതിക്കുതന്നെ നൽകാൻ കഴിയുമാറ് പരിശോധനയും ആഡിറ്റ് സംവിധാനവും ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ആഡിറ്റ് നടത്തുന്നതിന് സെക്രട്ടേറിയറ്റിലെയും മറ്റു വകുപ്പുകളിലേയും ഉദ്യോഗസ്ഥൻമാരെയും പുനർവിന്യസിച്ചിട്ടുണ്ട്. പഞ്ചായത്തു വകുപ്പിൽ നിന്നും 351 ഉദ്യോഗസ്ഥന്മാരെയും മുനിസിപ്പൽ വകുപ്പിൽ നിന്ന് 21 ഉദ്യോഗസ്ഥന്മാരെയും സെക്രട്ടേറിയറ്റിൽ നിന്നും 21 സെക്ഷൻ ഓഫീസർമാരെയും 51 അസിസ്റ്റന്റുമാരെയും പെർഫോർമൻസ് ആഡിറ്റിന് നിയോഗിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പകരം തസ്തിക സൃഷ്ടിക്കാതെയാണ് ഇങ്ങനെ നിയോഗിച്ചത്. ഇതിനു മുൻപ് ഈ തരത്തിൽ യാതൊരു വികേന്ദ്രീകരണവും ഉദ്യോഗസ്ഥതലത്തിൽ വീതിച്ചുകൊടുക്കാനുള്ള സമ്പ്രദായം ഈ കേരളത്തിൽ ഉണ്ടായിട്ടില്ല. ഇപ്പോൾ അത് ഉണ്ടായിട്ടുണ്ട്. അധികാര വികേന്ദ്രീകരണം ഇപ്പോഴും അപൂർണ്ണമാണ്. പൂർത്തിയായിട്ടില്ല. ഇത് പൂർത്തിയാക്കിയാൽ മാത്രമേ കാലതാമസം ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഭരണ നടപടിക്രമങ്ങളിൽ മാറ്റം വരുത്താൻ അധികാരവികേന്ദ്രീകരണം പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു ഭരണപരിഷ്ക്കാര കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടുകൾ ഗവണ്മെന്റ് പരിഗണിച്ചുവരുകയാണ്. 9-ാം പഞ്ചവത്സര പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 6000 കോടി രൂപയുടെ പദ്ധതി സഹായം നീക്കി വച്ച് സ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കുകയാണ്.

പദ്ധതി : 9-ാം പദ്ധതിക്കാലത്ത് സംസ്ഥാന വരുമാനത്തിന്റെ പ്രതിശീർഷ ശരാശരി 7% വർദ്ധനവ് ലക്ഷ്യമാക്കിയിരിക്കുകയാണ്. ഇതിലേയ്ക്ക് സ്വകാര്യമേഖലയിലും കേന്ദ്രമേഖലയിലും മൊത്തം 52000 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരും. ഇതിന് സംസ്ഥാന പദ്ധതിയുടെ അടങ്കൽ 16100 കോടി രൂപയാണ്. പദ്ധതിയുടെ 1-ാം വർഷമായ 1997-'98 ൽ 2855 കോടിയായിരുന്നു. ആ വർഷത്തിൽ 2868 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചു. പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകയേക്കാൾ ഞങ്ങൾ ചെലവഴിച്ചു. '98 ൽ 3100 കോടി രൂപയായിരുന്നു അടങ്കൽ. ചെലവഴിച്ചത് 3103 കോടി രൂപ. ഇങ്ങനെ വാർഷിക പദ്ധതി നീക്കിവച്ച തുക മുഴുവനും ചെലവഴിച്ചു. അതിനെക്കാളും ചെലവഴിച്ചു. പദ്ധതിപ്രവർത്തനം വിജയകരമായി പൂർത്തിയാക്കി. ഈ വർഷം 3250 കോടി രൂപയുടേതാണ് പദ്ധതി. ഇതിൽ 1020 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സഹായധനമാണ്. 2230 കോടി രൂപ സംസ്ഥാന തല പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ തുക ഊർജ്ജമേഖയിലാണ്. 650 കോടി രൂപ. ഇപ്പോൾ വ്യാവസായിക-കാർഷിക തകർച്ചയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ അപ്പുറത്ത് പ്രസംഗിക്കുകയുണ്ടായി. നിങ്ങളും ഞങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ കായംകുളം പദ്ധതി ഉണ്ടായിരുന്നില്ല. അതുപോലെ തന്നെ കക്കാട് പദ്ധതി ഉദ്ഘാടനം നടത്തിയിരുന്നില്ല. എറണാകുളത്തുള്ള പ്രൈവറ്റ് പദ്ധതി പൂർത്തിയായിട്ടില്ല. ഞങ്ങൾ അന്നു വരുമ്പോൾ ദിവസം 3 മണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. ബാലകൃഷ്ണപിള്ളയുടേയും മറ്റുള്ളവരുടേയും ഭരണകാലത്ത് ലോഡ്ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. ഇപ്പോൾ ഞങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഇലക്ട്രിസിറ്റി വർദ്ധനവിനാണ്. എന്തുകൊണ്ട്? വ്യവസായം വരണമെങ്കിൽ ഇലക്ട്രിസിറ്റി വേണം. നിങ്ങളുടെ കാലത്ത് തുടങ്ങിയ ഇടുക്കി, കായംകുളം പദ്ധതികളും കക്കാടു പദ്ധതിയും ഇപ്പോഴാണ് പൂർത്തിയായിരിക്കുന്നത്. ശ്രീ. ആന്റണി പറയുന്നു ഇവിടെ അഹംഭാവമാണ്. പട്ടിണിയാണ് തൊഴിലില്ലായ്മയാണ് എന്നൊക്കെ. നിങ്ങൾ എന്തു ചെയ്തു? ഞങ്ങൾ ആദ്യം പ്രാധാന്യം നല്കിയത് വൈദ്യുതിമേഖലയ്ക്കാണ്. ഇലക്ട്രിസിറ്റിയില്ലെങ്കിൽ വ്യവസായമുണ്ടോ? ഇപ്പോൾ നിങ്ങൾ എല്ലാ ചരക്കുകളും പുറമെനിന്ന് വാങ്ങുന്നു. അരി, പഞ്ചസാര, പച്ചക്കറികൾ ഇവയെല്ലാം പുറമെനിന്നും വാങ്ങുന്നു. ഇലക്ട്രിസിറ്റി ഇനി പുറത്തുനിന്നും വാങ്ങേണ്ട കാര്യമില്ല. വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടി. അങ്ങനെ ഓരോന്നും ആകുന്നു. രണ്ടുകൊല്ലം കൊണ്ട് 265 കോടി രൂപയുടെ പച്ചക്കറി ഉല്പാദിപ്പിച്ചു. വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നത് 1000 കോടി രൂപയുടേതാണ്. നിങ്ങളുടെ കാലത്ത് എന്തുണ്ടാക്കി? നിങ്ങളുടെ കാലത്ത് പ്രസംഗവും കൈക്കൂലിയും പോക്കറ്റടിയും. നിങ്ങളുടെ കാലത്ത് ഒന്നുമുണ്ടാക്കാതെ പ്രസംഗവും പരസ്പര മത്സരവും കാലുവാരലും. അതിന്റെ ഫലമായിട്ട് ഈ കേരളം തകർച്ചയിലായി. എന്നാൽ ഇൻഡ്യാ ഗവണ്മെന്റിന്റെ സാമ്പത്തികനയംകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. 650 കോടി രൂപ ജലസേചന മേഖലക്ക്, 265 കോടി രൂപ വ്യവസായ മേഖലയ്ക്ക്, 225 കോടി രൂപ കൃഷിക്കും അനുബന്ധമേഖലകൾക്കും നീക്കിവച്ചിരിക്കുന്നു. തുകകൾ പൂർണ്ണമായി ചെലവഴിച്ചുകൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയും. ജനകീയാസൂത്രണ പദ്ധതിവിഹിതത്തിന് ഗണ്യമായി സംഭാവന ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണം ഇൻഡ്യയിൽ എവിടെയുണ്ട്? വികസനപ്ര 204/2010.

LIBRARY ARCHIVES Kerala Legislative Assembly

വർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ ലണ്ടനിലെ ബുദ്ധിജീവികളും ആഫ്രിക്കയിലെ ഡെലിഗേറ്റ്സും ഇവിടെ വന്നില്ലേ? മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി എന്റെ ഫ്രണ്ട് ആണ്. ഒരാഴ്ച ഇവിടെവന്ന് താമസിച്ചില്ലേ? ആഫ്രിക്കയിലെ ഗവണ്മെന്റ് ഡെലിഗേറ്റ്സ് എന്നുപറഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർ ഉൾപ്പെട്ട, മന്ത്രിമാർ ഉൾപ്പെട്ട ഡെലിഗേറ്റ്സാണ് ഇവിടെ വന്നത്. ആ തരത്തിൽ അവർ വന്നത് ഇവിടത്തെ വികസനോന്മുഖ പ്രവർത്തനങ്ങൾ കണ്ടു പഠിക്കാനാണ്. ഞാൻ പറയുന്നത് നമുക്ക് വികസനോന്മുഖ പ്രവർത്തനത്തിന് ഗണ്യമായ സംഭാവനകൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്. പൂർത്തിയായിട്ടില്ല. അതുറപ്പാണ്. ആരോപിക്കപ്പെടുന്ന അപാകതകളെക്കുറിച്ച് പറഞ്ഞു, നിങ്ങൾ ആ പുസ്തകത്തിന്റെ കാര്യം പറഞ്ഞല്ലോ. അത് നിങ്ങൾക്ക് ഞാൻ കാണിച്ചു തരാം. ഇതാരാണെന്ന് അറിയാമോ. ശ്രീ. രാജീവ് ഗാന്ധി, ശ്രീ. ആന്റണിയുടെ സുഹൃത്ത്, നേതാവ്. ശ്രീ. രാജീവ് ഗാന്ധി പുറത്തു ചെയ്ത, പ്രസംഗങ്ങൾ അച്ചടിച്ച പുസ്തകമാണിത്. "Speeches and Writing for 84-85" എവിടെയാ അച്ചടിച്ചത് എന്നറിയാമോ? ഗവണ്മെന്റ് പ്രസ്സിൽ. ഇതിന്റെ വില എത്രയാണെന്നറിയാമോ? 670 ഉറുപ്പിക. ഗവണ്മെന്റ് പ്രസ്സിൽ അച്ചടിക്കുക, സൗജന്യമായി കൊടുക്കാതിരിക്കുക, ഇതിനകത്തുണ്ട്. 5 volumes published by the Ministry of Information മിനിസ്റ്ററി ഓഫ് ഇൻഫർമേഷൻ അടിച്ചാൽ ആ രാജ്യത്തിലെ ആൾക്ക് ഇൻഫർമേഷനാ പൈസ കൊടുക്കുക? നിങ്ങളായിരിക്കും അവിടത്തെ കണക്കെഴുത്താള്. ശ്രീ. രാജീവ് ഗാന്ധിയുടെ കണക്ക് നിങ്ങളാ എഴുതല്, ഈ പണം സ്വന്തം കീശയിലാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ശ്രീ. രാജീവ് ഗാന്ധിയാണെങ്കിലും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണെങ്കിലും അവരുടെ പുസ്തകങ്ങൾ എല്ലാം ഓരോ വിഷയങ്ങളെക്കുറിച്ചുള്ള അവരുടെ പ്രസംഗങ്ങളാണ്. അങ്ങയുടെ ഈ പുസ്തകത്തിലും, കഴിഞ്ഞ കൊല്ലത്തെ പുസ്തകത്തിലും പ്രതിപക്ഷ നേതാക്കന്മാർ ഉൾപ്പെടെയുള്ളവരെ കുറിച്ച് ഏറ്റവും തരംതാണ ഭാഷയിൽ ആക്ഷേപിച്ചുകൊണ്ട് പ്രതിപക്ഷത്തെ കടന്നാക്രമിക്കാനുള്ള പ്രസംഗങ്ങളാണ് അതിൽ കൂടുതലും, ഇത് രണ്ടും തമ്മിൽ താരതമ്യപ്പെടുത്തരുത്.

ശ്രീ. ഇ.കെ. നായനാർ : സർ, ഇത് അദ്ദേഹത്തിന്റെ പ്രസംഗമാണ്. "മൈതാന പ്രസംഗം". ഇതിന്റെ പേര് മൈതാന പ്രസംഗമെന്നാണ്. അതേ സമയത്ത് എന്റേത് ലേഖനമാണ്. നിങ്ങൾ ഇത് വായിച്ചുകണ്ടിട്ടുണ്ടോ? 670 ഉറുപ്പികയാണ് ഒരു പുസ്തകത്തിന്. സ്വന്തം കീശയിലാ പണം. തീർന്നിട്ടില്ല. (മുൻ പ്രധാനമന്ത്രി ശ്രീ. പി.വി. നരസിംഹറാവു എഴുതിയ പുസ്തകം സഭയിൽ കാണിച്ചു) ഇതാരാ പ്രധാനമന്ത്രി ശ്രീ. നരസിംഹ റാവു, മൈതാനത്തിൽ ചെയ്ത പ്രസംഗം അച്ചടിച്ച പുസ്തകം. പൈസ ആരുടെ കീശയിൽ. ഈ പണം ആർക്കാ? ഗവണ്മെന്റിനല്ല ഈ പണം 300 ഉറുപ്പിക, സർക്കാരിന്റെ കൈയിലാണോ ഈ പണം. മറ്റേതിന് അറുന്നൂറ്റി ചില്വാനം ഉറുപ്പിക. നിങ്ങളുടെ കണക്കാണെങ്കിൽ ആഡിറ്റ് റിപ്പോർട്ട്. സ്വന്തം കീശയിലാ ഈ പണം. ഞാൻ അച്ചടിച്ച എന്റെ പുസ്തകത്തിൽ നയാ പൈസയും വച്ചിട്ടില്ല. 45 പുസ്തകം എന്റെ ജീവിതത്തിൽ എഴുതിയിട്ടുണ്ട്. അത് മുഴുവൻ ചെലവാ. ഈ ഒരു പുസ്തകം മാത്രമല്ല. പ്രഭാത് ബുക്ക് ഹൗസാണ് മെജോറിറ്റിയും അടിച്ച് വിറ്റിട്ടുള്ളത്. അറിയാമോ? ശ്രീ. ആര്യാടൻ ഇത് വാങ്ങണ്ട, വായിക്കാത്തവർ എങ്ങനെയാ വാങ്ങുക. പുസ്തകം വായിച്ച് വിവരം വേണ്ടേ?

(ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെപ്പറ്റി പറഞ്ഞില്ലല്ലോ. നിങ്ങൾക്ക് നല്ല വിവരം ഉണ്ട്. ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ ശ്രീ. ആര്യാടനോടേ പറഞ്ഞിട്ടുള്ളൂ. നിങ്ങളോട് ഞാൻ പറഞ്ഞിട്ടേയില്ല, എല്ലാവർക്കും വിവരമുണ്ട്. ഇനി സർക്കാർ ജീവനക്കാരെ സംബന്ധിച്ചാണ്. വൻപിച്ച സാമ്പത്തികബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് ഗവണ്മെന്റ് 1997 മാർച്ച് ഒന്നു മുതൽ സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. അതിൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചതുനിമിത്തം വർഷംതോറും 905 കോടി രൂപയാണ് ബാദ്ധ്യത. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 2000 ത്തിൽ 1085 കോടി രൂപ അധിക ചെലവാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 3 വർഷങ്ങളിലായി ജീവനക്കാർക്ക് ക്ഷാമബത്തയായി 721 കോടി രൂപയും, പെൻഷൻകാർക്ക് ക്ഷാമാശ്വാസമായി 78 കോടി രൂപയും നൽകിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ഇനത്തിൽ തന്നെ മുൻപത്തെക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ ഈ ഗവണ്മെന്റ് നൽകിയിട്ടുണ്ട്. അതു മാത്രമല്ല ഒന്ന്, സർക്കാർ ജീവനക്കാർ സർവ്വീസിലിരിക്കെ മരിച്ചാൽ അവരുടെ പേരിൽ ബാദ്ധ്യതയുള്ള 2 ലക്ഷം രൂപ എഴുതിത്തള്ളാൻ അനുവദിച്ചു. രണ്ട്, ജോലിക്കിടയിൽ മരിച്ച ജീവനക്കാരന്റെ ആശ്രിതർക്ക് ഒന്നരലക്ഷം രൂപയും, അംഗഭംഗം സംഭവിച്ചാൽ 50,000 രൂപവരെയും എക്സ്-ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി. മൂന്ന്, ജീവനക്കാർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. സ്വകാര്യ ആശുപത്രിയിലെ ചികിത്സക്കു റീ-ഇംപേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തി. നാല്, ഭവന നിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷത്തിൽനിന്ന് മൂന്നേമുക്കാൽ ലക്ഷമായി വർദ്ധിപ്പിച്ചു. അഞ്ച്, മോട്ടോർ കാർ വാങ്ങുന്നതിനുള്ള വായ്പ 80,000 രൂപയിൽ നിന്ന് 1,80,000 രൂപയാക്കി ഉയർത്തി. ആറ്, സ്കൂട്ടർ വായ്പ 20,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിച്ചു. ഏഴ്, ക്ളാസ് ഫോർ ജീവനക്കാർക്ക് 30 വർഷത്തെ സർവ്വീസിന് 4-ാമത് ഒരു ഗ്രേഡ് അനുവദിച്ചു. എട്ട്, ക്ളാസ് 4 ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപവരെ അനുവദിച്ചു. ഒൻപത്, പാർട്ട് ടൈം ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി ആവിഷ്കരിച്ചു. പത്ത്, വികലാംഗ ജീവനക്കാർക്ക് മിനിമം പെൻഷന് വേണ്ട കുറഞ്ഞ സർവ്വീസ് 3 വർഷമായി കുറച്ചു. സർവീസ് പെൻഷൻകാർ മരിച്ചാൽ അവരുടെ അവിവാഹിതരായ പെൺമക്കൾക്ക് ഫാമിലി പെൻഷൻ അനുവദിച്ചു. ഇങ്ങനെ ജീവനക്കാർക്ക് മുൻപ് എന്നത്തേക്കാളും ആനുകൂല്യം ഈ ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട്. അഴിമതിക്കെതിരെയും ശക്തമായ നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിതമായ ഒരു സിവിൽ സർവീസിനുവേണ്ടി ഇനിയും നടപടികൾ സ്വീകരിക്കും. ജീവനക്കാരുമായി ചർച്ചചെയ്ത് ഭരണയന്ത്രം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിച്ചുവരികയാണ്. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും, ഭരണരംഗം കൂടുതൽ ആധുനികവൽക്കരിക്കാനുമായി സെക്രട്ടേറിയറ്റ്, വികാസ്ഭവൻ, പബ്ളിക് ഓഫീസ് സമുച്ചയം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് വളരെ നൂതനമായ ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഈ വർഷാവസാനത്തോടുകൂടി കമ്പ്യൂട്ടർ സംവിധാനം പൂർണ്ണമായും പ്രവർത്തിച്ചു തുടങ്ങും. നൂതന സാങ്കേതികവിദ്യയിൽ ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള ബൃഹത്തായ ഒരു പരിശീലന പരിപാടി ഇതിനകം ആരംഭിച്ചു കഴിഞ്ഞു. അനുദിനം വികസിച്ചു വരുന്ന ഇതര സാങ്കേതികവിദ്യയിലെ മുന്നേറ്റം സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ പരമാവധി ഫലപ്രദമായി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാൻ ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന പേരിൽ ഒരു പുതിയ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

6.00 p.m.

സർ, ഈ മേഖലയിലെ പുരോഗതി ജനമദ്ധ്യത്തിൽ എത്തിക്കാനും അതുവഴി വികസനത്തിന് വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാനും ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ സഹായിക്കും. പബ്ലിക് സർവ്വീസ് കമ്മിഷന്റെ ജോലിഭാരം കണക്കിലെടുത്ത് കമ്മിഷനിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം കൂടുതൽ പേരെ കുറഞ്ഞ സമയംകൊണ്ട് പരീക്ഷ, ഇന്റർവ്യൂ ഇവ നടത്തി നിയമനം നൽകാൻ കഴിയും. അപേക്ഷാഫാറം ഏകീകരിച്ചും, കമ്പ്യൂട്ടർവൽക്കരിച്ചും അപേക്ഷകൾ കുന്നുകൂടികിടക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതാണ്. ഇക്കാര്യം പി.എസ്.സി.യുമായി ചർച്ച ചെയ്യും. സംഘടിതമേഖലയിലും, അസംഘടിത മേഖലയിലുമുള്ള തൊഴിലാളികൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി തൊഴിലാളികൾക്ക് പ്രതിമാസം എഴുപത്തിയഞ്ചു രൂപയിൽനിന്ന് 100 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചു. കശുവണ്ടിത്തൊഴിലാളികൾക്ക് 125 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചു. അബ്കാരി തൊഴിലാളികൾക്ക് മിനിമം 200 രൂപ മുതൽ പരമാവധി 300 രൂപ വരെ പെൻഷൻ നൽകിവരുന്നു. ചുമട്ടുത്തൊഴിലാളി പെൻഷൻ 125 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിച്ചു. കള്ളുവ്യവസാതൊഴിലാളി പെൻഷൻ 1.1.97-മുതൽ പ്രതിമാസം 100 രൂപ നൽകുന്നു. കർഷകത്തൊഴിലാളി പെൻഷൻ 1.4.97 മുതൽ 80 രൂപയിൽനിന്ന് 100 രൂപയായി വർദ്ധിപ്പിച്ചു ഭവന നിർമ്മാണത്തൊഴിലാളികൾക്ക് 150 രൂപ മിനിമം പെൻഷൻ നൽകുന്നു. ഇങ്ങനെ വിവിധ തൊഴിലാളികൾക്ക് പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. വിദേശ മലയാളികളുടെ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി പ്രവാസി സുരക്ഷാ പദ്ധതിക്ക് രൂപം നൽകി. വിലക്കയറ്റം തടയുന്നതിന് മറ്റേതൊരു സംസ്ഥാനത്തേക്കാളും ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്, മാവേലിസ്റ്റോർ, നീതിസ്റ്റോർ, റേഷൻകടകൾ എന്നിവയിലൂടെ കാര്യക്ഷമമായ പൊതുവിതരണം ഉറപ്പാക്കി. റേഷനരിയുടെ വിലയിൽ ഒരു രൂപ കുറച്ചു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങൾക്ക് മാസത്തിൽ 10 കിലോ റേഷൻ ധാന്യം പകുതി വിലയ്ക്കു നൽകുകവഴി 25 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനമുണ്ട്. ഓണത്തിനും ക്രിസ്തുമസ്സിനും, റംസാനും 22 ലക്ഷം കുട്ടികൾക്ക് അഞ്ചു കിലോ അരി സൗജന്യമായി നൽകുന്നു. കാർഷിക, വ്യവസായ വൈദ്യുതിരംഗങ്ങളിൽ ഈ ഗവൺമെന്റ് മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന അറുപതിനായിരം പേർക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അമ്പത്തി അയ്യായിരം പേർക്കും കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ തൊഴിൽ നൽകിയിട്ടുണ്ട്. ഇനി രാഷ്ട്രീയത്തിലേയ്ക്കു കടന്നാൽ, ശോഭനവും സമ്പന്നവുമായ ഒരു കേരളം പടുത്തുയർത്താൻ എൽ.ഡി.എഫ്. ഗവൺമെന്റ് അക്ഷീണം ശ്രമിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ആന്റണി പറഞ്ഞതുപോലെ മൂന്നു സംസ്ഥാനങ്ങളിൽ കോൺഗ്രസാണ് നമ്മുടെ പ്രധാന എതിരാളികൾ. കേരളവും ത്രിപുരയും ബംഗാളും മറ്റും സംസ്ഥാനങ്ങളെ സംബന്ധിച്ച് ഞങ്ങൾ ബി.ജെ.പി.യെ പരാജയപ്പെടുത്താനും അതിനെ കീഴ്പ്പെടുത്താനുമുള്ള അടവുകളാണ് സ്വീകരിക്കുക. ഇപ്പോൾ തമിഴ്നാട്ടിൽ ആന്റണി പോയിട്ട് കണ്ടത് ജയലളിതയെ ആണല്ലോ, നാൽപ്പത്തിയാറു അഴിമതി കേസുകളിലെ പ്രതിയാണ് ജയലളിത.

LIBRARY ARCHIVES Kerala Legislative Assembly

ആന്റണി പോയി കണ്ടല്ലോ, അപ്പോൾ അതിന് മറുപടി ഞങ്ങൾ പോയി കണ്ടു എന്നാണോ, അതാണല്ലോ മിനിഞ്ഞാന്ന് പറഞ്ഞത്, നായനാരോട് ചോദിക്കൂ എന്ന്. എന്താ കാരണം ഞങ്ങൾ ഗവൺമെന്റ് രൂപീകരിക്കാനല്ല കോ-ഓപ്പറേറ്റ് ചെയ്യുന്നത്. ഞങ്ങൾ കോ-ഓപ്പറേറ്റ് ചെയ്യുന്നത് ബി.ജെ.പി.യെ തോൽപ്പിക്കാനാണ്. നിങ്ങൾ കോ-ഓപ്പറേറ്റ് ചെയ്യുന്നത് ഗവൺമെന്റു രൂപീകരിക്കാനാണ്. അതാണ് വ്യത്യാസം. നിങ്ങൾ ജയലളിതയുമായി യോജിപ്പിലെത്തുന്നത് ഗവൺമെന്റ് രൂപീകരിക്കാനാണ്. ഞങ്ങളാണെങ്കിൽ ബി.ജെ.പി.യെ തോൽപ്പിക്കാനും. ഇതാണ് വ്യത്യാസം. കോൺഗ്രസ്സ് വരാൻ പോകുന്നില്ല. അയ്യോ എന്തു ധാരണയാണ്, ഇൻഡ്യാരാജ്യത്ത് നൂറ്റിഇരുപതിലധികം സീറ്റ് കിട്ടുകയില്ല. യു.പി.യിൽ-0, ബീഹാറിൽ-5, ബംഗാളിൽ-1, ഞാൻ പറഞ്ഞ കണക്ക് യാഥാർത്ഥ്യമല്ലേ, നിങ്ങൾ ഇപ്പോൾ ലാലു പ്രസാദുമായിട്ട് യോജിപ്പിലാണ്, ലാലുപ്രസാദ് ആരാ, 920 കോടി ഉറുപ്പികയുടെ fraud നടത്തിയ ആളെ ആന്റണിക്ക് അറിയില്ലേ, കോൺഗ്രസ്സും ലാലുപ്രസാദും കൂടിയാണ് ആളെ സെലക്ടു ചെയ്യാൻ പോകുന്നത്. ഈ ആന്റണിക്ക് അറിയില്ലെങ്കിൽ എനിക്ക് അറിയാം. ആന്റണിക്കു പിന്നെ മനസ്സിലായിക്കൊള്ളും.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : തമിഴ്നാട്ടിലും ബീഹാറിലും, ബീഹാറിൽ ലാലുപ്രസാദ് യാദവും തമിഴ്നാട്ടിൽ ജയലളിതയുമായിട്ടും മാർക്സിസ്റ്റു പാർട്ടി ചർച്ചകൾ നടത്തി ഏതാണ്ട് സീറ്റ് ധാരണയായിക്കഴിഞ്ഞു. നിങ്ങൾ ചെയ്യുന്നതെല്ലാം ആദർശം, ഞങ്ങളും നിങ്ങളെപ്പോലെ തന്നെ അഡ്ജസ്റ്റു ചെയ്യുമ്പോൾ അതെല്ലാം ഏറ്റവും വലിയ പാതകം. അങ്ങയുടെ ഈ വിശേഷണം കേരളത്തിലെ ജനങ്ങളുടെ ബുദ്ധിശക്തിയെ പരീക്ഷിക്കാനാണ്.

ശ്രീ. ഇ.കെ. നായനാർ : നിങ്ങൾ ലാലുപ്രസാദുമായിട്ട് കൂടുക. ഞങ്ങളും ലാലുപ്രസാദുമായിട്ട് കൂടുന്നുണ്ട്. ലാലുപ്രസാദിന്റെ കൂടെ ഞങ്ങൾ കൂടുന്നത് എന്തിനാ നിങ്ങൾക്ക് ആണെങ്കിൽ ഗവൺമെന്റ് രൂപീകരിക്കണം, ഞങ്ങൾക്ക് ആണെങ്കിൽ ബി.ജെ.പി.യെ തോൽപ്പിക്കണം. കേൾക്ക്, അതുപോലെതന്നെ നിങ്ങളുമായിട്ട് മുലായംസിംഗ് യോജിപ്പിലല്ല, ഞങ്ങളുമായിട്ട് ഉണ്ട്. എനിക്ക് അതറിയില്ലേ, എന്നോടാണോ പറയുന്നത്. ഇൻഡ്യൻ രാഷ്ട്രീയം ഞാൻ പഠിച്ചുവച്ചിരിക്കുകയല്ലേ, അതുപോലെതന്നെ മൂന്നു സ്റ്റേറ്റുകളിൽ നിങ്ങളാണ് പ്രധാന ശത്രു. ബംഗാൾ, ത്രിപുര, കേരളം, ബംഗാളിൽ നിങ്ങളല്ല എതിര്, നിങ്ങൾ അവിടെ മൈനറാണ്, അവിടെ എതിര് തൃണമുൽ കോൺഗ്രസ്സാണ്. നിങ്ങൾക്ക് ബംഗാളിൽ ഒരു സീറ്റേയുള്ളൂ ഒറ്റ സീറ്റ്, വെറുതെ എന്നോട് പറയണ്ട, തൃണമുൽ കോൺഗ്രസ്സും, ബി.ജെ.പി.യുമാണ് പ്രധാനം, നിങ്ങൾക്ക് ഒന്നുമില്ല, വെറുതെ എന്നോട് വർത്തമാനം പറയാതെ. എനിക്ക് അറിയാമല്ലോ നിങ്ങൾക്ക് ബംഗാളിൽ ഒന്നും കിട്ടാൻ പോകുന്നില്ലായെന്ന്, നിങ്ങൾക്ക് ജയലളിതയുടെ അഞ്ചാറു സീറ്റ് കിട്ടും. ആന്റണി അവരുമായി തെറ്റിപ്പിരിഞ്ഞു വന്നിരിക്കുകയാണ്. അഞ്ചു സീറ്റാണ് അവർ പറഞ്ഞത്. ആറോ ഏഴോ സീറ്റിനപ്പുറം അവർ കൊടുക്കുകയില്ല. മുലായം സിംഗും ലാലുപ്രസാദും എത്രയാണ് കൊടുക്കുന്നതെന്നും ഞാൻ പറയുകയില്ല, എനിക്കറിയാം അയാൾ എന്താണ് കൊടുക്കാൻ പോകുന്നതെന്ന്. നിങ്ങളുടെ വലിവർത്തമാനമൊന്നും ഞങ്ങൾക്കില്ല. നിങ്ങൾക്ക് മറ്റു കക്ഷികളെ കൂട്ടുപിടിച്ചിട്ടേ വല്ലതും കിട്ടൂ. അല്ലാതെ ഞങ്ങളാണ് നിങ്ങൾക്ക് എതിരായി ഫൈറ്റ് ചെയ്യുന്നത്. ഞങ്ങൾക്ക് മൂന്നു സ്റ്റേറ്റേയുള്ളൂ ആന്ധ്രായിൽ കോൺഗ്രസ്സുമായിട്ട് ഫൈറ്റാണ്. ചന്ദ്രബാബു നായിഡുമായിട്ടും ഫൈറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : അങ്ങ് ഇപ്പോൾ കംപ്ലീറ്റ് ദേശീയ രാഷ്ട്രീയത്തിലാണ് കോൺസൻട്രേറ്റു ചെയ്യുന്നത്. നല്ലത്. പക്ഷെ ഇതിനിടയ്ക്ക് അങ്ങ് കേരളം ടച്ചു ചെയ്തില്ല.

ശ്രീ. ഇ.കെ. നായനാർ : ആരും മാറുന്നില്ലല്ലോ, എല്ലാപേരും നിൽക്കുന്നിടത്തു നിൽക്കുകയല്ലേ, കഴിഞ്ഞ പ്രാവശ്യം നിന്ന എം.പി.മാർ, എം.പി. മാരായിട്ടു തന്നെയല്ലേ, നിൽക്കുന്നത്. ഒന്നര കൊല്ലമല്ലേ ആയിട്ടുള്ളൂ. എങ്ങനെയാണ് മാറുന്നത് എന്നു ഞാൻ ഇപ്പോൾ പറയാനും പോകുന്നില്ല. രണ്ടു മൂന്നു മാസമുണ്ടല്ലോ അതിനിടയ്ക്ക് എങ്ങനെയാണ് മാറാൻ പോകുന്നത് എന്ന് അറിയില്ല. ബംഗാളിൽ യാതൊരു ഉറപ്പുമില്ല. തൃണമൂൽ കോൺഗ്രസ്സുമായിട്ടാണ് മെയിൻ ഫൈറ്റ്, നിങ്ങളുമായിട്ട് മെയിൻ ഫൈറ്റൊന്നുമില്ല. നിങ്ങൾക്ക് ഒന്നുമില്ലതാനും. തൃണമൂൽ കോൺഗ്രസ്സും, ബി.ജെ.പി.യുമാണ് അവിടത്തെ മെയിൻ ഫോഴ്സ്. നിങ്ങളൊന്നും അവിടെയില്ല. ത്രിപുരയിൽ പിന്നെ നിങ്ങളെ പറഞ്ഞിട്ടു കാര്യമില്ല. അത് രണ്ടും നമുക്കുതന്നെയാണ്, അതിപ്പോൾ തന്നെ അനൗൺസ്ഡാണ്. പിന്നെ ഇവിടെ മാത്രമേയുള്ളൂ പ്രശ്നം, ബംഗാളിനകത്ത് പ്രശ്നമില്ല, ഇവിടത്തെ മാത്രമേയുള്ള പ്രശ്നം. പിന്നെ ബീഹാർ, അതുപോലെതന്നെ കർണ്ണാടകയും, അവിടെ നിങ്ങളും നമ്മളും എല്ലാംകൂടി ഒന്നിച്ചായിരിക്കും ബി.ജെ.പി.യെ തോൽപ്പിക്കാൻ, ആ തരത്തിലാണ് ഇപ്പോൾ ആൾ ഇൻഡ്യാ പൊളിറ്റിക്സ് നടക്കുന്നത്.

സർ, അഖിലേന്ത്യാതോത് എല്ലാ സ്ഥലത്തും ഒരേ രീതിയിലല്ല. കേരളം, ബംഗാൾ, ത്രിപുര, ഇവിടെയൊക്കെ നിങ്ങളും ഞങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല. ബാക്കിയെല്ലായിടത്തും യോജിച്ചുള്ള രീതിയിലാണ്. കോൺഗ്രസ്സ് ഒറ്റയ്ക്ക് ഭരിക്കുകയെന്നുള്ള മുദ്രാവാക്യം ഉപേക്ഷിച്ചില്ലെങ്കിൽ ഇത്തരത്തിലുള്ള ഫൈറ്റാണ് നടക്കാൻ പോകുന്നത്. ഇതിൽ നമ്മൾ ബി.ജെ.പി.യെ തോൽപ്പിക്കുക, കമ്മ്യൂണൽ ഫോഴ്സിനെ തോൽപ്പിക്കുക എന്നുള്ള ശക്തമായ ഒരു പോരാട്ടം നടത്തണം. കോൺഗ്രസ്സ് ഒറ്റയ്ക്ക് ഭരിക്കുകയെന്നുള്ള മുദ്രാവാക്യം കോൺഗ്രസ്സ് ഉപേക്ഷിച്ചില്ലെങ്കിൽ കോൺഗ്രസ്സ് പൊളിയും അതാണ് ഞാൻ പറയുന്നത്. അപ്പോൾ ഒറ്റയ്ക്ക് ഭരിക്കുമെന്നുള്ള ആ സിറ്റുവേഷൻ മാറ്റണം. ആ നിലയിലേ അവർക്ക് നിൽക്കാൻ സാധിക്കൂ. മറ്റ് കക്ഷികളുമായി ചേർന്നുകൊണ്ട് മാത്രമേ കോൺഗ്രസ്സിന് സമീപിക്കാനാവൂ. ആ ഒരു പൊസിഷൻ കോൺഗ്രസ്സ് എടുത്തില്ലെങ്കിൽ കോൺഗ്രസ്സ് പൊളിയും. അതുകൊണ്ട് ഞാൻ അവതരിപ്പിച്ച പ്രമേയത്തിന് പിന്തുണ നൽകി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വശ്രീ കെ.സി. ജോസഫ്, പി.ജെ. ജോയി, കെ.സി. വേണുഗോപാൽ, വി.ജെ. പൗലോസ്, കെ. അച്ചുതൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീ. കെ.പി. വിശ്വനാഥൻ, ശ്രീമതി ശോഭനാ ജോർജ്, ശ്രീ. കെ.എ. ചന്ദ്രൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീ. എ.കെ. മണി, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീമതി രാധാ രാഘവൻ, ശ്രീ. കെ. മുഹമ്മദാലി, ശ്രീ. പാലോട് രവി, ശ്രീ. പി.പി. തങ്കച്ചൻ, ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. ഇ. എം. അഗസ്തി, ശ്രീ. അടൂർ പ്രകാശ്, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. കെ.പി.എ. മജീദ്, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. കെ.എം. മാണി, ശ്രീമതി കെ.ആർ. ഗൗരിയമ്മ, ശ്രീ. സി. മൊയീൻകുട്ടി എന്നീ അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനക്കു വേണ്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവര

LIBRARY ARCHIVES Kerala Legislative Assembly

പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരേ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 69

1. ശ്രീ. എ. അലിഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. ബാബു ദിവാകരൻ
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. കെ.ഇ. ഇസ്മയിൽ
18. ശ്രീ. സി.എൻ. ജയദേവൻ
19. ശ്രീ. എം.വി. ജയരാജൻ
20. ശ്രീ. ടി.എസ്. ജോൺ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. ജോസ് ബേബി
23. ശ്രീ. പി.ജെ. ജോസഫ്
24. ശ്രീ. വി.സി. കബീർ
25. ശ്രീ. എ. കണാരൻ
26. ശ്രീ. എൻ. കണ്ണൻ
27. ശ്രീ. എളമരം കരീം
28. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
29. ശ്രീ. ഇ.കെ. നായനാർ
30. ശ്രീ. പി.കെ. കുമാരൻ
31. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
32. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
33. ശ്രീമതി ആർ. ലതാദേവി
34. ശ്രീ. ലോനപ്പൻ നമ്പാടൻ
35. പ്രൊഫ. മീനാക്ഷി തമ്പാൻ
36. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
37. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

38. ശ്രീ. പിരപ്പൻകോട് മുരളി
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ.കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. പി. രാഘവൻ
48. ശ്രീ. സി.കെ. രാജേന്ദ്രൻ
49. ശ്രീ. കെ.പി. രാജേന്ദ്രൻ
50. ശ്രീ. പി. രാജു
51. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
52. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
53. ശ്രീ ടി.കെ. രാമകൃഷ്ണൻ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. യു.എസ്. ശശി
56. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
57. ശ്രീ. സത്യൻ മൊകേരി
58. ശ്രീ. സെബാസ്റ്റ്യൻ പോൾ
59. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
60. ശ്രീ. ടി. ശിവദാസമേനോൻ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
63. ശ്രീ. പി.എസ്. സുപാൽ
64. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
65. ശ്രീമതി സുശീലാ ഗോപാലൻ
66. പ്രൊഫ. എ.വി. താമരാക്ഷൻ
67. ശ്രീ. എം.എ. തോമസ്
68. ശ്രീ. വർഗ്ഗീസ് വൈദ്യർ
69. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ - 44

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കെ.പി.എ. മജീദ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി.ടി. അഹമ്മദ് അലി
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. വി. ബാലറാം
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
10. ശ്രീ. പി.ജെ. ഫ്രാൻസിസ്
11. ശ്രീ. ജോർജ് ജെ. മാത്യു
12. ശ്രീ. ഇസ്ഹാക് കുരിക്കൾ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ടി.എം. ജേക്കബ്
14. ശ്രീ. കെ.സി. ജോസഫ്
15. ശ്രീ. പി.ജെ. ജോയി
16. ശ്രീ. ജി. കാർത്തികേയൻ
17. ശ്രീ. കെ.കെ. നായർ
18. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം.എ. കുട്ടപ്പൻ
20. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
21. ശ്രീ മാമ്മൻ മത്തായി
22. ശ്രീ. കെ.എം. മാണി
23. ശ്രീ. കെ. മുഹമ്മദാലി
24. ശ്രീ. എ.കെ. മണി
25. ശ്രീ. സി. മൊയിൻ കുട്ടി
26. ശ്രീ. ആര്യാടൻ മുഹമ്മദ്
27. ശ്രീ. എം.കെ. മുനീർ
28. ശ്രീ എം. മുരളി
29. ശ്രീ. എഴുകോൺ നാരായണൻ
30. ശ്രീ. ഉമ്മൻ ചാണ്ടി
31. ശ്രീ. വി.ജെ. പൗലോസ്
32. ശ്രീ. അടൂർ പ്രകാശ്
33. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
34. ശ്രീമതി രാധാ രാഘവൻ
35. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
36. ശ്രീ. പാലോട് രവി
37. ശ്രീമതി റോസമ്മ ചാക്കോ
38. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
39. ശ്രീമതി ശോഭനാ ജോർജ്ജ്
40. ശ്രീ കെ. സുധാകരൻ
41. ശ്രീ. പി.പി. തങ്കച്ചൻ
42. ശ്രീ. കെ.സി. വേണുഗോപാൽ
43. ശ്രീ. ബി. വിജയകുമാർ
44. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 69

പ്രതികൂലിക്കുന്നവർ - 44

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺ മാസം 23-ാം തീയതി രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.15-ന് പിരിഞ്ഞു.)

204/2010.

LIBRARY ARCHIVES Kerala Legislative Assembly